# അപ്പൻ തമ്പുരാൻ സാഹിത്യശില്പം

5734

# സാഹിത്യശില്പം

# APPAN THAMPURAN'S
# SAHITHYASILPAM

[ Prose Selections ]

Edited by

**V. M. KUTTIKRISHNA MENON**

*First Impression—July 1968*
*One Thousand Copies*

Publishers:

THE MANGALODAYAM (Private) LTD.,
TRICHUR.

Price: Rs. 3—00

Printed at the Mangalodayam Press, Trichur.

5737

അപ്പൻതമ്പുരാന്റെ

# സാഹിത്യശില്പം

(തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ)

സമ്പാദകൻ:

വി. എം. കുട്ടിക്കൃഷ്ണമേനോൻ

CURRENT BOOKS
Publishers & Books Sellers
TRICHUR-1.

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്,

തൃശ്ശിവപേരൂർ.

1968/1143

ഒന്നാംപതിപ്പ്:
1968 ജൂലായ്
കോപ്പി 1000

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

വില:
മൂന്നുറപ്പിക

5737

# വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | അന്നത്തെ മലനാട് | 1 |
| 2. | അത്യുക്തി | 10 |
| 3. | മഷിക്കടൽ | 15 |
| 4. | ചന്ദ്രവതി | 23 |
| 5. | സാഹിത്യസാഹ്യം | 33 |
| 6. | എന്റെ പ്രാതഃസ്നാനം | 43 |
| 7. | സാമൂതിരിപ്പാടും പതിനെട്ടരക്കവികളും | 49 |
| 8. | റായിബഹദൂർ ഒ. ചന്തുമേനോൻ | 64 |
| 9. | മലയാളത്തിലെ മാസികാപ്രവർത്തനം | 68 |
| 10. | ഒരു കയ്യാങ്കളി | 79 |
| 11. | മണിപ്രവാളശാകുന്തളം | 90 |
| 12. | തിരുപ്പുറപ്പാട് | 103 |
| 13. | സമസൃഷ്ടികൾ | 109 |
| 14. | ഒരു വനസങ്കേതം | 119 |
| 15. | സാഹിത്യകൗതുകം | 126 |
| 16. | ആത്മദമനം | 133 |
| 17. | ചിന്താതരംഗിണി | 137 |
| 18. | നായാട്ടുവിധി | 143 |

5737

# അന്നത്തെ മലനാട്

അന്നത്തെ മലനാടെവിടെ, ഇന്നത്തെ മലയാളമെവിടെ? എന്തോ കഥ! കാലം മറിഞ്ഞതോടുകൂടി കോലം കീഴ്മേൽ മറിഞ്ഞു. നാടിന്റെ കിടപ്പും നാട്ടാരുടെ നടപ്പും, അന്നും ഇന്നുമായിട്ട്, അത്രയ്ക്കുമാത്രം മാറിയിരിക്കുന്നു. നാടിന്റെ നാലതിരൊന്നേ മാറാതെകണ്ടുള്ളൂ. മലയാളനാടു മലയാഴികളുടെ മധ്യത്തിൽത്തന്നെ. കേരളരാജ്യം കന്യാകുമാരിഗോകർണ്ണപര്യന്തം ഇന്നും നീണ്ടുനിവർന്നുകിടക്കുന്നു: പക്ഷേ മുവ്വാറു നൂറ്റാണ്ടു മുമ്പു മുടിഞ്ഞരുളിയ വീരമാർത്താണ്ഡപ്പെരുമാൾ മലനാടു കണ്ടെഴുതുവാൻ ഒന്നുകൂടി എഴുന്നള്ളുന്നതായാൽ കാണുന്ന കാഴ്ചകൾ വിസ്തരിക്കുവാൻ കണ്ടവർ പറഞ്ഞുകേൾക്കുക തന്നെ വേണം. അത്രത്തോളം മാറിയിരിക്കുന്നു നാട്ടകത്തെ വട്ടങ്ങളും ചട്ടങ്ങളും. നാട്ടാരുടെ ഉടുപ്പു മാറി, നടപ്പു മാറി, പരശുരാമക്ഷേത്രത്തിന്റെ അലകും പിടിയും മാറി.

നീർ പോകും ചാലുകൾ തീബ്ബോട്ടുകൾ നടത്തുന്ന പുഴകളായി. മീൻ ചാടും കയങ്ങൾ വിളവിറക്കുന്ന നിലങ്ങളായി. ആൾ പോകും വഴികൾ തീവണ്ടിയോടുന്ന

പാതകളും സാററാട്ട പോകുന്ന വീഥികളുമായി. കുന്നു കുഴിയായി; മല മൈതാനമായി; കാടു നാടായി; നാടു നഗരമായി.

കൂരോടുമേഞ്ഞ പുരകൾ കേരളത്തിൽ അന്നുണ്ടായിരുന്നില്ല. ഓലമേഞ്ഞ അരമനകൾ അരചരുടെ അവസ്ഥയ്ക്കൊരു കുറവും വരുത്തിയിരുന്നില്ല. വയ്ക്കോല്പുരയിൽ പാർത്തിരുന്ന വലിയവരെക്കുറിച്ചു കുററവും കുറവും ആരും പറഞ്ഞിരുന്നതുമില്ല. എട്ടുകെട്ടും നടപ്പുരയും തെക്കേക്കെട്ടുമാളികയുമായാൽ നാടിനുടയവൻെറ പെരുമയ്ക്കു പോന്നതായി. നാലുകെട്ടും പുരയും നാലുപേർ കേട്ടാൽ നിരക്കാത്തതായിരുന്നില്ല. പദവിയില്ലാത്തവർ പടിപ്പുര പണിതാൽ നാട്ടിലൊക്കെ കൂട്ടവും കുറിയുമായി. പാമ്പിൻകാവും മുല്ലത്തായ്ക്കൽ ഭഗവതിയും നടുമുററത്തു തുളസിത്തറയും വടക്കിനിയിലോ പടിഞ്ഞാററിയിലോ പരദേവതയുമില്ലാത്ത തറവാടുകൾ തറവാടുകളായിരുന്നില്ല. നാല്പത്തീരടി നിലംവീതം നാടുതോറും കേരളത്തിൽ കളരികൾക്കായി ഉഴിഞ്ഞിട്ടിരുന്നു. നൂറെറട്ടു നാല്പത്തീരടി നിലങ്ങൾക്ക് ആശാസ്ഥാനം വഹിച്ചിരുന്ന പണിക്കന്മാരും കുറുപ്പന്മാരും കുടിവെച്ചിരുന്ന കാരണവന്മാക്കും കുലദൈവങ്ങൾക്കും കണക്കിൽക്കവിഞ്ഞു കുടിയിരുപ്പുകൾ ഏർപ്പെടുത്തിയിരുന്നു. 'മാലോകർ' കുടിപാർത്തിരുന്ന ഇടങ്ങളിൽ അമ്പലങ്ങളും കുളങ്ങളും ചിറകളും ചാലുകളും പുഴകളും പാടങ്ങളും അടിപരന്ന അരയാലുകളും മുടി കളിത്ത മുല്ലമലക്കാവുകളും ഒത്തിണങ്ങി ജലസൗഖ്യത്തെയും സ്ഥലസൗഖ്യത്തെയും

ലോഭംകൂടാതെ നല്കിയിരുന്നു. ഒരിടത്തു പടനിലം, മറെറാരിടത്തു കൈനില, കോട്ട, കൊത്തളം, കഴനിലം, കുത്തുപറമ്പ്, നിലവാട്ടതറ, പട്ടിണിപ്പുര മുതലായി, രക്ഷയ്ക്കും ശിക്ഷയ്ക്കും വിനോദത്തിന്നും വിരോധത്തിനും ഉതകുന്ന സങ്കേതസ്ഥാനങ്ങൾ, അന്നത്തെ നാട്ടുനടപടികളെ പ്രത്യക്ഷപ്പെടുത്തുന്ന ലക്ഷ്യങ്ങളായിരുന്നു.

ഗ്രാമസങ്കേതങ്ങൾ വിട്ടാൽ, പിന്നെ ഉൾനാടെന്നും പുറനാടെന്നുമുള്ള വ്യത്യാസം അത്ര കാര്യമായിരുന്നില്ല. അവിടങ്ങൾ ആൾപ്പെരുമാററം കുറഞ്ഞും കാട്ടുതോട്, കുണ്ടു കുഴി, കല്ലു കരട് കാഞ്ഞിരക്കററി, മുള്ളു മുരട് മൂക്കൻപാമ്പു മുതലായി വിജനസ്ഥലങ്ങൾക്കു സഹജങ്ങളായ സാമഗ്രികളെക്കൊണ്ടു നിറഞ്ഞും കിടന്നിരുന്നു. മുന്നൂററവർ, അഞ്ഞൂററവർ, അറുന്നൂററവർ, ഒന്നു കുറെ ആയിരത്തവർ, അയ്യായിരത്തവർ എന്നു തുടങ്ങിയ നാട്ടുവാഴിപ്പടത്തലവന്മാരുടെയും തളിയാതിരിമാരുടെയും 'ചേവകം' ഏററുകൊണ്ടും നായാട്ടു നടത്തിക്കൊണ്ടും കാലക്ഷേപം കഴിച്ചുപോന്ന 'കാവൽച്ചുങ്ങാതി'കളുടെ കുടിയിടകളും അവർ വില്ലു കുത്തി കണ്ണുറപ്പിച്ചു നില്ക്കുന്ന മാടുകളും മേടുകളും ഈ വിജനപ്രദേശങ്ങളിൽ അവിടവിടെ ചിന്നിച്ചിതറിക്കിടക്കുന്നതു കാണാമായിരുന്നു. കാരോരോ ചേരിക്കാർ പടയാളികളെ പാർപ്പിച്ചിരുന്നതും കുററിയും വാടയും തീർത്തുറപ്പിച്ചിരുന്നതുമായ 'ചേററിലക്കോട്ടില്ലു'കളെന്നും 'പടക്കൊട്ടില്ലു'കളെന്നും പറഞ്ഞുവന്നിരുന്ന സങ്കേതങ്ങളും എതിരാളികളുടെ കൈയേററങ്ങളുണ്ടാകുന്ന അതിരുകളിൽ അങ്ങുമിങ്ങും കണ്ടി

രുന്നു. മലമുകളിലുള്ള മരച്ചുവടുകളിൽ അടക്കിവെച്ചതിളകിമറിഞ്ഞ പാറകളുടെ നടുക്കു കൂടിയ പങ്കം കളിഞ്ഞുകിടക്കുന്ന ശാസ്താങ്കാവുകളും സപ്പക്കാവുകളും മരങ്ങളുടെയും ചെടികളുടെയും വള്ളികളുടെയും ഉള്ളിൽ മറഞ്ഞും മറിഞ്ഞും കുഴഞ്ഞും കിടക്കുന്നതു സുലഭമായിരുന്നു.

ദേശസഞ്ചാരത്തിനെന്നല്ല, ദേശം പകരുവാൻതന്നെ, ഇന്നത്തെ സൗകര്യങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. ഇടവടി ചാടിക്കടക്കണം, കടമ്പ കേറിക്കടക്കണം, കല്ലും മുള്ളും നോക്കിച്ചവിട്ടണം, കുണ്ടനിടവഴിയിൽ കുനിഞ്ഞുനടക്കണം, വരമ്പത്തു വഴുക്കാതെ നോക്കണം, വരുന്നവക്കൊക്കെ വഴി മാറിക്കൊടുക്കണം, തോടു കവച്ചു കടക്കണം, ചാലു ചാടിക്കടക്കണം, പുഴ നീന്തിക്കടക്കണം, കുണ്ടിറങ്ങിക്കയറണം, കുന്നു കേറിമറിയണം—ഇങ്ങനെയുള്ള യാത്രയ്ക്കു് ഏകദേശം ഒത്തതുതന്നെയായിരുന്നു അന്നത്തെ വാഹനങ്ങളും. തണ്ടിൽക്കേറി മലന്നുകിടന്നാൽ തണ്ടെല്ലു നിവത്തുവാൻ അമാലന്മാരുടെ അനുവാദം വേണം. മഴ പെയ്താൽ മുക്കാലും കൊള്ളാം; ദാഹമുണ്ടെങ്കിലതും തീക്കാം. തണ്ടെടുത്തു മൂളിക്കുന്നവരുടെ കാലിടറാതെയിരുന്നാൽ വീഴാതെയും കഴിക്കാം. കുതിരയെ നടത്തുന്നതല്ലാതെ ഓടിക്കുവാൻ അഭ്യാസികൾക്കൊഴികെ സാധാരണക്കാക്കു സാധിച്ചിരുന്നില്ല. അപ്പൂപ്പം ചിലക്കുമാത്രമേ ആനപ്പുറത്തു കയറി നടക്കുവാൻ അധികാരമുണ്ടായിരുന്നുള്ളൂ. പടയ്ക്കു പോകുന്ന പ്രമാണികളും കിടാങ്ങളുമൊഴികെ ആരും ആൾക്കഴുത്തിൽ കയറുക പതിവും ഉണ്ടായിരുന്നില്ല.

ഗതാഗതത്തിന്നു സൌകര്യം ചുരുങ്ങിയിരുന്നതുപോലെത്തന്നെ പോക്കുവരത്തിനുള്ള ആവശ്യവും അവസരവും കുറവായിരുന്നു. നാട്ടുതോറും നടുക്കണ്ടുന്ന അത്യാവശ്യം ചാരപുരുഷന്മാക്കും പടനായകന്മാക്കുമായിരുന്നു കഴിച്ചുകൂടാത്തതു്. വിദേശീയരായ വ്യാപാരികൾ ചരക്കുകൾ കൈമാററം ചെയ്തിരുന്നതും ചന്തവാണിഭം വിററിരുന്നതും അഴിമുഖങ്ങൾ സമീപിച്ചുള്ള കടലോരങ്ങളിലും അപൂൎവ്വം ചില പ്രധാനപ്പെട്ട ഗ്രാമസങ്കേതങ്ങളിലും മാത്രമായിരുന്നു. മാതേവപട്ടണത്തിലും മലങ്കരയിലും പൊന്നാനിമാസ്സുലും വിദേശീയർ ഏൎപ്പെടുത്തിയിരുന്ന 'മണിഗ്രാമം', 'അഞ്ചുവർണ്ണം' എന്നു തുടങ്ങിയ വ്യാപാരസംഘക്കാർ, മാമാങ്കം തുടങ്ങിയ മഹോത്സവങ്ങൾ പ്രമാണിച്ചേ മലനാടിൻെറ ഉള്ളിൽ കടന്നു കച്ചവടത്തിന്നായി പെരുമാറാറുള്ളു. ഒരുപിടി പണവും മടിയിലിട്ടു്, നാറാണത്തും കീറാണത്തും കണ്ടതും കേട്ടതും കാണാത്തതും കേൾക്കാത്തതും കൊള്ളുവാൻ, പെണ്ണുങ്ങളും ആണുങ്ങളും പുരുഷാരം കൂട്ടുന്ന ദിക്കുകളിലേ വിചാരിക്കാറുമുള്ളു.

വിനോദങ്ങൾക്കുള്ള വഴികൾ മലക്കേ തുറന്നുതന്നെ കിടന്നിരുന്നു. ആചാരനിഷ്ഠയ്ക്കും മതവിശ്വാസത്തിന്നും ഉറപ്പും പരപ്പും കൂടിയിരുന്നു. വീൎയ്യവും ശൌൎയ്യവും കൂറുമത്സരവും സ്ഥാനവഴക്കും മൂത്തിരുന്ന കാലമായതുകൊണ്ടു കാലക്ഷേപത്തിന്നു കഷ്ടപ്പാടൊട്ടുമുണ്ടായിരുന്നില്ല. അങ്കംവെട്ടു്, പടക്കളി, ഓണത്തല്ലു തുടങ്ങിയ വീരപരീക്ഷകളും ചൂതുകളി, ചതുരംഗം, തലപ്പന്തു മുതലായ

വീട്ടുവിനോദങ്ങളും കാര, കടന്തുടി തൊട്ടുള്ള കുട്ടിക്കളി കളും കൈകൊട്ടിക്കളി, ഉഴിഞ്ഞാലാട്ടം എന്നു തുടങ്ങിയ അമ്പലാലീലകളും, കൂത്തും പാട്ടും കൊട്ടും വേലയും മററു മായി, നാനാജാതികൾക്കും എല്ലാ സ്ഥാനങ്ങൾക്കും ആ ണുങ്ങൾക്കും പെണ്ണുങ്ങൾക്കും പാകത്തിനുള്ള വിവിധവി നോദങ്ങൾ കാണ്മാനും കേൾപ്പാനും അനുഭവിപ്പാനും ഒത്തവണ്ണം വേണ്ടുവോളമുണ്ടായിരുന്നു.

കലക്കമില്ലാത്ത കല്യാണപ്പന്തൽ മലനാട്ടിലെങ്ങും ഉണ്ടായിരുന്നില്ല. കൂറു ചൊല്ലിയും സ്ഥാനം പിടിച്ചും വഴക്കില്ലാത്ത വീടുകളില്ല. അടിപിടിയില്ലാത്ത അടി യന്തിരങ്ങളില്ല. പേരുകേട്ടൊരു പെങ്കൊടിയാൾക്കു വേണ്ടി പ്രാണൻ കളവാൻ മടിച്ചിരുന്നവരില്ല. തന്നതും തിന്നതും മറക്കുന്നവരില്ല. നാണംകെട്ട നായരില്ല. മാ നംകെട്ട മനുഷ്യരില്ല. നേരില്ലാത്തവരാരുമില്ല. കോ ണവും കുടുമയും നേരും നെറിയും വിട്ടുള്ള മര്യാദകളും അന്നൊന്നുമുണ്ടായിരുന്നില്ല.

'കലം വരഞ്ഞുവെയ്ക്കുന്നതിലും', 'കുളം വരഞ്ഞു കു ളിക്കുന്നതിലും', 'ഗ്ഗുണദോഷസംബന്ധം' നടത്തുന്നതി ലും * കാണിച്ചിരുന്ന ജാതിസ്പർദ്ധകൾ അതിരുകവിഞ്ഞ വിധത്തിലായിരുന്നു. തറവാട്ടുമര്യാദകളിലും ആചാരന ടപടികളിലും വിട്ടുവീഴ്ചകൾ ചെയ്തിരുന്നില്ല. ഗണിച്ചു നോക്കാതെ ഒരു കാര്യം നടത്തിയിരുന്നില്ല. മന്ത്രവാദ ത്തിൽ മയങ്ങാത്ത മനസ്സും ഉണ്ടായിരുന്നില്ല. ദേവനെ

---

* ഭക്ഷണം പാകംചെയ്യുന്നതിലും കുളിയിലും വിവാഹത്തിലും (ഗ്ഗു ണദോഷസംബന്ധം=ഇന്നത്തെ 'സംബന്ധ'ത്തിന്റെ പൂർവ്വരൂപം).

വണങ്ങാത്തവരും കാരണവർക്കൊതുങ്ങാത്തവരും അനന്തിരവനെ സ്നേഹിക്കാത്തവരും ആശാനെ വഴങ്ങാത്തവരും അടിമകളെ പോററാത്തവരും ആരെങ്കിലും ഉണ്ടെങ്കിൽ അവർ മലനാട്ടുകാരായിരുന്നില്ല. ജാതികളും തൊഴിലുകളും വകതിരിഞ്ഞുതന്നെ നിന്നിരുന്നു.

കൊടുക്കേണ്ടും പണം കൊടുക്കാതിരുന്നാൽ, പട്ടിണിപ്പുരയിലോ പടിപ്പുരയിലോ കുളപ്പുരയിലോ പട്ടിണികിടന്നു കടക്കാരൻെറ കുടികൊടുത്തോ കള്ളക്കുററി പിരിച്ചോ അല്ലാതെ പിന്തിരിക്കയില്ല. തറവാടുകൾ തമ്മിൽ വൈരമുണ്ടായാൽ വാളെടുത്തു കുടിപ്പക വീട്ടും. 'ഇണങ്ങീട്ടെങ്കിൽ പൊട്ട്, പിണങ്ങീട്ടെങ്കിൽ വെട്ട്' എന്നായിരുന്നു അക്കാലത്തെ ന്യായം. കുറുചൊല്ലി വഴക്കടിച്ചാൽ പടവെട്ടി കാര്യം തീക്കും. ഇരുപേർ തമ്മിൽ മത്സരിച്ചു മരണം വന്നു സംഭവിച്ചാൽ, കൊന്നവനെയും കൊന്നു്, ചത്തവൻെറ ശവം മാററാൻെറ മുററത്തു വെട്ടിക്കൂട്ടി ദഹിപ്പിച്ചു്, കത്തുന്ന ചിതയിൽനിന്നു കാളുന്ന കൊള്ളിയെടുത്തു പുര ചുട്ടുകരിച്ചില്ലെങ്കിൽ, മറുവീട്ടുകാരുടെ തല പിന്നെ താഴ്ത്തീട്ടല്ലാതെ കാണുകയില്ല; നാലാൾ കൂടുന്ന ദിക്കിൽ അവരെ നോക്കീട്ടും ആവശ്യമില്ല. യജമാനന്മാരെ പ്രാണനിൽപ്പരം സ്നേഹിച്ചിരുന്ന 'ചാവേർ' എന്നു കേളികേട്ട കൂട്ടക്കാർ മലനാട്ടിലെ മാന്യകുടുംബങ്ങളിൽപ്പെട്ട പ്രധാനികളായിരുന്നു. അവർ ആശ്രയിച്ചുനില്ക്കുന്ന സ്ഥാനികളുടെ മാനവും ജീവനും കാക്കുവാൻവേണ്ടി വാളെടുത്താൽപ്പിന്നെ ഉയിരററു വീഴുന്നതുവരെ ഒഴിക്കുന്നതല്ല. പണ്ടച്ചാരും, കേളച്ചാരും,

ഇട്ടിണിക്കണ്ടൻ, കുഞ്ഞിട്ടുണ്ണാൻ തൊട്ട പുരുഷനാമങ്ങൾ പെണ്ണുങ്ങൾക്കൊട്ടും പിടിക്കായ്കയില്ല. ആട്ടി, ഇട്ടാട്ടി, ഇട്ടിച്ചിരി, ചക്കി, ചിരുത, നങ്ങ തുടങ്ങി കമനീമണികൾക്കിട്ടിരുന്ന ഓമനപ്പേരുകൾ ആണുങ്ങൾക്കും മധുരങ്ങളായിത്തന്നെയാണു് തോന്നിയിരുന്നതു്. മൃദുലങ്ങളും സരളങ്ങളുമായ വർണ്ണങ്ങൾ ചേർത്തു കോർത്തു കർണ്ണാനന്ദമുളവാകത്തക്കവണ്ണം ഉണ്ടാക്കിയിട്ടുള്ള നാമധേയങ്ങളിൽ പഴകീട്ടുള്ള ഇപ്പോഴത്തെ പരിഷ്കൃതലോകം പണ്ടത്തെപ്പേരുകൾ കേട്ടു പരിഭ്രമിക്കുന്നുവെങ്കിൽ, കാലം പോയ പോക്കും രുചി മാറുന്ന മട്ടും സമുദായമര്യാദയുടെ നീക്കപോക്കും, വഴിപോലെ വിചാരിച്ചു്, പണ്ടത്തെ പേരുകളുടെ സ്വാരസ്യം അനുഭവിക്കുവാൻ ഒരുങ്ങുകതന്നെ വേണം. കുഞ്ഞിട്ടുണ്ണാൻ കുഞ്ഞികൃഷ്ണനായതും ചിരുത ശ്രീദേവിയായതും കാലചക്രത്തിലിട്ടു കടഞ്ഞിട്ടാണെന്നു് ഓർക്കുകയും വേണം. ഇത്ര മിനുത്താൽ അത്ര രസിക്കാത്ത കാലവുമായിരുന്നു അന്നു്.

ഇന്നലെക്കണ്ട വസ്ത്രങ്ങളും ഭൂഷണങ്ങളും ഇന്നെയ്ക്കു മട്ടു മാറിക്കാണുന്നതോർത്താൽ ആയിരത്തെണ്ണൂറു കാലം മുമ്പുള്ള ആടകളും ആഭരണങ്ങളും എങ്ങനെയായിരുന്നു എന്നു ചോദിച്ചാൽ അങ്ങനെത്തന്നെ എന്നേ മറുപടി പറവാൻ കാണുന്നുള്ളു. അണിയുന്ന ഇനത്തിൽ ആണും പെണ്ണും എന്ന ഭേദം അക്കാലങ്ങളിൽ അത്ര കണക്കാക്കിയിരുന്നില്ല. കാതിലോല, മണിക്കാതില, താലി, തണ്ടും മോതിരം, തൂക്കംകുഴലു്, കുഴൽമോതിരം, തരിവള, നാഗപ്പൊൻമണിമോതിരം, അരഞ്ഞാൺ, ചിലമ്പു

തൊട്ടുള്ള പണ്ടങ്ങൾ അണിഞ്ഞ പൊൻമകൾക്കെതിരായിട്ടു പൊൻമകനാവട്ടെ, നെറുകയ്ക്കു നീർപ്പൂവു്, നെററിക്കു നെററിപ്പട്ടം, കഴുത്തിനു കൊരലാരം, മാറിനു മാത്താലി, വയറിനു് ഉദരബന്ധം, അരയ്ക്കു് അല്ലിച്ചൊട്ട, കാലിനു കാൽച്ചിലമ്പു്, കൈരണ്ടിനും കനകവള, വിരൽപത്തിനും മണിമോതിരങ്ങളും ചേർത്തണിഞ്ഞല്ലാതെ പുറത്തിറങ്ങാറില്ല. മുടിപ്പട്ടം കെട്ടാവുന്ന പുരുഷന്മാർക്കേ മുട്ടിനു താഴെ മുണ്ടു ചുററിക്കൂടു. മടിക്കുത്തു രണ്ടും മുയൽച്ചെവിയായി മടക്കിക്കുത്തി, കോന്തല രണ്ടും കേററിയുടുക്കും. പ്രായം കവിഞ്ഞ പെണ്ണുങ്ങളാരും ഞാത്തിയുടുത്തു നടക്കാറില്ല. പ്രായംചെന്ന പെൺകിടാങ്ങൾമാത്രം മുണ്ടുമടക്കി മാറുമറയ്ക്കും. ഇടക്കര, തുടക്കര, പട്ടക്കര തൊട്ടുള്ള കരമുണ്ടുകളായിരുന്നു പണ്ടു നടപ്പുണ്ടായിരുന്നതു്.

മേൽവിവരിച്ചമാതിരി കേരളത്തിൽ അക്കാലത്തും ഇക്കാലത്തുമായി വന്നിട്ടുള്ള ഓരോ വക വ്യത്യാസങ്ങൾ എണ്ണിയൊടുക്കുവാൻ ഒരുമ്പെടുന്നതായാൽ ചരിത്രകാരന്റെ അധികാരത്തിൽപ്പെട്ട അതിരിനുള്ളിൽ അക്രമമായി ആക്രമിക്കേണ്ടിവരുന്നതാണു്. നമ്മുടെ കഥ നടന്ന കാലത്തിലേയ്ക്കു വായനക്കാർക്കു വഴികാണിക്കുവാൻ ഇത്രത്തോളമായാൽ പോരാത്തതുമില്ല.

(ഗ്രന്ഥകാരൻ)

# അത്യുക്തി

ഇഹലോകത്തിൽ പല സ്ഥിതികളിലും ഇരിക്കുന്ന ജനാവലിയിൽ അവരവരെക്കുറിച്ച് അസാധാരണമായി വല്ലതും പറവാൻ വകയില്ലാത്തവർ വല്ലവരുമുണ്ടോ? ഓരോരുത്തനും അവനവന്റെ അനുഭവത്തെപ്പററിയോ അവസ്ഥാഭേദങ്ങളെപ്പററിയോ എന്തെങ്കിലും ഒന്നു പരിചയക്കാരോട് പറഞ്ഞു ഫലിപ്പിക്കുവാനുണ്ടാകും. ആ വക അനുഭവങ്ങളും അവസ്ഥാന്തരങ്ങളും വ്യവസ്ഥിതവും വിഭിന്നവുമായ ജീവിതദശകളിൽ എല്ലാവരിലും സാമാന്യേന കാണാവുന്നതായിരിക്കും. രാജ്യം ഭരിക്കുന്നവനായാലും ചുമട ചുമക്കുന്നവനായാലും ആയുധമെടുത്ത് ആയോധനം ചെയ്യുന്നവനായാലും, ആരായാലും വേണ്ടില്ല, അവരുടെ ദശാന്തരങ്ങളിൽ കനത്തിലല്ലാതെ ഇനത്തിൽ വ്യത്യാസം വളരെയൊന്നും ഉണ്ടാവില്ല.

ശൈശവംമുതൽ വാർദ്ധക്യത്തിന്റെ അത്യന്തഘട്ടം വരെ ജീവിതയാത്ര ചെയ്യുന്നവനും തന്റെ പന്ഥാവിൽ അപൂർവ്വമായോ ആശ്ചര്യകരമായോ ഒന്നുംതന്നെ കണ്ടുമുട്ടുന്നതല്ല. കാണുകമാത്രം ചെയ്യുമ്പോൾ ഗണിക്കാത്തതും സാധാരണയാണെന്നു വിചാരിച്ചു കടന്നുപോകു

ന്നതുമായ ഒരു കാര്യം താൻ അനുഭവിക്കേണ്ടിവരു മ്പോൾ അതിന്നൊരു പ്രത്യേകതയും പ്രാധാന്യവും സി ദ്ധിക്കുകയായി. അങ്ങനെയാണു് മനുഷ്യരുടെ സ്വാത്മ നിഷ്ഠയുടെ സമ്പ്രദായം.

ദീനം പിടിക്കുക മാറുക, യത്നങ്ങൾ ഫലിക്കുക നി ഷ്ഫലങ്ങളാവുക, ബന്ധുക്കളായുള്ള യോഗം വിയോഗം, പ്രസാദിപ്പിക്കുവാനുള്ള ശ്രമം വൈരത്തിൽ കലാശിക്കു ക, പ്രയത്നംകൂടാതെ സന്തോഷപ്പെടുക, സ്ത്രീപുരുഷ ന്മാർ യദൃച്ഛയാ കണ്ടെത്തുക, പരിചയപ്പെടുക, സ്നേ ഹിക്കുക, വിവാഹം ചെയ്യുക, സന്താനങ്ങൾ ഉണ്ടാവുക, മാതാപിതാക്കന്മാർ ഇരിക്കുമ്പോൾ കുട്ടികൾ മരിക്കുക, മരിക്കുമ്പോൾ ഇരിക്കുക—ഇതൊക്കെ ലോകത്തിൽ പൊതുവെ നടന്നുകൊണ്ടിരിക്കുന്ന സ്വാഭാവികസംഭവ ങ്ങളാണു്.

എന്നാൽ ഒരുവൻ തന്റെ അനുഭവത്തെ പറയുക യാണെന്നിരിക്കട്ടെ, അപ്പോൾ ഈ സാമാന്യനിയമം അവനു ബാധകമായി വിചാരിക്കുന്നില്ല; എന്തോ ഒരു വിശേഷം—സുഖത്തിനായോ ദുഃഖത്തിനായോ മററുള്ള വരുടെ തലയിലെഴുത്തിലില്ലാത്ത ചില കുറികൾ—ത ന്റെ യോഗവിധിയിൽ ഉള്ളതായി കാണുന്നു. സമ്പ ത്തിലാവട്ടെ ആപത്തിലാവട്ടെ സുഖദുഃഖങ്ങളിൽ അവ നവന്റെ കാര്യം വരുമ്പോൾ ഒരു പ്രത്യേകതയുണ്ടായി ത്തീരും.

സുഖാനുഭവങ്ങളുടെ മോടിപ്പകിട്ടുകൾ, അതിശ യോക്തിസ്പർശമില്ലെങ്കിൽ, നിലനില്ക്കുകയില്ല. മന

സ്സിൽ തട്ടിയതിലധികം പുറത്തു പൊട്ടിച്ചില്ലെങ്കിൽ സുഖഭോഗത്തിനു മറുകര കണ്ടവക്ക് അസൂയ തോന്നുവാനുള്ള പഴുതടഞ്ഞു. ദേശസഞ്ചാരികൾ കണ്ട കാഴ്ചകൾ അതിശയോക്തികൂടാതെ കണ്ടപടി പകർത്തുകയാണെങ്കിൽ ആർക്കാണ് വഴിയാത്രാമോഹം ജനിക്കുക? ഉള്ളതിലധികം വർണ്ണിക്കുന്നതിലാണ് കലാതത്വം കിടക്കുന്നതു്. ഹൃദയാവർജ്ജകങ്ങളായ ചിത്രപടങ്ങൾക്ക്, നോക്കുവാനാളില്ലാതെ, കെട്ടിത്തൂങ്ങി കിടക്കേണ്ടിവരും. മനോഹരങ്ങളായ ഉദ്യാനങ്ങൾ വനപ്രദേശങ്ങൾപോലെ യതികൾക്കു പാക്കുവാനുള്ള വിജനസ്ഥലങ്ങളായിത്തീരും. അസത്യത്തിനു് അവസരമില്ലെങ്കിൽ സുഖഭാനത്തിന്റെ പുറമ്പൂച്ചിനും പ്രകാശമില്ല. കണ്ടു കണ്ടു മടുത്ത കാഴ്ചയ്ക്കു കൌതുകമില്ല. സുഖാവസരങ്ങളിൽ ഏററവും സുഖമായിട്ടുള്ളതു് കടക്കത്തെ അവസരമാണ്. ഉൽകണ്ഠയോടുകൂടി പ്രതീക്ഷിക്കുന്ന സുഖം അനുഭവിച്ചുതീന്നാൽ അവസാനിച്ചു.

ആത്മവഞ്ചനകൊണ്ടു പരവഞ്ചന ചെയ്യുകയാണ് കലാകാരന്റെ ധമ്മം. ഇല്ലാത്ത ഗുണത്തെ ഉണ്ടാക്കി അതു തന്നത്താൻ ആസ്വദിക്കുവാനും പ്രകടിപ്പിക്കുവാനുമുള്ള ശക്തി സ്വയം സമ്പാദിച്ചു് അന്യനെ വ്യാജംകൊണ്ടു മയക്കി സുഖസ്വപ്നം കാട്ടി രസിപ്പിക്കുന്നതിലാണ് അതിശയോക്തിയിലെ കലാതത്വം കിടക്കുന്നതു്.

വർണ്ണനാപാടവത്തിനു സുഖത്തെപ്പോലെ ദുഃഖം അത്ര വഴങ്ങിക്കൊടുക്കുന്നതല്ല. അസഹ്യങ്ങളായ സങ്കടങ്ങൾ വരുമ്പോൾ വാക്കുകൾക്കു് കഴിഞ്ഞുനില്ക്കുകയേ

നിവൃത്തിയുള്ളൂ. ഗദ്ഗദങ്ങളോ ദീർഘനിശ്വാസങ്ങളോ വാക്കുകളുടെ നുറുങ്ങുകളോ വല്ലതും വേണ്ടിവരും, ആ മഹാസങ്കടങ്ങളെ പ്രകടിപ്പിക്കുവാൻ. വാക്കുകളെക്കൊണ്ടു വേണ്ടതിലധികം പ്രകാശിപ്പിക്കുവാൻ സാധിക്കാത്ത സന്തോഷമില്ല. എന്നാൽ ദുഃഖത്തിൻെറ ഭാഷ വിനയംകൊണ്ടു സങ്കുചിതമാണു്.

നടനവൈഭവംകൊണ്ടു സന്തോഷവും സന്താപവും പരമാർത്ഥത്തെക്കാൾ വലുതാക്കി കാണിക്കുവാൻ സാധിക്കുമെന്നതും വാസ്തവംതന്നെ.

അന്യൻെറ സുഖത്തിൽ അനുമോദിക്കുകയോ ദുഃഖത്തിൽ അനുതപിക്കുകയോ ചെയ്യുമ്പോൾ സത്യപരിധിയുടെ ഉള്ളിൽത്തന്നെ ഒതുങ്ങുവാൻ ലോകമര്യാദകൂടി അനുവദിക്കുന്നതല്ല. പക്ഷേ ചില അവസരങ്ങളിൽ ഉള്ളിൽ തോന്നിയതു തുറന്നു പറയുന്നുവെങ്കിൽ അതു് ഏതു മൈത്രിക്കും ആപത്തായിത്തീരും. മഹാ സത്യസന്ധന്മാരും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ചില വിട്ടുവീഴ്ചകൾ അനുവദിക്കാതിരിക്കയില്ല.

പക്ഷേ അവനവൻെറ സുഖാനുഭവത്തിൽ ഈ അസത്യവും അതിശയോക്തിയും അനുവദിച്ചുകൊടുക്കുന്നതു് ആപത്താണു്. ഇല്ലാത്ത ദുഃഖത്തെ ഉണ്ടാക്കിത്തീർക്കുവാനും ഉള്ള സുഖങ്ങളെ നശിപ്പിക്കുവാനും അതു കാരണമായിത്തീരുന്നു. സന്തോഷത്തെ വലുതാക്കി കാണിക്കുന്നവർ അത്ര വലിയ വഞ്ചകരല്ലെങ്കിൽ ഭഗ്നങ്ങളാകാതെ തരമില്ലാത്ത ആശകളെ അന്യരിൽ ജനിപ്പിക്കുന്നതുകൊണ്ടു് അവരെയും നിയന്ത്രിക്കുന്നതു് ആവശ്യമാ

ണു്. ഉള്ളതുപോലെ കാണ്മാനും കണ്ടതുപോലെ പറവാനുമുള്ള സ്വാധീനവും സുഖത്തിൽ ആസക്തിയില്ലാതിരിക്കുവാനും ദുഃഖത്തിൽ മതിമറക്കാതിരിക്കുവാനും വേണ്ട മനസ്സമാധാനവും സമ്പാദിക്കുന്നതാണു് ഉത്തമം. അനാസക്തിയും അനഹങ്കാരവുമാണു് അത്യുക്തിക്കു തക്കതായ പ്രത്യൗഷധം.

(പ്രബുദ്ധഭാരതം)

# മഷിക്കടൽ

ഞാനും എന്നെപ്പോലെയുള്ളവരും ബദ്ധപ്പെട്ടു വരച്ചുണ്ടാക്കി തട്ടിക്കൂട്ടി പുറത്തിറക്കുന്ന മാസികകളിൽ കാലം തെറ്റിപ്പുറപ്പെടുവിക്കുന്ന ചില വരകളും കുറികളുമാണു് ലേഖനങ്ങൾ എന്ന വിശിഷ്ടനാമംകൊണ്ടു വ്യവഹരിക്കപ്പെടുന്നതു്. പകൽ പിടിപ്പതു ജോലിയുള്ളവർക്കു പാതിരയ്ക്കേ ഈ വേല സാധിക്കയുള്ളു. അതുകൊണ്ടു് ഒരു ഗുണമുണ്ടു്. ഒരു ഗന്ധവും കൂടാതെയല്ല എഴുതിത്തീർക്കുന്നതു്. മണ്ണെണ്ണയുടെ ഗന്ധം വേണ്ടുവോളമുണ്ടായിരിക്കും. എന്നുതന്നെയല്ല, എഴുതുന്നവർ ഉറക്കമൊഴിക്കുംതോറും വായിക്കുന്നവരുടെ നിദ്രയ്ക്കു സുഖം വർദ്ധിച്ചുംവരും.

ഇങ്ങനെ പരന്മാർക്കുവേണ്ടി കഷ്ടിച്ചു ക്ഷീണിച്ചിരിക്കുന്ന ലേഖകന്മാർ ജനങ്ങളുടെ സുഖത്തിന്നായിത്തന്നെ അലസന്മാരായി കുറഞ്ഞൊന്നു കണ്ണടച്ചുപോയാൽ അതു പൊറുക്കുവാൻ പ്രയാസമുള്ളതല്ലല്ലോ. ഇതാ, ഇങ്ങനെയൊരു മയക്കത്തിൽ ലയിച്ചുവെന്നാണു് എനിക്കാദ്യം തോന്നിയതു്.

ആ ലയത്തോടുകൂടി ഒരിരുൾക്കണ്ഡത്തിന്റെ കര സ്ഥലാണു് ഞാൻ നില്ക്കുന്നതെന്നു തോന്നി. സൂക്ഷിച്ചു നോക്കിയപ്പോൾ അതൊരു മഷിക്കടലാണു്. അനേക യോജനവിസ്താരത്തിൽ, നോക്കിയാൽ നോട്ടമെത്താത്ത വിധത്തിൽ, അതങ്ങനെ പരന്നുകിടക്കുന്നു. കരിനീല ത്തിലുള്ള ആകാശവും ഈ കടലും വേർതിരിച്ചറിവാൻ തന്നെ വളരെ പ്രയാസം. ഇമച്ചിമിഴി കൂടാതെ ഞാൻ വല്ലാതെ അമ്പരന്നു നോക്കിത്തുടങ്ങി. നോക്കുംതോറും കണ്ണു തെളിഞ്ഞുതുടങ്ങി. മനസ്സു പതിഞ്ഞുതുടങ്ങി.

അല്പനേരം ചെന്നപ്പോൾ മഷിക്കടലിന്റെ മീതേ ക്കൂടി അതിസുന്ദരിയായ ഒരു ദിവ്യസ്ത്രീ സുലളിതപദവി ന്യാസത്തോടുകൂടി മന്ദംമന്ദം വരുന്നതു കാണാറായി. മുഖം സുകുമാരമായാലും ഗാംഭീര്യാദി പല ഭാവങ്ങളും സ്ഫുരിക്കുന്നുണ്ടു്. എന്റെ നേരിട്ടുതന്നെയാണു് വരുന്ന തു്. പ്രായം ഒരു നോട്ടത്തിൽത്തോന്നുന്നതിലധികമാ യിരിക്കുന്നുവെന്നു നെററിമേലുള്ള നേരിയ ചുളിവുകൾ കണ്ടാലറിയാം. അല്ല, അതുമാത്രമല്ല; കറുത്തിരുണ്ടു നീണ്ടു ചുരുണ്ട തലമുടി അഴിച്ചിട്ടിരിക്കുന്നു. അതിന്റെ ഇടയിൽ ഒളിച്ചു അപൂർവ്വം ചില നരച്ച രോമങ്ങൾ സൂ ക്ഷിച്ചുനോക്കിയാൽ കാണ്മാനുണ്ടു്. ഇതാ അടുത്തുതുട ങ്ങി. തലയിൽ ഒരു കിരീടം ധരിച്ചിട്ടുള്ളതിന്മേൽ അ ക്ഷരങ്ങൾ കാണുന്നുണ്ടല്ലോ. ശരി അതൊക്കെ ഭാഷാ ഗ്രന്ഥങ്ങളാണു്. ആഭരണങ്ങളും അതുതന്നെ. പൃഷ്ഠ ഭാഗത്തു വസ്ത്രത്തിന്മേൽ ചില വരകൾ കാണുന്നതോ? അതും ആ വകയിൽപ്പെട്ടതുതന്നെയാണു്. എന്തോ

ഇട്ടു ചവുട്ടിക്കൊണ്ടു നടക്കുന്നുണ്ടല്ലോ. ഒഹോ! അതും മറ്റൊരു വക വരകൾതന്നെ. ഇടത്തുകൈയിൽ ഒരു കടലാസ്സുപുരുളും വലത്തേതിൽ ഒരു തൂവലും പിടിച്ചിട്ടുണ്ടു്. സമീപത്തിൽ എത്തി. എൻെറ വിചാരമൊക്കെ അസ്തമിച്ചു. ഇതാ, എന്നെ കടക്കണ്ണുകൊണ്ടു നീരാജനം ചെയ്യുന്നു. 'കുലവെട്ടിയ കററിവാഴപോലെ' ഞാൻ സ്തംഭിച്ചുനിന്നുപോയി. "ഞാൻ ആരാണെന്നു മനസ്സിലായോ? ഭാഷാദേവിയാണു്" എന്നായിരുന്നു അരുളിച്ചെയ്തുതുടങ്ങിയതു്. അപ്പോഴേ എനിക്കു ശ്വാസം വീണുള്ളു, സമാധാനമായുള്ളു.

ഞാൻ മുമ്പിൽ കാണുന്ന വിശാലമായ മഷിക്കടലിലേയ്ക്കു് ഒന്നു നോക്കി. എൻെറ ഇംഗിതം തത്ക്ഷണത്തിങ്കൽ ഗ്രഹിച്ചു്, ദേവി തൂവൽകൊണ്ടു് അകലേയ്ക്കു ചൂണ്ടിക്കാണിച്ചു. ആ വഴിക്കു ഞാനെൻെറ കണ്ണോടിച്ചു. അതിദൂരത്തിങ്കലുള്ള പർവ്വതംപോലെ അവ്യക്തമായ ഒരു നീലിമ കാണാറായി. അതിൻെറ അടിവാരത്തിൽ മഷിക്കടലിലെ അലകൾ ചെന്നടിക്കുന്നുണ്ടു്. ഒന്നും അത്ര തെളിഞ്ഞു കണ്ടുകൂടാ. ദേവി അരുളിച്ചെയ്തു: "ആ ദുന്നിരീക്ഷ്യങ്ങളായ പർവ്വതനിരകൾ ആദികവികളുടെ ആവാസഭൂമിയാണു്. അവിടെ അതിമനോഹരങ്ങളായ താമരപ്പൊയ്കകളും ഉദ്യാനങ്ങളും വിഹാരസ്ഥലങ്ങളും സർവ്വത്തുരമണീയങ്ങളായ വൃക്ഷലതാദികളും 'മാകന്ദമന്ദാരസുഗന്ധവാഹി'യായ മന്ദമാരുതനും സ്ഫടികനിമ്മലമായ ജലത്തെ വഹിച്ചുകൊണ്ടു മന്ദാക്ഷമന്ദം അടവികളിലൂടെ ഒഴുകുന്ന നദികളും മററനേകം ഉപഭോഗ

ഭോഗ്യങ്ങളായ വസ്തുക്കളും ഉണ്ടു്. തപഃക്ലേശത്തിനും സുഖാനുഭവത്തിനും ഒരുപോലെ യോജിച്ച ശാന്തഭൂമിയാണതു്. അടുത്തിപ്പുറത്തായി ഒരു ദ്വീപു കാണുന്നില്ലേ? അതു യശസ്സാണു്. അവിടെനിന്നു വളരെ യോജന ഇങ്ങോട്ടു മാറി ഇടത്തുപുറത്തായി കാഞ്ചനമൃഗങ്ങളോടും സുവർണ്ണപക്ഷികളോടും കൂടി തെളിഞ്ഞു കാണുന്ന വെള്ളിമാമലകൾ നിറഞ്ഞുള്ള തുരുത്താണു് ഐശ്വര്യം.” എന്റെ കണ്ണു മഞ്ഞളിച്ചുപോയി. ദേവി വീണ്ടും ആരംഭിച്ചു: “യശോദ്വീപിലേയ്ക്കു പോകുന്ന വഴിക്കു രണ്ടു ചുഴികളും അവയുടെ മദ്ധ്യത്തിൽ ഒരു പാലവും കണ്ടില്ലേ? വിദ്വൽപാലമാണതു്. ആ ചുഴികളിൽ അനേകം തോണികൾ മുങ്ങി തവിടുപൊടിയാവുന്നതും പാലത്തിന്റെ അടുക്കൽ കൂടിയിരിക്കുന്നവയിൽ ചിലതിന്റെ കേടുപാടു പോക്കുന്നതും കാണ്മാനില്ലേ? ആ തോണികളിൽ ഇരുന്നു തുഴയുന്നതും പണിയുന്നതും ഒക്കെ ഗ്രന്ഥകാരന്മാരാണു്. അതാ, പല ജാതിക്കാരും കൂടി അനവധി പണിത്തരത്തിനുള്ള സാമഗ്രികളും കയററിക്കൊണ്ടു പോവുന്ന പത്തേമ്മാരികളും കേവുവള്ളങ്ങളും ചങ്ങാടങ്ങളും ചുണ്ടൻവള്ളങ്ങളും വിദ്വൽപാലത്തിൽ നില്ക്കുന്നവർ കണ്ണടച്ചു കടത്തിവിടുന്നില്ലേ? അതൊക്കെ ഉപകരണഗ്രന്ഥങ്ങളാണു്.” പാലം കടന്നു കിട്ടിയാൽ യശോദ്വീപിലേയ്ക്കുള്ള വഴി കുറച്ചേ ഉള്ളൂ. പക്ഷേ ആ ദ്വീപിങ്കൽത്തന്നെ ഓരോരുത്തൎക്കും ഓരോരോ സ്ഥാനം കല്പിച്ചിട്ടുണ്ടു്. അതറിവാനുള്ള ഉത്കണ്ഠയോടുകൂടി ഞാൻ നോക്കിയപ്പോൾ ദേവി പ്രസാദി

ച്ചരുളിച്ചെയ്തു: "അതു് അനശ്വരമന്ദിരം. അവിടെ കാലദേശാവസ്ഥകളൊന്നും ബാധിക്കയില്ല. യശോദചീ വിൻെറ തുറമുഖത്തു കാണുന്ന വലിയ കെട്ടിടം 'പരീക്ഷാവിലാസ'മാണു്. അവിടെയുള്ള ആ വലിയ ചാണയിന്മേലാണു് ആ ദ്വീപിങ്കൽ ഇറക്കുമതി ചെയ്യുന്ന രത്നാഭരണങ്ങളെ 'കാലഭൈരവൻ' മാററുരച്ചു നോക്കി വിലമതിച്ചു തരംതിരിച്ചു് അനശ്വരമന്ദിരത്തിലേക്കും നശ്വരഭവനത്തിലേക്കും അയക്കുന്നതു്."

"അനശ്വരമന്ദിരത്തിൻെറ അതിവിശാലമായ ഉദ്യാനത്തിൽ അതഗാധമായി അതിവിസ്തൃതമായി ഒഴുകുന്ന പുഴയിലൂടെ ഒരു കപ്പൽ ക്ലേശംകൂടാതെ വെള്ളം വകഞ്ഞു തള്ളിക്കയറുന്നതു കണ്ടുവോ? അതിൻെറ പാമരത്തട്ടിന്മേൽ ഇരിക്കുന്ന ആളാണു് തുഞ്ചത്തെഴുത്തച്ഛൻ. ആ കപ്പലിൻെറ പിന്നാലെ ഇരുവക്കിനും പത്തുപത്തു പങ്കാൻ കുത്തി പാട്ടും പാടി താളത്തിൽ തത്തിക്കളിച്ചു തുള്ളിച്ചാടി പോകുന്ന ഓടിയിലെ അമരക്കാരൻ ആരെന്നറിയുമോ? അദ്ദേഹമാണു് കലക്കത്തു കുഞ്ചൻനമ്പ്യാർ. അതാ, അടുത്തുതന്നെ കപ്പം പായകൊടുത്തു കാററിനും ഒഴുക്കിനും അനുസരിച്ചു പോകുന്ന മച്ചുപായയാണു് മണിപ്രവാളം. പിന്നെയും പല ചില്ലറബോട്ടുകളും തോണികളും കാണുന്നതു് അവരുടെ വകതന്നെയാണു്. യശോദചീപിൽ ഇരുണ്ടാട്ട മാറി വടക്കേ അററത്തെക്കൊന്നു നോക്കൂ. അവിടെ ഒരു മരുഭൂമിയിൽ ചെറുതും വലുതുമായി പരന്നുകിടക്കുന്ന കുണ്ഡങ്ങളിലേക്കു ദേവലോകത്തുനിന്നും പാശ്ചാത്യലോകത്തുനിന്നും ശുദ്ധജലം പകരുന്ന

ത്തു കണ്ടുവോ? അതൊക്കെ ഭാഷാന്തരങ്ങളാണു്. ഗ്രീഷ്മകാലത്തു വററാത്തതും വററുന്നതും ആയവയിലുണ്ടു്. അതാ, നോക്കു, അബലകളും ബാലന്മാരും കൂടി നമ്മാലാപംചെയ്തു കളിച്ചുചിരിക്കുന്ന അങ്ങാടിത്തെരുവും വണ്ടിത്താവളവും പൂന്തോട്ടവും വയലും കാണുന്നില്ലേ? അതൊക്കെ നാടോടിക്കവിതകളാണു്. യശോദ്വീപിൽനിന്നു് ഐശ്വര്യത്തുരുത്തിന്മേലേയ്ക്കു കുറെ അധികം ദൂരമുണ്ടു്. അവ തമ്മിൽ ബന്ധമൊന്നുമില്ലെന്നു പറഞ്ഞുകൂടാ. ആഴിയുടെ അടിത്തട്ടിൽ അന്തർവ്വാഹിനിയായിട്ടൊരു പോംവഴിയുണ്ടു്. അതു് എല്ലാവർക്കും അറിഞ്ഞുകൂടാ. വിദ്വൽപാലത്തിന്മേൽ നിന്നാൽ കാണുകയുമില്ല. യശോദ്വീപിലുള്ള നശ്വരഭവനത്തിലാണു് ആ വഴി ചെന്നു തുറക്കുന്നതു്."

ഇത്രയും ദേവി പറഞ്ഞുകഴിഞ്ഞപ്പോൾ ഞാൻ ഐശ്വര്യത്തുരുത്തിൻെറ സമീപത്തേയ്ക്കു നോക്കി. അനവധി ചുണ്ടൻവള്ളങ്ങളും ചാളവഞ്ചികളും തിക്കിത്തിരക്കി പോകുന്നതു കാണ്മാനുണ്ടു്. ചില തോണികൾ കൂട്ടിയടിച്ചു മറിയുന്നു. അതിലുള്ളവർ അന്യോന്യം പുലഭ്യവർഷം ചെയ്യുന്നു. ചിലർ മഷിക്കടലിൻമീതെക്കൂടി സഞ്ചരിക്കുന്ന തൂവൽപ്പക്ഷികളെ മുക്കിക്കൊല്ലുന്നു. വഞ്ചികളിൽ നിറയ്ക്കുന്നു. ഐശ്വര്യത്തുരുത്തിങ്കൽനിന്നു ചില അധികാരികൾ വന്നു ചിലരെ പിടിച്ചു കയററുന്നു. അപ്പോൾ ചിലർ കിടന്നു മുറവിളി കൂട്ടുന്നു. വിളിച്ചു നിലവിളിക്കുന്നു. അതിൽ ചിലർ അന്യോന്യം കൊള്ളയിടുന്നു. ഐശ്വര്യദ്വീപിലേയ്ക്കു വെച്ചടിക്കുന്നു. ആകെക്കൂടി കോലാഹ

ലംതന്നെ. ഞാൻ അതു കണ്ടു പരുങ്ങിപ്പോയി. "അതൊക്കെ പാഠപുസ്തകങ്ങളാണു്" എന്നു ദേവി പറഞ്ഞപ്പോഴേ സമാധാനമായുള്ളൂ. ഈ ബഹളത്തിൽനിന്നു കുറച്ചകലെ, ഐശ്വര്യത്തുരുത്തിലേയ്ക്കോ യശോദ്വീപിലേയ്ക്കോ പോകേണ്ടതെന്നു രൂപമില്ലാതെ, ചില ബോട്ടുകൾ കിടന്നു തിരിയുന്നുണ്ടു്. അവയുടെ നാലുപുറവും ചില കനംകുറഞ്ഞ ഓട്ടത്തോണികൾ പാഞ്ഞുനടക്കുന്നതും 'അത്താഴംമുടക്കി' എന്നു പറയുന്ന ഭാരിച്ച കേവഞ്ചികൾ ഇഴഞ്ഞു സഞ്ചരിക്കുന്നതും ഇടയ്ക്കു് അങ്ങുമിങ്ങും ഏറുപടക്കങ്ങൾ പൊട്ടുന്നതും ബോട്ടുകളിലുള്ള സാധുക്കൾ മറിഞ്ഞുവീഴുന്നതും മഷികുടിച്ചു മരിക്കുന്നതും ഓട്ടത്തോണികളിലെ വികൃതികൾ കണ്ടു രസിക്കുന്നതും ചിരിക്കുന്നതും തോണികളും കേവുകളും ഈ പരിഭ്രമത്തിൽ ചുഴികളിൽപ്പെട്ടു കുട്ടിക്കരണം മറിഞ്ഞു 'കൃഷ്ണ കൃഷ്ണ' പെയ്യുന്നതും ആ സമയത്തു വിദ്വൽപാലത്തിങ്കൽ കൊടിനാട്ടി ആർപ്പുവിളിക്കുന്നതും മററു പല കാഴ്ചകളും ശബ്ദങ്ങളും കാണ്മാനും കേൾപ്പാനുമുണ്ടു്. ഇതു സാധുക്കളായ ഗ്രന്ഥകാരന്മാരും പത്രങ്ങളും മാസികകളും ഗുണദോഷനിരൂപണങ്ങളും തമ്മിലുള്ള കടലേററവും കോളിളക്കവുമാണത്രേ. അതു കണ്ടു വെറുത്തു ഞാൻ കണ്ണൊന്നടച്ചുപോയി. അപ്പോൾ സഹിക്കുക വയ്യാത്ത ഒരു ചൂടു സർവ്വാംഗം ബാധിച്ചു് ആവിയിൽ വേവുന്നപോലെ തോന്നി. കണ്ണു തുറന്നു നോക്കിയപ്പോൾ കരയ്ക്കടുത്തുതന്നെ ജ്വാലാമാലകളോടുകൂടി അഗ്നിഭഗവാൻ കത്തിജ്വലിക്കുന്നതു കണ്ണിൽ തറച്ചു. ആ അഗ്നി

ജ്വാലയിൽ ലക്ഷോപലക്ഷം പലമാതിരിയിലുള്ള പറവകൾ ചെന്നു വീണു ദഹിച്ചു വെണ്ണീറടിക്കുന്നുണ്ടു്. അഗ്നിജ്വാലകൾ പടർന്നുപിടിച്ചു ഞാൻ നില്ക്കുന്ന സ്ഥലത്തേയ്ക്കു് അടുത്തുതുടങ്ങി. എനിക്കു നില്ക്കുക വയ്യാതെയായി. കാലെടുക്കുവാൻ നോക്കിയപ്പോൾ പൊങ്ങുന്നില്ല. ദേവിയെ നോക്കിയപ്പോൾ കാണ്മാനില്ല. ആ സമയത്തുണ്ടായ ഭയപാരവശ്യത്തിൽ ഉറക്കെ നിലവിളിച്ചു. അതോടുകൂടി ഉണരുകയും ചെയ്തു. 'ഉപ്പു്, മുളകു്, കടുകു്, വെളിച്ചെണ്ണ, ഇല, പപ്പടം, അരി, മോരു്—എല്ലാംകൂടി ഒരു കാശിനു്' എന്നു പറഞ്ഞുകൊണ്ടു പത്രാധിപർ സമീപത്തിൽ കൈനീട്ടിക്കാണിച്ചു നില്ക്കുന്നുണ്ടു്. 'കണ്ടതും കേട്ടതും കേവഞ്ചിക്കിരിക്കട്ടെ' എന്നു പറഞ്ഞു് എന്റെ സ്വപ്നത്തിൽ സ്വപ്നം—മഷിക്കുടൽ—തട്ടിക്കൂട്ടി നീട്ടിയ കൈയിൽ പുട്ടു.

# ചന്ദ്രവതി

ഇന്ത്യാചരിത്രം വായിച്ചിട്ടുള്ളവരൊക്കെ ദിലീപസിംഹമഹാരാജാവിന്റെ വ്യസനകരമായ ജീവചരിത്രത്തെ ഓർക്കുന്നുണ്ടായിരിക്കണം. ഇംഗ്ലീഷുകാർക്ക് വിശേഷിച്ചും അദ്ദേഹത്തിന്റെ പേരു മറക്കത്തക്കതല്ലം. അല്പം വർഷങ്ങൾക്കു മുമ്പ് അദ്ദേഹം ഇംഗ്ലണ്ടിൽ പ്രമാണികളുടെ കൂട്ടത്തിൽ ഒരാളായിരുന്നു. രാജധാനിയിൽ എന്തുതന്നെ അടിയന്തരങ്ങളോ ആഘോഷങ്ങളോ ഉണ്ടായാലും ദിലീപസിംഹമഹാരാജാവിന്റെ വടിവൊത്തുതികഞ്ഞ സ്വരൂപവും 'പഗ്രി'ത്തലപ്പാവും പ്രത്യേകം ദൃഷ്ടിയിൽ പെടത്തക്കവയായിരുന്നു. അദ്ദേഹത്തിന്റെ അതിവിശേഷമായ 'നാട്ടഭവനം' വെയിൽസ് രാജകുമാരന്റെയും രാജകുമാരിയുടെയും, എന്നല്ല, രാജകുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും പ്രമാണികളായ പ്രഭുക്കന്മാരുടെയും ഇഷ്ടത്തിനൊത്ത വിനോദഭൂമിയായിരുന്നു. ഇംഗ്ലീഷുകാരിൽ ആഭിജാത്യംകൊണ്ടുയർന്നവർ തങ്ങളുടെ വർഗ്ഗത്തിൽനിന്നു വേറെ ഒരാളായിട്ടല്ല അദ്ദേഹത്തെ കരുതിയിരുന്നത്. അദ്ദേഹത്തെക്കൂടാതെകണ്ടു പ്രഭുക്കന്മാരുടെ ഒരു യോഗവും കൂടുക പതിവില്ല.

'പഞ്ചാബിലെ സിംഹം' എന്നു പ്രസിദ്ധനായ സാക്ഷാൽ രഞ്ജിതസിംഹമഹാരാജാവിൻെറ പട്ടമഹിഷിയും ദിലീപസിംഹമഹാരാജാവിൻെറ അമ്മയുമായ മഹതിയാകുന്നു ഈ കഥാനായികയായ മഹാറാണി ജിന്ദൻ. അവരെ സാധാരണമായി മഹാറാണി ജിന്ദൻ എന്നാണു് വിളിച്ചുവന്നതു്. എങ്കിലും സാക്ഷാൽ പേരു ചന്ദ്രവതി എന്നായിരുന്നു. രഞ്ജിതസിംഹൻെറ ഭാര്യയായിരിപ്പാൻ തക്ക യോഗ്യത അവൾക്കുണ്ടായിരുന്നുവെന്നു പറയേണ്ടതില്ല. മഹാരാജാവാകട്ടെ, ശകന്മാരെ കൂട്ടിയോജിപ്പിച്ചു് അവരെ സകലജാതിക്കാരിലുംവെച്ചു് ഒരു പ്രധാനവർഗ്ഗമാക്കിത്തീർത്തു. അദ്ദേഹത്തിൻെറ രാജശക്തി കാബൂൾമുതൽ ഡൽഹിവരെ വ്യാപിച്ചു. ബ്രിട്ടീഷ്പട്ടാളങ്ങളോടു പൊരുതിനിന്നിട്ടുള്ള കാൽസാസ് എന്ന ദേശത്തിലെ പുതിയ സൈന്യത്തെ അദ്ദേഹമാണു് ശേഖരിച്ചതു്. ഡൽഹിയിലെ യഥാർത്ഥമായ രാജപട്ടം അദ്ദേഹം വഹിച്ചു് ഇംഗ്ലീഷുകാരുടെ ഭക്തിക്കും ഭയത്തിനും ആസ്പദമായിത്തീർന്നു. ഈ രഞ്ജിതസിംഹമഹാരാജാവു മരിക്കുന്ന സമയം ഖഡ്ഗസിംഹൻ, ശരസിംഹൻ, ദിലീപസിംഹൻ എന്നിങ്ങനെ മൂന്നു പുത്രന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ ആ മഹാപുരുഷൻെറ അമാനുഷശക്തികൊണ്ടു് ഒതുക്കിനിർത്തിയിരുന്ന അനേകം അത്യാഗ്രഹികളും കപടന്മാരുമായ ഉദ്യോഗസ്ഥന്മാരെയും സേനാധിപതികളെയുമാണു് പുത്രന്മാർക്കു പിതൃധനമായി കൊടുത്തിരുന്നതു്. അദ്ദേഹത്തിൻെറ മരണശേഷം ഇവർ അധികാരശക്തികൊണ്ടുണ്ടാ

കാവുന്ന സുഖം അനുഭവിപ്പാനും പഞ്ചാബിലെ രാജ്യഭാരം കൈവശപ്പെടുത്തുവാനും അത്യാർത്തിയോടുകൂടി ചെന്നായ്ക്കളെപ്പോലെ കലഹിച്ചുതുടങ്ങി. ഖഡ്ഗസിംഹനെ കൊന്നു ശരസിംഹൻ സിംഹാസനാരോഹണം ചെയ്തു. പിന്നീട് അദ്ദേഹവും ജ്യേഷ്ഠനെ പിന്തുടർന്നു. ഇങ്ങനെ നാലു വർഷങ്ങൾക്കിടയ്ക്കു രണ്ടു പുത്രന്മാരും മരിച്ചു. രാജ്യഭാരം മുഴുവനും ആഭ്യന്തരകലഹംകൊണ്ടും അഴിമതികൾകൊണ്ടും ആക്രമങ്ങൾകൊണ്ടും കലങ്ങിവശായി. മന്ത്രികളും സേനാധിപന്മാരും അധികാരവലിപ്പത്തിനുവേണ്ടി അന്യോന്യം ഛിദ്രിച്ച്, സ്വാധീനത്തിലുണ്ടായിരുന്ന അധികാരംകൂടി കളഞ്ഞ്, കാലഗതിയെ പ്രാപിച്ചു. ഒടുവിൽ അഞ്ചു വയസ്സുമാത്രം പ്രായം ചെന്ന രാജകുമാരൻ സർവ്വസമ്മതത്തോടുകൂടി മഹാരാജാവായിട്ടു വാഴിക്കപ്പെടുകയും രാജകുമാരന്റെ അമ്മ ചന്ദ്രവതി സ്വയമായിട്ടു രാജ്യകാര്യം അന്വേഷിക്കുവാൻ തുടങ്ങുകയും ചെയ്തു.

അഗാധബുദ്ധി, സ്ഥിരധൈര്യം, അതിശയിക്കത്തക്ക ഓജസ്സ്—ഈ ഗുണങ്ങൾ തികഞ്ഞിട്ടുള്ളവളായിരുന്നു ചന്ദ്രവതി. ഒതുക്കവും വണക്കവുമില്ലാത്തവരും ധീരന്മാരുമായ ശകന്മാർക്ക് വഴിപോലെ യോജിച്ചൊരു രാജ്ഞിയുമായിരുന്നു ചന്ദ്രവതി. രണാങ്കണത്തിൽ കാണിച്ച പ്രതാപം ആലോചനാമണ്ഡപത്തിലും ഒരുപോലെ പ്രകടിപ്പിച്ചിരുന്നു. സൂക്ഷ്മം നോക്കുന്നതായാൽ ഭർത്താവായ മഹാപുരുഷന്റെ സ്വഭാവവിശേഷങ്ങൾ മിക്കതും ഭാര്യയുടെ സ്വഭാവത്തിലും പ്രതിബിംബിച്ചിരുന്നു. ചി

ന്നിച്ചിതറിക്കിടന്നിരുന്ന തന്റെ അധികാരങ്ങളെല്ലാം ചന്ദ്രവതി കൂട്ടിച്ചേൎത്തു സ്വാധീനത്തിൽ ഉറപ്പിച്ചു. ഭരണാധിപന്മാരും സേനാധിപന്മാരും തമ്മിലുള്ള കലഹങ്ങളും സ്പൎദ്ധകളും ഒതുക്കി ഇരുകക്ഷികളെയും യോജിപ്പിച്ചു. രാജ്യത്തെങ്ങും ക്ഷേമവും സമാധാനവും വളൎത്തി കാൽസസൈന്യത്തെ ഭൎത്താവിന്റെ പരിപാലനത്തിലിരുന്നപോലെ അത്ര ശക്തിമത്തും അജയ്യവുമാക്കിത്തീൎത്തു. പ്രാപ്തിയുള്ളവരെയല്ലാതെ മേലുദ്യോഗങ്ങൾക്ക് ആരെയും നിയമിച്ചിരുന്നില്ല. മിടുക്കും ധൈൎയ്യവും നോക്കി സൈന്യാധിപത്യം കൊടുത്തുവന്നു. ശരസിംഹനെ പടയാളികളിൽ തലവനായിട്ടും നിയമിച്ചു.

ഇംഗ്ലീഷുകാരുടെ രാജ്യത്തിന്റെ അതിർ പഞ്ചാബ് രാജ്യത്തോടു തൊട്ടുകിടന്നിരുന്നു. പഞ്ചാബ്‌രാജ്യപരിപാലനത്തിന്റെ തികവും അവിടെയുള്ള ശകസൈന്യത്തിന്റെ പ്രാബല്യവും ഇംഗ്ലീഷുകാൎക്ക് ഭയകാരണങ്ങളായിത്തീൎന്നു. അവരുടെ അതിരുകളിൽ എല്ലാടവും പട്ടാളങ്ങളെ പാൎപ്പിക്കുകയും ശതദ്രുനദീതീരത്തിങ്കൽ വലുതായ ഒരു സൈന്യം സ്ഥാപിക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നു കരുതി ആയതിനുവേണ്ടി ഏൎപ്പാടുകൾ നടത്തി: ശകസൈന്യം അവരുടെ അതിരുവിട്ട് ഇംഗ്ലീഷതിൎത്തിയിലേയ്ക്കു കടന്നുവെന്ന് ഇംഗ്ലീഷുകാരും, അതല്ല ഇംഗ്ലീഷുകാർ തങ്ങളുടെ രാജ്യത്തെ ആക്രമിക്കയാണുണ്ടായതു് എന്നു ശകന്മാരും അന്യോന്യം വഴക്കുപുറപ്പെടുവിച്ചു. കാരണം എന്തുതന്നെയായാലും വളരെ താമസംകൂടാതെ സുപ്രസിദ്ധമായ 'ശകയുദ്ധം' ആരംഭിച്ച് ഒരു വൎഷത്തോളം തുടൎച്ചയായിനിന്നു.

ഈ യുദ്ധകാലത്തു രാജ്യാധിപത്യവും സേനാധിപത്യവും ചന്ദ്രവതിയിങ്കൽത്തന്നെ പരിണമിച്ചു. ദ്രോഹികളും കൃതഘ്നന്മാരുമായ ചില ഉദ്യോഗസ്ഥന്മാരും സേനാധിപന്മാരും ചന്ദ്രവതിയെ ചതിച്ചു് ഇംഗ്ലീഷ്ടാക്കു ഗൂഢസഹായം ചെയ്തുവന്നു. വീരനായ ഭർത്താവിന്റെ യശസ്സിനെ പരിപാലിപ്പാനും സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ രക്ഷിപ്പാനുമായി ചില സമയങ്ങളിൽ നമ്മുടെ നായികയ്ക്കു തനിച്ചുനിന്നു പൊരുതേണ്ടതായിക്കൂടി വന്നിട്ടുണ്ടു്. അതുകൊണ്ടൊന്നും അവൾക്കൊരിളക്കവുമുണ്ടായിട്ടില്ല. മന്ത്രികളുടെയും പടനായകന്മാരുടെയും സഹായംകൂടാതെതന്നെ രാജ്യം ഭരിച്ചുകൊണ്ടും സൈന്യത്തെ നയിച്ചുകൊണ്ടും അവർ അചലംപോലെ സ്ഥിരയായിട്ടു നിന്നു. ഭയങ്കരമായ ഈ ശകയുദ്ധം ചരിത്രപ്രസിദ്ധമാണല്ലോ. മുഡ്കകി മുതലായ ദിക്കുകളിലുണ്ടായ ആഹവങ്ങളിലെപ്പോലെ ഇംഗ്ലീഷുകാർ ഒരുകാലത്തും ഇന്ത്യയിൽ പടവെട്ടുകയുണ്ടായിട്ടില്ല. ഉദ്യോഗസ്ഥന്മാരുടെയും സേനാധിപന്മാരുടെയും ചതിപ്രയോഗത്തിന്റെ മദ്ധ്യത്തിൽ ഏകാകിനിയായിട്ടു മഹാറാണിക്കു് എന്തൊന്നാണു് സാധിക്കുവാൻ കഴിയുന്നതു്? ചന്ദ്രവതിയുടെ സൈന്യം പരാജയപരമ്പരയിൽപ്പെട്ടുകയും ഒടുവിൽ അന്യഗതിയില്ലാതെ ചന്ദ്രവതി സഖ്യപത്രം ഒപ്പിടുകയും ചെയ്തു. സോബ്രോൺ എന്ന ദിക്കിൽ നടന്ന യുദ്ധത്തിൽ മഹാറാണിയുടെ സൈന്യത്തിനു തോൽവി പററി എന്നു് ഒരു പടനായകൻ വന്നു പറഞ്ഞപ്പോഴം, സ്വാഭാവികമായ ശാന്തഗംഭീരതയോടുകൂടി, ചന്ദ്രവതി

പറഞ്ഞ മറുപടി 'എന്നാൽ എൻെറ കാൽസൈന്യവും ഇനി യുദ്ധംചെയ്യട്ടെ' എന്നായിരുന്നു. മന്ത്രിമാരിൽ ക രാൾ യുദ്ധം സമാപിക്കുകയാണു് നല്ലതെന്നു് ഉപദേശി ച്ചപ്പോൾ, 'ഈ അവസരത്തിൽ എൻെറ ഭത്താവു് എ ന്തു ചെയ്യുമോ അതാണു് ഞാൻ ചെയ്യുന്നതു്, ഞാൻ ജീ വിച്ചിരിക്കുന്നകാലംവരെ പഞ്ചാബ്‌രാജ്യം ഹൂണന്മാക്കു് അധീനപ്പെടുന്നതു കാണ്മാൻ ആഗ്രഹിക്കയില്ല' എന്നാ ണു് ആ ധൈര്യശാലിനി മറുപടി പറഞ്ഞതു്. ഈ നി ശ്ചയംനിമിത്തം മഹാറാണിക്കു സഖ്യത്തിനു് അപേ ക്ഷിക്കാതെ നിവൃത്തിയില്ലാതായിത്തീന്നതുവരെ യുദ്ധം നടന്നുകൊണ്ടിരുന്നു.

ജോൺലോറൻസ് എന്ന ഇംഗ്ലീഷുകാരനെ ലാഹൂ രിൽ റസിഡണ്ടായിട്ടു സ്വീകരിക്കത്തക്കവണ്ണവും രാജ്യ കാര്യങ്ങൾ സകലതും ആ ഉദ്യോഗസ്ഥനോടു് ആലോ ചിച്ചു ചെയ്യത്തക്കവണ്ണവും സമ്മതിച്ചു മഹാറാണി സ ഖ്യപത്രം ഒപ്പിട്ടു. ഇപ്രകാരം ഫലംകൊണ്ടു രാജ്യഭരണം മുഴുവനും റസിഡണ്ടിൻെറ അധീനത്തിൽപ്പെടുകയും അയാൾ മഹാറാണിയെ രാജ്യത്തുനിന്നു് ഒഴിച്ചു പഞ്ചാ ബിലെ മേൽവാഴ്ച ഇംഗ്ലീഷ്കാക്കു് അധീനപ്പെടുത്തുവാൻ വേണ്ട മാർഗ്ഗങ്ങൾ ഗൂഢമായി അന്വേഷിപ്പാൻ തുടങ്ങുക യും ചെയ്തു. എന്നാൽ ഈ ആഗ്രഹം കപടനീതികൊ ണ്ടും വ്യാജതന്ത്രംകൊണ്ടുമല്ലാതെ പ്രത്യക്ഷത്തിൽ സാ ധിക്കാവുന്നതല്ലായിരുന്നു. പന്ത്രണ്ടുവയസ്സുമാത്രം പ്രായം ചെന്ന ദിലീപസിംഹമഹാരാജാവിൻെറ പേരു പറ ഞ്ഞു മഹാറാണിയെ രാജദ്രോഹത്തിനു കുറപ്പെടുത്തി

പെററമ്മയെ നാടുകടത്തുവാൻ ബാലനായ രാജകുമാര നെക്കൊണ്ടു കല്പന കല്പിടുവിച്ചു. മഹാറാണിയെ ആദ്യം ശേഖരപുരത്തിലേയ്ക്കും പിന്നീടു കാശിയിലേയ്ക്കും മാററി.

നിരാകരണക്കല്പനയുംകൊണ്ടു് അധികാരി മഹാറാണിയുടെ സമീപത്തിൽ ചെന്നു പഞ്ചാബ്‌വിട്ടു പോകണമെന്നറിയിച്ചപ്പോൾ 'ആരുടെയാണു് ഈ കല്പന' എന്നു ക്ഷമയോടുകൂടി ചോദിച്ചു. കുമാരനായ മഹാരാജാവിന്റെതന്നെയാണെന്നു് അധികാരി ബോധിപ്പിച്ചപ്പോൾ, "വേണ്ടില്ല, ഞാൻ രാജാവിനെ വന്നുകണ്ടവളാണു്. ഞാൻ പഞ്ചാബിലെ രാജ്ഞിയല്ല. അദ്ദേഹത്തിന്റെ അമ്മ എന്നുമാത്രമേയുള്ളു. അതുകൊണ്ടു ഞാൻ ശരിയായിട്ടു രാജ്യംവിട്ടു പോകണം. എന്നെക്കുറിച്ചു നിങ്ങൾ ലേശം ഭയപ്പെടുകേണ്ടാ. ഞാൻ കല്പനയെ നിരോധിക്കുകയാകട്ടേ എന്റെ സ്വന്തം പുത്രന്റെ നേരെ ജനങ്ങളെ ഇളക്കിത്തീർക്കുകയാകട്ടേ ഒരിക്കലും ചെയ്യുന്നതല്ല. എല്ലാം കലാശിച്ചു എന്നെനിക്കു മനസ്സിലാകുന്നുണ്ടു്" എന്നുമാത്രം മറുപടി പറഞ്ഞു.

കാൽസസൈന്യത്തെ സന്തോഷിപ്പിക്കുവാൻവേണ്ടിമാത്രമാണു് ചന്ദ്രവതിയെ കാശിയിലേയ്ക്കു മാററിയതു്. അവർ ആ സൈന്യത്തിന്റെ ഒരു പരദേവതയായിരുന്നു. കാശിയിലേയ്ക്കു മാററുന്ന വിവരം കേട്ടപ്പോൾ, "ഏതായാലും വേണ്ടില്ല, കാരാഗാരം കാശിയായാലും കാലപാണിയായാലും ശരിതന്നെ" എന്നു പറഞ്ഞു്

അവർ കാശിയിൽ പോയി ഒതുക്കത്തോടും വണക്കത്തോടും കൂടി താമസിച്ചുവന്നു. എന്നാൽ മനസ്സിനു തട്ടിയ ക്ഷോഭം അവൾക്കു സഹിക്കത്തക്കതല്ലായിരുന്നു. പുത്രനെച്ചൊല്ലി ചന്ദ്രവതി വിലപിച്ചില്ല. കാരാഗൃഹവൃത്തിയെക്കുറിച്ചും അവർ വ്യസനിച്ചില്ല. അധികാരധനങ്ങളുടെ നാശത്തെക്കുറിച്ചും മഹാറാണി ചിന്തിച്ചില്ല. പഞ്ചാബ്‌രാജ്യവും സ്വാതന്ത്ര്യവും യശസ്സും എന്നന്നേക്കും നഷ്ടമായിപ്പോയതിനെ ഓർത്തിട്ടുമാത്രമാണു് മഹാറാണിയുടെ മനസ്സു മങ്ങിപ്പോയതു് വ്യസനം സഹിക്കവയ്യാതെ രോഗത്തിൽപ്പെട്ടു കാശിനഗരത്തിൽ അത്യാസന്നസ്ഥിതിയിൽ കിടപ്പായി.

ഈ വർത്തമാനം പഞ്ചനദീതീരത്തിങ്കലുള്ള ജനങ്ങളും കാൽസസൈന്യവും കേട്ടു. ചന്ദ്രവതിക്കുവേണ്ടി തങ്ങളുടെ ജീവനെക്കൂടി ഉപേക്ഷിക്കുവാൻ അവർ ഒരുക്കമുള്ളവരായിരുന്നു. ഇംഗ്ലീഷുകാരുടെ കപടനീതിക്കാകട്ടേ, ശകന്മാരുടെ ഇടയിലുള്ള ഉദ്യോഗസ്ഥന്മാരുടെയും സേനാനായകന്മാരുടെയും രാജദ്രോഹബുദ്ധിക്കാകട്ടേ, ഇംഗ്ലീഷുകാരുടെ നേരെ എതിർക്കുന്നതിൽനിന്നു കാൽസസൈന്യത്തെ നിരോധിക്കുവാൻ കഴിഞ്ഞില്ല.

രണ്ടാംശകയുദ്ധവും ചരിത്രപ്രസിദ്ധമാകുന്നു. 'ഗൗ' എന്ന പ്രഭുവിൻെറ കീഴിലുള്ള ഇംഗ്ലീഷുപട്ടാളം തോററു പാറപറന്നു. തത്കാലത്തേക്കു ശകന്മാരുടെ ശക്തി പ്രബലമായി. എന്നാൽ ഗുജറാത്തിലുണ്ടായ യുദ്ധത്തിൽ ശകന്മാർ പരാജിതന്മാരാവുകയും അവരുടെ സൈന്യം ചിന്നിച്ചിതറി മിക്കവരും പഞ്ചഭൂതങ്ങളിൽ ലയിക്കുക

യും ചെയ്തു. ബ്രിട്ടീഷുഗവമ്മേണ്ടു് പഞ്ചാബ്‌രാജ്യം കൈക്കേറി. ദിലീപസിംഹമഹാരാജാവിനെ ശീമയിൽ കൊണ്ടുപോയി ക്രിസ്തുമതത്തിൽ ചേക്കുകയും ചെലവിനു തക്കതായ മാലിഖാൻ കൊടുക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഒരാംഗ്ലേയയുവതിയെ കല്യാണം കഴിച്ചു. അതിൽ സന്താനങ്ങളുമുണ്ടായി.

അക്കാലത്തു മഹാറാണി ജിന്ദൻ—പഞ്ചാബിലെ മഹാരാജ്ഞിയായിരുന്ന വീരയുവതി ചന്ദ്രവതി—കാശിവിശ്വനാഥക്ഷേത്രത്തിനു സമീപം ആരുമേതുമില്ലാതെ രോഗാതുരയായിക്കിടന്നു് അരിഷ്ടിക്കുന്നു. ഒന്നുരണ്ടു ദിവസമല്ല അനേകം വർഷമായി ഇങ്ങനെ കിടന്നു ക്ലേശിക്കുന്നു. ഇടയ്ക്കിടെ പ്രജ്ഞയില്ലാതെ പ്രലപിക്കുന്ന കൂട്ടത്തിൽ "എന്റെ ശൂരന്മാരായ കാൽസസൈന്യമേ, പിൻവലിക്കല്ലേ! ശകന്മാരുടെ യശസ്സും സ്വാതന്ത്ര്യവും നിങ്ങൾ കാത്തുരക്ഷിക്കണേ" എന്നല്ലാതെ മറെറാരു വാക്കും പറയാറില്ല.

ഒടുവിൽ ബ്രിട്ടീഷ്‌ഗവമ്മേണ്ടിനു ദയ തോന്നി. മഹാറാണിയുടെ അപ്പോഴത്തെ അവസ്ഥ അത്രയും ശോചിക്കത്തക്കതായിരുന്നു. ഈ അത്യാസന്നസ്ഥിതിയിൽ എന്തൊന്നാണു് ആശ്വാസത്തെ ഉണ്ടാക്കുന്നതു്? മഹത്തായ ശകവർഗ്ഗത്തെ ഭരിച്ചിരുന്ന ആ മഹാറാണിയുടെ അന്ത്യകാലത്തു് ആ ദേഹത്തെ സന്തോഷിപ്പിക്കുവാൻ യാതൊന്നും കഴിയില്ലെന്നോ? പുത്രന്റെ അരികെ കൊണ്ടുചെന്നാൽ വല്ല വ്യത്യാസവും വന്നേയ്ക്കുമെന്നു കരുതി മഹാറാണിയെ കല്ക്കത്തായിലേയ്ക്കു കൊണ്ടുചെന്നു.

ഒരുകാലത്തു മഹാറാണിയായിരുന്ന ആ മഹതി ഇപ്പോൾ അസംബന്ധപ്രലാപിനിയായ ഒരു സ്ത്രീമാത്രമായി ശേഷിച്ചു. ആ ദേഹത്തെ കപ്പൽ കയററി ശീമയിലേയ്ക്കയച്ചു. എന്നാൽ ആ കീർത്തിമതിയുടെ സകലാരിഷ്ടങ്ങൾക്കും കാലഗതിതന്നെ പരിഹാരം കണ്ടു. അവർ പോകുംവഴി കപ്പലിൽവെച്ചുതന്നെ വീരസ്വർഗ്ഗം പ്രാപിച്ചു. ശവം സമുദ്രത്തിൽ നിക്ഷേപിക്കുകയും ചെയ്തു.

(മംഗളോദയം)

5137

# സാഹിത്യസാഹ്യം

മലയാളഭാഷയ്ക്കു് ഐകരൂപ്യമില്ലെന്നു പറയുന്നതിന്നു് ഐകരൂപ്യത്തിന്നുള്ള കാരണങ്ങൾ തേടിപ്പിടിക്കുവാൻ ശ്രമിച്ചിട്ടില്ലെന്നേ അർത്ഥമുള്ളൂ. വ്യാകരണാദിഗ്രന്ഥങ്ങളെക്കൊണ്ടു നിജപ്പെടുത്തിയ ഭാഷാനിയമങ്ങളെ അനുസരിക്കുവാൻ വേണ്ട ഐകമത്യം ഭാഷാഭിമാനികൾക്കുണ്ടെങ്കിൽ ഭാഷയ്ക്കും ഐകരൂപ്യം അനായാസേന സിദ്ധിക്കുന്നതാണു്. തെക്കൻഭാഷ, വടക്കൻഭാഷ, നാട്ടുഭാഷ, നഗരഭാഷ ഇത്യാദി സ്ഥൂലവിഭാഗങ്ങളെ നിസ്സാരമാക്കി 'വായ്മൊഴി' 'വരമൊഴി' എന്നു സ്വാഭാവികമായി ഭാഷയ്ക്കുള്ള രണ്ടു പിരിവുകളെ പരിശോധിച്ചു നടപ്പിനും യുക്തിക്കും യോജിക്കുന്ന മട്ടിൽ വക തിരിച്ചു 'വരമൊഴി'നിയമങ്ങളെ വ്യവസ്ഥപ്പെടുത്തുകയാണു് സാഹിത്യശാസ്ത്രഗ്രന്ഥത്തിന്റെ പരമപ്രയോജനം.

അവ്യവസ്ഥിതങ്ങളായിക്കിടക്കുന്ന ഭാഷാനിയമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഉണ്ടാകാം. സാഹിത്യശാസ്ത്രകാരൻ പ്രത്യക്ഷനിയമങ്ങളെ വിട്ടുകളഞ്ഞാലും ഭാഷയുടെ ഉദ്ഗതിക്കു നീക്കുപോക്കൊന്നും വരുന്നതല്ല. ഭാഷാനിയമലംഘനത്തിന്നു രാജശിക്ഷയില്ലെങ്കിലും അ

പ്രകാരമുള്ള നിയമവിരോധംകൊണ്ടു സ്വാതന്ത്ര്യപരമായ ലാഭമൊന്നും ഉണ്ടാകാനില്ലാത്തതിനാൽ അറിഞ്ഞുകൊണ്ടാരും അതു ചെയ്യുന്നതല്ല. എന്നാൽ ഒളിഞ്ഞുകിടക്കുന്ന നിയമങ്ങളെ വെളിപ്പെടുത്തിക്കൊടുക്കാതിരുന്നാൽ അറിഞ്ഞുകൂടാതെ വരുന്ന തെറ്റുകൾനിമിത്തം ഭാഷയുടെ ശ്രേയസ്സിനു ഹാനി വന്നുകൂടുന്നു. ഇങ്ങനെയുള്ള ദോഷം മലയാളഭാഷയ്ക്കു വരാതെ സൂക്ഷിപ്പാനും വന്നുപോയിട്ടുള്ളതിനെ ചൂണ്ടിക്കാണിച്ചു നിവാരണം ചെയ്യുവാനുമായിട്ടാകുന്നു കേരളപാണിനീയാദിവ്യാകരണഗ്രന്ഥങ്ങളും ഭാഷാഭൂഷണാദിസാഹിത്യഗ്രന്ഥങ്ങളും പുറപ്പെട്ടിട്ടുള്ളതു്.

കേരളപാണിനീയം ശബ്ദനിയമങ്ങളെ വ്യവസ്ഥാപിച്ചു. പദ്യകൃതികളെ നിയമനംചെയ്തുകൊണ്ടു ഭാഷാഭൂഷണം പിന്തുടന്നു. ഗദ്യപദ്യോഭയമയമായ സാഹിതിയിൽ ഗദ്യപ്രബന്ധങ്ങളും ഗദ്യമിശ്രിതങ്ങളായ പദ്യകൃതികളും മാത്രമേ ഒരു നിബന്ധനയ്ക്കും കീഴടങ്ങാതെ കഴിച്ചിരുന്നുള്ളു. പ്രകൃതഗ്രന്ഥമായ 'സാഹിത്യസാഹ്യം' കൊണ്ടു ഗദ്യകൃതികൾക്കും ഗതിയുണ്ടായി. ഗദ്യപദ്യങ്ങളുടെ സ്വരൂപം അറിയുന്നതോടുകൂടി മിശ്രകൃതികളുടെ സ്വരൂപവും അറിയാറായി.

> "ശുദ്ധഭാവാസ്സദതേന
> യദനാദേയവത് ഭവേത്
> സാരസ്വതാമൃതം സൎവ്വേ
> കവയസ്തന്ന ജാനതേ."

അന്തർവ്വാഹിനിയായ സരസ്വതീനദിയുടെ ജലം ഹംസാദികൾക്കൊഴികെ മറ്റുള്ള ജലപക്ഷികൾക്ക് ആസ്വദിപ്പാൻ സാധിക്കാത്തതുപോലെ, നിഗൂഢമായിക്കിടക്കുന്ന സാഹിത്യസാരം വിദ്വാന്മാരിൽത്തന്നെ എല്ലാവരും അറിയുന്നില്ല. അതു വഴിപോലെ അറിഞ്ഞിട്ടുള്ളവർ തങ്ങളുടെ അറിവിനെ വെളിപ്പെടുത്തുകയാകുന്നു സാഹിതിക്കുള്ള വലിയൊരു സഹായം. മലയാളഭാഷയിൽ വിശേഷിച്ചും ഈ 'സാഹിത്യസാഹ്യം' അധികാരിഭേദം കൂടാതെ അത്യന്തം ഉപകരിക്കുന്നതുമാകുന്നു.

സംസ്കൃതത്തിൽ പദ്യകാവ്യം പ്രധാനവും ഗദ്യകാവ്യം അപ്രശസ്തവുമായതുകൊണ്ടു രസാത്മകത്വമെന്ന കാവ്യസാമാന്യലക്ഷണം ഗദ്യപദ്യങ്ങളിൽ ഒരുപോലെ വ്യാപിക്കുന്നുണ്ടെന്നുവരികിലും മലയാളഗദ്യങ്ങളെ സംസ്കൃതരീതിക്കനുസരിച്ചു വകതിരിക്കുന്നതു ദുസ്സാധവും അനാവശ്യവുമാകുന്നു. ചരിത്രം, ആഖ്യായിക, വാങ്മുഖം, ശാസ്ത്രം ഇത്യാദിവിഷയഭേദേന ദിനംപ്രതി വർദ്ധിച്ചുവരുന്ന മലയാളഗദ്യകൃതികൾക്ക് ആയുസ്സാറ സംസ്കൃതത്തിൽ എതിരു കാണ്മാൻ പ്രയാസമത്രേ. ഇംഗ്ലീഷിൽ ആ വക ഗദ്യഭേദങ്ങൾ സുലഭമാണ്. അങ്ങനെയിരിക്കെ പഴയതൊക്കെ പഥ്യമെന്നു ഭ്രമിച്ചു സംസ്കൃതരീതിയെ സംസ്കരിക്കയില്ലെന്നു മക്കടമുഷ്ടി പിടിച്ചിട്ടു് ഒരു പ്രയോജനവും കാണുന്നില്ല. പരിഷ്കൃതസമ്പ്രദായത്തിൽ മലയാളഗദ്യവിഭാഗം ആംഗ്ലേയരീതിയോടു് ഏറ്റവും യോജിച്ചാണിരിക്കുന്നതു്. അങ്ങനെ വിഭജിക്കു

ന്നതുകൊണ്ടു ഗദ്യപ്രബന്ധങ്ങളിൽ കാവ്യതാം നശിക്കയുമില്ല; നൂതനവിഭാജകധൎമ്മത്തിന്നു ബലം പോരാതാവുകയുമില്ല. നേരേ മറിച്ചു്, കേരളഭാഷയിൽ ആ വകതിരിവിന്നു തന്മയതാം കൂട്ടുകയും ചെയ്യും. 'ഭാഷാഭൂഷണ' ത്തിൽ സംസ്കൃതപക്ഷപാതിയായിരുന്ന ഗ്രന്ഥകാരൻതന്നെ സാഹിത്യസാഹ്യത്തിൽ ആംഗലഭാഷാപക്ഷം പിടിച്ചു പുറപ്പെട്ടുകാണുമ്പോൾ ആ മഹാനു മലയാളഭാഷയിൽമാത്രമേ പക്ഷപാതമുള്ളൂ എന്നു തെളിയുന്നുണ്ടു്.

സാഹിത്യത്തിൻെറ പുറമെയുള്ള വേഷം പ്രമാണിച്ചു ഗദ്യം, പദ്യം, മിശ്രം എന്നു മൂന്നായിട്ടും ഉദ്ദേശ്യത്തിൻെറ സ്വഭാവമനുസരിച്ചു് ഉപദേശം, വിനോദം എന്നു രണ്ടായിട്ടും രൂപം പ്രമാണിച്ചു് ആഖ്യാനം, വർണ്ണനം, വിവരണം, ഉപപാദനം എന്നു നാലായിട്ടും വിഭജിച്ചു സാഹിതിയുടെ സ്വരൂപം ആദിയിൽ കാണിച്ചുതരുന്നു. പിന്നീടു് അതു പ്രവഹിക്കുന്ന നിഗൂഢമാൎഗ്ഗങ്ങളിൽ ലളിതപദവിന്യാസത്തോടുകൂടി സഞ്ചരിച്ചു് അതിൻെറ കൈവഴികൾ ഗ്രന്ഥകാരൻ പ്രത്യക്ഷപ്പെടുത്തി അവയുടെ വളവുകളും പിരിവുകളും സരസങ്ങളായ ഉദാഹരണങ്ങളെക്കൊണ്ടു വെളിവാക്കിത്തരുന്നു. വിവരണം എന്ന ഭാഗത്തിൽ വിശേഷിച്ചു മനസ്സുവെയ്ക്കേണ്ടതായ സംഗതികളെ ആസൂത്രണം, വിഷയവിശകലനം ഇത്യാദി സംജ്ഞകൾ കൊടുത്തു് അവയുടെ സമ്പ്രദായങ്ങളെ ഉപപാദിച്ചിരിക്കുന്നതും സ്വമതസ്ഥാപനത്തോടുകൂടി ചെയ്യുന്ന വിമൎശത്തെ ഉപപാദത്തിൽ

ചേത്തു് അതിൻെറ ശാഖകളായ ഖണ്ഡനമണ്ഡനങ്ങളെ രചിക്കുന്നതിൽ സൂക്ഷിക്കേണ്ടുന്ന സ്വപ്രത്യയസ്ഥൈര്യാദികളെ ഉപദേശരൂപേണ കാണിച്ചിരിക്കുന്നതും വിദ്യാത്ഥികൾക്കെന്നല്ല മലയാളഭാഷയുടെ താത്കാലികസ്ഥിതിക്കു പണ്ഡിതന്മാൎക്കുകൂടി അത്യാവശ്യമാകുന്നു. പൂൎവ്വഭാഗത്തിൽ ആഖ്യാനാദി ചതുരംഗങ്ങളുടെ സ്വരൂപനിർണ്ണയം പൂൎത്തിയാക്കിക്കൊണ്ടു കൃതിപ്രണയനം എന്ന ഉത്തരഭാഗത്തിലേയ്ക്കു വായനക്കാരെ അനായാസേന പ്രവേശിപ്പിക്കുന്നു.

കൃതികൾ ഉണ്ടാക്കുവാൻ വേണ്ട ഉപകരണങ്ങൾ ശേഖരിച്ചുതരുന്ന ഘട്ടത്തേക്കാൾ ഉപകരണങ്ങൾ കൂട്ടിയിണക്കി ഏതു മാതിരിയിലാണു് കൃതികൾ ഉണ്ടാക്കേണ്ടതെന്നു കാണിക്കുന്ന ഘട്ടമാകുന്നു സാഹിത്യശാസ്ത്രത്തിൽ കൂടുതൽ പ്രധാനമായി നില്ക്കുന്നതു്. സംഗീതരസികന്മാരും സംഗീതശാസ്ത്രജ്ഞന്മാരും പാട്ടിനു വാസനയുള്ളവരോ പാടുവാൻ ശീലമുള്ളവരോ ആയിരിക്കേണമെന്നു നിയമമില്ലെങ്കിലും വാസനയും ശാസ്ത്രജ്ഞാനവും കൂടാതെ 'ഭാഗവതർ'ശബ്ദംകൊണ്ടുമാത്രം ഒരുവൻ ഗായകശ്രേഷ്ഠനാകുന്നതല്ല; അതുപോലെതന്നെ, 'ശാസ്ത്രി'കളൊക്കെ ശാസ്ത്രജ്ഞന്മാരാകുന്നതുമല്ല; സാഹിത്യശാസ്ത്രവൈദഗ്ദ്ധ്യമില്ലാതെ ഗദ്യകാരനെന്ന പേരിന്നു് അൎഹത സിദ്ധിക്കുന്നതുമല്ല.

ഉത്തമഗദ്യനിൎമ്മാണത്തിനുള്ള മാൎഗ്ഗങ്ങളെയാണു് ഈ ഉത്തരഭാഗംകൊണ്ടു കാണിച്ചിട്ടുള്ളതു്. പൂൎവ്വഭാഗത്തിൽ ഗദ്യസാഹിത്യത്തിൻെറ രൂപംകൊത്തുക കഴി

ഞ്ഞിട്ടുണ്ടെങ്കിലും ഉത്തരഭാഗത്തിലെ മിനുക്കുപണി കഴിഞ്ഞു നിറം കാച്ചിയതിനുശേഷമേ അതു് ഉപയോഗയോഗ്യമായിത്തീരുന്നുള്ളു. ഗദ്യനിർമ്മാണത്തിനു വേണ്ട കരുക്കളും കൃതിപ്രണയനത്തിനു വേണ്ട ഉപദേശങ്ങളും കിട്ടുക കഴിഞ്ഞാൽ, വാസനയും തഴക്കവുമുണ്ടെങ്കിൽ, ഉത്തമഗദ്യകാരൻെറ സ്ഥാനം സുലഭമായിത്തീരുന്നതാണു്. ഒററയൊററയായി അനേകം അംഗങ്ങൾ ചേൎന്നു തറവാടുകളും തറവാടുകളുടെ യോഗത്തിൽനിന്നു സമുദായവും സമുദായങ്ങൾ ഏകോപിച്ചു രാജ്യങ്ങളും രാജ്യങ്ങളുടെ സമ്മേളനത്തിൽനിന്നു സാമ്രാജ്യവും ഉണ്ടാകുന്നു. അതുപ്രകാരം വാക്കുകൾ ചേൎന്നു വാചകങ്ങളും വാചകങ്ങൾ ചേൎന്നു ഖണ്ഡികകളും ഖണ്ഡികകൾ സമ്പുടിച്ചു് അധ്യായങ്ങളും അധ്യായങ്ങൾ യോജിച്ചു ഗ്രന്ഥവും ഉത്ഭവിക്കുന്നു. കുടുംബഭരണത്തിനു പ്രാപ്തിയില്ലാത്തവർ സാമ്രാജ്യഭരണത്തിനു് അത്രയുംകൂടി ശക്തന്മാരാകുന്നില്ല. ഗൃഹച്ഛിദ്രം കൂടാതെ കഴിക്കുന്നതിന്നു കുടുംബത്തിലുള്ള അംഗങ്ങളുടെ പ്രകൃതിഭേദങ്ങളും ഗുണദോഷങ്ങളും ആവശ്യങ്ങളും അറിഞ്ഞിരിക്കേണ്ടതുപോലെ സാഹിത്യസാമ്രാജ്യഭരണത്തിനും അതിലുള്ള അംഗോപാംഗങ്ങളെക്കുറിച്ചു പലതും അറിഞ്ഞിരിക്കേണ്ടതുണ്ടു്. കുടുംബഭരണത്തിനും സാമ്രാജ്യഭരണത്തിനും തമ്മിൽ തോതിലല്ലാതെ തരത്തിൽ വ്യത്യാസമൊന്നും ഇല്ല. വാക്യനിർമ്മാണത്തിനും ഗ്രന്ഥനിർമ്മാണത്തിനും തമ്മിലുള്ള വ്യത്യാസം അപ്രകാരംതന്നെയാകുന്നു. സാമ്രാജ്യഭരണകൎത്താക്കന്മാർ നീതിന്യായങ്ങളെ ശരിപ്പെടുത്തുന്നതിൽ

സമുദായങ്ങൾക്കും രാജ്യങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നതുപോലെ, സാഹിത്യനിയമനിർമ്മാതാവു വാക്യാദികളിലാണു് അധികം ശ്രദ്ധവെയ്ക്കുന്നതു്. വാക്യാംഗങ്ങളായ ശബ്ദങ്ങളെ വൈയാകരണന്മാർക്കു വിട്ടുകൊടുക്കുന്നു. എന്നാൽ വാക്യാംഗങ്ങളെ വ്യാകരണകർത്താക്കന്മാർക്കു തീരെ വിട്ടുകൊടുക്കുന്നതുകൊണ്ടു ചിലപ്പോൾ ഭാഷയുടെ ഗതിക്കു തടസ്ഥം വന്നേയ്ക്കാവുന്നതിനാൽ സാഹിത്യകാരൻ വ്യാകരണത്തിൽപ്പെടാത്തതും അഥവാ വ്യാകരണവിലക്ഷണങ്ങളുമായ ചില പദപ്രയോഗനിയമങ്ങളെ ചുരുക്കത്തിൽ വ്യവസ്ഥാപിച്ചതിന്നുശേഷം കൃതിവിഭാഗത്തിൽ മധ്യസ്ഥാനം വഹിക്കുന്ന 'പ്രസംഗ'ത്തെ അടിസ്ഥാനമാക്കി വാക്യാദികളുടെ നിയമനിർമ്മാണത്തിൽ ചുഴിഞ്ഞു പ്രവേശിക്കുന്നു.

മലയാളഭാഷയിൽ പദപ്രയോഗനിയമം ഇതുവരെ വ്യവസ്ഥാപിക്കപ്പെട്ടിട്ടില്ലാത്തതിനാൽ സർവ്വസമ്മതമായ ഒരു സമ്പ്രദായം കല്പിക്കുന്നതു ദുസ്സാധമാകുന്നു. എന്നാൽ ഈ ഗ്രന്ഥത്തിൽ അടിതൊട്ടു മുടിയോളം ഒരിടത്തെങ്കിലും ഗ്രന്ഥകാരൻ ഭാഷാപക്ഷപാതിയാണെന്നല്ലാതെ ദേശപക്ഷപാതിയാണെന്നു കാണുന്നതല്ല. 'പ്രചാരലുപ്തം', 'ഗ്രാമ്യശൈലി', 'ദേശ്യം' മുതലായ പ്രയോഗവൈകല്യങ്ങൾ കാലക്രമംകൊണ്ടല്ലാതെ ഭാഷയെ വിട്ടുപിരിയുമെന്നു വിശ്വസിച്ചുകൂടാ. നൂതനശബ്ദസൃഷ്ടി വേണ്ടിവരുന്ന ദിക്കുകളിൽ 'പ്രചാരലുപ്ത'ങ്ങളിൽ ചിലതു സ്വീകരിക്കുന്നതു് ഉചിതമായിരിക്കും. സാമാന്യപദങ്ങൾ ഇല്ലാതെവരുന്ന സ്ഥലങ്ങളിൽ ദേശ്യങ്ങ

ളിൽ നല്ലതു നോക്കി തീരഞ്ഞെടുക്കേണ്ടിയും വന്നേയ്ക്കാം. പഴഞ്ചൊല്ലുകൾ ശൈലികളാകുന്നതുപോലെ ചില അലങ്കാരങ്ങളും ന്യായങ്ങളും ശൈലികളായിത്തീരുന്നുണ്ടു്. അവ സ്വീകാരയോഗ്യങ്ങളെന്നും വന്നേയ്ക്കാം. ഇതുസംബന്ധമായി വരുന്ന അഭിപ്രായഭേദങ്ങൾ ശാസ്ത്രഗ്രന്ഥങ്ങളുടെ സഹായംകൊണ്ടു ചുരുങ്ങുന്നതല്ലാതെ കാലംകൊണ്ടുകൂടി ഏതു ഭാഷയിലും തീരെ നശിക്കുന്നതല്ല.

ശബ്ദശുദ്ധി, വാക്യശുദ്ധി, സന്ദർഭശുദ്ധി എന്നിങ്ങനെ മൂന്നു ശുദ്ധികളെക്കൊണ്ടാകുന്നു ഗദ്യകൃതികൾ പ്രകാശിക്കുന്നതെന്നു കാണിച്ചിട്ടു ഗ്രന്ഥകാരൻ ഗദ്യരീതികളുടെ ഭേദങ്ങളെ ഉപപാദിച്ചു് ഉദാഹരണങ്ങളെക്കൊണ്ടു് അവയെ വിശദീകരിക്കുന്നു. രീതികൾക്കുള്ള വൈപരീത്യമാകുന്നു ഗദ്യകൃതികളുടെ ആസ്വാദനഭേദത്തിന്നുള്ള ബീജം. ഭാഷയുടെ ഐകരൂപ്യവും ഗദ്യരീതിയുടെ വൈപരീത്യവും വിരുദ്ധങ്ങളാണെന്നു് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ ആയതു ഭ്രമാത്മകമാകുന്നു. ശാസ്ത്രസിദ്ധാന്തങ്ങളെ അനുസരിച്ചു ഗദ്യകൃതികളെ രചിക്കുന്നതായാൽ രീതിഭേദം ഭാഷയ്ക്കു പോഷകമായിട്ടേ തീരൂ. ഭാഷയുടെ ഐകരൂപ്യം ശാസ്ത്രസിദ്ധാന്തങ്ങളുടെ അനുസരണത്തിൽനിന്നാണു് ഉണ്ടാകുന്നതു്. ഗദ്യരീതികളുടെ വൈപരീത്യം ഭംഗ്യന്തരേണ വാക്യങ്ങളെ ചേർത്തു കോർക്കുന്നതിലാണു് പ്രതിഷ്ഠിതമായിരിക്കുന്നതു്. ഇതു രണ്ടും തമ്മിൽ ഇണങ്ങുന്നതല്ലാതെ ഒരിക്കലും പിണങ്ങുന്നതല്ല.

അത്ഥത്തിന്നു് ഏററക്കുറവുകൂടാതെ പരിശുദ്ധപദ ങ്ങാം തിരഞ്ഞെടുത്തു വാക്യങ്ങളിൽ ക്രമപ്പെടുത്തി ഖ ണ്ഡികകളായി വേർതിരിച്ചു് ആശയങ്ങളെ വിശദമാ ക്കുകയും ആകെക്കൂടി ഔചിത്യം വരുത്തുകയുമാകുന്നു ഗ ദ്യകാരൻെറ ചുമതല. ഈ കൃത്യം നിവ്വഹിക്കുന്നതിൽ ക്ലേശിച്ചിട്ടുള്ളവക്കു് ഒരു സ്വഗ്ഗദ്വാരമാകുന്നു ഈ 'സാ ഹിത്യസാഹ്യ'മെന്ന വിശിഷ്ടഗ്രന്ഥം. അനാഥനില യിൽ കിടക്കുന്ന കേരളഭാഷാഭൂമിയിൽ കടന്നു കൊള്ള യിട്ടു നാനാവിധം ചെയ്യുന്ന ചില ലുബ്ധന്മാക്കു സാഹി ത്യസാമ്രാജ്യം കണ്ടെഴുതി കരം കെട്ടിയതിൽ സങ്കടമു ണ്ടായേക്കാം. എന്നാൽ ഭാഷാസാമ്രാജ്യത്തിൽ ഏകച്ഛ ത്രാധിപതിയായി വാഴുന്ന രാജരാജനവർകളുടെ ശാസ നയിൽ വളംചേത്തു വിളവിറക്കി കളപറിക്കേണ്ടുന്ന മാഗ്ഗങ്ങളെ നിയമിച്ചിട്ടുള്ളതല്ലാതെ ജന്മമാറിപ്പതിച്ചി ട്ടില്ലെന്നു ഭാഷാഭിമാനികാം ഓക്കേണ്ടതാണു്.

പ്രൗഢമായ ഈ ഗ്രന്ഥത്തിന്നു യോജിക്കുന്ന ഒരവ താരിക എഴുതുവാൻ ത്രാണിയുള്ളവനാണെന്ന അഭിമാ നം എനിക്കശേഷമില്ല. ഭാഷായോഷയുടെ ഈ ഭാഗ്യോ ദയത്തിൽ യഥാശക്തി പങ്കുകൊള്ളുന്നതിലുള്ള ചാരി താത്ഥ്യം വിട്ടുകളവാൻ മനസ്സുവരാത്തതിനാലും മിത്രവാ ക്യത്തെ അനാദരിപ്പാൻ ധൈര്യമില്ലാത്തതിനാലും ഇ പ്രകാരം ഒന്നു കെട്ടിച്ചമച്ചുവെന്നേ ഉള്ളൂ. അവതാരിക യുടെ പ്രയോജനം ഗ്രന്ഥത്തിൻെറ സ്വരൂപം വർണ്ണി ച്ചു വായനക്കാക്കു് ഉത്കണ്ഠയെ ജനിപ്പിക്കുകയാണെ ങ്കിൽ അതിന്നു പകരം ഞാൻ ഇവിടെ ചെയ്തിട്ടുള്ളതു

സാഹിത്യസാഹ്യം വായിച്ചപ്പോഴുണ്ടായ സന്തോഷാതിരേകത്തിന്റെ ഫലമായ വാക്കിന്റെ ക്ഷാമത്തെ വെളിപ്പെടുത്തുകമാത്രമാണ്. ഇപ്രകാരം ഒരു സന്തോഷത്തിനുള്ള കാരണം എന്താണെന്നറിവാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അതുതന്നെയാണ് ഈ അവതാരികയുടെ പരമോദ്ദേശ്യം.

(അവതാരിക—1086 കർക്കടകം)

# എൻെറ പ്രാതഃസ്നാനം

എല്ലാവക്കുമുണ്ടു് ഒരോരോകാലത്തു് ഒരോരോ മോഹങ്ങരം; എനിക്കുമാത്രം ഒരു വിശേഷമുണ്ടായിട്ടൊന്നുമല്ല. മോഹത്തിനു് അവസാനവുമില്ല. ഒന്നു നശിച്ചാൽ മറെറാന്നു വന്നുകൂടിക്കൊള്ളും. നശിക്കുക എന്നു പറയാമോ, പറഞ്ഞാൽ മതിയോ എന്നു സംശയമാണു്. ഒന്നു നശിച്ചാൽ അതുതന്നെ പിന്നെ മുളച്ചുകണ്ടിട്ടില്ല. മോഹം മൂത്തു പൊട്ടച്ചുപോയാലും ആശ ചീഞ്ഞതഴിഞ്ഞാലും വിത്തും വളവും വിലകൊടുത്തു വാങ്ങേണ്ടതില്ല. ആശയിൽ കിടന്നുതന്നെ മോഹം പൊട്ടിത്തഴച്ചുകൊള്ളും. കിട്ടിയതിലല്ലല്ലോ, കിട്ടാത്തതിലല്ലേ കാമത്തിൻെറ കിടപ്പു്. അപ്പോരം ആഗ്രഹം വേരററു പോകുന്നതുവരെ ആശയുടെ ഉള്ളിൽ മോഹവും കേടുവരാതെ കിടന്നു കാലംവരുമ്പോരം പൊടിച്ചുകൊള്ളും.

ഇക്കൂട്ടത്തിൽ ഒരുകാലത്തു് എനിക്കും തോന്നിയ മോഹമാണു് യോഗഭ്രാന്തു്. എന്നാൽ നിങ്ങരം ഒന്നു തെററിദ്ധരിക്കരുതു്: അന്യരെ വേണ്ടിയല്ലാതെ എനിക്കുവേണ്ടി ഒന്നും ഞാൻ മോഹിച്ചതായി ഓക്കുന്നില്ല.

അണിമാദി* അഷ്ടൈശ്വര്യസിദ്ധി വന്നാൽ പരമാണുവിൻെറ പരിമാണമറിയാം; അതു രസവാദികൾക്കു രസമാകും; മഹിമാവിൻെറ മഹത്വമറിഞ്ഞാൽ മഹാന്മാരുടെ വലുപ്പമളക്കാം; ലഘിമാവെന്തെന്നു മനസ്സിലായാൽ ഗുരുത്വം കാണാം. ഈശിത്വം ലഭിച്ചാൽ സ്വരാജ്യം കിട്ടും; വശിത്വംകൊണ്ടു വഷളന്മാരെ വശപ്പെടുത്താം; പ്രാപ്തി വന്നാൽ എന്തിനും പ്രാപ്തനാവും; പ്രാകാശ്യം ലഭിച്ചാൽ ഇരുട്ടത്തു തപ്പിത്തടയാതെ വഴി തെളിഞ്ഞു കാണാം. ഇങ്ങനെയേതാണ്ടൊക്കെ ആയിരുന്നു വിചാരം.

കണ്ടും കേട്ടും അഷ്ടാംഗയോഗത്തിൻെറ വട്ടങ്ങൾ ചിലതൊക്കെ ഞാനും ധരിച്ചിട്ടുണ്ടായിരുന്നു. എട്ടിൽ ആദ്യമായി എട്ടിൽ ഗണിച്ചിരിക്കുന്നതു് യമമാണത്രേ. 'രാഗാദിരോഗാൻ' എന്നു വാഹടാചാര്യർ തൻെറ വൈദ്യഗ്രന്ഥത്തിൽ മനോരോഗത്തിനാണു് പ്രാധാന്യം കൊടുത്തിരിക്കുന്നതു്. ‡ അതു കർമ്മജ്ഞാനേന്ദ്രിയങ്ങളിലൂടെ ശരീരം മുഴുവൻ വ്യാപിച്ചുകിടക്കുന്നു. 'ഔത്സുക്യമോഹാരതി'കളെ ഉണ്ടാക്കുന്ന ഈ മഹാവ്യാധിയുടെ

---

* അണിമാ മഹിമാ ചൈവ
ലഘിമാ ഗരിമാ തഥാ
ഈശിത്വഞ്ച വശിത്വഞ്ച
പ്രാപ്തിഃ പ്രാകാശ്യമേവ ച.

‡ രാഗാദിരോഗാൻ സതതാനുഷക്താ-
നശേഷകായപ്രസൃതാനശേഷാൻ
ഔത്സുക്യമോഹാരതിദാൻ ജഘാന
യോ*f*പൂർവ്വവൈദ്യായ നമോസ്തു തസ്മൈ.

ചികിത്സകൻ 'അപൂൎവ്വവൈദ്യ'നാണെന്നും പറഞ്ഞിരിക്കുന്നു.

അങ്ങനെയാണു് ഞാൻ ഈശ്വരനെ സേവിക്കുവാൻ തുടങ്ങിയതു്. അപൂൎവ്വവൈദ്യനെക്കണ്ടു രോഗകാൎയ്യം സംസാരിക്കുവാൻ പകൽസമയത്തു പണിപ്പെട്ടു നോക്കി, പററിയില്ല. ഇന്ദ്രിയവ്യാപാരങ്ങൾക്കിടയിൽ വൈദ്യനെക്കാണുവാൻ അവസരം കിട്ടിയില്ല. ഇന്ദ്രിയങ്ങളെക്കൊണ്ടു വ്യാപാരംചെയ്താൽമാത്രമേ ഇന്ദ്രിയങ്ങളുടെ വ്യാപാരം നടക്കു എന്നു വാണിഭങ്ങളുടെ ഭംഗി കണ്ടു ഭ്രമിക്കുന്ന സമയത്തു് അറിഞ്ഞില്ല. കണ്ണുകടി വാസ്തവത്തിൽ കണ്ണിൻെറയല്ലാ മനസ്സിൻെറ കടിയാണു്; മനസ്സുകൂടെപ്പോയില്ലെങ്കിൽ മിഴി നടക്കില്ല, ചെവി കേൾക്കില്ല എന്നൊക്കെ രൂപമുണ്ടു്. അനുഭവിച്ചിട്ടുമുണ്ടു്. 'ഇന്ദ്രിയാണീന്ദ്രിയാൎത്ഥേഷു വൎത്തന്തേ' എന്നു പഠിച്ചുവെച്ചിട്ടുമുണ്ടു്. പക്ഷേ വേണ്ടതു വേണ്ടസമയത്തു വേണ്ടപോലെ തോന്നേണ്ടേ, അതിനുള്ള കരുത്തമുണ്ടായില്ല, എന്തുചെയ്യാം! ആൾത്തിരക്കും അലട്ടും മിരട്ടും ഒച്ചപ്പാടും കഷ്ടപ്പാടുമില്ലാത്ത സമയം നോക്കിയാൽ സരസ്വതിയുടെ യാമം കൊള്ളാമെന്നു തോന്നി. ശരി, 'വൈദ്യസന്ദൎശന'ത്തിനു് അതുതന്നെ നല്ലനേരം, തീൎച്ച. അവിദ്യയിൽ ഉറങ്ങിക്കിടക്കുന്നവനെ വിദ്യകൊണ്ടല്ലാതെ എങ്ങനെ ഉണൎത്തുവാൻ സാധിക്കും? അതുകൊണ്ടു സംശയമില്ല, വിദ്യയുടെ യാമംതന്നെയാണു് സുമുഹൂൎത്തസമയം.

ഇങ്ങനെയാണു് എൻെറ പ്രാതഃസ്നാനത്തിൻെറ പുറപ്പാടു്. നേരത്തെ കിടന്നാലേ നേരത്തെ എഴുനേല്ക്കുവാൻ

സാധിക്കു! 'അത്താഴമുണ്ടു പകലേ' എന്നു പറഞ്ഞ കൂട്ടത്തിൽ കാലേക്കൂട്ടിത്തന്നെ അത്താഴത്തിന്നിരുന്നു. ഭക്ഷണത്തിൻെറ വിഭവങ്ങൾ വിശേഷമായിട്ടുണ്ടായിരുന്നു. 'നാത്യശ്നതസ്തു യോഗോസ്തി' എന്ന പ്രമാണം തത്കാലം ഓൎമ്മ വന്നില്ല. അതിഭക്ഷണം അറിയാതെ പററിപ്പോയി. ഊണുകഴിഞ്ഞയുടനെ ചെന്നു കിടന്നു. കൊതുതരം നോക്കിയിരിക്കുന്നുണ്ടായിരുന്നു. ചെവിയുടെ അടുക്കൽ വന്നു് ഉറക്കമായോ എന്നു മൂളിചോദ്യം തുടങ്ങി. വന്നിരുന്നിട്ടു വേണം ചതയ്ക്കാനെന്നു കരുതി ഞാനും അനങ്ങാതെ കിടന്നു. അപ്പോൾ ശ്വാസം അടഞ്ഞതുകൂടി അറിഞ്ഞില്ല. ആ കള്ളൻ പെരുവിരലിൻെറ അററത്തു ചെന്നിരുന്നു സിരാവേധം തുടങ്ങിയപ്പോൾ കാൽ പെട്ടന്നു വലിക്കേണ്ടിവന്നു. കൊതു പറന്നു, ഉറക്കം പറപറന്നു. ദീനം വന്നുതുടങ്ങിയപ്പോൾ മയക്കവും കൂടെ വന്നുചേൎന്നു. ദുഃസ്വപ്നം കണ്ടു് ഉണൎന്നിരിക്കുമ്പോഴത്തെക്കാൾ വലുതായൊരു മായാപ്രപഞ്ചം ഞാൻ അനുഭവിച്ചു. 'കുസുമേ കുസുമോത്പത്തിഃ ശ്രൂയതേ ന ച ദൃശ്യതേ' എന്നൊരു ചൊല്ലുണ്ടു്. എന്നാൽ ജാഗ്രത്തു്, ജാഗ്രത്സ്വപ്നം, സ്വപ്നം, സ്വപ്നത്തിൽസ്വപ്നം—ഇങ്ങനെ നാലു ജന്മം നാം ഒരു ജന്മത്തിൽ നടന്നു കാണുന്നുണ്ടു്.

മതിമറന്നുള്ള ഉറക്കമുണ്ടായോ എന്നറിഞ്ഞുകൂടാ. പേടിസ്വപ്നം കണ്ടു വിയൎത്തൊലിച്ചുവിറച്ചുകൊണ്ടാണു് ഉണൎന്നതു്. 'അതിസ്വപ്നശീലം'കൊണ്ടു് അന്നത്തെ 'യോഗാഭ്യാസ'ത്തിനു ഹാനി വരുവാൻ കാരണമൊന്നു

മുണ്ടായിട്ടില്ല, അതു തീച്ച്തന്നെ. ഞാൻ എഴുന്നേററപ്പോഠം വാണീദേവി വന്നുകഴിഞ്ഞിരിക്കണം. ഉത്തരായണപ്പക്ഷി 'കിഴക്കേവാ' എന്നു സൂര്യഭഗവാനോട്ട പ്രാത്ഥിച്ചുതുടങ്ങിയിരിക്കുന്നു. പരിഭ്രമിച്ചു റാന്തൽ കൊളുത്തുവാൻ ഇരുട്ടത്തു തീപ്പെട്ടി അന്വേഷിച്ചപ്പോഠം അടക്കിവെച്ചിരുന്ന ചില സാമാനങ്ങളൊക്കെ തട്ടിമറിഞ്ഞു ശബ്ദം പുറപ്പെട്ടു. സുഷുപ്തിസുഖം അനുഭവിച്ചുകിടന്നവർ ഞെട്ടിയുണന്നു പ്രാകുവാൻ തുടങ്ങി. എന്തിനു പറയുന്നു, ഒരുവിധം വിളക്കുകൊളുത്തി പുറപ്പെട്ടു. 'യത്തദഗ്രേ വിഷമിവ പരിണാമേഽമൃതോപമം' എന്ന പ്രമാണം ഓമ്മയിൽ വന്നു. സത്കമ്മങ്ങഠക്കു ക്ലേശം മുമ്പും സുഖം പിമ്പുമാണല്ലോ എന്ന സമാധാനത്തോടുകൂടി പോകുമ്പോഴാണു് മൂക്കു മുഖത്തുകൊണ്ടെന്നസ്സൃഷ്ടിച്ചതിന്റെ സൗകര്യക്കേടനുഭവിച്ചതു്. വഴിക്കു വിലങ്ങുവീശിയിരുന്ന 'മാറാല'യിൽ മൂക്കു ചെന്നു മുട്ടിക്കയറി. തുമ്മലിളകി. കൈയുലഞ്ഞു. വിളക്കു കെട്ടു. ഇരുട്ടത്തു കാൽ കല്ലുതട്ടി മുട്ടിപ്പൊട്ടി. അതൊന്നും ഞാൻ കൂട്ടാക്കിയില്ല. 'പരിണാമേഽമൃതോപമം'. കടവിലെത്തി. കല്പടവിന്മേലൊരു വീഴ്ച. അതും വകവെച്ചില്ല. 'പരിണാമേഽമൃതോപമം'. പക്ഷേ ഈ വിഘ്നകോലാഹലത്തിൽ മനശ്ശുദ്ധിക്കു ദേഹശുദ്ധി വേണ്ടതാണെന്നും 'തുര' കൊള്ളില്ലെന്നും അത്ര ഓത്തില്ല.

പരിഭ്രമിച്ചു കുളികഴിച്ചു തേവാരത്തിനിരുന്നു. കണ്ണടച്ചാൽ മനസ്സിരിക്കുമോ? കണ്ഠത്തിൽ കെട്ടിയ കഫം പ്രാണായാമത്തെ വ്യായാമമാക്കിത്തീത്തു. മനസ്സ

മണ്ടിത്തുടങ്ങി. സങ്കല്പവികല്പങ്ങളെക്കൊണ്ടു വേണ്ടാത്തതൊക്കെ കെട്ടിച്ചമച്ച് ഉണന്നിരിക്കെ സ്വപ്നംകണ്ടു കാടുകയറി. രാഗദ്വേഷാദികളുടെ വലയിൽ ഞാനും കുടുങ്ങി. യമമെവിടെ, ശമമെവിടെ, പിന്നെയല്ലേ അഷ്ടാംഗയോഗം! സമാധി ആധിയിൽ കലാശിച്ചു. ആധി വ്യാധിയായി.

അപ്പൂപ്പ്വൈദ്യൻ വിളിക്കാതെതന്നെ വന്നു. ആപത്തായിരിക്കും അദ്ദേഹത്തിൻെറ പീസ്സ്. 'തത് കരുഷ്യ മദപ്പ്ണം'. തത്കാലം അദ്ദേഹത്തിനോടുകൂടി ആലോചിച്ചു പൂപ്പ്വൈദ്യന്മാർ ചികിത്സ നടത്തട്ടെ. പ്രാതഃസ്നാനത്തിൻെറ കാര്യം കളിക്കാറാവുമ്പോറാം ആലോചിക്കാം.

(പ്രബുദ്ധഭാരതം)

# സാമൂതിരിപ്പാടും
# പതിനെട്ടരക്കവികളും

വണ്ടിക്കു പൂട്ടിയ കുതിരകൾ ഓടുന്നതും ചാടുന്നതും നടക്കുന്നതും നില്ക്കുന്നതും കടിഞ്ഞാൺ പിടിക്കുന്ന സൂതന്റെ സാമൎത്ഥ്യം അനുസരിച്ചല്ലേ? അതുപോലെ ഒരു രാജ്യത്തുള്ള പ്രജകളുടെ പ്രവൃത്തികൾ ആ രാജ്യത്തെ ഭരിക്കുന്ന രാജ്യതന്ത്രനിപുണന്മാരായ രാജപ്രതിനിധികളുടെയോ രാജാവിന്റെയോ നീതിസാമൎത്ഥ്യവും ബുദ്ധിശക്തിയും അനുസരിച്ചാണിരിക്കുന്നതു്. എന്നാൽ ഏതു കാലത്തും ഏതു രാജ്യത്തും രാജാക്കന്മാൎക്കു രാജ്യഭരണവിഷയമായിട്ടുണ്ടാകുന്ന സകല ക്ലേശങ്ങളെയും ജയിക്കേണ്ടതിന്നു് ഉപയോഗിക്കുന്ന പലമാതിരി കൗശലങ്ങളിലുംവെച്ചു് ഒന്നാമതായും ഉത്തമമായുമുള്ള കൗശലം ആ രാജ്യത്തെ പ്രജകൾക്കു വിദ്യാഭ്യാസം ഉണ്ടാക്കുന്നതാണെന്നു പറഞ്ഞാൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ ഉത്തമമാൎഗ്ഗം അറിഞ്ഞു പ്രവൎത്തിച്ചിട്ടുള്ള രാജാക്കന്മാർ ഏതു രാജ്യത്തെങ്കിലും ഏതു കാലത്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അവരുടെയും അവരുടെ പ്രജകളു

ടെയും പേരുമാത്രമാണു് ലോകത്തിൽ അനശ്വരമായി നിലനിന്നുപോരുന്നതു്, സംശയമില്ല. പക്ഷേ വിദ്യാഭ്യാസസമ്പ്രദായം കാലദേശാദിഭേദത്തെ അനുസരിച്ചു മാറിമാറി വന്നേയ്ക്കാമെന്നല്ലാതെ വിദ്യയുടെ പരമപ്രയോജനമായ അറിവിനെയും ജനങ്ങളുടെ യോഗക്ഷേമാഭിവൃദ്ധിയെയും സംബന്ധിച്ചേടത്തോളം ഒരു കാലത്തും ഒരു ദേശത്തും പറയത്തക്ക ഭേദഗതിയൊന്നുമുണ്ടാവാൻ സംഗതിയില്ല.

പണ്ടു കേരളചക്രവർത്തികളായിരുന്ന പെരുമാക്കന്മാരുടെ വാഴ്ചയ്ക്കുശേഷം ഒരു സഹസ്രാബ്ദത്തിലധികം കാലം സ്വാതന്ത്ര്യത്തോടുകൂടി മധ്യകേരളം ഭരിച്ചിരുന്ന കോഴിക്കോട്ടുരാജാക്കന്മാരുടെ രാജ്യഭരണത്തിന്റെ അഭ്യുദയം മൂർദ്ധ്രിച്ചിരുന്നതു കൊല്ലവർഷം നാനൂറിനും എണ്ണൂറിനും മധ്യത്തിലായിരുന്നു എന്നൂഹിപ്പാൻ പല ലക്ഷ്യങ്ങളുമുണ്ടു്.

അക്കാലങ്ങളിലുള്ള സാമൂതിരിപ്പാടന്മാരിൽ ശസ്ത്രംകൊണ്ടും ശാസ്ത്രംകൊണ്ടും പരരാഷ്ട്രഭഞ്ജനവും സ്വരാഷ്ട്രരഞ്ജനവും ഒരുപോലെ ചെയ്തുപോന്ന ചില പടവീരന്മാരും ശസ്ത്രപ്രാധാന്യം കൂടുന്ന ചില ബഹുശ്രുതന്മാരും ശാസ്ത്രനൈപുണ്യമേറുന്ന ചില മഹാധീരന്മാരും ഇങ്ങനെ പലതരക്കാരുമുണ്ടായിരുന്നു. കൊല്ലവർഷം 600-നു മേൽ നാടുവാണ മാനവിക്രമനെന്ന സാമൂതിരിപ്പാടു് ഇതിൽ ഒന്നാമത്തെ വർഗ്ഗത്തിൽപ്പെട്ട ഒരാളായിരുന്നു. അദ്ദേഹത്തിന്റെ രാജ്യഭാരരീതിയെപ്പററി പൊതുവിൽ ഒരു ശരിയായ ചരിത്രം എഴുതുവാൻ വി

ശപാസയോഗ്യങ്ങളായ ലക്ഷ്യങ്ങൾ പോരാത്തതിനാൽ അതിലേയ്ക്കിറങ്ങുവാൻ ധൈര്യമില്ലെന്നുള്ള ന്യൂനത മലയാളചരിത്രത്തെപ്പററി വല്ലതും പറവാൻ തുനിയുന്നവരെല്ലാം പറയുന്നതുപോലെ എനിക്കും പറയേണ്ടതായി വന്നിരിക്കുന്നു. എന്നാൽ ഇദ്ദേഹത്തിൻെറ ശാസ്ത്രപാണ്ഡിത്യവിലാസത്തെ പ്രകടിപ്പിക്കുന്നതായ ചില പണ്ഡിതസഭകളെക്കുറിച്ച് പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ള ഐതിഹ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയും ആ വക ഐതിഹ്യങ്ങളെങ്കിലും നിശ്ശേഷം നശിക്കാതിരിക്കട്ടെ എന്നു വിചാരിച്ചും കുറച്ചു ചിലതിവിടെ പറവാൻ വിചാരിക്കുന്നതാണു്.

ആ സാമൂതിരിപ്പാട്ടിലെ പൂർവ്വന്മാർതന്നെ വിദ്യാഭിവൃദ്ധിക്കുവേണ്ടി വിദ്വാന്മാരെ പ്രോത്സാഹിപ്പിക്കുവാനായി പലേ ഏർപ്പാടുകളും ചെയ്തുവെച്ചിട്ടുള്ള കൂട്ടത്തിൽ ഒന്നാണു്, ഇന്നും നടന്നുവരുന്നതായ തളിയിലെ താനം (താനം എന്നാൽ അഭൃഥന്മാരായ ബ്രാഹ്മണനക്കുള്ള ദാനം). വേദശാസ്ത്രങ്ങളിൽ യോഗ്യതയും ആഭിജാത്യവുമുള്ള ബ്രാഹ്മണരെമാത്രമേ 'അഭൃഥ'ന്മാരായി ഗണിക്കയുള്ളൂ. ഇങ്ങനെ താനം പ്രായേണ പൂർവ്വന്മാരുടെ ശ്രാദ്ധദിവസങ്ങളിലാണു് ചെയ്തുവരാറുള്ളതു്. തളിയിൽ താനവും ആ കൂട്ടത്തിലൊന്നാണു്. പക്ഷേ അവിടെ വ്യാകരണം, മീമാംസ, വേദാന്തം—ഈ ശാസ്ത്രങ്ങളിൽ ഏതിലെങ്കിലും പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവരെമാത്രമേ അഭൃഥന്മാരായി സ്വീകരിച്ചു ചാത്തുകയുള്ളൂ. ഈ വിധമുള്ള ചാത്തലും കൊല്ലം തോറും പതിനാണ്ടു കൂടുമ്പോൾമാത്ര

മേയുള്ളു. മലയാളത്തിൽ പണ്ടുണ്ടായിരുന്ന പലേ കാര്യങ്ങളുടെയും നടപടികളെ നവീകരിക്കുന്നതു് ഓരോ പന്തീരാണ്ടു കൂടുമ്പോഴായിരുന്നുവെന്നു് അറിയാത്തവരില്ലല്ലോ. അങ്ങനെ അതാതുകാലത്തു മലയാളത്തിൽ യോഗ്യരായ ബ്രാഹ്മണർ താനത്തിന്നു് ഏഴു ദിവസം മുമ്പേ അവിടെച്ചെന്നുചേർന്നു ശാസ്ത്രങ്ങളിൽ വാദപ്രതിവാദങ്ങൾ നടത്തി അതിൽവെച്ചു് അവരവരുടെ യോഗ്യതാക്രമം സാധിക്കുന്നതനുസരിച്ചു് അവസാനദിവസം അവരവർക്കുള്ള താനക്കിഴി വാങ്ങണമെന്നാണു് നിയമം. ഇങ്ങനെയുള്ള നിയമം നിമിത്തം അന്നു മലയാളബ്രാഹ്മണരുടെ ഇടയിൽ ഇന്നത്തെ തളിയിൽ താനത്തിന്നു് 'ഒന്നാമത്തെക്കിഴി എനിക്കു വാങ്ങേണം, എനിക്കു വാങ്ങേണ'മെന്നുള്ള അത്യുത്സാഹംനിമിത്തം കൊണ്ടുപിടിച്ചു പഠിച്ചു പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള യോഗ്യന്മാർ കുറച്ചൊന്നുമല്ലായിരുന്നു. ഇങ്ങനെ പ്രശസ്തനിലയിൽ പ്രസിദ്ധമായി നടന്നുവരുന്ന തളിയിൽ താനത്തിൽ കിഴി വാങ്ങിയിരുന്ന അഭ്യർഹപണ്ഡിതന്മാരും മുൻപറഞ്ഞ സാമൂതിരിപ്പാട്ടിലെ സദസ്യന്മാരുമായ താഴെ പറയുന്നവരെ 'പതിനെട്ടരക്കവികൾ' എന്നാണു് പഴമക്കാർ പറഞ്ഞുവരാറുള്ളതു്.

1. പയ്യൂർപ്പട്ടേരിമാർ—ജ്യേഷ്ഠാനുജന്മാരായ എട്ടു പേരും ഒരു മകനും.

2. തിരുവപ്പാറ(തിരുവേഗപ്പുറ)ക്കാർ അഞ്ചു നമ്പൂരിമാർ.

3. മുല്ലപ്പിള്ളിപ്പട്ടേരി.

4. ചേന്നാസ്സ നാരായണൻനമ്പൂരിപ്പാട്.
5. കാക്കശ്ശേരിപ്പട്ടേരി.
6. ഉദ്ദണ്ഡശാസ്ത്രികൾ
7. പുനത്തുനമ്പൂരി. (അരക്കവി)

ഈ പയ്യൂർപ്പട്ടേരിമാരിൽ ജ്യേഷ്ഠനായ അച്ഛൻ ഭട്ടതിരിപ്പാടിനെയാണു് ഉദ്ദണ്ഡശാസ്ത്രികൾ കോകിലസന്ദേശത്തിൽ 'തന്മീമാംസാദ്വയകുലഗുരോസ്സത്മ പുണ്യം മഹർഷേഃ' എന്നു തുടങ്ങി വർണ്ണിച്ചിട്ടുള്ളതു്. ഈ മഹർഷിക്കു് ഉദ്ദണ്ഡശാസ്ത്രികളോടുള്ള വാദപ്രതിവാദത്തിൽ നിർവ്വചനധാരയിൽ ഒരു സ്ഖാലിത്യം പററിയപ്പോൾ പ്രതിവാദിയായ ശാസ്ത്രികൾതന്നെ രണ്ടാമതൊന്നുകൂടി നിർവ്വചിക്കാൻ നിർബ്ബന്ധിച്ചിട്ടും "ഞാൻ ഒരു സദസ്സിൽ രണ്ടാമതു മറെറാരുവിധം പറകയുണ്ടായിട്ടില്ലെ"ന്നുമാത്രം ഉത്തരം പറഞ്ഞു് അദ്ദേഹം തോററ നിലയിൽ പിൻവലിച്ചു എന്നാണു് പ്രസിദ്ധി. ഈ ജ്യേഷ്ഠനും അനുജന്മാരും ഒന്നിച്ചു് അച്ഛൻെറ ശ്രാദ്ധമൂട്ടേണമെങ്കിൽ അതാതു കൊല്ലത്തിൽ പുതിയ ഓരോ മീമാംസാഗ്രന്ഥം എല്ലാ സോദരന്മാരും ഉണ്ടാക്കിക്കൊണ്ടു വന്നു പരസ്പരം കാണിച്ചുകൊട്ടക്കണമെന്നാണത്രേ ഇവരുടെ നിശ്ചയം. ഇവരിൽ അഞ്ചാമൻ നാരായണൻ പട്ടേരി ഒരു മടിയനായിരുന്നു. മറെറല്ലാസ്സഹോദരന്മാരുടെയും ഗ്രന്ഥങ്ങൾ വായിച്ചു കേട്ടതിനുശേഷം ശ്രാദ്ധത്തിന്നു രണ്ടു നാലു ദിവസം മുമ്പിലേ ഗ്രന്ഥനിർമ്മാണത്തിന്നുദ്യമിക്കയുള്ളൂ. എന്നാൽ ഗ്രന്ഥം കഴിയുമ്പോൾ മററുള്ളവയിലൊക്കെയും മഹത്തരമായിത്തീരുകയും ചെ

ഷ്യം. ഇവരിൽ മഹാനും അച്ഛനെപ്പോലെത്തന്നെ സർവ്വസമ്മതനായ പണ്ഡിതശ്രോത്രിയനായിരുന്നു എന്നു്, സാമാന്യക്കാരെ അത്ര വകവെയ്ക്കാത്ത ഉദ്ദണ്ഡശാസ്ത്രികളുടെ 'മല്ലികാമാരുത'മെന്ന പ്രകരണത്തിൽ 'ഉക്തഞ്ച മഹർഷിപുത്രേണ പരമേശ്വരേണ' എന്ന പീഠികയോടുകൂടി ഒരു പ്രശംസാശ്ലോകം ചേർത്തിട്ടുള്ളതുകൊണ്ടു വ്യക്തമാകുന്നുണ്ടു്. ഇവരുടെ ചില മീമാംസാഗ്രന്ഥങ്ങൾ മലയാളത്തിൽ പലരുടെ കൈവശത്തിലും ഉണ്ടെന്നല്ലാതെ കാവ്യഗ്രന്ഥങ്ങളൊന്നും ഇതേവരെ കണ്ടുകിട്ടീട്ടില്ല.

2. തിരുവേഗപ്പുഴ(ത്രുപ്പം)ക്കാരായ അഞ്ചു നമ്പൂരിമാരിൽ ഒരാളുടെ 'ലക്ഷ്മീമാനവേദ'മെന്ന നാടകവും ബ്രഹ്മദത്തപുത്രനായ നാരായണൻ എന്ന മറ്റൊരാളുടെ 'സുഭദ്രാഹരണ'കാവ്യവും കണ്ടിട്ടുണ്ടു്. ശേഷം മൂന്നു പേരുടേയും കൃതികളായി വല്ലതും ഉണ്ടോ എന്നു് ഇതുവരെ അറിഞ്ഞിട്ടില്ല.

3. മല്ലപ്പിള്ളിപ്പട്ടേരിയുടെ കൃതികളും ഇതുവരെ ഒന്നും വെളിപ്പെട്ടിട്ടില്ല. എന്നാൽ അദ്ദേഹത്തിനെയും ചേന്നാസ്സ് നമ്പൂരിപ്പാടിനെയും രാജദൂഷണങ്ങളായ ചില ശ്ലോകങ്ങൾ ഉണ്ടാക്കിയ കുറ്റത്തിന്നു് ഉചിതശിക്ഷാദക്ഷനായ സാമൂതിരിപ്പാടു് അത്ഭുതപൂർവ്വമായവിധം ഒരിക്കൽ ശിക്ഷിച്ചിട്ടുണ്ടു്. ഇതിൽ മല്ലപ്പിള്ളിപ്പട്ടേരിക്കു തളിയിൽ താനത്തിനു മുമ്പിൽക്കടന്നു കീഴിയെടുക്കണമെന്നുള്ളതാണു് ശിക്ഷ. തന്നെക്കാളധികം യോഗ്യന്മാരുള്ളപ്പോൾ താൻ മുമ്പിൽക്കടന്നു കിഴിയെടുക്കുക എന്നതു വിവേകികളായ പണ്ഡിതന്മാർക്കു്, വിശേഷിച്ചും അ

കാലത്തെ നമ്പൂരിമാൎക്ക്, സങ്കോചകരമായ ഒരു ധൎമ്മസങ്കടമായിരുന്നു. പട്ടേരിക്ക് ഈ ശിക്ഷതന്നെ മേലാൽ തറവാട്ടധികാരമായിത്തീരത്തക്കവണ്ണം യോഗ്യത സമ്പാദിപ്പാൻ കാരണമായിക്കലാശിച്ചു.

4. ചേന്നാസ്സുനമ്പൂരിപ്പാട്ടിലേക്കുള്ള ശിക്ഷ, 'തന്ത്രവിഷയത്തിൽ ഒരുത്തമഗ്രന്ഥമുണ്ടാക്കിക്കൊണ്ടുവന്നേ എന്നെക്കാണേണ്ടൂ' എന്നായിരുന്നു. ഈ ഒരു ശിക്ഷയുടെ ഫലമാണു് കേരളത്തിലിപ്പോഴുള്ള തന്ത്രികൾക്കെന്നു വേണ്ട, തച്ചുശാസ്ത്രക്കാൎക്കുകൂടി സൎവ്വാവലംബമായ 'തന്ത്രസമുച്ചയം' എന്ന ഉത്തമഗ്രന്ഥം. ഈ തന്ത്രശാസ്ത്രഗ്രന്ഥത്തിൽ നമ്പൂരിപ്പാട്ടിലേക്കുള്ള കവിതാവൈദുഷ്യവും ചുരുക്കിപ്പറവാനുള്ള സാമൎത്ഥ്യവും നല്ലവണ്ണം പ്രകാശിച്ചിട്ടുണ്ടു്. 'ചുരുക്കിപ്പറക' എന്ന വിഷയത്തിൽ സാക്ഷാൽ ഉദ്ദണ്ഡശാസ്ത്രികൾക്കുപോലും അദ്ദേഹത്തിനോടു മടക്കമായിരുന്നു. നമ്പൂരിപ്പാടു് ഈ ഗ്രന്ഥമുണ്ടാക്കിക്കൊണ്ടിരിക്കുന്നതിനിടയ്ക്കൊരിക്കൽ യദൃച്ഛയാ ഉദ്ദണ്ഡശാസ്ത്രികൾ അവിടെച്ചെന്നപ്പോൾ താനും രണ്ടു ശ്ലോകം ഉണ്ടാക്കാമെന്നും അതിൽ അടങ്ങേണ്ടതായ കാൎയ്യങ്ങൾ ഇന്നിന്നവയാണെന്നു പറയേണമെന്നും നമ്പൂരിപ്പാട്ടിലോടാവശ്യപ്പെട്ടപ്രകാരം നമ്പൂരിപ്പാടു സമ്മതിച്ചു വിഷയം പറഞ്ഞുകൊടുക്കുകയും ശാസ്ത്രികൾ തന്റെ വാഗ്വിലാസത്തെ പ്രകടിപ്പിച്ചുകൊണ്ടു ശ്ലോകമുണ്ടാക്കാനാരംഭിക്കുകയും ചെയ്തു. ഒന്നര ശ്ലോകം കഴിഞ്ഞിട്ടും പറവാനുള്ള കാൎയ്യങ്ങൾ വളരെ ശേഷിച്ചിരുന്നതിനാൽ പിന്നെ അരശ്ലോകംകൊണ്ടു് അതു മുഴുവനും പ

റഞ്ഞുതീക്കാൻ തന്നാലസാദ്ധ്യമാണെന്നു കണ്ടു നമ്പൂരിപ്പാട്ടിലേയ്ക്കുതന്നെ ഒഴിഞ്ഞുകൊടുക്കുകയും നമ്പൂരിപ്പാടു ബാക്കിയുള്ള അരശ്ലോകംകൊണ്ടുതന്നെ പറയേണ്ട കാര്യങ്ങളെ മുഴുവൻ നിഷ്പ്രയാസമായിപ്പറഞ്ഞു് അവസാനിപ്പിക്കുകയും ചെയ്തു എന്നു പ്രസിദ്ധമാണു്.

5. കാക്കശ്ശേരിപ്പട്ടേരി ഉദ്ദണ്ഡശാസ്ത്രികളെ ജയിപ്പാൻ നമ്പൂരിമാരുടെ തപസ്സുകൊണ്ടുണ്ടായ ഒരു മൂത്തിയായിരുന്നു എന്നാണു് മലയാളികൾ വിശ്വസിച്ചുപോരുന്നതു്. തന്നെജ്ജയിപ്പാനായി ജനിച്ചിട്ടുള്ള ഈ കുട്ടിയെ ദ്രോണാചാര്യനെപ്പോലെ പഠിപ്പിച്ചതും ഉദ്ദണ്ഡശാസ്ത്രികൾതന്നെയാണത്രേ! പട്ടേരി തന്റെ പന്ത്രണ്ടാമത്തെ വയസ്സിലാണു് ഉദ്ദണ്ഡശാസ്ത്രികളെജ്ജയിച്ചിട്ടുള്ളതു്.

ഈ ബാലപണ്ഡിതൻ സഭയിൽക്കയറിയ ദിവസം സാഹങ്കാരമായി പ്രയോഗിച്ച ശ്ലോകമാണിതു്:

'ന ഛത്രം ന തുരംഗമോ ന വടതാം
        വൃന്ദാനി നോ വന്ദിനാം
ന ശ്മശ്രൂണി ന പട്ടബന്ധവസനം
        നഹ്യംബരാഡംബരം
അസ്ത്യസ്മാകമമന്ദമന്ദരഗിരി-
        പ്രോദ്ധൂതദുഗ്ദ്ധാംബുധി-
പ്രേംഖദ്വീചിവിഭ്രമാചരിതനതാ
        വാണീ തു നാണീയസീ.'

ഈ മഹാകവിയുടെ കൃതികളിൽ 'വസുമതീമാനവിക്രമം' എന്നു നാടകംമാത്രമേ ഇപ്പോൾ കണ്ടുകിട്ടി

ട്ടുള്ളു. ഇദ്ദേഹത്തെ കട്ടവിൽ, വിഷയചിരക്തിനിമി ത്തം ആചാരനിരാസകനാകയാൽ നമ്പൂരിമാർ വർജ്ജി ച്ചുകളഞ്ഞു. ഒരു ദിവസം പട്ടേരി സന്ധ്യാസമയത്തിൽ ചെയ്യേണ്ടതായ കൃത്യങ്ങളൊന്നും കൂടാതെ തന്റെ പതി വിൻപ്രകാരം അലസനായി ബ്രാഹ്മണരുടെ സദസ്സിൽ കയറിച്ചെന്നപ്പോൾ നമ്പൂരിമാരിൽ ചിലർ, 'പട്ടേരി എന്താണിങ്ങനെ സന്ധ്യാവന്ദനാദികൾ ഒന്നും ചെയ്യാ തെ കേവലം മൂഢന്മാരെപ്പോലെ നടിക്കുന്നതു്' എന്നു ചോദിച്ചു. അതിന്നു മറുപടിയായി പട്ടേരി അപ്പോൾ ചൊല്ലിയ ശ്ലോകമാണിതു്:

'ഹൃദാകാശേ ചിദാദിത്യ-
സ്സദാ ഭാതി നിരന്തരം
ഉദയാസ്തമയൗ ന സ്തഃ
കഥം സന്ധ്യാമുപാസ്മഹേ.'

ഇങ്ങനെ കാലക്രമേണ പട്ടേരിയുടെ ആചാരനട പടികളിൽ നമ്പൂരിമാൎക്കു് ഒട്ടും തൃപ്തിയില്ലാതെയായി ത്തീരുകയും പട്ടേരിയുടെ യോഗ്യതയോൎത്തു് അദ്ദേഹ ത്തോടൊന്നും പറവാൻ ശക്തിയില്ലാതെവരുകയും ചെ യ്കതിനാൽ കട്ടവിൽ ഈ സങ്കടനിവൃത്തിക്കായി എല്ലാവ രുംകൂടി ചോറൂണിക്കവെച്ചു പട്ടേരിയോടുതന്നെ സംശയം ചോദിക്കുന്നതാണു് നല്ലതെന്നുറച്ചു് അപ്രകാ രം അവർ തമ്മിൽ നടന്ന സംഭാഷണശ്ലോകമാണിതു്.

നമ്പൂരിമാർ—ആപദി കിം കരണീയം?

പട്ടേരി—സ്മരണീയം ചരണയുഗളമംബായാഃ

നമ്പൂരിമാർ—തത്സ്മരണം കിം കുരുതേ?
പട്ടേരി—ബ്രഹ്മാദീനപി ച കിങ്കരീകുരുതേ.

മലയാളത്തിൽ നമ്പൂരിമാരുടെ ഇടയിൽ പണ്ടു്, എന്നുമാത്രമല്ല, കുറച്ചൊക്കെ ഇപ്പോഴും, പരദേശികളോടുകൂടി പെരുമാറുകയും വിശേഷിച്ചു് അവരുടെ ക്രിയാംഗങ്ങളായ വിഷയങ്ങളിൽ ഒരു പ്രകാരത്തിലും പരദേശീസംബന്ധമുണ്ടായിരിക്കുകയും പാടില്ലെന്നു കലശലായ നിർബ്ബന്ധം കാണുന്ന സ്ഥിതിക്കു്, മലയാളികളുടെ ദേശാഭിമാനം മൂർച്ഛിച്ചിരുന്ന അക്കാലത്തു തളിയിലെ താനത്തിൽ കിഴക്കെകൊഞ്ചിപുരത്തുകാരനായ ഉദ്ദണ്ഡശാസ്ത്രികൾക്കു് അവകാശം സിദ്ധിപ്പാൻ ഇടവരത്തക്കവണ്ണം അദ്ദേഹത്തെ സദസ്യനായി സ്വീകരിച്ചതു സ്വദേശഗുണസംരക്ഷണദീക്ഷിതനായിരുന്ന സാമൂതിരിപ്പാട്ടിലേക്കു് ഒരു ന്യൂനതയായില്ലേ എന്നു വല്ലവരും ശങ്കിക്കുന്നുണ്ടെങ്കിൽ അവർ, അതുനിമിത്തം മലയാളികളുടെ ഇടയിൽ പിന്നീടുണ്ടാകുന്ന ഐകമത്യത്തിൻെറയും പരിശ്രമത്തിൻെറയും അപ്രതിഹതമായും അസാധാരണമായുമുള്ള ഫലങ്ങളെ ആലോചിക്കുമ്പോൾ, ആ മഹാൻെറ ഈ പ്രവൃത്തി സ്വദേശപണ്ഡിതന്മാരെ വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിത്തന്നെയുള്ള ഒരു പൊടിക്കൈയായിരുന്നു എന്നോർത്തു സമാധാനപ്പെട്ടുകൊള്ളുമല്ലോ. ഉദ്ദണ്ഡൻെറ പ്രഥമസഭാപ്രവേശത്തിൽ അദ്ദേഹത്തെ സാമൂതിരിപ്പാട്ടിലേക്കു പരിചയപ്പെടുത്തുവാനായി ചേന്നാസ്സു നമ്പൂതിരിപ്പാടു ചൊല്ലിയ ശ്ലോകമാണിതു്:

'പ്രക്രീഡൽ കാൎത്തവീൎയ്യാൎജ്ജുനഭുജവിധൂതോ-
ന്മുക്തസോമോദഭാംഭ-
സ്സംഭാരാഭോഗഡംഭപ്രശമനപടുവാ-
ഗ്ഗുംഭഗംഭീരിമശ്രീഃ
തുണ്ഡീരക്ഷോണിദേശാത്തവ ഖലു വിഷയേ
ഹിണ്ഡതോദ്ദണ്ഡസൂരി-
സ്സോയം തേ വിക്രമക്ഷ്മാവര, ന കിമു ഗതഃ
ശ്രോത്രിയഃ ശ്രോത്രദേശം.'

അതിന്നുശേഷം അപ്പോൾത്തന്നെ ഉദ്ദണ്ഡൻ സാമൂതിരിപ്പാട്ടിലേയ്ക്കു് അടിയറവെച്ച ശ്ലോകമിതാണു്:

'ഉദ്ദണ്ഡഃ പരദണ്ഡനൈരവ, ഭവ-
ദ്യാത്രാസു ജൈത്രശ്രിയോ-
ഹേതുഃ കേതുരതീത്യ സൂൎയ്യസരണിം
ഗച്ഛൻ നിവാൎയ്യസ്ത്വയാ
നോചേൽ തൽപടസമ്പുടോദരലസ-
ച്ഛാൎദ്ദൂലമുദ്രാദ്രവ-
ത്സാരംഗം ശശിബിംബമേഷ്യതി തുലാം
ത്വൽപ്രേയസീനാം മുഖൈഃ'

ഒരിക്കൽ ഉദ്ദണ്ഡശാസ്ത്രികൾ പ്രസിദ്ധമായ 'മൂക്കോല' ക്ഷേത്രത്തിൽ ദേവീദൎശനത്തിന്നായിച്ചെന്നപ്പോൾ നടയിൽവെച്ചു് ഒരു ശ്ലോകം ഉണ്ടാക്കിച്ചൊല്ലിത്തുടങ്ങുകയും പൂൎവ്വാൎദ്ധം കഴിഞ്ഞിട്ടു് ഉത്തരാൎദ്ധം തുടങ്ങുവാൻ ഇടയ്ക്കല്പം ആലോചിക്കേണ്ടതായിവരികയും ചെയ്തതിനാൽ ആ സമയം സോപാനത്തു കൊട്ടിക്കൊണ്ടുനില്ക്കുന്ന ഒരു മാരാർ ഉടനെ അതിന്റെ ശേഷം ഭാഗം പൂൎവ്വാൎദ്ധത്തെ

ക്കാർ കുറെക്കൂടി നന്നായി ചൊല്ലുകയും ചെയ്തു. ഇതു കേട്ട ശാസ്ത്രികൾ തിരിഞ്ഞുനിന്നു 'കോയം കവിമല്ലഃ' എന്നു ചോദിച്ചതിന്നു മാരാർ 'ദേവ്യാഃ കരുണാകരഃ' എന്നുത്തരം പറഞ്ഞതായി കേട്ടിട്ടുണ്ടു്. ആ മാരാരുടെ പേരും കരുണാകരൻ എന്നായിരുന്നു. മേല്പറഞ്ഞ ശ്ലോകം ഇതാണു്:

ശാസ്ത്രികൾ—സംഭരിതഭ്രമികൂപമംഘ്രി,ശുഭമംഗം
ശുംഭതു ചിരന്തനമിദം തവ മദന്തഃ
മാരാർ— ജംഭരിപുകുംഭിവരകുംഭയുഗഡംഭ—
സ്തംഭികുചകുംഭപരിരംഭപരശംഭുഃ'

പിന്നെ ഒരിക്കൽ വെട്ടത്തുനാട്ടിൽവെച്ചു് ഒരു വൃദ്ധപണ്ഡിതനായ തൃക്കണ്ടിയൂർ നാണപ്പിഷാരോടിയും ശാസ്ത്രികളും തമ്മിൽ ഒമ്പതു ദിവസത്തെ വാദം നടന്നിട്ടുണ്ടു്. വിഷയം വ്യാകരണമായിരുന്നു. തൃക്കണ്ടിയൂർ പിഷാരോടിമാർ പണ്ടേതന്നെ വംശപരമ്പരയാ പണ്ഡിതന്മാരായിരുന്നു എന്നു പ്രസിദ്ധമാണല്ലോ. ശാസ്ത്രികൾ പിഷാരോടിയോടുള്ള വാദാരംഭത്തിൽ ചൊല്ലിയ ശ്ലോകമാണിതു്:

ധന്യാധന്യാധനീനാഃ ഫണിവരഭണിതാം-
ഭോധികുംഭീകുമാരാ
ധന്യാഃ കേചിൽ പ്രഥന്തേ പരഗുണകണികാ-
ശ്ലാഘിനസ്താൻ നമാമഃ
പ്രത്യാഹാരഗ്രഹേപി ഭ്രമിതമതിരസൗ
കോപി സാഹിത്യവിദ്യാ-
കാണോ നാണപ്പനാമാ വ്യവഹരതു ജഡാ-
ത്മാവതാ മേ ന ഹാനിഃ'

ഉദ്ദണ്ഡശാസ്ത്രികൾ ആദ്യം മലയാളത്തിലേയ്ക്കു വന്നതു് തന്റെ പാണ്ഡിത്യപ്രകടനംകൊണ്ടു് എളുപ്പത്തിൽ മലയാളികളെ വിസ്മയിപ്പിച്ചുകൊള്ളാമെന്നും മലയാളപണ്ഡിതന്മാരെയെല്ലാം താൻ വാദത്തിൽ ജയിച്ചു കീഴടക്കിക്കളയാമെന്നും ഉള്ള വിചാരത്തോടുകൂടിയായിരിക്കാമെങ്കിലും ഇവിടെ വന്നു കുറെ പെരുമാറിയതോടുകൂടി തന്റെ മുമ്പത്തെ വിചാരം കേവലം അബദ്ധമായിപ്പോയി എന്നും മലയാളഭൂമിയും ഏററവും വിലയുള്ള പണ്ഡിതരത്നങ്ങൾ ധാരാളം വിളയുന്ന ഒരു പ്രദേശമാണെന്നും ബുദ്ധിമാനായ ആ ശാസ്ത്രികൾ നല്ലവണ്ണം അനുഭവം വന്നതിനാൽ കാലക്രമേണ അദ്ദേഹത്തിനു മലയാളത്തെക്കുറിച്ചു വളരെ പ്രതിപത്തി വർദ്ധിക്കുകയും പിന്നെ തന്റെ ആയുഷ്കാലത്തിൽ മിക്കഭാഗവും മലയാളത്തിൽത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു എന്നൂഹിപ്പാൻ അദ്ദേഹത്തിന്റെ 'കോകിലസന്ദേശം'തന്നെ ധാരാളം മതിയായ തെളിവാകുന്നു.

പുനത്തു നമ്പൂരിക്കു പാണ്ഡിത്യവും ആഭിജാത്യവും മററുള്ളവരെക്കാൾ അല്പം കുറവായിരുന്നതിനാൽ അദ്ദേഹത്തെ ആ സദസ്സിൽ 'അരക്കവി'യായിട്ടേ ഗണിച്ചിട്ടുള്ളു. എന്നാൽ ആ അരക്കവിയുടെ കൃതിയാണു് പ്രസിദ്ധപ്പെട്ട കൃഷ്ണഗാഥ (കൃഷ്ണപ്പാട്ടു്). ഈ ഗ്രന്ഥത്തെ ഒരിക്കലെങ്കിലും വായിച്ചിട്ടുള്ള ഏതു സഹൃദയനും അദ്ദേഹത്തെ അരക്കവി എന്നു പറഞ്ഞുകേട്ടാൽ സഹിക്കുകയില്ലെന്നുമാത്രമല്ല, 'ഒന്നരക്കവി'യെന്നു പറയേണ്ടതാണെന്നു വാദിക്കയും ചെയ്യുമായിരിക്കാം. പക്ഷേ അദ്ദേഹത്തിന്റെ കൂട്ടുകാരായിരുന്ന മററുള്ളവരെല്ലാം സംസ്കൃതകവികളും

അദ്ദേഹംമാത്രമൊരു ഭാഷാകവിയുമാണെന്നും അക്കാലത്തു് എന്നല്ല ഇന്നും സംസ്കൃതവും ഭാഷയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒന്നുകു് ആയാവാൻ പോലും ഭാഷയ്ക്കു യോഗ്യതയില്ലെന്നുമുള്ള തത്ത്വം വിചാരിച്ചാൽ അദ്ദേഹത്തിന്നു് അവർ അരക്കവിയെന്നു പേർകൊടുത്തതിന്നു് ഒന്നരക്കവിയെന്ന പേരിനെക്കാൾ അധികം വിലയുണ്ടെന്നാണു് വിചാരിക്കേണ്ടതു്. അക്കാലത്തു മലയാളികളായ പണ്ഡിതന്മാർക്കുതന്നെ ഭാഷാകവിതയിൽ ഇങ്ങനെ വിപ്രതിപത്തിയുണ്ടായിരുന്നതോർക്കുമ്പോൾ കേവലം ഒരു പരദേശിയായ ഉദ്ദണ്ഡശാസ്ത്രികൾക്കു ഭാഷാകവികളെപ്പററി അനാദരം തോന്നിയതിൽ അത്ഭുതമുണ്ടോ? ഒരിക്കൽ സാമൂതിരിപ്പാട്ടിലെ മുമ്പിൽവെച്ചു് ഒരു ഭാഷാകവിതാപ്രസംഗത്തിൽ ഭാഷാകവികളെക്കുറിച്ചു പരിഹാസമായി ശാസ്ത്രികൾ,

'ഭാഷാകവിനിവഹോയം
ഭേകാഷാകരവടപിഭാതി ഭുവനതലേ
പ്രായേണ വൃത്തഹീനഃ
സൂര്യാലോകേ നിരസ്തഗോപ്രസരഃ'

എന്നു് ഒരു ശ്ലോകം ചൊല്ലിക്കലാശിക്കുമ്പോഴേയ്ക്കും നമ്മുടെ പുനത്തിൽനമ്പൂരി രാജാവിനെ കാണ്മാനായി അവിടെ കയറിച്ചെന്നു്,

'താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാ-
രാമ, രാമാജനാനാം
നീരിത്താർബാണ, വൈരാകരനികരതമോ-
മണ്ഡലീചണ്ഡഭാനോ!

നേരെത്താതോരു നീയാം തൊട്ടുകുറി കളയാ–
 യ്കെന്നുമേഷാ കളിക്കു–
ന്നേരത്തിന്നിപ്പുറം വിക്രമനൃവര, ധരാ
 ഹന്ത, കല്ലാന്തതോയേ'

എന്ന ശ്ലോകം ചൊല്ലുകയും അതു കേട്ടപ്പോൾ ശാസ്ത്രികളുടെ അഭിപ്രായം തീരെ മറിഞ്ഞു് 'അന്തഹന്തസ്ലീന്തപ്പിട്ടു്' എന്നു പറഞ്ഞു തന്റെ ഉത്തരീയപ്പട്ടു നമ്പൂരിക്കു സമ്മാനം കൊടുത്തതിന്നു പുറമേ,

'അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയന്തു ന താൻ വിരമഃ
പുളകോദ്ഗമകാരിവചഃപ്രസരഃ
പുനമേവ പുനഃ പുനരാസ്തുമഹേ.'

എന്ന ശ്ലോകത്തെ സട്ടിഫിക്കറ്റായും കൊടുത്തു എന്നുള്ള കഥ മലയാളത്തിൽ മുഴുവനും പ്രസിദ്ധമാണല്ലോ. ഈ മഹാസഹൃദയനായ ഉദ്ദണ്ഡശാസ്ത്രികൾക്കും മറ്റുള്ള സദസ്യൎക്കും സാമൂതിരിപ്പാട്ടിലേയ്ക്കും കൃഷ്ണഗാഥ വായിച്ചു കേട്ടപ്പോൾ ഉണ്ടായ രസം അപരിമിതമായിരിക്കും, നിശ്ചയംതന്നെ; എന്നിട്ടും ആ പതിനെട്ടു കവികളിൽ ചിലൎക്കെങ്കിലും നമ്മുടെ അരക്കവിയെ പിന്തുടന്നു മലയാളഭാഷയെ അന്നനുഗ്രഹിപ്പാൻ തോന്നാഞ്ഞതു കേവലം ഭാഷയുടെ കാലദോഷമെന്നല്ലാതെ മറ്റൊന്നും പറവാൻ കാണുന്നില്ല.

(മംഗളോദയം)

# റായിബഹദൂർ ഒ. ചന്തുമേനോൻ

ഈ മഹാപുരുഷൻ കേരളത്തിലൊട്ടുക്കെന്നല്ല പരദേശത്തും ഇത്രമാത്രം പ്രസിദ്ധനാവാനുള്ള കാരണം മര്യാദക്കാരനായ ഒരു മലയാളിയാണെന്നോ കൈക്കൂലി, ശിപാൎശി മുതലായ ഉദ്യോഗമാലിന്യങ്ങളുടെ സ്പൎശംപോലും ഏല്ക്കാതെ പല താലൂക്കുകളിലുമുള്ള ജനസാമാന്യത്തിന്റെ യോഗക്ഷേമത്തെ ആൎക്കും അപ്രീതിയും അനിഷ്ടവും കൂടാതെ രക്ഷിച്ചു വളരെക്കാലം സൎക്കാർവേലയിൽ നിൎവ്യാജം യത്നിച്ചു മേലധികാരികളുടെ പ്രീതി സമ്പാദിച്ചു സബ്ജഡ്ജിയുദ്യോഗംവരെ ഉയൎന്നിട്ടുണ്ടെന്നോ റായിബഹദൂർസ്ഥാനത്തിന്നു് അൎഹനായിട്ടുണ്ടെന്നോ ഉദാരശീലനാണെന്നോ സംഗീതരസികനാണെന്നോ വിനോദപ്രിയനാണെന്നോ പരിഹാസവിദഗ്ദ്ധനാണെന്നോ പരമശുദ്ധനാണെന്നോ ഉള്ള സംഗതികളൊന്നുമാണെന്നു തോന്നുന്നില്ല. മലയാളം, ഇംഗ്ലീഷു്, സംസ്കൃതം മുതലായ ഭാഷകളിലുള്ള പാണ്ഡിത്യംകൊണ്ടുമാത്രം ചന്തുമേനവനുള്ള പ്രസിദ്ധി മറെറാരാൾക്കു കിട്ടുമെന്നും തോന്നുന്നില്ല. കറകളഞ്ഞ വൈദുഷ്യത്തിന്റെയും ലോകസ്വരൂപജ്ഞാനത്തിന്റെയും സ്വഭാഷാസ്നേഹശ

കൃതിയുടെയും നിരന്തരസമ്മേളനത്തിൽനിന്നുണ്ടായ ഇന്ദുലേഖാ, ശാരദ എന്ന രണ്ടു സന്താനങ്ങളാണു് ചന്തുമേനവൻെറ യശശ്ശരീരം ഇന്നും രക്ഷിച്ചുപോരുന്നതു്.

പദ്യകൃതികളിൽ, വിശേഷിച്ചു ഭാഷാന്തരീകരണത്തിൽ, മാന്യസ്ഥാനം പരേതനായ സി. ചാത്തുക്കുട്ടിമന്നാടിയാൎക്കു കൊടുക്കാമെങ്കിൽ, ഗദ്യകൃതികളിൽ, വിശേഷിച്ചു ഹാസ്യരസപ്രയോഗവിശേഷത്തിൽ, ഉത്തമസ്ഥാനം ചന്തുമേനവനും കൊടുക്കേണ്ടതാണു്. പദ്യകാവ്യമുണ്ടാക്കുന്നതിനെക്കാൾ ഗദ്യകാവ്യമുണ്ടാക്കുന്നതിനു പ്രയാസം കുറയുമെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അതു തെററാണു്. പദ്യകാവ്യത്തിൽ വൃത്തരചനാവൈചിത്ര്യംകൊണ്ടും രസങ്ങൾക്കനുരൂപമായ പദഘടനാപാടവംകൊണ്ടും രസസ്ഫൂൎത്തി മതിയാവാത്ത ഘട്ടങ്ങളിലും വായനക്കാരെ വശീകരിക്കുവാൻ സാധിച്ചുവെന്നു വരാം. ഗദ്യകാവ്യത്തിൽ ആവക മായാപ്രയോഗങ്ങളൊന്നും തരമാകുന്നതല്ല. ആദ്യംമുതൽ അവസാനംവരെ രസപ്രവാഹം ഇടമുറിയാതെ ഉണ്ടായിരിക്കണം. നാടകാദിദൃശ്യകാവ്യങ്ങളിലെന്നപോലെ പാത്രങ്ങളെ ആകൃതിക്കും പ്രകൃതിക്കും അനുരൂപമായി വകതിരിച്ചു വായനക്കാരുടെ മനസ്സിൽ പ്രതിഷ്ഠിച്ചുകൊടുക്കണം. യുക്തിഭംഗങ്ങളോ അനാവശ്യപ്രസംഗങ്ങളോ അല്പമെങ്കിലും വന്നുപോയാൽ അതു പദ്യകാവ്യങ്ങളിലെന്നപോലെ ശബ്ദഭംഗിയിൽ മുങ്ങിപ്പോകുന്നതല്ല. പേടുപോലെ, താഴ്ത്തിയാലും താഴാതെ പ്രത്യക്ഷത്തിൽ പൊങ്ങിക്കിടക്കുകയേ ഉള്ളൂ. സൂക്ഷ്മമായ ലോകപരിചയമില്ലെങ്കിൽ ഈവക ദോഷങ്ങൾ പററിപ്പോകാതിരിക്കാ

നം പ്രയാസംതന്നെ. വർണ്ണിക്കേണ്ടിവരുന്ന ഘട്ടങ്ങളിലും കഥയിൽ ദേശകാലങ്ങൾ മാറേണ്ടിവരുന്ന വിഷയങ്ങളിലുമല്ലാതെ കവിവാചകം പ്രയോഗിച്ചാൽ അഭംഗിയായിത്തീരാനാണു് എളുപ്പം. സംഭാഷണങ്ങളിൽ ആളും തരവും അറിഞ്ഞു പെരുമാറാഞ്ഞാൽ അലൗകികമാവും, രസക്ഷയം വന്നുകൂടും. കരതലാമലകംപോലെ ലോകം കണ്ടുകൊണ്ടല്ലാതെ ഒരക്ഷരംപോലും ശബ്ദിച്ചുപോയാൽ അതിന്റെ കോട്ടം വാക്കുകളെക്കൊണ്ടു മിനുക്കിയാൽ മറയുന്നതല്ല. ഈവക ദോഷങ്ങളും വൈഷമ്യങ്ങളും ഒഴിക്കുന്നതിലാണു് ചന്തുമേനവൻ സാമർത്ഥ്യം കാണിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ വിഖ്യാതിക്കുള്ള ഹേതുവും ഇതുതന്നെയാണു്.

ഈ ചന്തുമേനവനുപോലും പര്യാലോചിപ്പിക്കാതെ മാധവനെക്കൊണ്ടു പെട്ടന്നു ദേശയാത്രചെയ്യിച്ചതിലും മതസംബന്ധമായ വാദപ്രതിവാദം അസ്ഥാനത്തിൽ ഉപയോഗിച്ചതിലും, കുറച്ചൊരു നോട്ടക്കുറവു് ഇന്ദുലേഖയിൽ പറ്റിപ്പോയതു പറ്റിപ്പോയതുതന്നെ. പല ജീവൽപാത്രങ്ങളെയും പേരുമാറാട്ടംവഴി ശാരദയിൽ അരങ്ങേററം കഴിപ്പിച്ചിട്ടുള്ളതുകൊണ്ടു വായനക്കാർക്കു പൊതുവിൽ തൃപ്തിയായ രസം ഉണ്ടാവുന്നതല്ലെന്നു ചിലർ ആക്ഷേപിക്കുന്നുണ്ടു്. എന്നാൽ ആ പാത്രങ്ങളുടെ മാതൃകകളായിട്ടു പരിചയമില്ലാത്തവർക്കു് അധികരസമുണ്ടെന്നല്ലാതെ പരിചയമുള്ളവർക്കു നോവലിനെസ്സംബന്ധിച്ചേടത്തോളം രസത്തിനു് ഒരു കുറവുമുണ്ടെന്നു പറഞ്ഞുകൂടാ. അതിന്നു പുറമെ, നോവലിലുള്ള പാത്രങ്ങൾക്കു നേരുപകർപ്പുകളായ ജീവൽപാത്രങ്ങൾ ഉണ്ടെന്നും ഞ

ങ്ങൾക്കു തോന്നുന്നില്ല. പല ജീവൽപാത്രങ്ങളുടെയും ഗുണദോഷങ്ങളെ അങ്ങുമിങ്ങും നിന്നെടുത്തു കൂട്ടിച്ചേർത്തിണക്കി ലോകരീതിക്കനുസരിച്ചു് ഒരു പാത്രത്തെ കവി സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതുതന്നെയാണു് കവിധർമ്മം. ഇന്ദുലേഖയിലെ സൂരിനമ്പൂരിപ്പാടും ശാരദയിലെ വൈത്തിപ്പട്ടരും കണ്ടൻമേനവനും ഏതുമാതിരി ഹാസ്യരസം പുറപ്പെടുവിക്കുന്നതിന്നും ചന്തുമേനവനു ബഹുസാമർത്ഥ്യമാണെന്നു വിളിച്ചു പറയുന്നുണ്ടു്. കണ്ണിയാർപണിക്കൻ, എടത്തിലച്ചൻ, കഴകക്കാരൻവാരിയർ മുതലായവർ ലോകസ്വഭാവം പ്രതിബിംബിക്കുന്ന ദർപ്പണങ്ങളാണെന്നുതന്നെ പറയാം. അറിയേണ്ടതായ പല തത്വങ്ങളും സരസമായി പാത്രമുഖേന വായനക്കാരുടെ ഹൃദയത്തിൽ ഉറപ്പിച്ചുകൊടുക്കുന്നതിന്നു ചന്തുമേനവന്റെ സഹജമായ സാമർത്ഥ്യം സർവ്വതോമുഖമായിത്തന്നെ കാണുന്നുണ്ടു്.

ഇദ്ദേഹത്തിന്റെ പ്രഥമകൃതിയായ ഇന്ദുലേഖയുടെ പുറപ്പാടു കണ്ടു ഭ്രമിച്ചു ഗദ്യകാവ്യനിർമ്മാണംകൊണ്ടു പ്രസിദ്ധി നേടുവാൻ എളുപ്പത്തിൽ സാധിക്കുമെന്നു കരുതി വികൃതനോവലുകൾ എഴുതിക്കൂട്ടി സമ്പാദിക്കുവാൻ ശ്രമിച്ചു പേർ കളഞ്ഞു ദുഷ്പേരു സമ്പാദിച്ചവർ ഒന്നുരണ്ടോ?

ചന്തുമേനവന്റെ പിന്തുടർച്ചക്കാരായി മലയാളഭാഷയ്ക്കു് അനർഘമായ ധനം സമ്പാദിച്ചുവെച്ചിട്ടുള്ള ആഖ്യായികാകാരന്മാർ ആകെക്കൂടി നോക്കിയാൽ, ഒന്നോ രണ്ടോ!

(മംഗളോദയം)

# മലയാളത്തിലെ മാസികാപ്രവർത്തനം*

ഹാസ്യകാരിയായ വിദൂഷകനും വീരരസപ്രധാനിയായ നായകനും വിദ്വിജ്ജിഹ്വനും ദശമുഖനും രംഗവാസികളായ ജനങ്ങൾക്കു രസത്തെ ജനിപ്പിക്കുന്നുണ്ടു്. അതുപോലെ മാസികാവിഷയത്തിലും, കാടാകട്ടെ കാര്യമാകട്ടെ, വല്ലതും എഴുതിക്കൂട്ടിയാൽ വായിച്ചു രസിപ്പാനാളുണ്ടാവുമെന്നു വന്നാൽ പത്രാധിപസ്ഥാനം അനായാസേന വഹിക്കാമായിരുന്നു. പക്ഷേ ജനങ്ങൾക്കു ഗുണദോഷപരിജ്ഞാനവും ഭാഷയ്ക്കു പരിഷ്കാരവും വർദ്ധിച്ചുവരുന്ന ഇക്കാലത്തു് ഈവക മനോരാജ്യങ്ങൾക്കു അവകാശമില്ല. അഥവാ ഇങ്ങനെയുള്ള ദുരാഗ്രഹം ഫലവത്തായാൽത്തന്നെ ഉദ്ദേശസിദ്ധിക്കു പ്രതികൂലമായിട്ടുള്ളതാകകൊണ്ടു സ്വീകാരയോഗ്യവുമല്ല. എന്നാൽ പത്രാധിപരുടെ ജോലി സുഗമമാക്കുവാൻ ഒരു മാർഗ്ഗമുണ്ടു്. അതായതു്, സ്വഭാഷാഭിവൃദ്ധിയിങ്കൽ തത്പരന്മാരായ പണ്ഡിതന്മാരുടെ സ്വാർത്ഥപരമല്ലാത്ത സഹായമാണു്. ഇതു് ഏതൊരു കാലത്താണു് ദുർല്ലഭമല്ലാതാകുന്ന

---

* നവവത്സരപ്രസ്താവനകളിൽനിന്നു സമാഹരിച്ചതു്.

ത്തു്, അന്നു മലയാളഭാഷയ്ക്കു ശുക്രദശയായി എന്നു പറയാം.

ഇംഗ്ലണ്ടു മുതലായ ദിക്കുകളിൽ പ്രതിദിനം പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങളിലെ ഗ്രന്ഥവിസ്തരവും മാസിക മുതലായവയിലെ വിഷയബാഹുല്യവും വാചകപരിശുദ്ധിയും ഓരോരോ സന്ദൎഭങ്ങളിൽ വിവരിക്കുന്ന സംഗതികളെ പ്രത്യക്ഷരൂപേണ കാണിക്കുന്ന ചിത്രങ്ങളുടെ സുഭിക്ഷതയും സൗഷ്ഠവവും മററുമോൎക്കുമ്പോൾ ഇതെല്ലാം വീഴ്ച കൂടാതെ നടത്തുവാൻ മനുഷ്യപ്രയത്നംകൊണ്ടുതന്നെ സാധിക്കുമോ എന്നു ശങ്കിച്ചുപോയാൽ ലവലേശം അത്ഭുതമില്ല.

ഈയൊരവസ്ഥ അന്യനാട്ടുകാൎക്കു ലഭിച്ചതു് അവരുടെ ജന്മാന്തരസുകൃതത്തിന്റെ തികവോ നാഗരികത്വത്തിന്റെ തിളപ്പോ അതോ സ്ഥിരോത്സാഹത്തിന്റെ ശക്തിയോ എന്തുതന്നെയായാലും നമ്മുടെ ഭാഷയ്ക്കു് ഇങ്ങനെയൊരഭ്യുദയം വന്നിട്ടില്ലാത്തതു നമ്മുടെ കൎമ്മദോഷമെന്നേ പറവാനുള്ളു. പാശ്ചാത്യപണ്ഡിതന്മാരിൽ പലരും അന്യവേലയിൽ പ്രവേശിക്കാതെ പുസ്തകമെഴുതീട്ടും പത്രങ്ങളിലേയ്ക്കു ലേഖനം അയച്ചിട്ടും കേവലം ഉപജീവനം കഴിക്കുന്നവരും ധനികത്വം നേടിയിട്ടുള്ളവരും ഉണ്ടു്. എന്നാൽ ഈ നാട്ടിൽ അതിനു ശ്രമിച്ചാൽ നടക്കുമോ എന്നും നടക്കുന്നതായാൽത്തന്നെ ധൈൎയ്യത്തോടുകൂടി ആരംഭശ്ശൂരന്മാരല്ലാതെ പുറപ്പെടുന്നവരുണ്ടാകുമോ എന്നും ഇപ്പോഴത്തെ സ്ഥിതിക്കു വളരെ സംശയമാണു്. ഉപജീവനത്തിന്നു് ഇങ്ങനെ ശ്ലാഘനീയമായ ഒരു വഴിയുണ്ടാ

യാൽ എല്ലാംകൊണ്ടും നന്നായിരുന്നു എന്നേ ഇപ്പോഠം പറവാൻ പാടുള്ളൂ.

ഇത്രയൊക്കെ പറഞ്ഞതുകൊണ്ടു് ഉത്സാഹക്കാറവില്ലായിരുന്നുവെങ്കിൽ ഒരു നിമിഷത്തിൽ സർവ്വജ്ഞപീഠം കയറാറാവുമെന്നാണു് ഞങ്ങളുടെ അഭിപ്രായമെന്നു വായനക്കാർ ശങ്കിച്ചുപോകരുതു്. സ്വഭാഷയിലും സ്വദേശീയന്മാരിലും നിഷ്കളങ്കമായ സ്നേഹമുള്ളവർ താത്കാലികലാഭമൊന്നും ഇച്ഛിക്കാതെ മാതൃകയിലുള്ള ഒരു മാസികയെ അടിസ്ഥാനമാക്കി കത്തുപ്രയത്നിക്കുന്നതായാൽ, ഇന്നല്ലെങ്കിൽ ഒരു കാലത്തു്, 'പിടിച്ച കള്ളിയിൽ' കൊണ്ടുവരാമെന്നേ ഞങ്ങഠം പറഞ്ഞതിനു് അർത്ഥമുള്ളൂ.

മലയാളഭാഷയുടെ ഇപ്പോഴത്തെ നില ത്രിശങ്കുസ്വർഗ്ഗത്തിലാണെന്നോ പരിഷ്കാരത്തിൻെറ പടിവാതില്ക്കലാണെന്നോ, ഇങ്ങനെ വല്ലതും പറഞ്ഞാൽ ഏകദേശമൊക്കെ ഒത്തിരിക്കും: ഇല്ലത്തുനിന്നു പുറപ്പെടുകയും ചെയ്തു, അമ്മാത്തൊട്ടെത്തിയതുമില്ല.

ആദിത്യവർമ്മമഹാരാജാവു്, ശക്തൻ സാമൂതിരിപ്പാടു്, കൊട്ടാരക്കരെത്തമ്പുരാൻ, കടത്തനാട്ടുതമ്പുരാൻ, കോട്ടയത്തുതമ്പുരാൻ മുതലായ വിദ്വച്ഛിരോമണികളും കവിസാർവ്വഭൗമന്മാരുമായിരുന്ന തമ്പുരാക്കന്മാരുടെ കാലം കഴിഞ്ഞതോടുകൂടി മലയാളത്തിൻെറ 'അക്ഷരലക്ഷ'കാലവും അസ്തമിച്ചു. ഇനി മാതൃഭാഷയെ പോഷിപ്പിക്കേണ്ട ഭാരം ഐകമത്യത്തോടുകൂടി നാട്ടുകാരാണു് വഹിക്കേണ്ടതു്. ഇങ്ങനെ ഒരു ചുമതല ഉള്ളതാ

യി ധരിച്ചിട്ടുള്ള നാട്ടുകാർ ഇപ്പോഠം എത്രപേരുണ്ടെന്നു വിരൽ മടക്കുന്നതായാൽ വളരെ നേരം ബുദ്ധിമുട്ടേണ്ടിവരുമെന്നു തോന്നുന്നില്ല. ഗ്രന്ഥകൎത്താക്കന്മാരും പത്രപ്രവൎത്തകന്മാരും കേവലം യാചകന്മാരെന്നു വിചാരിക്കുന്നവരല്ലേ അധികമെന്നുകൂടി സംശയിക്കുന്നു. ആദായത്തിന്നുവേണ്ടി മലയാളലേഖനങ്ങഠം എഴുതുന്നതു നികൃഷ്ടമാണെന്നുകൂടി ചിലർ ഉറച്ചിട്ടുണ്ടു്. സൎക്കാരുദ്യോഗസ്ഥന്മാൎക്കും വക്കീലന്മാൎക്കും വൈദ്യന്മാൎക്കും അവരവരുടെ അറിവിനെ ഉപയോഗിച്ചു് ഉപജീവനം കഴിക്കാമെങ്കിൽ ലേഖകന്മാരും വിദ്യകൊണ്ടു വയറുനിറയ്ക്കുന്നതിൽ എന്തനൗചിത്യമാണുള്ളതെന്നു ഞങ്ങഠംക്കു മനസ്സിലാവുന്നില്ല.

അപരിചിതനായ ഒരുവൻ ഒരു ജനസംഘത്തിൽ പ്രവേശിച്ചു് അവരുടെ ദൃഷ്ടികഠംക്കു പാത്രമായിത്തീരുമ്പോഠം ഓരോരുത്തർ അവരവരുടെ സരസ്വതീവിലാസം പോലെ അവനെ സ്തുതിക്കുവാനും ദുഷിക്കുവാനും തുടങ്ങുന്നതു ലോകസ്വഭാവമാണു്. ഇങ്ങനെ പ്രസംഗിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു കേട്ടുകേഠംപ്പിച്ചു് ഈ ആഠം ഒരു പ്രസിദ്ധപുരുഷനാണെന്നു പരക്കെ അറിവാൻ സംഗതിവരുമ്പോഠം ആദ്യം ദോഷങ്ങളെന്നു തോന്നിയതൊക്കെ ഗുണങ്ങളായിട്ടു പരിണമിക്കും. പേരുവെച്ചെഴുതാത്തവരോ അപരിചിതന്മാരോ ആയ ലേഖകന്മാരെയും ഈ വിദ്വാനെയും തമ്മിൽ സാമ്യപ്പെടുത്തുന്നതിൽ വലുതായ അബദ്ധമൊന്നും വരുവാൻ വഴിയില്ല. പേരു വെയ്ക്കാത്തവൻ പ്രശസ്തനാണെന്നറിയുകയാ അപരിചി

തൻ വാസ്തവത്തിൽ പരിചിതനാണെന്നു വരികയാ ചെയ്യുമ്പോൾ വാചകംതോറും വരിതോറും സാരോപദേശങ്ങളും അൎത്ഥഗൎഭിതങ്ങളായ പദങ്ങളും നിരന്തരമായി ഉദിച്ചുതുടങ്ങും. സൂക്ഷ്മത്തിൽ ഇതിന്നുള്ള കാരണം ലേഖനങ്ങൾ ആദ്യന്തം ക്ഷമയോടുകൂടി ശ്രദ്ധവെച്ചു വായിക്കുന്നതിൽ വായനക്കാൎക്കുള്ള വൈമനസ്യമാണു്.

ഓരോ ലക്കത്തിൽ പലതരം വിഷയങ്ങൾക്കു സ്ഥലം കൊടുക്കുവാൻവേണ്ടി ഒരു വിഷയത്തെ പല തവണയായി പ്രസിദ്ധംചെയ്യേണ്ടിവരുന്നേടത്തു ചിലപ്പോൾ രസഭംഗത്തിന്നു വഴിയായിത്തീരുന്നുണ്ടു്. ഇങ്ങിനെ വരുന്ന സംഗതികളിൽ ലേഖകന്മാർകൂടി അല്പമൊന്നു സഹായിക്കുന്നതായാൽ വിഷയപ്രതിപാദനത്തിന്നു ന്യൂനത സംഭവിക്കാതെ ഈ ദോഷം ഒരുവിധം പരിഹരിക്കാമെന്നാണു് ഞങ്ങളുടെ അഭിപ്രായം. പത്രരംഗത്തിൽ പുതുതായി പ്രവേശിക്കുന്ന വിദ്യാൎത്ഥികളോടു ഞങ്ങൾക്കു രണ്ടു വാക്കു പറയാനുണ്ടു്. വിഷയത്തെ നല്ലവണ്ണം ഗ്രഹിച്ചു മനോധൎമ്മത്തെ വേണ്ടവഴിക്കു തിരിച്ചു്, ശബ്ദത്തിന്നുവേണ്ടി അൎത്ഥത്തെ ദണ്ഡിപ്പിക്കാതെ ഉപന്യാസമെഴുതുവാൻ ഉദ്യമിക്കുന്നതായാൽ അവരവൎക്കും മററുള്ളവൎക്കും അധികം ഉപകാരമായിത്തീരുന്നതാണു്. ഈ വാസ്തവമറിയാതെ ഉദ്ദിഷ്ടവിഷയത്തെ പോയവഴിക്കു തെളിക്കുമ്പോഴാണു് പത്രാധിപന്മാൎക്കു കഷ്ടപ്പാടിന്നും ലേഖകന്മാൎക്കു മനസ്താപത്തിന്നും ഇടയായിത്തീരുന്നതു്.

കാലത്തിന്റെ ഗതിവേഗത്തെക്കുറിച്ചു വ്യസനിക്കാത്തവർ നരലോകത്തിലുണ്ടെങ്കിൽ അതു് എത്രയോ

ദുല്ലഭം. എന്നാൽ കാലദുൎവ്യയം ചെയ്യാതെകണ്ടു വല്ലവരും ഉണ്ടെങ്കിൽ അതും അത്രമാത്രം അപൂൎവ്വമാകുന്നു. അതുപോലെതന്നെ പരിമിതമായ പുരുഷായുസ്സു കാലചക്രംകൊണ്ടു കടന്നുകളയുമ്പോളുണ്ടാകുന്ന മനോവേദനാ ദിവസത്തിൽ ഒരു തവണയെങ്കിലും അനുഭവിക്കാത്തവരുണ്ടെങ്കിൽ അവർ മനുഷ്യവൎഗ്ഗത്തിൽ ഉൾപ്പെട്ടവരായിരിക്കയില്ല. എന്നാൽ ഉദിച്ച സൂൎയ്യൻ അസ്തമിക്കേണ്ടെന്നും അസ്തമിച്ച സൂൎയ്യൻ ഉദിക്കേണ്ടെന്നും വിചാരിക്കുന്നവരുണ്ടോ? അതും കാണുന്നില്ല. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ വികാരഭേദങ്ങൾ സാമാന്യജനങ്ങളിൽ വരുവാൻ തക്കതായ കാരണവും ഇല്ലെന്നു പറഞ്ഞുകൂടാ. ത്രികാലമദ്ധ്യത്തിൽ ഇരുന്നുകൊണ്ടു് ഇരുപുറവും തിരിഞ്ഞുനോക്കുന്ന ഒരുവൻ കഴിഞ്ഞ കാലം നന്നായിട്ടും ഉള്ള കാലം അതിന്നു വിപരീതമായിട്ടും വരുവാൻ പോകുന്നതു സംശയഗ്രസ്തമായിട്ടും കാണുമ്പോൾ അവന്നു ഭൂതകാലത്തിൽ പ്രേമവും വൎത്തമാനകാലത്തിൽ വിരക്തിയും ഭാവിയിൽ ഉത്കണ്ഠയും ഒരേസമയത്തു തോന്നുന്നതിൽ അത്ഭുതമില്ല. ആശാഭംഗം കാലത്തിന്റെ ശീഘ്രഗതിയെയും ആശാബന്ധം അതിന്റെ മന്ദഗതിയെയുമാണു് ഓൎമ്മപ്പെടുത്തുന്നതു്. ഉദ്ദിഷ്ടകാലത്തിന്നിടയ്ക്കു വിചാരിച്ചതു മുഴുവൻ സാധിക്കുവാൻ കഴിയാഞ്ഞതുകൊണ്ടു കഴിഞ്ഞ കാലം ദീൎഘിക്കാമായിരുന്നുവെന്നും, വിചാരിക്കുന്നതു മുഴുവനും സാധിച്ചുകാണുവാനുള്ള തിടുക്കംകൊണ്ടു ദൂരത്തിൽ മങ്ങിക്കിടക്കുന്ന കാലം വേഗത്തിൽ സമീപിച്ചാൽകൊള്ളാമെന്നും തോന്നുന്നതു ലോകസ്വഭാവമാണു

ല്ലോ. ഈ വസ്തുത നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ളവർ മാസികാഭാരവാഹികളുടെ താത്കാലികമായ ഉൾക്ഷോഭത്തെ മനസ്സിലാക്കുവാൻ വളരെ പ്രയാസമുള്ളതല്ല.

മറുഭാഷയിൽ പ്രതിപത്തിയുള്ളവർ സ്വഭാഷയിൽ വിരക്തി വേണമെന്നില്ലെന്നൊരു നിയമം സർവ്വകലാശാലയിൽനിന്നു പുറപ്പെടുകയും പത്രപ്രവർത്തകന്മാർക്ക് അവരുടെ നിരന്തരോത്സാഹംകൊണ്ടും നിർവ്യാജവൃത്തികൊണ്ടും പത്രങ്ങളുടെ ആന്തരഗുണംകൊണ്ടും പത്രബന്ധുക്കളിൽ സ്ഥിരമായ വിശ്വാസം ജനിപ്പിക്കുവാൻ സാധിക്കുകയും ചെയ്യുന്നതുവരെ പത്രാധിപന്മാർക്കും മാനേജർമാർക്കും ചില, അഥവാ പല, കഷ്ടനഷ്ടങ്ങളും സംഭവിച്ചേയ്ക്കാം. പത്രക്കളത്തിൽ കടന്നു കളിക്കുവാൻ കച്ചകെട്ടിപ്പുറപ്പെടുന്നവർ തടുക്കേണ്ടവയായ വൈഷമ്യങ്ങൾ കാണാതെപോയാൽ അതുകൊണ്ടു വരുന്ന ദോഷങ്ങൾക്കു മറ്റുള്ളവരെ കുറ്റംപറഞ്ഞിട്ടു കാര്യമില്ല. മർമ്മം കണ്ടു കൊടുക്കുവാൻ ശ്രമിക്കുന്നവർ മർമ്മംനോക്കി തടുക്കുവാനും പഠിച്ചിരിക്കണം. അതു ശ്രുപമില്ലാത്തതുകൊണ്ടു വരുന്ന പരാജയം ഭാഗ്യക്കുറവല്ല; നോട്ടക്കുറവാണ്. എന്നാൽ 'ചാതിക്കാരം പിടിക്കേണ്ടവർ' പക്ഷം പിടിക്കുകയും 'ചേരിയിൽ ചേർന്നവർ' ചാഞ്ചല്യം തുടങ്ങുകയുമെന്നു വരുമ്പോൾ ആലോചിക്കുവാനുള്ള കാലമായി.

മാസികകളുടെ സംഖ്യ വർദ്ധിച്ചും ഭാഷാഭിമാനികളുടെ ഏകോപിച്ചുള്ള പ്രയത്നം ക്ഷയിച്ചും എഴുതാവുന്ന ലേഖകന്മാരുടെ എണ്ണം കുറഞ്ഞും വന്നുചേരുന്ന ലേഖനങ്ങളുടെ വണ്ണം കൂടിയും അർത്ഥം അഴഞ്ഞും വാക്കു കുഴ

ഞ്ഞും ഇരിക്കുന്ന കാലംവരെ മാസികാപ്രവൎത്തകന്മാക്കും മലയാളഭാഷയ്ക്കും ഈ ദൂലാമാലയിൽ കിടന്നു് എത്തും പിടിയും കിട്ടാതെ നട്ടംതിരിയുകയേ നിവൃത്തിയുള്ളൂ. എന്നാൽ സഹായം മുമ്പും പുഷ്ടി പിമ്പും എന്ന നില വിട്ടു പരാപേക്ഷ കൂടാതെ ആത്മപ്രയത്നംകൊണ്ടു മാസികയെ പോഷിപ്പിച്ചു വരിക്കാരെ വശീകരിക്കയും ലേഖകന്മാരെ കൈയഴച്ചാകർഷിക്കുകയും ചെയ്കയാകുന്നു ഈ വൈഷമ്യത്തിന്നൊരു നിവൃത്തിമാൎഗ്ഗം. ധ്വജം പ്രതിഷ്ഠിച്ചശേഷം ക്ഷേത്രം പണിയുന്നതു വിഹിതമല്ലെങ്കിലും മന്ത്രവും തന്ത്രവും കാലത്തെ അനുസരിച്ചിരിക്കുന്നതാണു്.

ഇളകിക്കിടക്കുന്ന പൂഴി പറപ്പിക്കുവാൻ ഒരിളംകാററുണ്ടായാൽ മതി. കൂടിക്കിടക്കുന്ന കുന്നു കൊടുങ്കാററുകൊണ്ടും കുലുങ്ങുന്നതല്ല. ഒററപ്പെട്ടാൽ സമുദായമില്ല; ജാതിയുമില്ല; തമ്മിൽത്തമ്മിൽ ഇണക്കമില്ലെങ്കിൽ ലോകവുമില്ല. ക്ഷുദ്രങ്ങളായ തേനീച്ചകളുടെ പ്രയത്നത്തിന്റെ ഫലമാണു് നാം അനുഭവിക്കുന്ന തേൻ. ഭഗീരഥൻ ഒരു ദിവസംകൊണ്ടല്ല ആകാശഗംഗയെ ഭൂതലത്തിൽ കൊണ്ടുവന്നിട്ടുള്ളതു്. യോഗബലം, ഉത്സാഹശക്തി, സ്ഥിരപ്രയത്നം—ഇവയുടെ യോഗമാണു് വിജയത്തിന്റെ ബീജം. ഈ തത്വം അറിയാതെയോ അറിഞ്ഞുകൊണ്ടല്ലെങ്കിലും അനുസരിക്കാതെയോ ചെയ്യുന്ന ഉദ്യമങ്ങൾ ഫലപ്രദങ്ങളായിത്തീരുന്നതല്ല.

പ്രയത്നങ്ങൾതന്നെ ഉദ്ദേശത്തിന്റെ വ്യത്യാസംപോലെ പലവിധത്തിലുമുണ്ടു്—സ്വാൎത്ഥം, സ്വാൎത്ഥപരാൎത്ഥം, പരാൎത്ഥസ്വാൎത്ഥം, പരാൎത്ഥം. ഇതിൽ ഒന്നാമ

ത്തേതു നികൃഷ്ടവും സുലഭവും നാലാമത്തേതു് ഉത്കൃഷ്ട
വും ദുർല്ലഭവുമാകുന്നു. സ്വാർത്ഥത്തെ മുൻനിർത്തി പരാർത്ഥമാ
യി യത്നിക്കുന്നവരുടെ ആകത്തുക അവരെക്കൊണ്ടുണ്ടാ
കുന്ന ഉപകാരത്തിന്റെ ശക്തിയിൽ കവിഞ്ഞതാണു് നി
ല്ക്കുന്നതു്. പരാർത്ഥം പ്രധാനമാക്കി പ്രയത്നിച്ചു സ്വാർത്ഥ
വുംകൂടി കരസ്ഥമാക്കുന്നവനെയാണു് ലോകത്തിൽ ഗു
ണവാൻ എന്ന പേരിനു് അർഹനായി ഗണിച്ചുപോരു
ന്നതു്. സാധാരണലോകത്തിൽ സകലഗുണങ്ങളും തി
കഞ്ഞിട്ടു് എന്തെങ്കിലും ഒന്നുണ്ടെങ്കിൽ അതു് ഇതുവരെ
പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിട്ടില്ല. പ്രാണനെ ഉപേക്ഷിച്ചു
പാമ്പിനെ രക്ഷിച്ച ജീമൂതവാഹനനെ നാടകത്തിൽ
കേട്ടിട്ടുള്ളതല്ലാതെ നാട്ടകത്തു കണ്ടിട്ടില്ല. കാഷായവ
സ്ത്രം ധരിച്ചു മോഷണം ചെയ്യുന്ന വകക്കാരെ കാട്ടിൽ
കടന്നാലും കണ്ടുകിട്ടുന്നതാണു്. യശസ്സിന്റേയോ മററു
വല്ലതിന്റേയോ ലാഭത്തിലുള്ള ലോഭംകൊണ്ടുമാത്രം അ
ന്യനു് ഉപകാരമായേക്കാമെന്ന നിലയിൽ നെററി ചു
ളിച്ചു ധനവ്യയം ചെയ്യുന്ന കൂട്ടരാണു് ചേതമില്ലാത്ത ഉ
പകാരം ചെയ്തു ധാടികൊണ്ടു ധർമ്മിഷ്ഠന്മാരായിത്തീരുന്ന
തു്. അന്നം കൊടുത്തു പുണ്യം സമ്പാദിക്കുന്ന സജ്ജന
ങ്ങൾക്കു് അറിയാതെകണ്ടു് ഒരാദായമുണ്ടാകുന്നതുകൊ
ണ്ടു് അവരുടെ ഗുണത്തിൽ കൂടുതലല്ലാതെ കുറവൊന്നും
വരുന്നതല്ല. എല്ലാക്കച്ചവടവും കച്ചകപടമായിക്കൊള്ള
ണമെന്നില്ല. സദുദ്ദേശത്തോടുകൂടി തുടങ്ങുന്ന അപ്രകാര
മുള്ള ഒരേർപ്പാടു ജനങ്ങൾക്കു് ഉപകാരത്തെ ചെയ്തുകൊ
ണ്ടു വല്ല ആദായവും അനുഭവിക്കുന്നുണ്ടെങ്കിൽ അതും ധ

ൎമ്മവിഷയത്തിലേയ്ക്കു ധനശേഖരം ചെയ്യുന്ന കൂട്ടത്തിലായിരിക്കും. ലേഖകന്മാരുടെ സഹായത്തോടുകൂടാത്ത മാസിക, പ്രണവത്തോടുകൂടാത്ത മന്ത്രോച്ചാരണംപോലെ, ഏറക്കുറെ നിഷ്ഫലമായിത്തീരുകയേ ഉള്ളു. മുട്ടുശാന്തി നിവൎത്തിപ്പാനുള്ള ലേഖനങ്ങൾ നിറഞ്ഞ മാസികകൊണ്ടുള്ള ഫലപ്രാപ്തിയും അധികാരഭേദംപോലെ ഭേദപ്പെടുന്നതാണു്.

ആൾഭേദംകൂടാതെ അഭിരുചി ജനിപ്പിക്കത്തക്ക വിഷയങ്ങൾ നിറഞ്ഞ ഒരു മാസിക എന്നെന്നേയ്ക്കും നിലനില്ക്കേണമെങ്കിൽ, ലേഖകന്മാൎക്കു് അടിമപ്പെടാതെ ഒരു നിവൃത്തിയും കാണുന്നില്ല. എടുക്കുന്ന വേല ഉപജീവനമാൎഗ്ഗമായാലേ അതൊരു തൊഴിലായിത്തീരുകയുള്ളു. തൊഴിലായിത്തീൎന്നാലേ വൃത്തിയും വെടിപ്പും വേലയ്ക്കു വരികയുള്ളു. മലയാളഭാഷകളിലേക്കും പത്രങ്ങളിലേക്കും ഗദ്യപദ്യങ്ങൾ എഴുതുന്നതു്, മററുള്ള തൊഴിലുകളെപ്പോലെ, നല്ലൊരു തൊഴിലായി വരുന്നതുവരെ ലേഖനങ്ങളുടെ വരുതിക്കൊരു പൊറുതിയും ഉണ്ടാകുന്നതല്ല.

വിഷയത്തിനു വെടിപ്പും അൎത്ഥത്തിനു തികവും വാചകത്തിനു വടിവുംകൂടിയിണങ്ങീട്ടുള്ള ലേഖനങ്ങൾക്കു തക്കതായ സംഭാവന ലേഖനങ്ങളുടെ അവസ്ഥയറിഞ്ഞു കൊടുക്കേണ്ടതാകുന്നു. പക്ഷേ പാത്രമുണ്ടെങ്കിലല്ലേ പകരുവാൻ തരമുള്ളു? ചോരുന്ന പാത്രം ചേരുന്നതുമല്ല. മാസികയ്ക്കു പിടിപ്പുണ്ടാക്കുന്ന ലേഖനങ്ങളെഴുതേണമെങ്കിൽ അത്രയ്ക്കുമാത്രം പഠിപ്പും പ്രയത്നവും സ്വാധീനത്തിലുണ്ടായിരിക്കണം. അന്യജോലികൊണ്ടു

കാലക്ഷേപം ചെയ്യുന്നവക്ക് പഠിപ്പുണ്ടായാലും പ്രയത്നിപ്പാൻ സമയമുണ്ടാകുന്ന കാര്യം കഷ്ടി. ഈ രണ്ടു സാമഗ്രികളും വേണ്ടതിലധികം കൈവശമുള്ളവർ നാടെങ്ങും ലേഖനങ്ങൾക്കവേണ്ടി തേടിനടക്കുന്ന പത്രപ്രവർത്തകന്മാരുടെ ശല്യം സഹിക്കുവാൻ വയ്യാഞ്ഞിട്ടോ പക്ഷഭേദം നടിക്കുവാൻ ധൈര്യമില്ലാഞ്ഞിട്ടോ മൗനം ദീക്ഷിച്ചു പോരുന്നതായിട്ടാണു് സാധാരണ കണ്ടുവരുന്നതു്. അവരുടെ കണ്ണുകൾ കനകം കണ്ടാൽ കുളിക്കുമെന്നു വിചാരിക്കുവാൻ തക്ക വകതിരിവുകേടോ കനകാഭിഷേകം ചെയ്യാനുള്ള വകയോ ഞങ്ങൾക്കുണ്ടെന്നു പറയാവുന്നതുമല്ല. മേല്പറഞ്ഞ തരക്കാരുടെ ലേഖനങ്ങൾ നീക്കിയാൽ 'പോരാ', 'വേണ്ടാ', 'വയ്യാ', 'അരുതു്' എന്നു തുടങ്ങിയുള്ള പത്രാധിപക്കുറിപ്പുകളോടുകൂടി ചവറുകൊട്ടയിൽ തള്ളിവിടേണ്ടവയാണു് ബാക്കിയുള്ള മിക്ക ലേഖനങ്ങളും. മാസികാപ്രവർത്തനത്തിൽ മലയാളഭാഷയുടെ ഈ ദുസ്ഥിതി തീർന്നല്ലാതെ നടത്തിപ്പോരുന്ന മാസികകൾ ഒരുകാലത്തും താനേ നടന്നുതുടങ്ങുന്നതല്ല.

(രസികരഞ്ജിനി, മംഗളോദയം)

# ഒരു കഷ്യാങ്കളി

ഈശാന്തിമംഗലത്തു കൊട്ടാരത്തിനകത്തു തേവാരക്കെട്ടിൽ കഴകഞ്ചേരിത്തുപ്പൻ പുഷ്പാഞ്ജലികഴിഞ്ഞു്, ഭാഗ്യസൂക്തം ജപിച്ചുകൊണ്ടിരിക്കുന്നു. അടുത്തപ്പുറത്തായി പെരുന്തടിച്ചോമാതിരി തലയാട്ടി ജപിച്ചു നമസ്കരിക്കുവാനൊരുങ്ങിക്കൊണ്ടു്, നീട്ടിമടക്കുവാൻ ഭാവിക്കുന്ന ആനയെപ്പോലെ, നാലു കാലിന്മേൽ നടുനിവൎത്തി നില്ക്കുന്നു. തേവാരക്കെട്ടിൽനിന്നു ഹോമപ്പുരയിലേക്കു കടക്കുന്ന കട്ടിളയുടെ ഇടത്തുപുറേയുള്ള ഹോമകുണ്ഡത്തിൽക്കിടന്നു നീറുന്ന തിയ്യിൽനിന്നു തിങ്ങിവിങ്ങിപ്പുറപ്പെടുന്ന പുക പാളവീശറിയെടുത്തു വീശി മാററിക്കൊണ്ടു വൃന്നിലക്കാട്ടു പുരുഷോത്തമൻനമ്പൂരി കാലുകൾ പിണച്ചു മടക്കി മാറോടു ചേൎത്തണച്ചു മേല്പോട്ടു നോക്കുന്നു. ഹോമധൂമവും ഹോമഗന്ധവും ആ ദിക്കൊക്കെ വ്യാപിച്ചിട്ടുണ്ടു്. ജനാലകളുടെ അഴിയിടകളിലൂടെ കടക്കുന്ന സൂൎയ്യരശ്മികൾ ചുഴന്നു കളിക്കുന്ന പുകയിൽ തട്ടി വെള്ളിത്തടികൾപോലെ പ്രകാശമാനങ്ങളായി അവിടെയവിടെ നിലത്തുവന്നു പതിഞ്ഞിട്ടുള്ള കൂട്ടത്തിൽ കഴകഞ്ചേരിയുടെ കുടവസ്തിയും തിലകച്ചാൎത്തുകൊണ്ടു കതിരവൻ

അലങ്കരിച്ചിട്ടുണ്ടു്. പെരുന്തടിസ്സോമയാജിയെ 'മഹാസോമൻ' എന്നു വിളിച്ചുകൊണ്ടു കഴകഞ്ചേരി ഭാഗ്യസൂക്തത്തിന്റെ മേമ്പൊടി ചേൎക്കുവാൻ തുടങ്ങി:

"പൂന്നിലക്കാട്ടും ഞാനും ആയിട്ടു് ഇന്നു കടവിൽ വെച്ചു വലിയ വഴക്കു്."

ഇതിന്നു്, "ഉം?" എന്നൊന്നു മൂളിച്ചോദിക്കുക മാത്രമേ ചോമാതിരിക്കു വേണ്ടിവന്നുള്ളു

"കുളക്കോഴി കരയുന്നതു 'ക┘-ക┘' എന്നാണെന്നു ഞാൻ, അതല്ല 'ഗ┘-ഗ┘' എന്നാണെന്നു പൂന്നിലക്കാട്ടു്. ഓ, കുറെയേറെ നേരമുണ്ടായല്ലോ പൂന്നിലക്കാടിന്റെ ശാഠ്യം. എന്തു പറഞ്ഞാലും കൂട്ടാക്കില്ല."

പൂന്നിലക്കാട്ടു് കഴകഞ്ചേരി അറിയാതെ കലശൽ കൂട്ടുന്ന സമ്പ്രദായം ഓൎത്തു പൊട്ടിച്ചിരിച്ചുകൊണ്ടു സോമയാജി,

"ഒടുക്കം ആർ ജയിച്ചു?" എന്നു ചോദിച്ചു.

"ക്ഷേ സ്പഷ്ടായി 'കുവ്വാ—കുവ്വാ' എന്നു ക്ഷേ പിന്നെ കേട്ടു. പൂന്നിലക്കാട്ടു കുറെയേറെ വിഡ്ഢ്യായോ! പന്ത്രണ്ടാംമാസം. ഉണ്ണുവാൻ രുചിയുണ്ടാകുമോ എന്നുതന്നെ സംശയം."

ഇതു കേട്ടുകൊണ്ടിരിക്കുന്ന പൂന്നിലക്കാട്ടു പുരുഷോത്തമൻനമ്പൂരി തേവാരക്കെട്ടിലേക്കു് എത്തിച്ചുനോക്കിക്കൊണ്ടു്, "തുറസൻ! കുവ്വാക്കുട്ടായാലും കേറാക്കുട്ടായാലും വിഡ്ഢിത്തം പറയാണ്ടു തേവാരം വേഗം കഴിക്കു. അല്ലെങ്കിൽ പന്ത്രണ്ടാംമാസം തുറസനു കൻ—തം. ചോമാതി

രി; എന്റെ ഒക്കെ കഴിഞ്ഞു. ചോമാതിരിക്കു കാലായാൽ പുറപ്പെടാം" എന്നു പറഞ്ഞു സമ്പാതം ആക്കിയിരിക്കുന്ന നൈക്കമ്പളമായി തേവാരക്കെട്ടിൽ കടന്നു.

*            *            *            *

"നിങ്ങടെക്കു കാലമായെങ്കിൽ പുറപ്പെട്ടേക്കു. എന്റെ സ്വാധ്യായം കഴിഞ്ഞിട്ടില്ല. ഞാൻ പിന്നാലെ എത്തിക്കൊള്ളാം. കഴകത്തിനു ആസ്യന്റെ അവിടെ ഓണത്തല്ലിനു ആദ്യവസാനവും വേണ്ടേ?" എന്നു സോമയാജി അമാന്തത്തിൽ കൂടി.

"ചിരച്ച തേങ്ങാക്കന്നിന്മേൽ
നൃത്തമാടുന്നു മേ മനഃ
യഥാ കൈലാസശിഖരേ
ഭഗവാൻ പരമേശ്വരഃ

അങ്ങിനെയല്ലേ പൂന്നിലക്കാട്ട്? എന്നാൽ ഞങ്ങടെ പോണു. സോമൻ നിത്യദാനവും വാങ്ങി വരൂ" എന്നു കഴകഞ്ചേരി മുമ്പിൽ പുറപ്പെട്ടു.

"എന്റെ മനസ്സിപ്പോൾ തേങ്ങാക്കന്നിന്മേലൊന്നുമല്ല. നാലു പാദം കമ്പളിക്കൊണ്ടു വാരത്തിനെത്താൻ തരമുണ്ടോ എന്നാ. ചോമാതിരി, സാമ്പാദം അവിടെ ഇരിക്കുന്നുണ്ടു; മണിയനോടൊന്നു പറഞ്ഞേയ്ക്കൂ." പൂന്നിലക്കാട്ടും കഴകഞ്ചേരിയെ അനുഗമിച്ചു.

മേൽവിവരിച്ച സംവാദം നടന്ന ദിവസം ഈശാന്തിമംഗലദേശത്തു് ഒരു വിശേഷദിവസംതന്നെയായിരുന്നു. പാപ്പിനിമിറ്റത്താഢ്യന്റെ ഇല്ലത്തു് അമ്മയുടെ പന്ത്രണ്ടാംമാസവും അതു പ്രമാണിച്ച പതിവുള്ള

പാനയും കളിയും; അത്യുല്പകടമായിട്ടുള്ള ഇല്ലപ്പേരു പറഞ്ഞാലത്തെ മാററിത്തം ശങ്കിച്ചു നമ്പൂരിമാരുടെ ഇടയിൽ 'ആസ്യൻ' എന്നു് ആഭിജാത്യത്തെക്കുറിക്കുന്ന പേരുകൊണ്ടു മനസ്സിലാക്കിവന്നിരുന്ന കരുതലമൂതലേടത്തിൻെറ വകയായി പതിപാറമ്പുകാവു മൈതാനത്തിൽവെച്ചു പൊടിപാറിയിട്ടുള്ള കാണത്തല്ലു്; ചെമ്പ്രകുന്നത്തു ശിവക്ഷേത്രത്തിൽ പതിവിൻപടിയുള്ള ആണ്ടുവാരം; മാസസ്സദ്യ, വാരസ്സദ്യ, സംഘക്കളി, കൈയാങ്കളി ഇങ്ങനെ നാനാവർണ്ണങ്ങളാക്കം പഞ്ചേന്ദ്രിയങ്ങാക്കം ആബാലവൃദ്ധം അനുഭവിപ്പാനുള്ള വട്ടങ്ങളിൽ പലതും ആ ഒരു ദിവസത്തിൽ ഒതുങ്ങിയിട്ടുണ്ടായിരുന്നു.

ആഢ്യനും ആസ്യനും ആ ദേശത്തു പേരുകേട്ട പ്രമാണികറം. രണ്ടുപേരും ഒത്ത ജന്മികറം. അവസ്ഥ കൂടിയ ദിക്കിൽ എമ്പതിനായിരം പാട്ടത്തിനു വസ്തു. കുറഞ്ഞ ദിക്കിൽ അറുപത്തഞ്ചു പാട്ടവും എമ്പത്തു റൊക്കവും. ആഢ്യൻെറ കാര്യസ്ഥിതി കുറച്ചങ്ങനെയാണു്. ആസ്യൻെറ കാര്യം കുടുകട്ടി. രണ്ടുപേരും തമ്മിൽ കാഴ്ചയിൽ ഇണക്കം; ഉള്ളുകൊണ്ടു പിണക്കം. കണ്ടാൽ കൊണ്ടു ചിരിക്കും, കേട്ടാൽ തുറിച്ചു മിഴിക്കും. ഇരുപക്ഷത്തിലും പററും പാശ്ചവും കൂററുകാരും വേണ്ടുവോളമുണ്ടുതാനും.

കഴകഞ്ചേരിക്ക കൂറുചൊല്ലി ഒരു പക്ഷവും ഇല്ലെങ്കിലും, വാക്കും പ്രവൃത്തിയും ആസ്യൻെറ ഭാഗത്തേയ്ക്കു ചാഞ്ഞിട്ടാണു്. പന്ത്രണ്ടാംമാസത്തിൻെറ എണ്ണംപറഞ്ഞ വിഭവങ്ങറം ഒന്നൊഴിയാതെ ആകണ്ണം കടത്തി

വിട്ടു വീപ്പുമുട്ടി നാലടി വെയ്ക്കുവാൻ നിവൃത്തിയില്ലെങ്കിലും വേഴ്ചക്കായി ആസ്യന്റെ ഇല്ലത്തു്, സദ്യകഴിഞ്ഞ ഉടനേത്തന്നെ, വിയർത്തൊലിച്ചു ചെന്നുകൂടി കാണത്തല്ലിന്റെ ആദ്യവസാനത്തിൽ ചെന്നിരിക്കുന്നു.

നേരം തിരിഞ്ഞു നാലടിയും നാലു വിരലും കഴിഞ്ഞു. പതിപറമ്പിൽ അഹങ്കാരക്കോളിളകിമറിഞ്ഞുതുടങ്ങി. കൈയാങ്കളിക്കു കൊററു, കുട്ടായി, അവതളു, ഈരടിരാമൻ, ആഢ്യന്റെ ചെട്ടി, ആസ്യന്റെ കടപ്പട്ടൻ മുതലായ തലയാളികളൊക്കെ തികഞ്ഞിട്ടുണ്ടു്. ഉച്ചിക്കുടുമ, പിന്നിക്കുടുമ, ചെട്ടത്തല, മൊട്ടത്തല മുതലായ ശിരോവിശേഷങ്ങളൊക്കെ കളരിയുടെ മൂന്നു ഭാഗവും ചുററികെട്ടിയിരിക്കുന്ന ആലാസ്സുകയറിന്റെ പുറമെ തമ്മിൽ തമ്മിൽ കൂട്ടിമുട്ടിയുരസിത്തുടങ്ങി. ഒഴിഞ്ഞ ഭാഗത്തു് ഒരു വിരിപന്തലിന്റെ ചുവട്ടിൽ പുല്പായകളിലും മെത്തപ്പായകളിലും പനമ്പുകളിലുമായി നമ്പൂതിരിപ്പാടന്മാരും നമ്പൂരിമാരും അവസ്ഥാനുസരണം ഇരിക്കുന്നുണ്ടു്. സേവകന്മാരിൽ ചിലർ മുഖഭാവംകൊണ്ടുമാത്രം സർവ്വാധ്യക്ഷത പ്രകടിപ്പിച്ചും ചിലർ യജമാനന്മാരോടു് ആദരപൂർവ്വം മന്ത്രിച്ചും അധികാരികളോടു് ആംഗ്യംകാണിച്ചും മുണ്ടുമുറിക്കുന്ന പാണ്ടിപ്പട്ടരെ ശാസിച്ചും അടുത്തു പിന്നിൽത്തന്നെ ആദ്യവസാനികളായി കൂടിയിരിക്കുന്നു. ശബ്ദംകൊണ്ടും ദേഹംകൊണ്ടും സർവ്വവ്യാപിയായായിട്ടു കഴകഞ്ചേരിയും കൂടിയിട്ടുണ്ടു്.

തല്ലു തുടങ്ങി. ആദ്യം വടക്കെ ചേരിയിലുള്ളവർ കളരിയിൽ ഇറങ്ങി ആർത്തുവിളിച്ചു ചോടുവെച്ചു കളിച്ചു

കയറി. അതുപോലെതന്നെ തെക്കേച്ചേരിക്കാരും ഇംങ്ങിക്കളിച്ചു പോരിനുവിളിച്ചു പിൻവാങ്ങി. അതിനുശേഷം അവിടെയവിടെ കൂട്ടംകൂട്ടമായി കുറെ ആലോചന നടന്നതിൻെറ ഫലമായിട്ട് ഇരുചേരിയിൽനിന്നും ഓരോ 'ചാതിക്കാരൻ' കയറുകവച്ചു കളത്തിൽ ചാടി അങ്ങേത്തേയ്ക്കു തിരിഞ്ഞു നീട്ടിവലിച്ചു തൊഴുതു. ഉടനെത്തന്നെ രണ്ടു ചെറുമല്ലന്മാരും ചാടിക്കടന്നു മെയ്യുംപ്പിച്ച് അരങ്ങുതൊഴുതു വന്ദിച്ചു നിലംതൊട്ടു തലയിൽ വെച്ചു പോക്കളി തുടങ്ങി. ഓടിച്ചാടിനടന്നു നാലുചാൽ കളിച്ചു രണ്ടുപേരും അടുത്തുകൂടി കൈകോർത്തുപിടിച്ചു പിരിഞ്ഞുനിന്നു. പുറവും മുഴങ്ങിയിരുന്ന കളകളശബ്ദം തത്സമയത്തു കുറഞ്ഞൊന്നു ശമിച്ചു. എന്നാൽ കാണികളുടെ ഔത്സുക്യംകൊണ്ടുണ്ടായ ഈ ശാന്തഭാവം വളരെ നേരത്തേയ്ക്കു നിലനിന്നില്ല. ഇടത്തെ കൈപ്പടം മൂക്കിനുനേരെ വിറപ്പിച്ചുകൊണ്ടും വലത്തുകൈ തുടമേലടിച്ചു വീശിക്കൊണ്ടും നിന്ന ബാലവീരന്മാർ അടവും തടവും വിട്ട്, പിടിയും വലിയും പൊത്തിപ്പിടിയും തുടങ്ങി. പടക്കുററന്മാരായ ചാതിക്കാർ അരനിമിഷംകൊണ്ട് അവരെ വിലക്കിനിർത്തീട്ട് ആസ്യൻെറ നേരെ നോക്കി, "പിള്ളരെ ഇനി തല്ലാൻ അനുവദിക്കണോ ആവോ," എന്നു ചോദിച്ചു.

'കശപിശ കലശല്. ഇനി വേണ്ടെ,' എന്ന നിരോധനകല്പന വിരലുകളെക്കൊണ്ട് ആസ്യൻ ഏററിക്കൊടുത്തു. ഈരണ്ടു കട്ടിപ്പാവുമുണ്ടു സമ്മാനവും എറിഞ്ഞുകൊടുത്തു. ഗണപതിക്കൈ ഇങ്ങനെ കലാശിച്ചു.

രണ്ടാമതു തെക്കെ ചേരിയിൽനിന്നു് ഒരു ചെറുപ്പക്കാരൻ മാപ്പിള ഇറങ്ങി കളിച്ചുതുടങ്ങിയപ്പോൾ കുടമമുമ്പോട്ടു തുത്തുകെട്ടി ചിറപ്പുപോലെ വിടർത്തി ഭംഗിയാക്കിക്കൊണ്ടു വടക്കേ ചേരിയിൽനിന്നു് അതേ പ്രായത്തിൽ ഒരു നായരും കടന്നുവന്നു. അടിച്ചുകേറി, തടുത്തുമാറി, കൊടുത്തുവാങ്ങി, ഒരു മുറ അവർ നല്ലവണ്ണം തല്ലി. രണ്ടുപേരും ഒരു മാതിരി കിടപിടിച്ചുനിന്നുവെങ്കിലും മാപ്പിളയ്ക്കാണു് കുറച്ചുകോട്ടം പററിയതു്. അവരുടെ പക്ഷപാതികൾ തമ്മിൽ കുറേനേരം വാഗ്വാദം നടന്നതിന്റെശേഷം ആദ്ധ്യന്റെ സമ്മതപ്രകാരം അവർതന്നെ ഒരു മുറകൂടി തല്ലട്ടെ എന്നു തീർച്ചപ്പെടുത്തി. നായർ ചൊടിച്ചു കയർത്തുകേറി തുടങ്ങിയതു കണ്ടു മാപ്പിള അടിക്കടി പിൻവാങ്ങി ചേരി മുട്ടാറായപ്പോൾ വലംകൈ വീശി മാററാന്റെ ഇടത്തെ കൈപ്പലയ്ക്കൊരു താങ്ങു താങ്ങി. നായർ വലത്തെ പള്ളയടിച്ചു നിലത്തുവീണു. തെക്കേ ചേരി മുഴുവനും സന്തോഷംകൊണ്ടു് ആർത്തുവിളിച്ചുതുടങ്ങിയപ്പോൾ മറുപക്ഷത്തിൽനിന്നു ദുസ്തർക്കം പുറപ്പെടുവിക്കുവാൻ തുടങ്ങുന്നതിനുമുമ്പു രണ്ടുപേർക്കും ഒരുപോലെ സമ്മാനം കൊടുത്തു പിരിച്ചു. ഇതു രണ്ടു കൂറുകാർക്കും പിടിച്ചില്ല. ഉടനെ ഇവരുടെ ഗുരുനാഥന്മാരായ അവതളയും ഈരടിരാമനും രംഗവന്ദനം, ഗുരുമോദനം, ആടിക്കളി, മാടിവിളി മുതലായ കയ്യാങ്കളി മര്യാദകളൊക്കെ കഴിച്ചു തല്ലാനൊരുങ്ങിനിന്നുകഴിഞ്ഞു. തഞ്ചം നോക്കിത്തടുത്തും ആയം കണ്ടു കൊടുത്തും ദൃഷ്ടി പതറാതെ നാലു മുറ ഇവർ അടിച്ചുതീർന്നപ്പോഴേയ്ക്കും

നേരം വൈകിയതുകൊണ്ടു തത്കാലം അവരുടെ തല്ല് അവസാനിപ്പിച്ചു. ജയാപജയങ്ങൾ തീരുമാനിക്കുവാൻ ഇടയായില്ല. കാണികൾക്കു കണ്ടു മതിയായതുമില്ല. അവക്കുള്ള സമ്മാനം ഓരോ കഴുക്കൻ മോതിരവും നന്നാലു പാവുമുണ്ടുമായിരുന്നു.

പ്രമാണികളുടെ പുറപ്പാടോടുകൂടി തല്ലിന്റെ തരവും ഗുണവും മേല്ക്കുമേൽ വർദ്ധിച്ചുതുടങ്ങിയപ്പോൾ, കുറുമത്സരം വർദ്ധിച്ചു ജനങ്ങൾക്കു നിലയുറയ്ക്കാതായി. വൻകിടക്കാരിൽ പിന്നെ ഇറങ്ങിയതു കൊററുവും കുട്ടായിയുമായിരുന്നു. അവക്കു പ്രായം കുറെ കടന്നതുകൊണ്ടു പ്രവൃത്തിയിലധികം നാട്യമായിട്ടാണ് കഴിഞ്ഞുകൂടിയത്. പ്രസിദ്ധിക്കൊത്ത സമ്മാനംകൊണ്ട് അവരെയും ബഹുമാനിച്ചു പിരിച്ചു.

"നേരം പോയി. ഇനി പോതി വരട്ടെ" എന്ന് ആസ്യൻ കല്പിക്കുന്നതു കേട്ട്, ആഢ്യൻ ചെട്ടിയുടെ നേരെ ഒന്നു നോക്കി. കാണികളുടെ നില പെരുവിരലിന്മേലായി. ദൃഷ്ടികളൊക്കെ വിരിപന്തലിന്റെ ഇരുപുറവും പാഞ്ഞെത്തു. മാർവിരിഞ്ഞ്, അര കുടുകി, കൈകൾ മുട്ടുവരെ നീണ്ട്, വെളുത്തു പൊക്കത്തിൽ ഒരു തികഞ്ഞ ശരീരം പന്തലിന്റെ തെക്കേ അററത്തുള്ള കാലിന്റെ അടുക്കൽനിന്നും, കറുത്തുമെലിഞ്ഞു കുള്ളനായ ഒരാൾ വടക്കെ അററത്തുനിന്നും നമ്പൂതിരിമാർ ഇരിക്കുന്നതിന്റെ ഇരുവശത്തുടെ അടങ്ങിയൊതുങ്ങി കളത്തിൽ ഇറങ്ങിനിന്നു. ഇതിൽ ആദ്യത്തേവനാണ് ചെട്ടി. രണ്ടാമത്തേവനാണ് കുടപ്പട്ടൻ.

കഴകഞ്ചേരിത്തുപ്പൻ എഴുന്നേററുനിന്നു—ഉണ്ണിനമ്പൂതിരിമാർ പനമ്പൊക്കെ മുമ്പാക്കം വലിച്ചിട്ടു. ആഢ്യന്റെ വഡ്ഢിയും ആസ്യന്റെ ആസനവും ഒന്നിളകി. വേലുവും പോതിയും കളമധ്യത്തിൽ എത്തി. മെയ്യിൽ താഴ്ന്നുനിന്നു ബ്രാഹ്മണരെയും വലംതിരിഞ്ഞു ദിക്പാലകന്മാരെയും തൊഴുതു വന്ദിച്ചു്, മുമ്പും പിമ്പും മറിഞ്ഞു്, കാലും നിലവും തൊട്ടു തലയിൽവെച്ചു്, അങ്കമാടിക്കേറികഴിഞ്ഞു തല്ലു തുടങ്ങിയപ്പോൾ രണ്ടു നാഴികപ്പകൽ കഷ്ടി. അടിച്ചുകീറി രണ്ടാലൊന്നു തീർച്ചപ്പെടുത്തുവാനുള്ള തിടുക്കത്തേക്കാൾ, മർമ്മം കണ്ടു തീർത്തുകൊടുക്കുവാനുള്ള മോഹം ഇവർക്കു കൂടിയിരുന്നതിനാൽ തല്ലിലധികം തടവായിട്ടു് കുറെ അധികനേരം കഴിഞ്ഞു. പോതി വരാഹവടിവിൽ ഓങ്ങിയടുക്കുമ്പോൾ ചെട്ടി കമ്പത്തായത്തിൽ ഇറങ്ങി നീണ്ട കാൽ ഊന്നി മടക്കി ദേഹം പിന്നോക്കം വലിക്കും. ചെട്ടി കൈകയോങ്ങുമ്പോൾ മററവൻ തടുത്തു മാറിമറിഞ്ഞു നില്ക്കും. ഒരിക്കൽ തരംനോക്കി, പോതി ചെട്ടിയുടെ മുട്ടിന്മേൽ ചവുട്ടിക്കയറി 'ഇയ്യത്തട' എന്നു വീരനാദം മുഴക്കിക്കൊണ്ടു് ഓതിരവും കടകവും അടിച്ചു ഞൊടിയിടകൊണ്ടു മറിഞ്ഞു പിന്നോക്കം മാറി. ആസ്യന്റെ കൂറുകാരായ വടക്കേച്ചേരി ആർപ്പുവിളിക്കുന്നതു കേട്ടു് ആഢ്യനും ചെട്ടിയും അന്യോന്യം ഒന്നു നോക്കി. നീണ്ട കൈകൾ രണ്ടും അയച്ചു് തൂക്കിയിട്ടു് 'ഇവനെന്തു നിസ്സാരൻ' എന്ന നാട്യത്തിൽ ചെട്ടി എതിരാളിയെ നോക്കി നില ഉറപ്പിച്ചു. കടപ്പുട്ടൻ രണ്ടാമതും അടുത്തപ്പോൾ, ചെട്ടി ര

ണ്ടു കൈകളും കൂട്ടി ഗദകൊണ്ടു് ആ പാവച്ച ചോതിയുടെ നിറന്തലയിൽ ബലം മുഴുവനും പ്രയോഗിച്ചു. തടുക്കുവാൻ ശ്രമിച്ച കൈകളും തലയിൽവെച്ചു കടപ്പട്ടൻ ബോധംകെട്ടു് അവിടെ വീണു.

ആസ്യന്റെ ചേരി ഇളകി കയറിന്റെ ഉള്ളിലായി. ആഢ്യന്റെ ചേരിയുംകൂടെക്കടന്നു. രണ്ടു ചേരികളും കലങ്ങി, തല്ലുവാനുള്ള വട്ടം കൊല്ലുവാനായിത്തീർന്നു. കളിമൂത്തു കളം കലഹത്തിലായപ്പോൾ ആഢ്യനെ കണ്ണികാണ്മാനില്ല. പുരുഷാരം കിടന്നങ്ങനെ ഇരമ്പുന്നതിന്നിടയ്ക്കു പല വിധത്തിലുള്ള പരുഷവാക്കുകളും കഴകഞ്ചേരി ഉച്ചത്തിൽ സംസാരിക്കുന്നതും കേൾപ്പാനുണ്ടു്: "മര്യാദകെട്ടവർ. വേണ്ടാ, വേണ്ടാ എന്നു ഞാൻ അപ്പോൾത്തന്നെ പറഞ്ഞില്ലേ? ആഢ്യന്റെ മാസം! ചോതിയുടെ പിണ്ഡവും ആഢ്യൻതന്നെ വെയ്ക്കട്ടെ. കഷ്ടം, കഷ്ടം! ഇതു കണ്ടുകൊണ്ടു് എനിക്കിവിടെ നില്ക്കവയ്യേ!" എന്നു ശുദ്ധഹൃദയനായ കഴകഞ്ചേരി 'ചിന്നികൾ' അമർത്തിപ്പിടിച്ചു കീഴ്പ്പോട്ടു നോക്കി നില്ക്കുന്നതു കണ്ടു് അടുത്തു നിന്നിരുന്ന ഒരു ചെറുപ്പക്കാരൻ പറഞ്ഞു: "തിരുമേനി വ്യസനിക്കേണ്ടാ. അടിയൻ പകരം ചോദിച്ചേ ഇരിക്കുള്ളൂ. കയ്യാങ്കളിയുടെ പിന്നാലെ സംഹലക്കളി."

ആസ്യൻ അപ്പോഴയ്ക്കും ഒരു വിധത്തിൽ തന്റെ കൂറുകാരെ സമാധാനപ്പെടുത്തി. "പാരത്തിന്നെന്താണു്? കളിക്കുവാൻ നേരമായി വരൂ." എന്നു പറഞ്ഞു കഴകത്തിനെയും കൂട്ടിക്കൊണ്ടുപോയി. കോലാഹലം ഒതുങ്ങു

വാൻ പിന്നെയും കുറച്ചുനേരം വേണ്ടിവന്നു. കാൽ നാഴികപ്പുകലുള്ളപ്പോൾ എല്ലാവരും പിരിഞ്ഞു തുടങ്ങി. ആ സമയത്തു്,

"പാരണക്കരം വെന്ന തിരുത്തുട തൊഴുന്നേൻ,
വളർച്ചെപ്പോടിടഞ്ഞീടും മുഴങ്കാൽ കൈതൊഴുന്നേൻ,
കേതകീമലരൊത്ത കണങ്കാൽ കൈതൊഴുന്നേൻ,
കേവലം പുറവടിവിരൽനഖം തൊഴുന്നേൻ,
മുടിതൊട്ടങ്ങടിയോളമുടൽ കണ്ടു തൊഴുന്നേൻ"

എന്നും മററുമായി ആഢ്യന്റെ ഇല്ലത്തുനിന്നു സംഘക്കാർ ചെമ്പുകൊട്ടിയാക്കുന്ന പാട്ടും ഒച്ചയും കേൾപ്പാനുണ്ടു്.

അതു കേട്ടു്, 'കാണിച്ചു കൊടുക്കാം' എന്നു പിറുപിറുത്തുകൊണ്ടു് നാലഞ്ചാളുകൾ ചേർന്നു് ഒരു യോഗം കടപ്പട്ടൻചോതിയെ പതിപറമ്പിലുള്ള ഒരു പൊട്ടക്കുളത്തിലിട്ടു വലിക്കുന്നു.

(ഭൂതരായർ)

# മണിപ്രവാളശാകുന്തളം

## (അവതാരിക)

സംസ്കൃതമായ രഘുവംശകാവ്യം കാളിദാസമഹാകവിതന്നെ ഭോജസദസ്സിൽ വായിച്ചുകേൾപ്പിച്ചുകൊണ്ടിരുന്നപ്പോൾ 'നിർദ്ധൗതദാനാമലഗണ്ഡഭിത്തിർവ്വന്യൈഃ സരിത്തോ ഗജ ഉന്മമജ്ജ' എന്ന ശ്ലോകത്തിലെ 'സരിത്തോ' എന്ന ശബ്ദപ്രയോഗം കേട്ടു സദസ്യന്മാരായ പണ്ഡിതപ്രവരന്മാരിൽ പലരും നെററിചുളിച്ചതായും അർത്ഥഗതിക്കു ഭംഗംപററാതെ ശബ്ദംമാത്രം വേണ്ടപാടു ഭേദപ്പെടുത്തുവാനുള്ള ഭാരം സദസ്യന്മാരിൽത്തന്നെ കാളിദാസൻ സമർപ്പിച്ചതായും താഴെ പറയുംപ്രകാരം മാററങ്ങൾ ചെയ്യാൻ അവർ ചെയ്ത ശ്രമം മാററിത്തത്തിൽ പര്യവസാനിച്ചതായും ഒരു ഐതിഹ്യം കേട്ടിട്ടുണ്ടു്.

'സരിത്തഃ' എന്ന പദത്തിനു പകരം 'തടിന്യാഃ' എന്ന പദമാണു് ഉപയോഗിച്ചുനോക്കിയതു്. ഈ പ്രയോഗം ശ്രവണമാത്രത്തിൽ പൂർവ്വാധികം സുഖപ്പെട്ടുവെങ്കിലും, 'ദാനനിർദ്ധാവന'ത്തിനു ഹേതുഭൂതമായ നദീവേഗത്തിന്റെ സ്മരണം തടിനീശബ്ദത്തിൽനിന്നു് ഉണ്ടാ

വുന്നില്ലെന്നു കണ്ടിട്ടു്, 'പ്രവാഹനിർഘാതമമാച്ഛഗണ്ഡോ വന്യസ്തടിന്യാ ഗജ ഉന്മമജ്ജ' എന്നു് ഉത്തരാർദ്ധം മുഴുവനും ഉടച്ചുവാൎത്തു. അപ്പോൾ മദാപഗമനത്തിനു കാരണമായ പ്രവാഹപ്രതിബന്ധത്തിന്റെ ദ്യോതകവും വനഗജഗാംഭീൎയ്യത്തിന്റെ ഉദ്ബോധകവുമായ 'ഭിത്തി'ക്കു ഭംഗംവന്നതുകൊണ്ടു് ആ കേടുപാടു പോക്കുന്നതിന്നായി പൂൎവ്വാൎദ്ധത്തിലും കൈവെയ്ക്കേണ്ടിവന്നു. അങ്ങനെ പരമ്പരയാ വന്ന ന്യൂനതകൾ പരിഹരിച്ചുപോന്നപ്പോൾ 'വാഗൎത്ഥാവിവ' എന്ന ആദിമശ്ലോകംവരെ ഭേദപ്പെടുത്തി കുറെ ശ്ലോകങ്ങൾ കൂട്ടിച്ചേൎത്തിട്ടും സാക്ഷാത്തായ രഘുവംശത്തിന്റെ ശുദ്ധി കുറയ്ക്കുവാനല്ലാതെ കൂട്ടുവാൻ സദസ്യന്മാൎക്കു സാധിച്ചില്ല. ഈ ഘട്ടം വന്നപ്പോൾ "അതു നിങ്ങളുടെ രഘുവംശം; ഇതു് എന്റെ രഘുവംശം" എന്നാണത്രേ കാളിദാസൻ മറുപടി പറഞ്ഞതു്.

ഈ ഐതിഹ്യത്തിന്റെ യാഥാൎത്ഥ്യം എങ്ങനെയിരുന്നാലും നിൎമ്മലമായ സൂത്രത്തിൽ ചേൎത്തുകോൎത്തിരിക്കുന്ന സ്ഫടികമണികൾക്കു തുല്യമായിട്ടാണു് കാളിദാസകൃതികളിൽ സുലളിതപദങ്ങൾ സൂക്ഷ്മാൎത്ഥങ്ങളോടു കൂട്ടിയിണക്കീട്ടുള്ളതെന്നും ഔഷധവും വീൎയ്യവുംപോലെയാകുന്നു അവയിലുള്ള ശബ്ദാൎത്ഥങ്ങൾ അന്യോന്യം ബദ്ധങ്ങളായിരിക്കുന്നതെന്നുമുള്ള സാരം പ്രകൃതകഥയിൽനിന്നു ഗ്രാഹ്യമായ ഒരംശമാകുന്നു.

ഇത്രയും അന്തസ്സാരം കാളിദാസകൃതികളിൽ ഒരു ശ്രാവ്യകാവ്യത്തിനുണ്ടെങ്കിൽ, കവിഹൃദയം പരിപാക

പരമകാഷ്ഠയെ പ്രാപിച്ചതിനുശേഷം ഉണ്ടാക്കിയിരുന്ന സാധാരണദൃശ്യകാവ്യങ്ങളെക്കാൾ കാളിദാസന്റെ ശാകുന്തളം എത്രയോ പടി മേലേയായിരിക്കുന്നു എന്നും പ്രതിഷ്ഠിതമായിരിക്കുന്നതു്.

സർവ്വസമ്പൽസമൃദ്ധയും കുലീനയുമായ ഗൈർവ്വാണിതന്നെ സംശയിച്ചുകൊണ്ടാണു് ഈ നാടകമെടുത്തു പെരുമാറുന്നതെന്നു വരുമ്പോൾ കണ്ടതും കേട്ടതും കടം വാങ്ങി കാലം കഴിക്കുന്ന കൈരളിക്കു് ആ രത്നത്തെ സ്പർശിക്കുവാൻ അർഹത എത്രത്തോളമുണ്ടാവാം? "സർവ്വദമനസംസ്ഥാനലാവണ്യം പ്രേക്ഷസ്വ" ഇവിടെ 'ശകുന്തലാവണ്യം', 'ശകുന്തളാവർണ്ണം' എന്നീ രണ്ടർത്ഥത്തിലുംകൂടിയുള്ള 'സംസ്ഥാനലാവണ്യം' എന്ന ശ്ലേഷവക്രോക്ത്യലങ്കാരപ്രയോഗം "പറവയുടെ ചന്തം നോക്കൂ" എന്നോ മറ്റോ പച്ചമലയാളത്തിൽ പകർത്തുവാൻ ശ്രമിച്ചാൽ ശാകുന്തളത്തിന്റെ ചന്തം കാണുന്നതല്ല.

ശ്ലിഷ്ടപദങ്ങൾ ഭാഷാന്തരംചെയ്യുമ്പോൾ ഗീർവ്വാണഭാഷയെ കേരളഭാഷയ്ക്കു വശഗയാക്കുവാൻ വാഗ്ദേവി വിചാരിച്ചാൽക്കൂടി വഴിപോലെ സാധിക്കുന്ന കാര്യം സംശയത്തിലാണു്. വിശേഷിച്ചു്, കരുത്തുകൊണ്ടുള്ള വലുപ്പം സംസ്കൃതത്തിനുള്ളതുപോലെ മലയാളത്തിനുണ്ടെന്നും ഞാൻ വിശ്വസിക്കുന്നില്ല. ഭാഷാന്തരീകരണവിഷയത്തിൽ അധികാരിഭേദമനുസരിച്ചു ശബ്ദാർത്ഥങ്ങളുടെ പ്രാധാന്യം തീരുമാനിക്കാമെന്നല്ലാതെ ശാകുന്തളംപോലെ ഉത്കൃഷ്ടമായൊരു നാടകഭാഷ പകരുമ്പോൾ വേഷം പകരാതിരിക്കണമെങ്കിൽ സംസ്കൃതാപേക്ഷ കൂടാ

തെ സാധിക്കമെന്നു തോന്നുന്നില്ല. രസാസ്വാദകുശല ന്മാരായ കേരളീയർ * പ്രവാളസംസർഗ്ഗംകൊണ്ടു മണി ക്കു മാലിന്യം സംഭവിക്കുമെന്നു ശങ്കിക്കുന്നവരുണ്ടെങ്കിൽ സാധ്യാസാധ്യവിചാരത്തിൽനിന്നുമാത്രമേ അതിനൊരു സമാധാനം കിട്ടുകയുള്ളൂ. അത്ഥശൂന്യങ്ങളാണെങ്കിലും പദങ്ങൾ ശുദ്ധകേരളീയങ്ങളായാൽ ശാകുന്തളത്തി ൻെറ രസംമുഴുവനും അനുഭവിപ്പാൻ സാമത്ഥ്യമുള്ളവ രോടു പച്ചഭാഷയിൽ സമാധാനം പറവാൻ സാധിക്ക യില്ലെങ്കിലും മഹാകവിവചനം പ്രമാണിച്ച "വയം തത്ത്വാന്വേഷാന്മധുകര ഹതാസ്ത്വം ഖലു കൃതീ" എ ന്നുമാത്രം പറയാവുന്നതാണു്.

കേരളഭാഷാത്വം ഇതിൽവാം ശാകുന്തളത്തിനു യോജിക്കുന്നതല്ലെന്നുള്ള താൽപര്യത്തിൽ 'ഭാഷാശാകു ന്തളം' (ഭാഷയുടെ ശാകുന്തളം) എന്നു നാമകരണം ചെ യ്തതിനെ 'ഭാഷാമയശാകുന്തളം' എന്നു് അന്യഥാ ധരി ക്കവാനിടവന്നതുകൊണ്ടായിരിക്കാം സൗജന്യനിധിയാ യ കേരളകാളിദാസൻ ഭാഷാശാകുന്തളത്തെ ആധുനിക കേരളീയരുടെ ഇടയിൽ നവീകരിച്ചു് "മണിപ്രവാള ശാകുന്തളം" എന്ന നാമധേയത്തോടുകൂടി വീണ്ടും അവ തരിപ്പിച്ചിട്ടുള്ളതു്. മണിപ്രവാളസ്വരൂപത്തെപ്പറ്റി വിസംവാദമുണ്ടായാലും പുതിയ നാമകരണത്തിൽനിന്നു ഗ്രന്ഥകത്താവിൻെറ ഉദ്ദേശം തെററിദ്ധരിപ്പാൻ ന്യായ മോ അവകാശമോ ഉള്ളതായി കാണുന്നില്ല.

---

* പ്രവാളമെന്നാൽ സംസ്കൃതം (ലീലാതിലകം ഒന്നാംശില്പം)

ചമത്കാരത്തോടുകൂടിയ ഭാഷാസംസ്കൃതയോഗമാകുന്ന മണിപ്രവാളം എന്നും സംസ്കൃതപ്രാതിപദികം വിഭക്തിയോടുകൂടാതെയായാൽ ഭാഷാപ്രതീതിയാണു് അധികം ഉണ്ടാവുന്നതെന്നും അതുകൊണ്ടു വിഭക്തിപ്രത്യയത്തോടുകൂടിയ സംസ്കൃതമേ സംസ്കൃതമാവുള്ളൂ എന്നും 'ലീലാതിലകം' എന്ന പ്രാചീനഗ്രന്ഥം സപ്രമാണം സിദ്ധാന്തിച്ചിരിക്കുന്നു. ഈ സിദ്ധാന്തത്തെയനുസരിച്ച പ്രാചീനഗ്രന്ഥങ്ങളും സുലഭങ്ങളാണു്.

"പാലോടു തുല്യരുചി മൗലിയിലുല്ലസിക്കും
ബാലേന്ദുമന്ദമൃദുലസ്മിതവെൺനിലാവു്
കോലുന്ന പൂർണ്ണകരുണാകുലദൃഷ്ടി വാചാ-
മൂലം തെളിഞ്ഞു മമ ചേതസി തോന്നവേണം."

ഈ ശ്ലോകത്തിലെ പദപ്രയോഗങ്ങൾ പരിശോധിച്ചുനോക്കുന്നതായാൽ പ്രാചീനമണിപ്രവാളതത്ത്വം നല്ലതുപോലെ വെളിപ്പെടുന്നതാണു്. 'പാലോടു തുല്യരുചി' ഇത്യാദി പദങ്ങൾ വിഭക്തിയില്ലാത്ത മലയാളപദങ്ങളായിട്ടോ വിഭക്ത്യന്തങ്ങളായ സങ്കീർണ്ണസംസ്കൃതപദങ്ങളായിട്ടോ ഗണിക്കപ്പെടാവുന്നതുകൊണ്ടു വിശേഷണവിശേഷ്യങ്ങൾക്കു വിഭക്തിസാമ്യം ഐച്ഛികമാണെന്നും ഭാഷാസംസ്കൃതപദങ്ങളെ ചേർത്തു കോർത്തു സമാസിക്കാമെന്നും മണിക്കും പ്രവാളത്തിനും സമാസത്തിൽ സ്ഥാനനിയമമില്ലെന്നും ഭാഷയിൽ അലുക്സമാസവും വ്യധികരണബഹുവ്രീഹിയും സ്വീകരിക്കാവുന്നതാണെന്നും ദ്യോതിപ്പിച്ചിരിക്കുന്നു. 'തെളിഞ്ഞു തോന്നവേണം' എന്നതു പച്ചമലയാളം, 'മമ ചേതസി' എന്നതു വിഭ

ത്യന്തസംസ്കൃതം. "ഒരേ ചരടിന്മേൽ കോൎത്തിരിക്കുന്ന മാണിക്യവും പവിഴവും ഒരു മാതിരി നിറത്തോടുകൂടിയതാകകൊണ്ടു വേർതിരിച്ചറിയുന്നതല്ല." പാമരന്മാൎക്കുകൂടി രസിക്കാവുന്ന വിധത്തിൽ തെളിവുള്ള ഭാഷാപദങ്ങളോടു സുകുമാരങ്ങളായ സംസ്കൃതപദങ്ങളെ യോജിപ്പിക്കുന്നതായാൽ സംസ്കൃതം മുഴച്ചുനില്ക്കുന്നതുമല്ല. "മാണിക്യത്തിനും മുത്തിനുമാകട്ടെ, പ്രവാളത്തിനും നീലത്തിനുമാകട്ടെ, യോഗംകൊണ്ടു് ഈ ഭംഗി വരുന്നതല്ല." ഭാഷാസംസ്കൃതപദങ്ങൾക്കു സ്വരച്ചേൎച്ചയോ നിറപ്പറ്റോ ചേരാതെവരുമ്പോഴാണു് 'നെല്ലും മോരും ചേൎത്തുപോലെ' എന്നു വ്യവഹരിക്കുന്നതു്.

മുൻവിവരിച്ച ലക്ഷണങ്ങൾ പൂൎത്തിയായിട്ടുള്ള മണിപ്രവാളത്തെ ഉത്തമത്വേന പ്രാചീനകേരളീയന്മാർ പരിഗണിച്ചുവന്നിരുന്നു. കാലാന്തരത്തിൽ എല്ലാററിനും പരിവൎത്തനമുണ്ടാകുന്നതുപോലെ മണിപ്രവാളസംജ്ഞെക്കും അൎത്ഥപരിണാമം വന്നുകൂടി; ലക്ഷണങ്ങളും ശിഥിലങ്ങളായി. സംജ്ഞയുടെ സൂക്ഷ്മത്വം ഗതാനുഗതികത്വംകൊണ്ടു് ആലോചനയ്ക്കു വിഷയമല്ലാതായിത്തീൎന്നപ്പോൾ ലക്ഷണങ്ങൾ മാഞ്ഞുതുടങ്ങുകയും ക്രമേണ മണിപ്രവാളത്തിൻെറ വ്യവസ്ഥ കുറയുകയും ചെയ്തു.

ഉണ്ണുനീലിസന്ദേശത്തിൽ വിശേഷണവിശേഷ്യങ്ങളായ മലയാളപദങ്ങൾക്കുതന്നെ വിഭക്തിപ്പൊരുത്തം വരുത്തിക്കാണുന്നുണ്ടു്.

"കണ്ടം വണ്ടിൻനിറമുടയനെക്കൈകനീരോടു തിങ്കൾ-
ത്തുണ്ടം ചാൎത്തുംപരനെ വരമാതിന്നു മെയ്പാതിയോനെ

മണ്ടും മാറേല്ലൂരനെയരനെക്കമ്പി പാമ്പാക്കിയോനൊ-
ക്കണ്ടേ പോവാൻ തരമവിടെ നീ കണ്ടിയൂർത്തമ്പിരാനെ.”

രാജരത്നാവലീയത്തിൽ പലേടങ്ങളിലും മലയാളപ്രത്യയവും സംസ്കൃതപ്രത്യയവും കൂട്ടിച്ചേർത്തു വിഭക്തിസാമ്യം സമ്പാദിച്ചിരിക്കുന്നു.

“ഭ്രൂലീലാഭംഗികൊണ്ടേ പുതുമയൊടയമേ
കാതപത്രാം തുലോം നാൾ
നാലാഴിക്കെട്ടു ചൂഴം ധരണിയെ മുഴുവൻ
വാണുകൊണ്ടങ്ങിരുന്നു.”

ഈ കൃതികളിൽ പ്രാചീനമണിപ്രവാളത്തെത്തന്നെയാണ് ആപാദചൂഡം അവലംബിച്ചിട്ടുള്ളത്. പിന്നീടുള്ള കൃതികളിൽ, വിഭക്തിപ്പൊരുത്തവും മണിപ്രവാളസമാസവും ക്ഷയിച്ചുകാണുന്നുണ്ടെങ്കിലും, വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളുടെ പ്രയോഗം അപ്രമാണീകരിച്ചിട്ടില്ല. നാടോടിമലയാളപദങ്ങളെക്കൊണ്ടു നാട്ടു രസിപ്പിക്കുവാൻ സന്നദ്ധനായി പുറപ്പെട്ട ചെറുശ്ശേരിതന്നെ,

“കമലാകരപരിലാളിതകഴൽതന്നിണ കനിവോ-
ടമരാവലിവിരവോടഥ തൊഴുതീടിന സമയേ
വിവിധാഗമവചസാമപി പൊരുളാകിന ഭഗവാൻ
വിധുഃശേഖരനുപഗമ്യ ച മധുസൂദനസവിധേ”

എന്നു തുടങ്ങിയുള്ള പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ കവിതയുടെ ഒഴുക്കത്തിൽ കടത്തിവിട്ടിട്ടുണ്ട്. ഗംഭീരാശയനായ തുഞ്ചത്തെഴുത്തച്ഛൻ,

"തവ സചിവനംഘമിഹ തഥാവിധനല്ലഹോ
ദാസോസ്മി കോസലേന്ദ്രസ്യ രാമസ്യ ഞാൻ"

എന്നു ശൈവാണീദാസനാവാൻ അശേഷം സംശയിച്ചിട്ടില്ല. സരസ്വതിയുടെ കുലഗുരുവായ കുഞ്ചൻനമ്പ്യാർ തന്നെ, "പൂർണ്ണേ ഗർഭേ........മൂലകന്ദം മുകുന്ദൻ" എന്നതു 'മണിപ്രവാള'ത്തിൽ ചേർക്കുവാൻ മടിച്ചിട്ടില്ല. കണ്ണശ്ശപ്പണിക്കരുടെ പാരദേശികത്വവും ഉണ്ണായിവാരിയരുടെ ഉച്ഛൃംഖലതയും കഥകളിക്കാരുടെ പാരവശ്യവും വെണ്മണി മഹൻനമ്പൂതിരി "ഗതിവിജിതമഹാവമ്പെഴും കൊമ്പനാരന" എന്നു° അമ്പലത്താനത്തെ ആനയാക്കീട്ടുള്ളതും ഭാരതരാമായണതർജ്ജിമകളിൽ ശുദ്ധകേരളപദങ്ങൾക്കു വരുത്തീട്ടുള്ള വിഭക്തിപ്പൊരുത്തവും മണിപ്രവാളസ്വരൂപനിർണ്ണയത്തിൽ സാധകമോ ബാധകമോ ആയിക്കരുതിക്കൂടാ.

മലയാളകൃതികളായി കേരളീയർ അഭിമാനിച്ചുവരുന്ന ഗ്രന്ഥപരമ്പര വഴിക്കുവഴി പരിശോധിച്ചുനോക്കുന്നതായാൽ ഭാഷയുടേതുപോലെ മണിപ്രവാളത്തിന്റെ രീതിക്കും ഏതാണ്ടൊരു വ്യവസ്ഥയില്ലാതെയാണു° കാണുന്നതു°. സർവ്വതാമുഖമായ ഒരു സമ്പ്രദായം സ്ഥിരപ്പെട്ടുന്നതുവരെ ഗ്രന്ഥതാരതമ്യം നോക്കി മണിപ്രവാളരീതിയെ വ്യവസ്ഥപ്പെടുത്തുവാനേ സൗകര്യമുള്ളൂ.

"പ്രതികൂലതാമുപഗതേ ഹി വിധൗ
വിഫലത്വമേതി ബഹുസാധനതാ"

ഇത്യാദിയായി സംസ്കൃതത്തിൽ പലേടത്തും പ്രയോഗിച്ചുവരുന്ന വിഭക്തിശ്ലേഷങ്ങൾ വിഭക്തിപ്രത്യയം ഉപ

യോഗിക്കാതെ തർജ്ജിമ ചെയ്യുന്നതിനും ആനയെ പിടിച്ചു് അളുക്കിലാക്കുന്നതിനും ഉണ്ടാകുന്ന വൈഷമ്യത്തിൽ എന്തന്തരമാണുള്ളതു്? വൈഷമ്യം കുറഞ്ഞ ഗ്രന്ഥങ്ങളുടെ തർജ്ജിമഭാഷയിൽ മലയാളത്തിനു പ്രാധാന്യം കൊടുക്കാമെങ്കിലും, ശാകുന്തളമൂലാർത്ഥത്തിനു ഹാനിവരാതെ തർജ്ജിമസ്സു യോജിക്കുന്ന മണിപ്രവാളരീതിയിൽ പ്രാപിനത്വമുണ്ടെങ്കിൽ ആയതു് അപരിഹാര്യമെന്നേ ഗണിച്ചുകൂടൂ.

സാധാരണനാടകങ്ങൾ എടുത്തു പെരുമാറുന്നതുപോലെ ശാകുന്തളനാടകം എടുത്തു പെരുമാറുന്നതു മഹാസാഹസങ്ങളിലൊന്നായിരിക്കും. രസങ്ങളുടെ ആനുഗുണ്യം, ആശയങ്ങളുടെ അനുസ്യൂതത്വം, രചനയുടെ സൗകുമാര്യം, വ്യംഗ്യത്തിന്റെ മഹനീയത്വം മുതലായ ഗുണങ്ങളുടെ വൈശിഷ്ട്യത്തിലുള്ള പ്രത്യയസ്ഥൈര്യം കവികളുള്ളതുകൊണ്ടല്ലേ നാടകാരംഭത്തിൽ ആത്മപ്രശംസയ്ക്കു് അവകാശമില്ലാതായിപ്പോകുന്നതെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു.

വീരാദികളായ അംഗരസങ്ങളെ യഥാവസരം കഥാവസ്തുവിൽ സഹജമാകുംവണ്ണം സംഘടിപ്പിച്ചു് അംഗിയായ ശൃംഗാരരസവല്ലി പടർത്തിയിരിക്കുന്നതിന്റെ ഭംഗി സവിശേഷം പൂത്തുതളിർത്ത ലതകളാൽ പ്രശോഭിതമായ വസന്തത്തിന്റെ വൈഭവംപോലെ, വർണ്ണനയ്ക്കു കേവലം അവിഷയമാകുന്നു. 'എന്തഹോ! കഥ ശരം തൊടുക്കിൽ'—ഇവിടെ വ്യഞ്ജിക്കുന്ന വീരരസം നായകന്റെ ഗുണവർണ്ണനംവഴിയായി നായികാനുരാഗദ്യോ

ഗുതയേയും നായകന്നു സംഗമസൗകര്യത്തേയും ഉണ്ടാക്കിക്കൊണ്ടു് എപ്രകാരം അംഗിയായ ശൃംഗാരരസത്തെ പോഷിപ്പിക്കുന്നുവോ, അപ്രകാരംതന്നെ നാലാമങ്കത്തിലെ കരുണവും നായികയുടെ അശരണാവസ്ഥയെ പ്രബലീകരിച്ചുകൊണ്ടു വിപ്രലംഭത്തിന്റെ തീവ്രതയെ പോഷിപ്പിക്കുന്നു. 'ചാലവേ വലിയ സിംഹിതന്നുടെ' ഇത്യാദി ഘട്ടങ്ങളിൽ സ്ഫുരിക്കുന്ന വിസ്മയം കുമാരവിഷയകമായ പ്രേമത്തെയും ഔത്സുക്യത്തെയും അങ്കുരിപ്പിച്ചുകൊണ്ടു കലുഷമായി കിടക്കുന്ന രതിക്കു വീണ്ടും ഉണർച്ചയുണ്ടാക്കിക്കൊടുക്കുന്നു. ഹാസ്യപ്രധാനനായ വിദൂഷകന്റെ വ്യാപാരം ഗൂണകഥനാദികളെക്കൊണ്ടു പൂർവ്വരാഗത്തിന്നു പരിപോഷത്തെയും അയാളുടെ യഥാശ്രുതഗ്രാഹിത്വം സംഭോഗസൗകര്യത്തെയെന്നപോലെ വിപ്രലംഭത്തിന്നൊരു കാരണാന്തരത്തെയും ജനിപ്പിക്കുന്നതിനാൽ ഹാസ്യവും ശൃംഗാരത്തിന്നു സഹായിയായി പരിണമിക്കുന്ന നായകന്റെ 'മാനോടൊത്തു വളന്നു' എന്ന കളിവചനം മാഢവ്യൻ കാര്യമായിട്ടു വിശ്വസിച്ചില്ലായിരുന്നുവെങ്കിൽ ശകുന്തളാസമാഗമത്തിൽ മൗനം അവലംബിക്കയില്ലായിരുന്നു. മാഢവ്യന്റെ ഭൂതബാധാവസരത്തിൽ ദ്യോതിക്കുന്ന ഭയാനകം രാജാവിന്റെ വീര്യത്തെ ഉജ്ജ്വലിപ്പിച്ചു ദേവകാര്യം നടത്തുവാൻ ശക്തിയുണ്ടാക്കിത്തീത്തു്, ശകുന്തളാസമാഗമത്തിനു വഴി കാണിച്ചുകൊണ്ടു സംഭോഗശൃംഗാരത്തിന്നു പോഷകമായിത്തീരുന്നു. ബീഭത്സമൂർത്തിയായ മുക്കുവൻ കൊണ്ടുവന്ന മോതിരമാണു് വിപ്രലംഭത്തെ ഉദ്ബോധിപ്പി

ക്കുന്നതു്. ദുർവ്വാസസ്സിന്റെ രൗദ്രം കഥാവസ്തുവിന്റെ നാ
ടകീയവേഗമാകുന്നു.

"പുറ്റിന്നുൾപ്പൂതിദേഹം മുഴുകിയൊരരവ-
ച്ചട്ട പൂണുന്നുമായി-
ച്ചുറ്റിക്കെട്ടിപ്പിണഞ്ഞുള്ളൊരു പഴയ ലതാ-
മണ്ഡലാനദ്ധകണ്ഠൻ
പറ്റിത്തോളാന്ന കൂട്ടിൻ കുരുവികൾ കുടി-
കൊള്ളും ജടാജൂടമോടെ
കുറ്റിക്കൊപ്പം മുനീന്ദ്രൻ കതിരവനെതിരാ-
യങ്ങു നില്ക്കുന്ന ദിക്കിൽ."

ഇവിടെ ദ്യോതിപ്പിച്ചിരിക്കുന്ന ശാന്തരസം നായകനു ഭക്തിയെയും കാശ്യപദിദൃക്ഷയെയും ഉത്പാദിപ്പിച്ചു കൊണ്ടു നായികാസമാഗമപരമാനന്ദത്തിനു ഹേതുഭൂതമായിത്തീരുന്നു.

ആറാമങ്കത്തിലെ 'സംഭോഗാവസരങ്ങളിൽ' എന്ന പദ്യം വായിക്കുമ്പോൾ 'അത്യന്തം വേപമാനാം' എന്നതിന്റെ പ്രതിബിംബമാണെന്നും ഭ്രംഗത്തിന്റെ നേരെ അന്നു തോന്നിയ ഈർഷ്യ ഹൃദയത്തിൽ ലീനമായി കിടന്നിരുന്നതു ശകുന്തളാസ്മരണത്തോടുകൂടി വികാസത്തെ പ്രാപിച്ചതായി കവി വർണ്ണിച്ചിരിക്കുന്നുവെന്നും കാണുന്നവരോടു് ആശയങ്ങളുടെ അവിച്ഛിന്നഗതിയെപ്പറ്റി വിസ്തരിക്കുന്നതു് അനാവശ്യമാകുന്നു. കാളിദാസന്റെ രചനാസൗഭഗമാരും അതിരുകവിഞ്ഞുപോയോ എന്നുമാത്രമേ ശങ്കിക്കേണ്ടതുള്ളൂ. ലൗകികങ്ങളായ വ്യംഗ്യങ്ങളെ വ്യാഖ്യാതാക്കന്മാർ ചർവ്വിതചർവ്വണം ചെയ്തുകഴി

ഞ്ഞിട്ടുള്ളതുകൊണ്ടു വ്യംഗ്യത്തിന്റെ പരമകാഷ്ഠയുടെ പദ്ധതി ചൂണ്ടിക്കാണിക്കാനല്ലാതെ ഗത്യന്തരമൊന്നും കാണുന്നില്ല.

സൂത്രധാരൻ വേദശാസ്ത്രാദികളെ ധരിക്കുന്ന ജഗദീശ്വരൻ, 'നടതി വിശ്വകൃത്യം' എന്ന വ്യുത്പത്തികൊണ്ടു നടി പാർവ്വതി, *'രഞ്ജയതി വിശ്വമാത്മനാ' എന്നർത്ഥത്തിൽ രാജാ പ്രപഞ്ചത്തെ രഞ്ജിപ്പിക്കുന്ന പുരുഷൻ, രഥം മനനം, അശ്വങ്ങൾ ‡ഇന്ദ്രിയങ്ങൾ, സൂതൻ ശരീരത്തെ പ്രവർത്തിപ്പിക്കുന്ന പ്രാണൻ, മൃഗം സംസാരാഭിലാഷം, വൈഖാനസന്മാർ ജ്ഞാനോപദേഷ്ടാക്കൾ, കുലപതി പരമഗുരു, ശകുന്തള പരമഹംസന്മാരാൽ ആദരിക്കപ്പെടുന്ന ആത്മവിദ്യ, അനസൂയാപ്രിയംവദമാർ ശമദമാദിസാമഗ്രികൾ, വിദൂഷകൻ അഹങ്കാരം എന്നിങ്ങനെ നാടകപാത്രങ്ങളിലും, വിവാഹം ആത്മവിദ്യാലാഭം, വിസ്മരണം വിഷയാഭിലാഷംകൊണ്ടു് അതിന്റെ അപരിസ്ഫൂർത്തി, കശ്യപാശ്രമത്തിൽവെച്ചു ശകുന്തളാദർശനം സത്സംഗദ്വാരാ ആത്മവിദ്യയുടെ പുനർല്ലാഭം എന്നിങ്ങനെ ഇതിവൃത്തത്തിലും ആദ്ധ്യാത്മികമായ താത്പര്യത്തെ അന്തർഭവിപ്പിച്ചുകൊണ്ടു ലോകരംഗത്തിൽ നമ്മളെല്ലാവരും നടന്മാരാണെന്നു തത്ത്വം ദൃശ്യമായ നാടകത്തിൽ മഹാകവി കാണിച്ചുതന്നു ലോകത്തെ അനുഗ്രഹിച്ചിരിക്കുന്നതിൽ പുരുഷാർത്ഥത്തിന്റെ പരമോത്കർഷവും പ്രതിഷ്ഠിതമായിരിക്കുന്നു.

---

* ആര്യേ എന്ന സംബുദ്ധികൊണ്ടു് ഈ അർത്ഥം ധ്വനിപ്പിച്ചിരിക്കുന്നു. 'ആര്യാ ദാക്ഷായണീ' എന്നമരം. ‡ 'ഇന്ദ്രിയാണി ഹയാനാഹുഃ' (കഠോപനിഷത്തു്.)

കേരളഭാഷയുടെ ശ്രേയസ്സിൽ എനിക്കുണ്ടെന്നഭിമാനിക്കുന്ന ആവേശത്തിന്റെ ആധിക്യംനിമിത്തം സാഹിത്യലോകത്തിൽ കടന്നു വല്ല ഗോഷ്ഠിയും ഞാൻ കാണിച്ചിട്ടുണ്ടെങ്കിൽ അതുകൊണ്ടുള്ള സങ്കോചത്തിനും എതിരായിട്ടു സത്സമാഗമംകൊണ്ടുള്ള ചാരിതാർത്ഥ്യവും എനിക്കു സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ മഹാശയനായ കേരളകാളിദാസരുടെ കൃതിയിൽ കൈവെച്ചപ്പോഴുണ്ടായ സങ്കോചംപോലൊരു സങ്കോചവും അദ്ദേഹത്തിന്റെ ഇഷ്ടത്തെ അനുസരിക്കുന്നതിലുള്ള ചാരിതാർത്ഥ്യംപോലൊരു ചാരിതാർത്ഥ്യവും ഇതിനുമുമ്പു ഞാൻ അനുഭവിച്ചിട്ടില്ല; മേലാൽ അനുഭവിക്കുന്നതുമല്ല. കേരളകുലഗുരുവിന്റെ ഒരു കൃതിയെ അവതരിപ്പിക്കുക എന്ന സാഹസകൃത്യത്തിൽ പൂജ്യപാദനായ അദ്ദേഹത്തിന്റെ നിയോഗശക്തിമാത്രമേ ശരണീകരണീയമായിട്ടുള്ളു.

(അവതാരിക—1087 മിഥുനം)

# തിരപ്പുറപ്പാട്

കൊച്ചിസാഹിത്യസാമാജിക*പണ്ഡിതവരേണ്യന്മാരേ, നിങ്ങൾക്കു കുറെയേറെ വന്ദനം. ഞാൻ കവിതാമൂർത്തിയാണു്. പല യോഗത്തിലും ചേൎന്നു പല വേഷവും കെട്ടീട്ടുണ്ടു്. നിങ്ങൾ ഈയിടെ ഒരു യോഗം കൂടീട്ടുണ്ടെന്നു കേട്ടു. അതിൽ എന്റെ തിരപ്പുറപ്പാടായാൽക്കൊള്ളാമെന്നുണ്ടു്. വിദ്യുജ്ജിഹ്വന്റെ വേഷമായിരിക്കും തത്കാലം കെട്ടുന്നതു്. അതു കണ്ടിട്ടു നിങ്ങൾ ചിരിച്ചാലും കരഞ്ഞാലും വേണ്ടില്ല. ശുണ്ഠികടിക്കുകമാത്രം അരുതു്.

അരുവയർമണിയാളാം മാമലപ്പൈതലാളെ-
ത്തിരുമടിയിലണച്ചിട്ടോമനിക്കും പുരാരേ!
പുരുദുരിതതമസ്തോമാർത്തിശാന്തിക്കു മൂന്നാ-
ലൊരു മിഴിയടിയങ്കൽച്ചേൎക്കുകിൽച്ചേതമുണ്ടോ?

മടിയിലണയ്ക്കുന്നതു് അത്ര ഭംഗിയാണെന്നുള്ള പക്ഷമില്ല. 'മടിയിലിരുത്തി' എന്നു തോന്നായ്കയുമല്ല. ഒഴുക്കുമാത്രമേ ദീക്ഷിച്ചിട്ടുള്ളു. ആ ഒഴുക്കത്തിൽ അൎത്ഥം ഒലിച്ചുപോയാലും അസ്തു.

---

* 60 കൊല്ലങ്ങൾക്കുമുമ്പു് തൃശ്ശിവപേരൂരിൽ ഉണ്ടായിരുന്ന ഒരു സാഹിത്യസംഘടന.

കഞ്ജബാണനരിപു കാട്ടു കരേറി-
ക്കുഞ്ജരാകൃതി ധരിച്ച ദശായാം
മഞ്ജുളാംഗി മലമാതിലുദിച്ചാ-
ക്കഞ്ഞത്തിനുള്ള കുടവസ്ഥി സഹായം.

ദേവന്മാരോട് നേരമ്പോക്കുപറയുന്നതു ഭക്തിക്കു പിടിച്ചതല്ലെങ്കിലും ശീവൊള്ളിയും വെണ്മണിയും മേല്പോട്ടുപോയിട്ടുണ്ടല്ലോ. ദോഷം വല്ലതുമുണ്ടെങ്കിൽ അവരുടെ തലയ്ക്കിരിക്കട്ടെ.

മാടിൻകൊടിമടവാരേ,
കാട്ടം പടലും പിടിച്ച മുടിയോനെന്റാ,
ഊട്ടു കിടപ്പാനൊരു വഴി-
യടിപിടിയോ പേരു ചൊല്ലി മുറവിളിയോ?

ഇതു പച്ചമലയാളമായാൽ ഞാൻ ജയിച്ചു. അർത്ഥമുണ്ടെങ്കിലും, മനസ്സിലായേ കഴിയൂ എന്നു ഞാൻ കരുതീട്ടില്ല. (വ്യാ) മാടിൻകൊടിമടവാരേ=ഗിരീന്ദ്രകന്യേ. കാട്ടം............മുടിയോൻ=ജടാധരൻ. ഊട്ട്=തത്ത്വം. അടിപിടി=പാദഭജനം. പേരു ചൊല്ലി മുറവിളി=നാമോച്ചാരണം.

വായിക്കയാം തൊഴിലവർക്കിഹ സുന്ദരേശ്ശ്രേ-
ണായിട്ടലിച്ചു തഥാപി തദീയചിത്തം
സ്ഥായിക്കു കോട്ടമിയലാതെ വരുന്നമട്ടി-
ലായിക്കൊടുത്തു ബത ക്രൂര പെരുത്ത ഭോഷൻ.

ഇഹ=ശ്ലോകം ഉണ്ടാക്കിയ ദിക്കിൽ. അന്വയം ഇവിടെ കഴിഞ്ഞു. ശേ=ദമെല്ലാട്ടാണ്. *വായി, ണായി, സ്ഥാ

* അടുത്ത പാദത്തിലേയ്ക്കാണ്. 'സുന്ദരേശ്ശ്രേണായ്' എന്ന പദം.

യി, ലായി ഇതുകൊണ്ടു നാലു പദമായി. ഞായ്, ഇട്ടലിച്ചു എന്നു പദച്ഛേദം. പെരുത്തു—കാകാക്ഷിന്യായേന പെരുത്തുക്കൂറ, പെരുത്തുഭോഷൻ.*

കാത്തുട്ടിനാത്തകുതുകത്തൊടു വിപ്രവര്യാ
തീർത്തൊരു പായസമതിന്നതിലജ്ജ നല്കും
കോൽത്തേനെഴുംമൊഴി, സുരേശഗജേന്ദ്രയാനേ!
ചീർത്താർത്തി തീർത്തു പുലരാനഥ ഞങ്ങളുണ്ടു.

സാരം—ഉണ്ടു. ചീർത്താർത്തിതീർത്തു=വിശപ്പു മാറ്റി. പുലരാൻ=വളരാൻ, അല്ലാതെ സൂര്യനുദിക്കാനല്ല.

ഏറ്റത്തിലേറു കര പാറി വളഞ്ഞുകുത്തീ-
ട്ടാറ്റിൽ തരത്തിലൊളിചാടിന മത്സ്യനേത്രേ!
കുറ്റത്തമാണ്ട കുരുപുംഗവനിഗ്രഹത്തി-
ന്നേറ്റൂറ്റമോടുടനടുത്തിതു ഭീമസേനൻ.

ഭീമസേനന്റെ പരാക്രമം പെണ്ണിന്റെ തലയിൽ വെച്ചുകെട്ടിയതു കവിയുടെ കൈപ്പിഴയാണു്, അല്ലാതെ മനഃപൂർവ്വമില്ല.

'ചിരത്തൊടൊന്നമ്മിയിലിട്ടു കുത്തി-
ച്ചതച്ച പച്ചപ്പുളിചാരുവക്ത്രേ!'
'കുഞ്ഞും കോപേന പാപ്പാനൊടു പടപൊരുതി-
ത്തട്ടിയിട്ടിട്ടു ചാടി-
ക്കത്താനെത്തുന്ന മത്തദ്വിരദവരഗതേ!'

(ഒരു കരകണ്ട കവി)

---

* പെരുത്തു എന്നതു് രണ്ടു പദങ്ങളിലേയ്ക്കും ചേർക്കണം.

ഇവിടെ 'ചാരുവക്ത്രേ', 'ദാരദവരഗതേ!' എന്ന പദപ്രയോഗത്തിൻെറ സാരള്യത്തിൽ മുഖത്തിൻെറ പുളിപ്പും ഓട്ടത്തിൻെറ ത്രുടിപ്പും ഒളിച്ചുപോകേണ്ടതാണു്.

മരുമകനൊരു കൊച്ചുചെക്കനെ
മകളൊരു പെണ്ണുമൊരൊത്തു വേല കാണ്മാൻ
കളിവിലൊരു മരം കരേറിരിക്കേ
ഝടിതിയടർന്നൊരർവിട്ടു-ടട്ടടഠം!

പ്രാസവുമില്ല, വാസനയുമില്ല. രണ്ടില്ലായ്മ കൂടുമ്പോൾ കന്നുണ്ടാവണം. അതു ശ്ലോകം. ഉദാ—അരവും അരവും കൂടിയാൽ കിന്നരം.

ലീലാവേലാവലീപല്ലവമൃദുചലിതാ-
ലാപകൗതൂഹലാർദ്ര-
ശ്രീലാസ്യത്തിന്നരഹസ്യം പുതുമയിലവനി-
ത്തട്ടിലൊക്കെപ്പരസ്യം
കാലാരാതിക്കിടാവിൻകടവയർ തടവും
പാട്ടുകൂട്ടമ്പലോടും
മേലേ ചാഞ്ചല്യമാലാവിഗളിതമധുപോൽ
ഫുല്ലമായുല്ലസിച്ചു.

പ്രാസം മാത്രമേ ദീക്ഷിച്ചിട്ടുള്ളൂ. അർത്ഥം വേണമെന്നു വിചാരിച്ചിട്ടില്ല. മാറിദ്ധരിച്ചു കണ്ണീക്കുകയും വേണ്ടാ.

കയ്ത്താർ ചുംബിപ്പതിന്നായ് മുതിരുമളവഹോ
കോപമാം താലവൃന്തം
മുററും വീശിപ്പരക്കും ഹുതവഹനവൾതൻ-
ചുററുമേററുജ്ജ്വലിക്കും,

സ്നിഗ്ദ്ധാലോകത്തിൽനിന്നിട്ടധികകുപിതമാം
  നാണരാഗം സ്രവിക്കും
മെത്തും നീലഭ്രൂവിട്ടിട്ടൊരു കുടിലത പെ-
  ട്ടന്നു താഴേ പതിക്കും.

ഇതു പ്രണയകലഹത്തിലെ അവസ്ഥ വർണ്ണിച്ചിരിക്കയാണു്. ആ സ്ത്രീയെ ശീമയിൽ നിന്നു ദത്തെടുത്തിട്ടുള്ളതാകകൊണ്ടു ഭാഷാസാഹിത്യസത്തന്മാക്കു് അത്ര പിടിക്കില്ലായിരിക്കാം. അതിനെ മലയാളവേഷം കെട്ടിച്ചു് ഈ വികാരങ്ങൾതന്നെ കൊടുത്താൽ വേണ്ടില്ലെന്നും വന്നേയ്ക്കാം.

ചിന്തും രുഷാ മിഴി ചുവന്നധികം ചുളിച്ച
തൻചില്ലിയാൽ മദനചാപമൊടിച്ചിടുന്നു.

മേരിയമ്മ രുഷിഞ്ഞാലോ മാതുഅമ്മ രുഷിഞ്ഞാലോ അധികം രസമെന്നു സാമാജികന്മാർതന്നെ തീർച്ചയാക്കട്ടെ.

പവനപൂരിതപോളകണ്ണുക തീർ-
പ്പവനയേ കവനത്തെയിളച്ചു കോ-
പവനഭാവമടക്കിയൊതുക്കി വൻ-
പവനമേവനുമേകണമംബികേ.

പദച്ഛേദം:— പവനപൂരിതപോള — കണ്ണുക തീർപ്പവനു് — അയേ — കവനത്തെ — ഇളച്ചു — കോപവനഭാവം — അടക്കി — ഒതുക്കി — വമ്പു് — അവനം — ഏവനും — ഏകണം — അംബികേ.

കാലു മുറിഞ്ഞ വേദന സാധാരണ പവനകോപത്തിനു കണ്ടുവരാറുള്ളതാണു്. എന്നാൽ നടുമുറിഞ്ഞ വേ

ദന വികൃതികളിൽ ഒന്നാണു്. അതു സാധാരണമല്ല. അതുകൂടി കണ്ടുതുടങ്ങിയാൽ അതു ചരമലക്ഷണമായി വിചാരിച്ചു വൈദ്യനെക്കൂടി അന്വേഷിക്കേണ്ടതില്ല. അതല്ല, വേറെ കുറച്ചു വല്ല സുഖക്കേടും അധികമാകുന്നതായാൽ അറിയിച്ചാൽ മതി, അപ്പോൾ വന്നുകൊള്ളാം.

(മംഗളോദയം)

# സമസൃഷ്ടികൾ

ജനങ്ങളുടെ ബുദ്ധിയുടെ അപകടം നോക്കു, ലോകത്തിൽ എത്രയോ ജാതി സൃഷ്ടികളുണ്ടു്; പക്ഷി, മൃഗം, വൃക്ഷം, ലത, നദി, നീരദം, നാടു്, കാടു്, മല, മരുഭൂമി, കായലു്, കടലു് എന്നുവേണ്ടാ, 'സൃഷ്ടിക്കൂട്ടങ്ങളിച്ചൊന്നവയിതിലണയാത്തുള്ളതും' വേണ്ടുവോളം വാരിവിതറീട്ടുള്ളപ്പോൾ അസ്മദാദികളായ മനുഷ്യൎക്കമാത്രം എന്താണാവോ വിശേഷം? ബ്രഹ്മാവു പടച്ചുവിടുന്നതൊക്കെ ആൎക്ക വേണ്ടിയാണെന്നു മാനുഷകീടങ്ങൾ സംശയിച്ചിട്ടേ ഇല്ല. മനുഷ്യൎക്കവേണ്ടി, അവരുടെ സുഖത്തിനുമാത്രം; എന്താണതിൽ ശങ്കിക്കാനുള്ളതു്? ദുരക്കൃഷിക്ക മോഹമുള്ളവർ കാടുവെട്ടിത്തെളിച്ചോളു. പുഴ നികത്തിക്കോളു. പാൽ വേണോ? പശുവിനെ കറക്കാൻ വിരോധമില്ല. പക്ഷേ കുട്ടിയെ തോല്പിച്ചുവേണം. നടക്കാൻ വയ്യെങ്കിൽ കഴുത വേണോ കഴുത, കുതിര വേണോ കുതിര. കരിവലിക്കാൻ കണ്ണിക്കേണ്ടാ, കന്നാലിയുണ്ടു്; തീററകൊടുക്കണമെന്നുമില്ല. എല്ലു പുറത്തേക്കു പൊട്ടിപ്പുറപ്പെടാതെ തോലു സൂക്ഷിച്ചുകൊള്ളും. പ്രാണനെമാത്രം അടച്ചുപിടിച്ചാൽ മതി. വെറുതെയാണോ വായ അടച്ചുകെട്ടുന്ന

ത്തു്? ഏഴുനിലമാളികയ്ക്കു മരത്തിനുവേണ്ടി ബുദ്ധിമുട്ടരുതു്. കാടു വെട്ടിത്തെളിക്കാമല്ലോ! പക്ഷികളോ മൃഗങ്ങളോ വല്ലതുമുണ്ടെങ്കിൽ എവിടെയെങ്കിലും പോയി ചാവട്ടെ. ആരുമറിയാതെ കാട്ടിൽ കളിച്ചിരിക്കാനെന്താ? മാംസത്തിനു രുചിയുള്ളവരൊക്കെ കാട്ടിലേയ്ക്കു കടക്കാം. സകലതും അവിടെ തയ്യാറുണ്ടു്. ചെന്ന വിവരം വെടിപൊട്ടിച്ചറിവുകൊടുത്താൽ വേണ്ടതൊക്കെ ചാടിയോടി വന്നു കാല്ക്കൽ വീണുകൊള്ളും. മാൻപേടയുണ്ടെങ്കിൽ വിട്ടയയ്ക്കരുതേ! കണ്ടാലും നന്നു്, തിന്നാനും കൊള്ളാം, ഉപദ്രവമൊട്ടില്ലതാനും. ആനയാണെങ്കിൽ ചേനയുടെ മാതിരി വേണം. കുഴി കുത്തി മൂടണം. കൊള്ളരുതേ പണി? കാടു മനുഷ്യരുടെ തോട്ടമോ കലവറയോ എന്നു മനസ്സിലാവുന്നില്ല. കാടുകേറാൻ പേടിയുള്ളവരോ തോക്കെടുത്തു ശീലമില്ലാത്തവരോ ഉണ്ടെങ്കിൽ അത്യാവശ്യമൊക്കെ നാട്ടിലും ശേഖരിച്ചിട്ടുണ്ടു്. പൂവൻകോഴിയുടെ പൂവു പൂജയ്ക്കു കൊള്ളില്ലെങ്കിൽ തൊപ്പിക്കായിക്കോട്ടെ. വെളുപ്പിനെഴുന്നേററു ‘കൊക്കരക്കോൽ’ എന്നു പ്രാർത്ഥിച്ചതുകൊണ്ടായില്ല, അരക്കോൽ നീളമെങ്കിലും കൊക്കിനുണ്ടെങ്കിൽ ഒന്നു പൊരുതിക്കളയാമെന്നായിരിക്കാം. അതൊന്നും പററില്ല. താറാവിന്റെ കൊക്കിനു നീളം പോരാഞ്ഞിട്ടാണോ? ചിറകു ഭംഗിക്കുമാത്രം ആയാൽ പോരാ, പറക്കാൻ ശീലം വേണം. ആടുകൾ തൊണ്ട ഇടറിക്കൊണ്ടു് ‘ഇമ്പേ’ എന്നു നിലവിളിക്കുന്നതിന്റെ അർത്ഥം ആരെങ്കിലും ഓർക്കുന്നുണ്ടോ? സമസൃഷ്ടികളിൽ ‘ഇഷ്ടം’ വേണോ എന്നു പറകയാണു്. അതു് ‘ഇമ്പേഏഏ’ ‘ഇ

ളുമ്പേ' എന്നു പേടിച്ചു വിറച്ചുകൊണ്ടു പഴേ ഭാഷ സംസാരിക്കാതെ ധൈര്യത്തോടുകൂടി 'ഇഷ്ടേ' എന്നു പറഞ്ഞാൽ ഭേദമുണ്ടായേനെ. പക്ഷേ ഇഷ്ടം ഭക്ഷിക്കാനാകുമോ എന്നേ സംശയമുള്ളൂ. ചെമ്മരിയാടിന്റെ പുറത്തു കമ്പിളിരോമംകൊണ്ടു പുതപ്പുണ്ടല്ലോ എന്നൊരു ധൈര്യമാണു്. ആ അഭിമാനം വേണ്ടാ. മേൽ ക്ഷൗരം കഴിച്ചല്ലാതെ കഴുത്തിൽ കത്തിവെയ്ക്കില്ല. പ്ലേഗുദീനത്തിനു പ്രത്യേകിച്ചൊരു പ്രത്യൗഷധം കണ്ടുപിടിച്ചിരിക്കുന്നു. എലിവധം പലവട്ടമായിട്ടു കഴിച്ചാൽ മതി. ഇതുകൊണ്ടായിരിക്കാം കൊളംകോരികൾക്കു് എലിച്ചാറിത്ര പത്ഥ്യമായതു്.

'അഹിംസാ പരമോ ധർമ്മഃ' എന്നതു മൂക്കററം ചിലത്തിക്കഴിഞ്ഞാൽ കൂടാതെ നിവൃത്തിയില്ലെങ്കിൽ കുറച്ചു നേരം ജപിക്കാം. അമ്പ! മനുഷ്യരുടെ സ്വാത്മം! അവക്കുള്ളൊരഹംഭാവം! അല്ലയോ മൊളഞ്ഞാസനകുസൃഷ്ടികളേ, ഈ വർത്തമാനമെങ്ങാനും ബ്രഹ്മാവു കേട്ടാൽ അന്നു കഴിഞ്ഞു നിങ്ങളുടെ കഥ. കുറെ കൂർത്ത മുഖവും വാലും വെച്ചു നാലുകാലിന്മേൽ നടക്കുകയേ പിന്നെത്തരമുള്ളൂ. കുരങ്ങന്മാരിൽനിന്നാണു് മനുഷ്യരുണ്ടായതെന്നു പറയുന്നവർക്കു മനുഷ്യർ കുരങ്ങന്മാരാവുന്നതു കാണാറാവും. കുററമാണോ മനുഷ്യർ ശ്വാസം വലിക്കുമ്പോൾ കൂടി കാലക്കോഴി വന്നിരുന്നു 'കുത്തിച്ചുട്ട കുത്തിച്ചുട്ട' എന്നുരുവിടുന്നതു്? എങ്ങനെയാണു് ഇങ്ങനെയുള്ളവരുടെ നേരെ വെറുക്കാതിരിക്കുക?

മനുഷ്യരെപ്പോലെ സുഖവും ദുഃഖവും കോപവും സ്നേഹവും മററുള്ള ജീവികൾക്കുമുണ്ടു്. ഇവററയ്ക്കു പഠിപ്പു

മുണ്ടോ? ഓ, അതുമുണ്ട്. ആന ഭാഷ പഠിക്കുന്നതും തൃപ്തികരമായ സമ്മാനം തൃപ്തിയായാൽ തല കുണുക്കുന്നതും കാക്കാലന്മാർ പാമ്പിനെ ആടിക്കുന്നതും തല്ലിപ്പഠിപ്പിച്ചിട്ടായിരിക്കാം. കാക്ക പിണ്ഡം കൊത്താൻ വരുന്നതു തല്ലിശ്ശീലിപ്പിച്ചിട്ടോ കൈ കൊട്ടുന്ന രീതി കേട്ടു പഠിച്ചിട്ടോ?

എട്ടുകാലൻ വല വീശി ഭക്ഷണം സമ്പാദിക്കുന്നതു് ആരെങ്കിലും മനസ്സിരുത്തി നോക്കീട്ടുണ്ടോ? ആദ്യം തന്നെ ഈച്ച, കൊതു മുതലായ ചെറുപ്രാണികൾ ധാരാളം സഞ്ചരിക്കുന്ന ദിക്കു നോക്കി തിരഞ്ഞെടുക്കും. അവിടെ വട്ടത്തിലോ നീളത്തിലോ എങ്കോണിച്ചോ, സൗകര്യംപോലെ, വല തൂപ്പി വീശിത്തുടങ്ങും. ആളുകൾ വല്ലവരും നോക്കി നില്ക്കുന്നുണ്ടെന്നു സംശയം തോന്നിയാൽ മതി, പണി നിറുത്തി ഒളിച്ചുകഴിഞ്ഞു. അവകാശം രജിസ്റ്റർ ചെയ്യുവാൻ നിവൃത്തിയില്ലാഞ്ഞിട്ടായിരിക്കണം, ഇത്ര സൂക്ഷിക്കുന്നതു്. പക്ഷേ സൂക്ഷ്മദൃഷ്ടിക്കാരനായതുകൊണ്ടു് എല്ലായ്പ്പോഴും കണ്ടുവെന്നുവരില്ല. ആ തരം നോക്കിയാണു് മനുഷ്യർ നെയ്ത്തിൻെറ സൂത്രം കൈക്കലാക്കിയതു്. എന്നാൽ അവർക്കു നല്ല ബുദ്ധി തോന്നി, പറന്നു നടക്കുന്ന കൂട്ടരിൽ ഈച്ച തൊട്ടുള്ള കീഴ്ജാതികളെ മനുഷ്യർ ഭക്ഷിക്കയില്ലെന്നു കരാറു ചെയ്തു. കൊതുക്കളെ കരാറിൽനിന്നു ഒഴിവാക്കാമായിരുന്നുവെന്നു് ഇപ്പോൾ തോന്നിത്തുടങ്ങീട്ടുണ്ടു്. ഇനി വിചാരിച്ചിട്ടു ഫലമില്ലല്ലോ.

ഓ, പറഞ്ഞു പറഞ്ഞു വഴി തെററിപ്പോയി. ഒരു ദിവസം ഞാൻ തോട്ടത്തിൽ ഇറങ്ങി നടക്കുമ്പോൾ എ

ന്തോ ഒന്നു മൂക്കിന്മേൽ തടഞ്ഞു—നോക്കിയപ്പോൾ എട്ടുകാലന്റെ വലയാണു്. അവന്റെ പണി മുഴുവനായിട്ടില്ല. രണ്ടാമതു് ഒരു വലകൂടി അടുത്ത മുകളിൽത്തന്നെ വീശുകയാണു്—പണിയുടെ തിരക്കുകൊണ്ടു് എന്നെക്കണ്ടതേ ഇല്ല. തുപ്പിത്തുപ്പി എറങ്ങിവന്നു് നൂലു് ഒരു കൊമ്പിന്മേൽ ഉറപ്പിക്കും. ഏതു മാർഗ്ഗത്തിലൂടെയാണു് തുപ്പുന്നതെന്നു ഞാൻ കണ്ടിട്ടില്ലേ! അതിന്മേലൂടെത്തന്നെ മേലോട്ടു കയറും. എന്നിട്ടു് ഓവർസിയർമാരെപ്പോലെ അങ്ങോട്ടോടും, ഇങ്ങോട്ടോടും, നൂലു കെട്ടും, അളവെടുക്കും, ഒന്നു വട്ടത്തിലോടും, എന്തിനു പറയുന്നു, പറഞ്ഞ നിമിഷംകൊണ്ടു പണി തീർത്തു. ഈ അംശംകൊണ്ടു് ഓവർസിയർമാരെപ്പോലെയല്ലേ! ഇങ്ങനെ വേല വേഗത്തിൽ ഒതുക്കി വട്ടം വീശിട്ടുള്ള വലയുടെ നടുക്കു വന്നിരിപ്പായി. അവിടെമാത്രം ഇടതൂർത്തു നെയ്തിട്ടുണ്ടു്. അങ്ങനെ ഇരിക്കുമ്പോൾ ഒരു പൊന്നീച്ച—സാമാന്യം വലുതാണു്—'എന്നെപ്പോലെ ആരാണുള്ളതു്' എന്ന നാട്യത്തിൽ 'ഹും' എന്നു മൂളിക്കൊണ്ടു് ഒരു ചില്ലക്കൊമ്പിന്മേൽ വന്നിരുന്നു. മുഖം മിനുക്കി ചിറകുകളിലെ പൊടി തട്ടി ഹുംകാരത്തോടുകൂടി അവിടെ നിന്നുയർന്നപ്പോൾ രോമംപോലെയുള്ള കാലുകൾ വലയിൽ ഒട്ടിപ്പിടിച്ചു. കിടന്നു പിടച്ചുതുടങ്ങി. അന്നാണു് അവനു സൂക്ഷ്മദൃഷ്ടിയുണ്ടെന്നു ഞാൻ തീർച്ചയാക്കിയതു്. അങ്ങനെ നോക്കിനോക്കി ഒരു നൂലിന്മേൽ അധികം കനം തൂങ്ങുന്നുണ്ടെന്നു തോന്നി. ആ നേരെ വച്ചടിച്ചു. അടുത്തു ചെന്നപ്പോൾ കുറെ അധികം വലുതാണെന്നു കണ്ടു

പിന്നോക്കം മാറി. എങ്കിലും ഉപേക്ഷിച്ചില്ല. കിടന്നു പിടയുന്ന പൊന്നീച്ചയെ വളരെ അടുത്തു ചെല്ലാതെ തന്നെ നൂലുകൊണ്ടു വരിഞ്ഞുകെട്ടി അനങ്ങുവാൻ വയ്യാതെയാക്കി. 'പൊന്നായാലും വെള്ളിയായാലും ഞാൻ കൂസുമോ' എന്നു കണ്ണുരുട്ടി മിഴിച്ചുകൊണ്ടു പഴയ സ്ഥാനത്തുതന്നെ വന്നിരുന്നു. ഇതു വാസനയോ വിശേഷബുദ്ധിയോ എന്തെങ്കിലുമാകട്ടെ. മനുഷ്യരുടെ വാസനയെക്കാൾ ഭേദമാണു്, നിശ്ചയംതന്നെ.

ഈ കൂട്ടരിൽ 'മണ്ണാൻ' തുടങ്ങി ഏഴു ജാതിക്കാരുണ്ടു്. ഇതിൽ ഒരു ജാതി ക്ഷേത്രഗണിതത്തിൽ വിരുതന്മാരാണു്. ശാസ്ത്രപ്രകാരം കോണും കള്ളിയുമൊപ്പിച്ചില്ലാതെ വല വീശില്ല. പിന്നെയൊന്നിനു് അയഞ്ഞു ക്രമമില്ലാത്ത വല വീശുവാനേ വശമുള്ളൂ. മൂന്നാമതൊന്നു പട്ടുനൂലോടിച്ചിട്ടുള്ള പഴുതുകളിലേ താമസിക്കുള്ളൂ. അവനൊരു സുഖിയനാണു്. നാലാംപരിഷ്ക്കു കിളിവാതലുകളിലേ വല വീശിക്കൂട്ടൂ. പഞ്ചമൻ പുമരുകളിൽ പറ്റിയിരുന്നു പാറ്റകളെ ഞെക്കിക്കൊന്നു കാലക്ഷേപം കഴിക്കണം. അവനു വല വീശുവാൻ അധികാരമില്ല. ആറാമൻ നായാട്ടുകാരനാണു്. പുല്ലിലും പുള്ളിക്കാട്ടുകളിലും നടന്നു് ഉപജീവനം കഴിച്ചുകൂട്ടും. ഏഴാമന്റെ ചാട്ടം വിശേഷമാണു്. കണ്ണു തെറ്റിയാൽ കാണില്ല. ഇവനാണു് മണ്ണാൻ.

സപ്തവർണ്ണങ്ങളിൽ ത്രിവർണ്ണങ്ങളുടെ സങ്കരമാണു് ഉഴറാമ്പുലി എന്നു പ്രസിദ്ധമായിട്ടുള്ളവൻ. പിതൃപിതാമഹപ്രപിതാമഹന്മാരുടെ നടപ്പുദോഷംകൊണ്ടു

വരുന്ന 'ജാതി സങ്കര'മല്ലേ! പൂമ്പൂതൊട്ടേഴ നിറങ്ങളുള്ളതിൽ മൂന്നു നിറങ്ങളുടെ കലച്ച്മാത്രമാണു്. (ചിറകു കൂടാതെ രണ്ടു കാലിന്മേൽ നടക്കുന്ന വകയെപ്പററി പറയുമ്പോൾ വൎണ്ണസങ്കരത്തിനു മറേറ അൎത്ഥം ധരിച്ചാലും വിരോധമില്ല.) പുകനിറം പച്ചച്ചുമുള്ള രോമക്കുപ്പായത്തിൽ ഇറങ്ങീട്ടല്ലാതെ ഇവനെ ഞാൻ കണ്ടിട്ടില്ല. ഹൈക്കോടതി വിധി കൂടാതെതന്നെ ഇവനു സ്വജാതികളെ തൂക്കിക്കൊല്ലുവാൻ അധികാരമുണ്ടത്രേ. വലിയ പപ്പടത്തോളം വലുപ്പമുള്ളതിനെ ഞാൻ കണ്ടിട്ടുണ്ടു്. കുടയോളം പോന്നതു കൂടെയുണ്ടെന്നാണു് അഫൻനമ്പൂരിയുടെ പക്ഷം. വിഷത്തിൻെറ കാൎയ്യം തീൎച്ചതന്നെ. ആളെ കൊല്ലുവാനൊക്കെ മതി.

"ഊഷ്മതകൊണ്ടു വരട്ടിച്ചമച്ചങ്ങു
ഗ്രീഷ്മമായുള്ളോരു കാലം വന്നു.
താപംകൊണ്ടെല്ലാരും വേവുററുകാവിലും
വാപികൾ തീരത്തുമായ്ത്തുടങ്ങി."

ആളുകളുടെ ബഹളത്തിൽനിന്നൊഴിഞ്ഞു് ഒരു പേരാലിൻെറ തണലിൽ ചെന്നു ഞാനും കാലുനീട്ടി. ആ സ്ഥലം ഒന്നു വൎണ്ണിക്കാൻ നോക്കട്ടെ. രണ്ടു മൂന്നു പഴയ ആലു്, ചോട്ടിലൊക്കെ ആനയുടെ മുതുകെല്ലുപോലെ പൊന്തി നില്ക്കുന്ന വേർ. വേരുകൊണ്ടുതന്നെ കൊമ്പുകൾക്കൊക്കെ തുണ. പ്രായംചെന്ന കൊമ്പുകളിലൊക്കെ കീശയിലടച്ച തണലു്. അടുത്തൊരു പൊട്ടക്കുളം, അല്പം ദൂരേ ഇടിഞ്ഞുപൊളിഞ്ഞ മതിൽ. അതിൻെറയുള്ളിൽ ജീൎണ്ണംവന്നുചോരയൊരമ്പലം. കാറമാണോ തപസ്വി

കൾ ആലിൻപുവട്ടിൽ ചെന്നിരിക്കുന്നതു്. അരയാലിനെക്കാൾ പേരാലിനു പ്രാധാന്യംകിട്ടുവാൻ കാരണം എന്താണാവോ? ഞാൻ അന്നു വടപത്രശയനൻ മാത്രമല്ല ആയുള്ളൂ. വേരുകൊണ്ടൊരു തലയിണയും സമ്പാദിച്ചു. ഞാൻ അവിടെ ചെന്നുകൂടിയതു് ഒരു വിദ്വാനു പിടിച്ചില്ല. അടുത്തു വന്നു് എഴുത്താണിവാൽ വളച്ചു തല പൊന്തിച്ചു നോക്കി. എന്നെക്കണ്ടപ്പോൾ മുഖമൊക്കെത്തുടുത്തു. അതൊരു പച്ചിലപ്പോന്തായിരുന്നു. എനിക്കു കല്ലുവലിച്ചെറിയുവാനല്ല അപ്പോൾ തോന്നിയതു്, അനങ്ങാതെ കിടക്കുവാനാണു്. അവനതും രസിച്ചില്ല. മുഖം വീപ്പിച്ചുകൊണ്ടു പോയി. മുഖം വീപ്പിക്കാത്ത സമയം ചുരുങ്ങും. വല്ല ദിക്കിലും ഒളിച്ചുനിന്നു ശകാരിക്കുന്നുണ്ടായിരിക്കാം, ആയിക്കോട്ടെ. ഞാൻ കാണേണ്ടതു കണ്ടു. അങ്ങനെയിരിക്കുമ്പോൾ ഒരണ്ണാറക്കണ്ണൻ കൂട്ടുകാരനെ പറ്റിച്ചു് ഏതാണ്ടു തട്ടിക്കൊണ്ടു പോന്നു. വ്യവഹാരമായി. രണ്ടുപേരുംകൂടി മരത്തടിയുടെ ചുറ്റും ഓടിത്തുടങ്ങി. കള്ളൻ ഉപായത്തിൽ ഒളിച്ചുമാറി ഒരു വേരിന്റെ മറവിലിരുന്നു് എടുത്താ രണ്ടു കൈകൊണ്ടും മുറുകെപ്പിടിച്ചു തെരുതെരെ തിന്നുന്നതു ഞാൻ കണ്ടു. മറേറവൻ ഇളിഭ്യനായിട്ടിരുന്നു് 'ഛേ, ഛേ' എന്നു പറഞ്ഞു വാലിട്ടു തല്ലിത്തുടങ്ങി. അതുകൊണ്ടു കാര്യമായോ? കള്ളൻ കിട്ടിയതു വയററിലാക്കിക്കഴിഞ്ഞു.

ചില അത്യാത്തികൾ ആലിന്റെ ഇല കൊണ്ടുപിടിച്ചു നക്കുന്നതു കാണാറുണ്ടു്. ഇപ്പോഴല്ലേ കാര്യം മനസ്സിലായുള്ളു. ഇലയുടെ നടുഞരമ്പിനടുത്തു് ഒരുമാതിരി

പാലു കിട്ടും. അതു് അവൎക്കുമതാണു്. അവൎക്കു പശുവിൻ പാലാവശ്യമേയില്ല. മഞ്ഞക്കിളി, തത്ത, കാക്ക, കുയിൽ മുതലായ പല കൂട്ടരും എൻെറ തലക്കുമീതെതന്നെ ഇരുന്നു തമ്മിൽത്തല്ലുന്നുണ്ടു്, തിന്നുന്നുണ്ടു്, പാടുന്നുണ്ടു്—പരമാനന്ദംതന്നെ. ചിലരുടെ പ്രണയകലഹം കാണാനാണു് ബഹുരസം. കാക്കയും കുയിലും തമ്മിൽ കണ്ടാൽ കണ്ടാമണ്ടിയായി. കാക്കക്കു കുറച്ചുനേരം തണലത്തിരുന്നാൽക്കൊള്ളാമെന്നുണ്ടു്. കുയിലിൻെറ ഞെട്ടുകൊണ്ടിട്ടു് ഒരു സൈ്വരവുമില്ല. ഇതു കണ്ടു്, മറ്റെല്ലാവരുംകൂടി ആൎത്തുതുടങ്ങി. കാക്ക മുഷിഞ്ഞു 'കാകാ' എന്നു കാപ്പിച്ചു തുപ്പിക്കൊണ്ടു പറന്നുപോയി. കാട്ടുകണ്ണിട്ടു ചെരിഞ്ഞുനോക്കി ചാടിച്ചാടിവന്നു് എൻെറ പപ്പടം കബളിച്ചുകൊണ്ടുപോകുമ്പോൾ എനിക്കു ശുണ്ഠിവരാറുണ്ടു്. എങ്കിലും ആ സാധുവിൻെറ പേരിൽ അന്നെനിക്കു ദയയാണു് തോന്നിയതു്.

അന്തിനേരത്തു 'മന്ദസമീരണൻ ഉന്മേഷംപൂണ്ടൊരു നെന്മേനിപ്പൂവിലെ നറുമണമെങ്ങും പരത്തി' മന്ദിരംതോറും സഞ്ചരിച്ചുതുടങ്ങിയപ്പോൾ ആലിൻെറ കൊമ്പുകളിൽ ഒക്കെ വാവലുകൾ ഞാന്നുതൂങ്ങിക്കിടന്നു്, വൃദ്ധന്മാരെപ്പോലെ, കലപില എന്നു പറഞ്ഞു ചവച്ചുതുപ്പുവാൻ തുടങ്ങി. എൻെറ തലയും വായയും അവരുടെ കോളാമ്പിയാക്കുവാൻ മടിച്ചിട്ടു ഞാനും പോന്നു.

"ജീവനദാതാ നീയിതി
ഭാവം ലോകത്തിലുള്ളവൎക്കാകും;
ജീവനഹന്താവായി-
ട്ടേവം ചമയുന്നതെന്തി,നയ്യോ, നീ?"

മനുഷ്യക്കുമാത്രമേ ഈ വിചാരമുള്ളൂ. എത്ര ജീവികൾ കത്തുകൂടി മേഘത്തിനോടു നന്ദിപറയുന്നുണ്ടു്.

"കേതകപ്പൂവിലെ നന്മണംകൊണ്ടെങ്ങും
കേഴിച്ചു പാന്ഥരെ വെല്ലും കാലം,
കാർമുകിലായൊരു നീലപ്പടംകൊണ്ടു
തൂമകലർന്നു വിതാനിച്ചെങ്ങും,
ആകംമിയന്ന വലാകകളാകിന്ന
പൂക്കല മേളത്തിൽത്തൂക്കിച്ചെമ്മേ,
ശോഭകലർന്നോരു തൂമിന്നലായുള്ള
ദീപങ്ങളെങ്ങും കൊളുത്തി മേന്മേൽ,
പാഴിടിയായൊരു ഭേരിയുമെങ്ങുമേ
പാരം മുഴങ്ങിച്ചു വന്നു പിന്നെ."

ഇയ്യാമ്പാററ, ഞാഞ്ഞൂളു്, തവള മുതലായ ജന്തുക്കളെ ഇളക്കിപ്പുറപ്പെടിവിക്കുന്ന വർഷാകാലത്തെ ആരാണു് ആദരിക്കാത്തതു്? എന്തെല്ലാം നേരമ്പോക്കുകൾക്കു് അപ്പോൾ വകയുണ്ടു്? ഇതൊന്നും കണ്ടുരസിക്കാതെ മനുഷ്യർ അഹംഭാവംകൊണ്ടും സ്വാത്ഥംകൊണ്ടും കാലംകഴിക്കുന്നുവല്ലോ; കഷ്ടംതന്നെ.

(രസികരഞ്ജിനി)

# ഒരു വനസങ്കേതം

ആകാശം മുട്ടിനില്ക്കുന്ന കാട്ടുമരങ്ങളുടെ കൊമ്പുകളും ചില്ലകളും വലവീശിയപോലെ കൂടിപ്പിണഞ്ഞു മേൽഭാഗം മുഴുവനും ഇലകളെക്കൊണ്ടു മൂടി മേഞ്ഞിരിക്കുന്നതിനാൽ നാട്ടുവെളിച്ചംകൂടി ആ കടുംകാട്ടിൽ കടക്കുന്നില്ല. നിത്യപരിചയമില്ലാത്ത പക്ഷം എടുത്ത കാൽ ഊന്നുവാൻ ധൈര്യമുറയ്ക്കാത്ത ഇരുട്ടറയിൽ വില്ലാളിമുമ്പനായ ആ ചെറുപ്പക്കാരനു കുലച്ച വില്ലും തൊടുത്ത അമ്പുമായി കണ്ണടച്ചു സഞ്ചരിക്കുവാൻ യാതൊരു ക്ലേസലും കാണ്മാനില്ല. അങ്ങനെ കുറെദൂരം പോയപ്പോൾ വൃക്ഷക്കൂട്ടത്തിൽനിന്നു പുറത്തു കടന്നു് ഒരു മലയുടെ ചെരുവിൽ ചെന്നുചേൎന്നു. അവിടം ആളെ കരത്തിൽ നില്ക്കുന്ന പുല്ലുകൊണ്ടു തിങ്ങിനിറഞ്ഞിരിക്കുന്നു. അതിന്നിടയിൽ മൃഗങ്ങൾ സഞ്ചരിച്ചു പുല്ലുകൾ ചവിട്ടിയമൎന്നുകിടക്കുന്ന ചാൺവഴി നോക്കി വളഞ്ഞും പിരിഞ്ഞും നടന്നു മൈതാനംപോലെ പച്ചപിടിച്ചു പരന്നുകിടക്കുന്ന മലന്തണ്ടിൻമുകളിൽ ചെന്നുകയറി. ആ തണ്ടിന്റെ അററത്തുള്ള കൂമ്പന്റെ നിറുകയിൽ എത്തിച്ചേൎന്നപ്പോൾ, അവിടെ അടിച്ചുതൂത്തുവീശുന്ന കുളുത്ത കാറെററുകൊണ്ടു

കുറച്ചുനേരം നിന്നു്, ആകാശത്തേയ്ക്കൊന്നു നോക്കി. ഏകദേശം അഞ്ചുനാഴിക രാച്ചെന്നിരിക്കുന്നു. പരിഭ്രമിച്ചു ശരം തുണിയിൽ തിരുകി കുലവില്ലു കഴുത്തിലൂടെ പൂന്നിട്ടു് ആ കുമ്പൻമുടിയുടെ മുൻപുറത്തു്, വരയാടിനുപോലും കാൽ വഴുതാവുന്ന കുത്തിറക്കത്തിൽ, കമിഴ്ന്നുകിടന്നു കൈകാലുകൾ ഉറപ്പിച്ചൂന്നി പിടിച്ചുപിടിച്ചു നിരങ്ങിയിറങ്ങിത്തുടങ്ങി.

പത്തുനൂറു വില്പാടു കീഴ്പ്പോട്ടു ചെന്നപ്പോൾ എഴുന്നേറ്റു തിരിഞ്ഞു നിന്നു. അവിടംമുതൽ ഭൂമിയുടെ സമ്പ്രദായമൊക്കെ മാറി; ഇറക്കിന്റെ കുത്തൊക്കെ തീർന്നു ക്രമത്തിലായി. പുല്പരപ്പു്, കുററിക്കാടു്, മരക്കൂട്ടം, വള്ളിക്കുടിലുകൾ, ഊഞ്ഞുപൂവിന്റെ ആകൃതിയിൽ വളർന്നു പരന്നു തിക്കിത്തിരക്കുന്ന മുളമ്പട്ടിലുകളുടെ സങ്കേതസ്ഥാനം, ഈന്തൽ, അമ, ചൂരൽ മുതലായ തൃണവൃക്ഷങ്ങൾ നിറഞ്ഞ മണൽപ്രദേശം—ഇങ്ങനെ ഒന്നോടൊന്നു തൊട്ടുകൂടിക്കലർന്നു് ആ മലയിറമ്പു പുഴയിറമ്പിൽ ചെന്നുചേരുന്നു. ഗൂഢസഞ്ചാരം ചെയ്യുന്ന നമ്മുടെ യുവാവു് ഈ ഘട്ടങ്ങളെല്ലാം കടന്നു പുഴവക്കത്തെത്തി.

ഇക്കരെയുള്ളതുപോലെതന്നെ പുഴയുടെ അക്കരെയും നീണ്ടുകിടക്കുന്ന മലന്തണ്ടു് ഒരു കൊടുമുടിയിലാണു് ചെന്നുകൂടുന്നതു്. തണ്ടുകളുടെ അററത്തു മാർത്താണ്ഡമുടികളെന്നു പറഞ്ഞുവന്നിരുന്ന ഈ കൊടുമുടികൾ—താരങ്ങൾ മുടിയിൽ അണിഞ്ഞു ബ്രഹ്മാണ്ഡചക്രവർത്തിയുടെ കോട്ടയ്ക്കുള്ള ഗോപുരങ്ങൾ എന്നപോലെ, ഏതു പ്രകാരത്തിലുള്ള ആക്രമണങ്ങളെയും തടുക്കുവാൻ ഒരുങ്ങി

കൊണ്ടു നികന്നെഴുന്നു തള്ളിനില്ക്കുന്നു. ഇരുപുറത്തുമുള്ള പൎവ്വതനിരകൾ ആ ഗോപുരദ്വാരത്തിങ്കൽനിന്നു് ഇടത്തോട്ടു വളഞ്ഞുപോകുന്നതിനാൽ വില്ലാളി നില്ക്കുന്ന സ്ഥലത്തു നിന്നു നോക്കിയാൽ കടകപ്രാന്തങ്ങളിൽ പരന്നിരിക്കുന്ന കാടുകളുടെ അന്തരാളത്തിൽ ഇരുളടഞ്ഞ ഒരു തുറവല്ലാതെ അതിനപ്പുറമൊന്നും ദൃഷ്ടിയിൽപ്പെട്ടിരുന്നില്ല. ചെങ്കാളിമലകളെന്നു പ്രസിദ്ധപ്പെട്ട ഈ പൎവ്വതനിരകളുടെ മധ്യതടത്തിലൂടെ ഒഴുകുന്ന ചെങ്കാളിപ്പുഴ മാൎത്താണ്ഡമുടികളുടെ അടിവാരത്തിൽ അടുക്കുമ്പോൾ തടം വിരിഞ്ഞു്, മുഴച്ച പാറയിൽ തട്ടിമറിഞ്ഞു്, വിരിച്ച പാറയിൽ പരന്നൊലിച്ചു്, അഞ്ഞൂറടി ആഴമുള്ള ഒരു ചെങ്കുത്തിൽ ചെന്നുചാടുന്നു.

ഈ വെള്ളച്ചാട്ടത്തിൻെറ മേൽഭാഗത്തു ജരച്ച നരച്ച കൊമ്പുകളെക്കൊണ്ടു നിറഞ്ഞു പുഴയിലേക്കു ചാഞ്ഞു നില്ക്കുന്ന ഒരു കാട്ടുമരത്തിൻെറ ചുവട്ടിൽ പൊട്ടിമറിഞ്ഞു വീണുകിടക്കുന്ന ഒരു പെരുമ്പാറപ്പുറത്താണു് നമ്മുടെ വില്ലാളിവീരൻ വിശ്രമിക്കുന്നതു്. ഒലിവെള്ളം വന്നുവീണു ചുഴിഞ്ഞു ചുഴിഞ്ഞു കാലാന്തരംകൊണ്ടുണ്ടായിട്ടുള്ള കൂപങ്ങൾ ഈ പുഴവാരത്തിലുള്ള പാറകളുടെ ഇടയ്ക്കു് അങ്ങുമിങ്ങും കിടപ്പുണ്ടു്. വരക്കുഴികൾ എന്നു പറഞ്ഞുവരുന്ന ഇമ്മാതിരി കിണറുകളിൽ അത്യഗാധമായിട്ടുള്ള ഒന്നിൻെറ അടുത്താണു് ആ പുരുഷപുംഗവൻ ഇരിക്കുന്ന പാറ കിടക്കുന്നതു്. കിണററിൻെറ ചുററുമുള്ള പാറകളുടെ വിടവുകളിലൂടെ ഒലിക്കുന്ന പുഴവെള്ളം കുണ്ടിൽ വന്നുവീഴുന്നതുമാത്രം കണ്ടുകൊണ്ടിരിക്കുന്ന വി

ല്ലാളി ആ വെള്ളം എടുത്തു്, അടവികളിൽ നടക്കുന്ന സമയം ദേഹത്തിൽ പററിപ്പിടിച്ചു തൂങ്ങിക്കിടക്കുന്ന പുഴുക്കളും ഒലിക്കുന്ന ചോരയും കഴുകിക്കളവാൻ തുടങ്ങി.

ആ സമയത്തു്, കൂരിരുട്ടത്തു്, അതിഭയങ്കരമായ കാട്ടുപ്രദേശത്തു്, വെള്ളച്ചാട്ടത്തിന്റെ ഇരമ്പലല്ലാതെ മറെറാരു ശബ്ദവും കേൾക്കാത്ത ഒരു ദിക്കിൽ ഈ വില്ലാളിവീരൻ എവരെത്തേടിയാണോ വന്നതു്, അവർ, ആ സമയത്തു്, മുന്നൂറടിതാഴത്തു്, എഴുനിലമാളികയുടെ ഭിത്തിപോലെ നില്ക്കുന്ന കുത്തുപാറയ്ക്കു നെററിപ്പട്ടം കെട്ടിയ കൂട്ടത്തിൽ പരന്നു കുമ്പാളപോലെ വിരിഞ്ഞു കുത്തിച്ചാടുന്ന ജലപ്രവാഹമാകുന്ന യവനികയുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന ഒരു ഗുഹയിൽ ഇരുന്നു വിഹരിക്കുകയായിരുന്നു.

ഇരുമ്പുകീടൻപോലെ ഉറച്ചു മുഴച്ച മാംസപേശികളോടും കരിക്കട്ടപോലെ കറുത്തിരുണ്ട ദേഹത്തോടും കൈപ്പലകവരെ മിടഞ്ഞു തൂക്കിയിരിക്കുന്ന ചെഞ്ചിടാഭാരത്തോടും ചെറുനെററിയും തുറുകണ്ണും പതിമൂക്കും കനത്ത ചുണ്ടും പലകപ്പല്ലും കൂത്ത മുഖവുമായി കരിയിലമാലകളെക്കൊണ്ടു് അരയും മറച്ചു് ഇറച്ചിയും കിഴങ്ങും ചുട്ടുതിന്നുകൊണ്ടു തീയിന്റെ ചുററും കൂടിയിരിക്കുന്ന കുളന്മാരാകുന്നു, കാവുതിക്കടുവയുടെ കൂട്ടുകാരായ പന്ത്രണ്ടെലികൾ. കുറച്ചകലെ മററുള്ളവരിൽനിന്നു വിശേഷവിധിയായി പുലിനഖമോതിരം കഴുത്തിലിട്ടു തണ്ടെല്ലിന്റെ കണ്ണികൾ കോത്തു കാതിൽ തൂക്കി പന്നിത്തേററയും മുള്ളന്റെ മുള്ളും മയിൽപീലിയും ഇടകല

ത്തിച്ചേർത്ത് തൊട്ടത്ത മാലകൊണ്ടു നെററിപ്പട്ടവും കെട്ടി ചാരുപടിപോലെയുള്ള പാറ ചാരി തിനയും തിന്നു തേനും കുടിച്ചു കാൽനീട്ടി ഇരിക്കുന്ന ദീർഘകായനാകുന്നു കാവൂതിക്കൂട്ടവയെന്നു പരക്കെ പേരുകേട്ട കാവൂതിക്കണ്ണൻ. ഇവർ മാവിലരെന്നും മകുതരെന്നും കാട്ടാളരെന്നും പറഞ്ഞുവരുന്ന കാടരും വേടരുമാകുന്നു. കാവൂതിക്കണ്ണൻ ചാരിയിരിക്കുന്ന പാറയുടെ പിന്നിലായിട്ടാണ് മുകളിലിരിക്കുന്ന വില്ല്യാളിയുടെ മുമ്പിലുള്ള വരക്കുഴി വന്നു തുറക്കുന്നതും അതിലൂടെ വരുന്ന വെള്ളം ഒലിച്ചുപോകുന്നതും. ആ വെള്ളം കുറച്ചു കൈയിൽ കോരിയെടുത്തു കൂട്ടരിൽ ഒരാളുടെ മുഖത്തെറിഞ്ഞുകൊണ്ട്,

“എടാ ഒടിമാടാ, നോക്ക്, ചീനക്കോടൻ കട്ടവേടെ [1]അകത്തോളെ മറന്നുട്ടോ? [2]ഉഴപ്പ് അപ്പിടി തിന്നുട്ടോ? [3]ഇച്ചിരി വച്ചൂടല്ലടാ! തേനടോലം ഇഞ്ഞൂട്ടെടത്തൂട്ട്,” എന്നു കാവൂതിക്കണ്ണൻ കല്പിക്കുന്നതു കേട്ട് ഒടിമാടൻ ചീനക്കോടന്റെ താടിക്കു പിടിച്ചു കുലുക്കിക്കൊണ്ട്,

“ഓന്റെ [4]എകിറു നോക്ക്, ഓന്റെ [5]അമ്മിട്ടം നോക്ക്. ഓൻ [6]ഉഴപ്പുന്ന്യേ തിന്നുട്ടോടാ? എന്തൂട്ടടാ എകിറിളിക്കുന്നേ? അണ്ണൻ [7]ചാവിട്ടതു കേട്ടൂടടാ?

---

1 അകത്തോററം = ഭാര്യ
2 ഉഴപ്പ് = മാംസം
3 ഇച്ചിരി = ഇത്തിരി
4 എകിറ് = പല്ല്
5 അമ്മിട്ടം = ചുണ്ട്
6 ഉഴപ്പുന്നി = പോക്ക്
7 വാവിട്ടമ്മ് = കല്പിച്ചമ്മ്

ഊപ്പുള്ളി [1]മൂപ്പാട്ടിക്ക് [2]അകത്തഴിവച്ചൂട്ട [3]മൂച്ചോരും തിന്നൂട്ടടാ?" എന്നു ചോദിച്ചപ്പോൾ

"എക്കച്ചൊല്ലടാ. [4]അക്കളെ പിടിച്ചൂട്ട്, [5]അപ്പേലെ ഇട്ടൂട്ടടാ, [6]അക്കീലെ ചുട്ടൂട്ടടാ, അച്ചിരി ഇച്ചിരി, അകട വികട ഫോം," എന്നു പുലമ്പിക്കൊണ്ട് കടിമാടനെ കാലുകൊണ്ടൊരു ചവിട്ടു കൊടുത്തു. കൂട്ടരെ ഇങ്ങനെ കളിപ്പിച്ചു. അതു കണ്ടു കാടരുടെ മൂപ്പൻ ചിരിച്ചു കൊണ്ടിരിക്കുമ്പോൾ,

"കാടും മേടും തേടിനേടും—തിന
തേനോലും തുതയിലാക്കി,
ചാഞ്ചാടി താനാത്തെന്തിന—ധിത്തെ
ചാടിയോടി വാടാ വേടാ!"

എന്നു കുഴലിലൂടെ പീയൂഷയൂഷം കർണ്ണപുടങ്ങളിൽ പകരുന്നതുപോലെ അതിമധുരമായ ഒരു ഗാനം വരക്കിണറിന്റെ ഉള്ളിലൂടെ കേട്ടുതുടങ്ങി.

"അച്ചോ! എന്തൂട്ട ചേതം! കയ്യർ വന്നൂട്ടടാ. തിന്നത്തുതെടുത്തൂട്ട്, വരത്തേനെടുത്തൂട്ട്."

"മണ്ണിന്നുടയോരെന്നെണ്ണം—മന്നർ
വെണ്ണീറാകുന്നതുമെണ്ണി,
വിണ്ണിന്നുടയോനെ നണ്ണി—തിണ്ണം
കണ്ണിലുണ്ണി, ഓടി വാടാ!"

---

1 മൂപ്പാട്ടി = യജമാനത്തി
2 അകത്തഴി = ഭക്ഷണസാധനം
3 മൂച്ചോരും = എല്ലാവരും
4 അക്കളെ = കക്ഷം
5 അപ്പ് = വെള്ളം
6 അക്കി = തീ

"എക്കുട്ടാ 1അച്ചം, കടുവാക്കാ അച്ചം! മാട, കോട, മണിയ, തിത്തൈ, നീർമുച്ചോരും ഏററുട്ടടാ" എന്നു വേടക്കു മൂപ്പനും എഴന്നേററു.

'കയ്യരിൽ—ഈ കയ്യരിൽ—കണ്ണുമിന്നക്കി—വെക്കം
കൈയ്യും മെയ്യും വടിവാക്കി,
ആടിപ്പാടിക്കൂട്ടരോടും—കൂടി
ചാടിയോടി വാടാ വേട!—വെക്കം
ചാടിയോടി വാടാ വേടാ!'

കാവുതിക്കടുവയുടെ പ്രാവും പന്ത്രണ്ടെലികളും വന്നു നിരന്നു് എല്ലാവരും ഒത്തു്,

'ലാലാല-ലാലാല-ലാലാല-ലാലാ
ലാലലാല-ലാലലാല-ലാലലാല-ലാ'

എന്നു് ആടിപ്പാടിക്കൊണ്ടു തേനും തിനയും കാച്ചിലും കനികളും കുംഭങ്ങളിലാക്കി തോളത്തു തൂക്കി, കത്തിയും വടിയുമായി, ഗുഹയിൽനിന്നു പുറത്തിറങ്ങി ഒററണി നിരന്നു വെള്ളച്ചാട്ടത്തിൻെറ പിന്നിലുള്ള വരമ്പത്തൂടെ മലയോരത്തിൽ ചെന്നുകയറി. പല്ലവി പാടുന്നതു കേട്ടു വില്ലാളി കുത്തുപാറയുടെ വക്കത്തു വന്നു കീഴ്പോട്ടു നോക്കിക്കൊണ്ടു കുറച്ചുനേരം നിന്നപ്പോഴേയ്ക്കും വേടനും കൂട്ടരും പാറയുടെ മുക്കപാററി മലയിറമ്പിലൂടെ തെരുതെരെ വരയാടുകളെപ്പോലെ നാലു കാലും കുത്തി കയറി വരുന്നതു കണ്ടു. വേടനും വില്ലനും കൂടിക്കണ്ടു് എന്തൊക്കെയോ പറഞ്ഞു്, എല്ലാവരും കൂടി അവിടെനിന്നു ചാടിയോടിപ്പോയി.

(ഭൂതരായർ)

---

1 അച്ചം = ഭയം

# സാഹിത്യകൗതുകം

"ഏകോഭൂന്നളിനാത്തതസ്തു പുളിനാ-
ദ്വല്മീകതശ്ചാപരഃ
തേ ഏവ പ്രഥിതാഃ കവീന്ദ്രഗുരവ-
സ്തേഭ്യോ നമസ്കുർമ്മഹേ."

പ്രശാന്തഗംഭീരമായ മൗനമഹാശക്തിയോഗം കൊണ്ടു ശൂന്യമായ ഒരു മഹാകാവ്യത്തെ പുരാണകവി നിർമ്മിച്ചു "സർവ്വം ജാനാതി; സർവ്വം വർണ്ണയതി; സർവ്വം സർവ്വതോ ഗച്ഛതി" എന്നു കവനശബ്ദത്തെ സാർത്ഥകമാക്കി പേരു കൂടാതെ പെരുമ പുലർത്തി പരമപദാത്മകമായ പരമാനന്ദത്തിൽ ലയിച്ചു്, അനിർവ്വചനീയമായ അദ്ദേഹത്തിൻെറ അനുഭവൈകവേദ്യമായ കാവ്യരസത്തെ അനുസ്മരിച്ചു ബ്രഹ്മാക്ഷരത്തിൽ ആദികവി ഒരു മഹാകാവ്യം വിരചിച്ചു പ്രാപഞ്ചികവ്യാഖ്യാനത്തോടു കൂടി വേദവിത്തുകളിൽ സമർപ്പിച്ചു. വ്യാസമഹാമുനി പരമ്പരയാ സിദ്ധിച്ച പദ്മജൻെറ ആധ്യാത്മികകാവ്യത്തെ ലോകാനുഗ്രഹത്തിന്നായി വിശകലനം ചെ

ച്ചും, വ്യാവഹാരികസംഭവങ്ങളെക്കൊണ്ടു വിശദീകരിച്ചും, നിഗൂഢസാരങ്ങളെ അനുഭവഗോചരമാക്കി. വാല്മീകിമഹർഷിയാകട്ടെ, കേവലലൗകികരീതിയെ ആസ്പദമാക്കി വാക്യനിർമ്മാണം ചെയ്തു, വൈഷയികരസാനുഭൂതിയിൽത്തന്നെ ചതുർവ്വർഗ്ഗത്തെയും സാധിക്കുവാനുള്ള വഴികാട്ടിത്തന്നു. അതുകൊണ്ടുതന്നെ പിന്നീടുണ്ടായ ലൗകികകാവ്യകാരന്മാരുടെ പിതൃസ്ഥാനവും അദ്ദേഹത്തിനു ലഭിച്ചു. കറാമല്ല, നളിനപുളിനവല്മീകജാതന്മാരായ അപൂർവ്വപൂർവ്വകവികൾ കവീന്ദ്രകുലഗുരുപട്ടത്തിന ശാശ്വതാവകാശികളായിത്തീർന്നു.

പുരാണകവിയുടെ പ്രഥമശിഷ്യനായ 'നാനാമുഖ' കവിയുടെ പ്രപഞ്ചകാവ്യത്തിലുള്ളതിൽ കവിഞ്ഞ ഒരു കാവ്യരസം അനുഭവിക്കേണമെങ്കിൽ മഹത്തുക്കളിൽ മഹീയാനും അണുക്കളിൽ അണീയാനും അനുശാസിതാവും അനന്തരൂപനും സർവ്വാധാരഭൂതനും സർവ്വപ്രകാശകനുമായ ആ വിരാട്കവിയുടെ നാദാത്മകമായ ഏകാക്ഷരകാവ്യത്തിൽ ലയിക്കുകതന്നെ വേണം. പ്രകൃതിയുടെ യോഗനാളത്തിലാണു് ആ കാവ്യധ്വനി അനുരണനം ചെയ്യുന്നതു്. മൂലപ്രകൃതിയുടെ വികൃതിയാണു് അതിനെ വ്യാഖ്യാനിക്കുന്നതു്. അതിന്റെ പ്രസ്താരവിസ്താരമാണു് കവികളുടെ ഹൃദയശംഖങ്ങളിൽ പുടപുഴങ്ങുന്നതു്. ഹൃദയപത്മങ്ങളെ വികാസോല്ലസത്തുക്കളാക്കുന്നതു് അതിന്റെ ഭവ്യദിവ്യപ്രകാശമാണു്. സങ്കല്പശക്തിയെ ഉത്തേജിപ്പിക്കുന്നതും അതുതന്നെയാകുന്നു. ഗായകന്റെ കണ്ഠനാളത്തിൽ നടിക്കുന്നതും ചിത്രകാര

ന്റെ തൂലികയിൽ തുള്ളുന്നതും കലകളിൽ കളിയാടുന്നതും ആ ദിവ്യകാവ്യധ്വനിയുടെ പ്രകാരവികാരഭേദങ്ങളാണു്. ആനന്ദകന്ദവും അതുതന്നെയാകുന്നു. വീണാവേണുമൃദംഗപടഹധ്വാനങ്ങളും ആ ധ്വനിയുടെ പ്രതിധ്വനികളല്ലാതെ മറ്റൊന്നുമല്ല.

"ന ചലസി ന വദസ്യുദാരബുദ്ധേ!
ക്ഷിതിധര, ചിന്തയസേ മഹാന്തമർത്ഥം
അപി ബത വസുദേവനന്ദനാങ്ഘ്രിം
വയമിവ കാമയസേ സ്തനൈർവ്വിധർത്തും"

എന്നു ശ്രീകൃഷ്ണപ്രണയിനികളുടെ പ്രലാപത്തിൽ പങ്കുകൊള്ളത്തക്കവണ്ണം പ്രകൃതീദേവിയെപ്പോലും പ്രലോഭിപ്പിച്ച ആ കോടക്കാർവർണ്ണന്റെ ഓടക്കുഴൽവിളി ആ ദിവ്യകാവ്യതത്ത്വത്തിന്റെ മഹിമയെ പുകഴ്ത്തുകയല്ലാതെ മറ്റൊന്നുമല്ല ചെയ്യുന്നതു്. പുരാണകവിയുടെ സ്ഥൂലശരീരത്തിൽ അന്തർഭൂതമായ യോഗനാളമാകുന്നു കണ്ണന്റെ കരകമലത്തിൽ കാണുന്ന മുരളി. നിതാന്തശാന്തമധുരമായ ആ മുരളിയുടെ നാദമാണു് കവിയുടെ ഹൃദയം. കവിയുടെ പ്രാണൻ, കവിയുടെ ജീവൻ, കവിശരീരം കേവലവേണുമാത്രം. ഉപാധി നശിച്ചാലും ഉപാദേയം നശിക്കുന്നതല്ല; കാവ്യകാരൻ നശിച്ചാലും കാവ്യസാരം നശിക്കുകയില്ല. സരസകാവ്യസമ്പത്തിലാണു് കവി എന്നും ജീവിച്ചിരിക്കുന്നതു്. അല്ലാതെ നിസ്സാരവും നശ്വരവുമായ ശരീരോപാധിയിലല്ല. അതുകൊണ്ടുതന്നെയല്ലേ കവിയെ ആത്മാരാമനെന്നും ജീവന്മുക്തനെന്നും നിത്യാനന്ദാനുഭൂതിയിൽ സുഖിക്കുന്നവനെന്നും നാദബ്രഹ്മത്തിൽ ലയിച്ചവനെന്നും വ്യവഹരിക്കുന്നതു്?

ഈ ഒരു തത്വചിന്താകീൎത്തനം 'സാഹിത്യകൗതുക'കാരൻ 'ഓടക്കുഴലിൽ' ഒന്നാമതായി ഊതുവാൻ തുടങ്ങിയതു് ഉചിതംതന്നെ. ആ മുരളീഗാനം കവികോകിലത്തിന്റെ കളകൂജിതമായി പരിണമിക്കുന്നതാകുന്നു 'കുയിൽ.' ഇതു് 'ഓടക്കുഴലി'ന്റെ അനുപല്ലവമാണെന്നുതന്നെ പറയാം.

"ജീവിതപ്പോരിൽ തോററു
തോററുള്ളം കീറിക്കീറി-
മേവിടും സഹോദര-
ന്മാരിലാക്കാനും, പക്ഷേ,
ആനന്ദഗാനം ചെയ്വാൻ
ശക്തമായേക്കാമെന്റെ
ഗാനം; ഞാനതിക്ഷുദ്ര-
പക്ഷിയായിരുന്നോട്ടേ."

എന്നു വിനയാവതനായ കവി യഥാശക്തി പരോപകാരത്തിനൊരുങ്ങി ആത്മാൎപ്പണമായി കോകിലമാകുന്ന ഉപാധിയിൽ ഓടക്കുഴലിനോടു ശ്രുതിചേൎന്നു് ആവൎത്തിച്ചു പാടുന്നു. 'തല്ല്യയം'തന്നെയാണു് 'തുല്ല്യയം' എന്നും സൂചിപ്പിക്കുന്നു.

'അനന്തമഹിമാവേൎത്തു'ന്ന സൃഷ്ടിവൎഗ്ഗത്തിൽ വ്യാപിച്ചു കിടക്കുന്ന ഈശ്വരചൈതന്യത്തെ ആരായുന്ന കവി അമ്പലാജനത്തെ ആധാരമാക്കി ഭാരതീയദാമ്പത്യാദൎശത്തെയും ധൎമ്മനിഷ്ഠയുടെ പരമകാഷ്ഠയെയും ത്യാഗശക്തിയുടെ ഔൽകൃഷ്ട്യത്തെയും ഉത്തമജീവിതമാതൃ

കയെയും നിഴലും വെളിച്ചവും യഥാവിധി സംഘടിപ്പിച്ച് വിചിത്രവർണ്ണങ്ങളിൽ കുറിച്ച് വാർണ്ണീഷ് ഇട്ടു മിനുക്കിയ ഒരു നൂതനപടമാണ് ഈ ഖണ്ഡകാവ്യ ചിത്രശാലയിൽ കാണുന്ന 'സ്മൃതി'.

"യുദ്ധത്തിൽ ജയമാർന്നതില്ല; തരുണി-
 ത്തയ്യൽ കാണിച്ചതാ-
മദ്ധർമ്മത്തിരിതൻസഹായമൊട്ടടൻ
 സ്വർഗ്ഗത്തിലെത്തീ ഭടൻ;
ഇദ്ധഖ്യാതികലർന്ന തച്ഛവകുടീ-
 രത്തിൽ പതിപ്പു വധൂ-
ശുദ്ധപ്രേമസുഗന്ധിജീവിതസുമം
 നൈരാശ്യവാതാഹതം."

ഈ ചരമപദ്യം പ്രസ്തുതചിത്രത്തിന്റെ പരിസരവിധാനവും പ്രകൃതവിഷയത്തിന്റെ പട്ടകുറിപ്പുമായി പ്രശോഭിക്കുന്നു. അതു കവിയുടെ ഐകാഗ്ര്യനിഷ്ഠയുടെ ഒരു പ്രത്യക്ഷലക്ഷ്യവുമാകുന്നു.

"നിയതിതൻ മുഗ്ദ്ധനിർമ്മലഹാസം" കണ്ടു പ്രസാദസുമുഖിയായ മുല്ലമലർ ചെങ്കോടി കൺമിഴിച്ചു നോക്കിയപ്പോൾ ദിനമണിഭഗവാനെ പുരോഭാഗത്തു കണ്ടു സമുചിതമായ അതിഥിസത്കാരത്തിങ്കൽ ഉത്സുകയെങ്കിലും അല്ലതയാൽ അവശയായി 'ഹിമകണാ'ശ്രുക്കൾ പൊഴിച്ചു സ്തുതിപൂർവ്വം പാദശുദ്ധഃപ്രേമസമ്പൂർണ്ണമായ തന്റെ കരൾ തുറക്കുന്ന ഒരു കൺകളിരം കാഴ്ചയാണു 'പുഷ്പഗീതി.'

പേരാററിൻമണൽത്തിട്ടിൽ മറഞ്ഞു കിടക്കുന്ന മാമാങ്കമഹോത്സവമഹിമയെ പുനർജ്ജീവിപ്പിച്ച സ്വാരാജ്യസ്നേഹദീപം കൊളുത്തിയും 'സത്യമേ സൗന്ദര്യം' എന്നു ലോകോപദേശം ചെയ്തും,

'അലസപവനലോല മുല്ല വെൺ-
മലർനിര തൂകിയിരുന്നൊരത്തറ
ജലകണജഡമാക്കിയെൻതമാ-
വലയിതമാം ഹതമായ ലോചനം'

എന്നു പരേതനായ താതനെയോർത്തു വിലപിച്ചും,

'വിലക്കീടുന്നോ നീ മതി മതി ദഹിക്കുന്ന മനമെ,-
ന്നുലഞ്ഞീടും കൊമ്പാൽ സഹജ പരനോടോതുകിലേ
ജ്വലൽദുഃഖാവേഗം കുറയുമതിനാലാർത്തിവശഗൻ
പുലമ്പിപ്പോയ്; നേരാം ജനകനു പദം നിത്യസുഖദം'

എന്നു സമാധാനിച്ചും കവി 'സാഹിത്യകൗതുക'ത്തെ നയിക്കുന്നതു 'പ്രേമഭിക്ഷു'യിൽ ചെല്ലുമ്പോഴ് പുതിയൊരു രൂപകപ്രസ്ഥാനവും കൂടിയായി വികസിക്കുന്നു.

ഇപ്രകാരം ഈ ഖണ്ഡകൃതിയിൽ ഒരുക്കിയിരിക്കുന്ന വിഷയങ്ങളുടെ വൈശിഷ്ട്യത്തേയും കല്പനാചാതുരിയേയും ആശയമാധുരിയേയും പ്രകൃതാനുപ്രകൃതമായി പ്രത്യേകമെടുത്തു ചർച്ചചെയ്യാനുള്ള ഔത്സുക്യത്തിനു് ഇതില്പരം പ്രവർത്തിപ്പാൻ അവകാശം നല്കുന്നതു് അനുചിതമായിരിക്കും.

"കവിഃ കരോതി പദ്യാനി ലാളയത്യുത്തമോ ജനഃ
തരുഃ പ്രസൂതേ പുഷ്പാണി മരുദ്വഹതി സൗരഭം"

ഈ സജ്ജനക്കാരു് ഇളക്കിക്കൂട്ടുവാൻ വിശറിയെടുത്തു ഞാനൊന്നു വീശിയെന്നേയുള്ളൂ. പ്രരോചനമാണല്ലോ ഫലശ്രുതിയുടെ പ്രയോജനം. അതുതന്നെയായിരിക്കാം അവതാരികയുടെ ആവശ്യവും.

(സാഹിത്യകൗതുകം നാലാഭാഗം—അവതാരിക)

# ആത്മദമനം

മനുഷ്യവർഗ്ഗത്തിൽ ലൗകികന്മാരായിട്ടുള്ളവർ പരോപദ്രവം ചെയ്യാതെകണ്ടും പരന്മാരിൽനിന്നു് ഉപദ്രവം അനുഭവിക്കാതേകണ്ടും ഏകദേശമെങ്കിലും പരസമ്മതനായും ലോകത്തിൽ കഴിഞ്ഞുകൂടണമെങ്കിൽ മൂന്നു പ്രധാനഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ടു്. ആയവ പ്രാധാന്യക്രമേണ ആത്മദമനം, ആത്മാവബോധം, ആത്മബഹുമതി എന്നിവയാകുന്നു. ഇവിടെ ആത്മബഹുമതി എന്നതിന്നു ദുരഭിമാനമെന്നോ അനാവശ്യമായ 'താൻപ്രമാണിത്ത'മെന്നോ അർത്ഥം തെററിദ്ധരിച്ചു പോകരുതു്. യാതൊരവസ്ഥയിലും തന്റെ വിചാരം, വാക്കു്, പ്രവൃത്തി എന്നിവയെ നീചമാർഗ്ഗത്തിലൂടെ സഞ്ചരിക്കുവാൻ അനുവദിക്കാതിരിക്കുന്നതിനു വേണ്ട ശക്തിതന്നെയുണ്ടെന്ന വിശ്വാസംമൂലം അവനവനെ കുറിച്ചുണ്ടാകേണ്ട ബഹുമാനമെന്നാണു് മേല്പറഞ്ഞ പദത്തിന്റെ താത്പര്യം. ഈ ആത്മബഹുമതിതന്നെയാണു് ഉത്കൃഷ്ടപദവിയിലേയ്ക്കു മാർഗ്ഗദർശിയായ സ്വാതന്ത്ര്യത്തിന്റെ മൂലവും. ആത്മബോധമെന്തെന്നാൽ സ്വസ്വഭാവത്തെക്കുറിച്ചുള്ള സൂക്ഷ്മതത്ത്വജ്ഞാനംതന്നെ. അ

തായതു്, അവനവനുള്ള ഗുണദോഷങ്ങളെ അവനവനു
തന്നെ വഴിപോലെ അറിയാറാകുക. ആത്മദമനമെന്ന
തു കാമക്രോധലോഭമോഹാദികളിൽനിന്നു് അനായാ
സേന മനസ്സിനെ പിൻവലിക്കുവാനുള്ള ശക്തി. ഈ ഗു
ണത്രയത്തിൽ സർവ്വോത്കർഷേണ വർത്തിക്കുന്ന ആത്മ
ദമനമെന്ന ഗുണത്തെയാണു് പ്രകൃതമായിട്ടു സ്വീകരി
ച്ചിട്ടുള്ളതു്.

മദോന്മത്തനായിരിക്കുന്ന ഗജത്തിനു് അങ്കുശമെ
ന്നപോലെയും ഒതുക്കവും വണക്കവുമില്ലാത്ത കുതിരയ്ക്കു
കടിഞ്ഞാണെന്നപോലെയും കോളിളകപ്പെട്ടുഴലുന്ന
തോണിക്കു് ഒരിക്കലും തെററാത്ത അമരംപോലെയും രാ
ഗദ്വേഷാദി ചിത്തവൃത്തികൾക്കു പരാധീനന്മാരായ മനു
ഷ്യർക്കു് ആത്മദമനം കേവലമൊരു ഗുണമെന്നുമാത്രം പ
റഞ്ഞാൽപോരാ; അതിന്റെ അഭാവം ഏററവും അ
പത്കരമെന്നുതന്നെ പറയണം. മദംകൊണ്ടു ഗർവിഷ്ഠനാ
യ കൊലകൊമ്പനെ ഒതുക്കിനിർത്തുവാൻ ആയുധമില്ലെ
ന്നുവന്നാൽ അന്യന്മാർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കു കൈ
യും കണക്കുമില്ലാത്തതാണു്. ഏററവും ചൊടിയോടുകൂ
ടി യഥേഷ്ടം പാഞ്ഞുനടക്കുന്ന കുതിര ഉപകരിക്കത്തക്ക
താകേണമെങ്കിൽ അതിനെ വേണ്ടവഴിക്കു കൊണ്ടുനട
ത്താറാവണം. ആയതിനു കടിഞ്ഞാണിന്റെ സഹായം
കൂടാതെ സാധിക്കുന്നതുമല്ല. അനേകം ദുർഘടങ്ങളെക്കൊ
ണ്ടു ദുസ്തരമായ മഹാർണ്ണവത്തിലൂടെ തോണിയെ ഉദ്ദി
ഷ്ടസ്ഥാനത്തേയ്ക്കു വഴിതിരിക്കണമെങ്കിൽ അമരത്തി
ന്റെ ബലംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും ഫലിക്ക

ന്നതല്ല. അപ്രകാരംതന്നെ അവനവന്റെ മനോവൃത്തികളെ വഴിക്കുവഴി നിയമനം ചെയ്യുന്നതുകൊണ്ടു സാമാന്യേന മൂന്നുവിധത്തിലുള്ള പ്രയോജനമുണ്ട്. അപാകതകൊണ്ട് അന്യന്നു ശല്യമായിത്തീരാതെ, തന്റെ ജീവകാലം പരോപകാരത്തിന്നായി ഭവിക്കുക, അസത്തുക്കൾ ചെയ്യുന്ന ഉപദ്രവത്തിൽനിന്നു രക്ഷപ്പെടുക— ഇപ്രകാരം ഗുണഭൂയിഷ്ഠമായ ആത്മദമനത്തിന്റെ ഫലമാകുന്നു ശക്തന്മാക്കും അശക്തന്മാക്കും ഒരുപോലെ ഭൂഷണമായ ക്ഷമാഫലം.

അഭ്യാസംകൊണ്ടു സിദ്ധിക്കുന്നതല്ലാതെ ക്ഷമാഗുണം ക്ഷണസാധ്യമായിട്ടുള്ളതല്ല. അല്പമാകട്ടെ അനല്പമാകട്ടെ, സകലസംഗതികളിലും ഒരുപോലെ ക്ഷമ ശീലിച്ചെങ്കിലേ ഈ ഗുണം സ്വഭാവത്തോടുകൂടി ഇണങ്ങുകയുള്ളൂ. അറിഞ്ഞിട്ടും അറിയാതെകണ്ടും നിത്യവും ക്ഷമ ശീലിക്കുന്നവരാണ് മിക്ക ജനങ്ങളും. യുക്തിയും മനസ്സാക്ഷിയും ഒരുവിധം ചെയ്യേണമെന്നു നമ്മളോടുപദേശിക്കുമ്പോൾ മറ്റൊരു വിധത്തിലായിരിക്കും മോഹം നമ്മളെ പ്രേരിപ്പിക്കുന്നതു്. ദിനസരിജോലികൾ നിർവ്വഹിക്കുന്നതിൽ ഇഷ്ടമില്ലാതിരുന്നാലും പലവിധത്തിലുള്ള നിബന്ധനകളെക്കൊണ്ടു സ്വേച്ഛപോലെ നടക്കുവാൻ നിവൃത്തിയില്ലാതെ അതാതു ജോലികളെ നിർവ്വഹിച്ചുപോരുന്നുണ്ട്. നട്ടുച്ചവെയിലത്തു ചുട്ടുപഴുത്തു കിടക്കുന്ന പാടത്തുനിന്നു കിളയ്ക്കുവാൻ ഒരുവനും ആഗ്രഹമുണ്ടാവുന്നതല്ല. എന്നാൽ ഈവക ദണ്ഡങ്ങൾ അനുഭവിച്ച് ഉപജീവനത്തിനു വേണ്ടി അധ്വാനിക്കുന്നതും സഹനശ

ക്തി ശീലിക്കുന്നതിൽ ഒരു വകഭേദമാണു്. അനേകം സംഗതികളിൽ എതിർക്കുവാൻ ശക്തിയില്ലാഞ്ഞിട്ടു് അടങ്ങേണ്ടിവരുന്നുണ്ടു്. അതും ക്ഷമാബലത്തിന്റെ വൈഭവംതന്നെയാണു്. എന്നാൽ അടക്കവും ഒതുക്കവും അറിഞ്ഞു ശീലിച്ചെങ്കിലേ ആയവസ്ഥ സ്ഥൈര്യവും ദാർഢ്യവും മതിയാവുകയുള്ളൂ. അറിഞ്ഞു പ്രവർത്തിക്കുവാൻ അറിവുള്ളവർക്കേ സാധിക്കയുള്ളൂ. ഇതുതന്നെയാണു് വിദ്വാന്മാരുടെ ക്ഷമയ്ക്കും മൂഢന്മാരുടെ ക്ഷമയ്ക്കും തമ്മിലുള്ള വ്യത്യാസം.

ആത്മദമനത്തിന്റെ ഉപാംഗങ്ങളായ വിനയവും വിവേകവും മൂഢന്മാർക്ക് ചില സമയങ്ങളിൽ ഉണ്ടായേയ്ക്കാമെങ്കിലും ആയവ അവരിൽ സ്ഥിരമായിട്ടു പ്രകാശിക്കുന്ന ഗുണങ്ങളല്ല. വിദ്വാന്മാർക്കാകട്ടെ, വേണമെങ്കിൽ ആയവസ്ഥ ഹാനിവരാതെ സൂക്ഷിക്കുവാൻ സാധിക്കുന്നതാണു്. മദ്യപാനികളാണെന്നു പൂർണ്ണബോധമുണ്ടെങ്കിലും അവരുടെ ശകാരവാക്കുകൾ കേട്ടു പരിഭവിച്ചു മാനനഷ്ടത്തിനു കോടതികയറുന്നതും മലകളിളകിലും മഹാജനങ്ങൾക്കു് ഇളക്കം തട്ടാത്തതും ഈ വിവേകത്തിന്റെ പ്രകാരഭേദംകൊണ്ടുതന്നെയാണു്. ഇതു ഹേതുവായിട്ടു സകലഗുണങ്ങളുടേയും മേല്ക്കോയ്മസ്ഥാനം വഹിക്കുന്ന ആത്മദമനത്തെ സകലജനങ്ങളും സദാസമയത്തും യഥാശക്തി ലാളിച്ചു പോഷിപ്പിക്കേണ്ടതാണെന്നു യുക്തിയും അനുഭവവും ഒരുപോലെ നമ്മെ ശാസിക്കുന്നതാണു്.

(രസികരഞ്ജിനി)

# ചിന്താതരംഗിണി

ആഴമുള്ള പുഴയുടെ അടിത്തട്ടിൽ ഒരു പ്രക്ഷോഭം—കരാവേഗം; അതിൽനിന്നുയൎന്ന ഒരു നെടുവീൎപ്പ്; അതിൽനിന്നു വിചാരത്തിൻെറ 'തിര'പ്പുറപ്പാട്, അതിനെ തുടൎന്നു ചിന്താനദിയിൽ ഉരുണ്ടുകൂടുന്ന കല്ലോലപരമ്പര; തടം തട്ടിത്തകൎത്തുകൊണ്ടുള്ള പ്രവാഹകലവി; തടസ്ഥങ്ങളിൽ തട്ടിമറിഞ്ഞു പുറത്തിരിഞ്ഞുള്ള ഗതി; നദീമുഖത്തു തങ്ങിക്കൂടുന്ന നരയും പതയും; ആഴിയോടുള്ള സമാഗമം; അപാരപാരാവാരപ്പരപ്പിൽ ചെന്നുചേൎന്നുള്ള വിശ്രാന്തി—വിഷയാഭോഗം, ക്ലേശാനുഭവം, അനുഭവവിരക്തി, ജിജ്ഞാസ, ബോധം, നിൎവ്വേദം, ശാന്തി—ഇതാണ് "ചിന്താതരംഗിണി." നോക്കുക,

"കഴിഞ്ഞതാരെൻ ജീവിതമെങ്ങ്?"

എന്ന് ഉള്ളുവെന്തു ചിന്തകൻ ദീൎഘനിശ്വാസംകൊള്ളുന്നു. താൻ എത്തിച്ചേൎന്ന ദിക്കിൽനിന്നു മേല്ക്കീഴ്നോക്കിക്കാണുവാൻ ബലാത്കാരേണ പ്രേരിതനായി. അറിയാതെ കടന്നുപോന്ന 'ജീവിതാധ്വാവിലേക്കു' പിൻതിരിഞ്ഞൊന്നുനോക്കിയപ്പോൾ കല്ലും മുള്ളും വളവും പിരിവുമല്ലാതെ കാലടികളൊന്നും പതിഞ്ഞുകാണുന്നില്ല. പ

ശ്ചാത്താപത്തിൽ പതിച്ച വിചാരവീഥി സ്വയംകൃതാനർത്ഥത്തിലേക്കു തിരിഞ്ഞു. അവിടെക്കിടന്നു ചുററിത്തിരിഞ്ഞു വംശംകെട്ടു്,

“വിശ്രാന്തിഗേഹങ്ങളുമില്ല, കൂട്ട-
കാരരും ചതിപ്പാൻ വഴി നോക്കി നില്പോർ.”

എന്നു നിർവ്വേദത്തിലേക്കു കടന്നു. അവിടെനിന്നുകൊണ്ടു ഭക്തിമാർഗ്ഗത്തിലും സകാമകർമ്മങ്ങളിലും സ്മാർത്താചാരങ്ങളിലും മെല്ലെയൊന്നു കണ്ണോടിച്ചു. അവിടങ്ങളിൽ ഒരിടത്തും വിശ്രമത്തിനുള്ള സുഖസൗകര്യങ്ങൾ കണ്ടില്ല.

“പരന്നൊരംഭോധി കുളത്തിലാക്കാൻ
ശ്രമിച്ചിടുന്നോരു പുരോഹിതന്മാർ
വിധിച്ചിടും സ്വാർത്ഥപരങ്ങളായ
മാർഗ്ഗങ്ങൾകൊണ്ടെന്തു ഫലം വരുന്നു!”

എന്നു വീണ്ടും കുഴപ്പത്തിൽത്തന്നെ പെട്ടു. നിശ്വാസത്തിനു പൂർണ്ണവിരാമമിടുവാൻ ചെയ്തിടത്തോളം ശ്രമം ഉച്ഛ്വാസത്തിനു് ആയാമം വർദ്ധിപ്പിക്കുകമാത്രമായി പരിണമിച്ചു. മര്യാദക്കാരിയായ സത്കീർത്തിക്കുപോലും അപകീർത്തി കല്പിച്ച കീർത്തി എന്ന പേരുകൂടി വെറുത്തുപോയി.

“പണത്തിലത്യാർത്തി ഖലർക്കുമാത്രം
വിടത്വമോ മൂഢജനത്തിൽമാത്രം
സത്കീർത്തിയിങ്കൽ കൊതിയോ, ജഗത്തി-
ലത്യുന്നതന്മാരുടെ ദോഷമല്ലോ.”

ശരി; പേരു കേൾക്കുവാനുള്ള മോഹം മഹത്തുക്കളുടെ ഒഴിയാബാധകളിൽ ഒന്നാണു്—അവസാനംവരെ പററിക്കൂടുന്ന ഒരവശതയാണു്. പക്ഷേ രാക്ഷസന്യായേന കീത്തിയെ വരിക്കുന്നതിലല്ലാതെ അനാസക്തമെങ്കിലും ആത്മാത്ഥമായ സ്വകൃത്യനിവ്വഹണത്തെ നിഴലെന്നപോലെ പിന്തുടരുന്ന യശസ്സിനു സ്വാഗതമരുളുന്നതിൽ ചിന്തകനും വിരോധമുള്ളതായി വിചാരിച്ചുകൂടാ. അല്ലെങ്കിൽ, "സിക്കന്ദർ, വീരാഗ്രണി സീസർ, ഉഗ്രൻ ചെംഗീസ്..........." മുതലായ രണോദ്ധതന്മാരെ മാത്രം യശോഭിലാഷികളിൽ പരിഗണിക്കുവാൻ കാരണമില്ല.

കീത്ത്യാഭാസത്തിൻെറ ദുഷ്ടചേഷ്ടിതങ്ങളിൽനിന്നു സഹചാരിയായ അഹംഭാവത്തിൻെറ നേരെയായി ചിന്തയുടെ പരുഷഗതി; ജഗദീശ്വരൻെറ നാനാരൂപമായ സൃഷ്ടിപ്രപഞ്ചത്തിൽ ഓരോ ജാതി വസ്തുവിന്നും ഓരോ പ്രത്യേകഗുണം കല്പിച്ചിരിക്കെ,

"സാധിപ്പതോ വാടമിതിജ്ജഗത്തി-
ന്നാരാണു ദൈവം നരനേകിയെന്നായ്?"

എന്ന സമഭാവനയാകുന്ന ദ്വാരമാർഗ്ഗത്തിലൂടെ വിവേകദുർഗ്ഗത്തിൽ രക്ഷനേടി. രാഗാദികളാൽ ഇരുളടഞ്ഞു കിടന്നിരുന്ന സ്മൃതിപഥം തെളിഞ്ഞു; ചിന്തകൻ സ്വസ്ഥചിത്തനായി, വിചാരഗതി സുഖവഴിക്കായി.

"വിടന്നു നില്ക്കുന്നൊരു പുഷ്പം തമ്മിൽ
ചിരിച്ചു രാഗം വിതറിക്കളിച്ചു

ഫലങ്ങളാൽ ചാഞ്ഞൊരു വൃക്ഷവൃന്ദം,
മന്ത്രിച്ചു തമ്മിൽ സുഖവാർത്തയെല്ലാം."

ഇങ്ങനെ ആത്മാരാമനായി പരമാനന്ദത്തിൻെറ പടിവാതില്ക്കൽ എത്തിയപ്പോൾ സൗന്ദര്യത്തിൻെറ അസ്ഥിരത വഴിതടുത്തു.

"സംഹാരസൃഷ്ടിസ്ഥിതിയെന്നു മൂന്നും
നടപ്പിതേ മർത്ത്യനിൽ മാത്രതോറും
ഇന്നാശയാദർശഗണങ്ങൾ ദേഹ-
സ്സ്നായുക്കളെപ്പോൽ ക്ഷണഭംഗുരങ്ങൾ"

എന്നു സൗന്ദര്യത്തിൽ കണ്ട സ്ഥിരതയില്ലായ്മ കാലദേശവസ്തുഭേദമെന്നിയേ സർവ്വവ്യാപിയായിക്കണ്ടു. കാണുന്നതു സർവ്വവും ക്ഷണഭംഗുരം, അനിത്യം, ഭ്രമം! അപ്പോൾ സുഖമെന്നാലെന്തു്? അതു ശാസ്ത്രജ്ഞന്മാരുടെ അപഗ്രഥനത്തിനു വിഷയമല്ല; അതു സ്വാതന്ത്ര്യവുമല്ല. ഇങ്ങനെ ആത്മപ്രശ്നത്തിനുള്ള സമാധാനം നിഷേധത്തിൽ കലാശിച്ചു.

നശ്വരവും ഭ്രമാത്മകവും അസ്വാതന്ത്ര്യവുമായ ജീവിതത്തിൽ എന്തു ഗതിയാണു് പിന്നെയുള്ളതു്?

"ഉദ്ദേശമില്ലാത്ത കളിക്കുവേണ്ടി
നിർമ്മിച്ചതോ ലോകമനന്തനീശൻ?
പരന്നെഴും മായയിൽ മുങ്ങി നീന്തി-
ക്കളിക്കയോ നാമൊരു ലക്ഷ്യമെന്യേ?"

എന്നു് അധ്യാത്മചിന്തയ്ക്കു വശഗനായപ്പോൾ നിത്യസുഖമാകുന്ന പരമപദത്തിലേയ്ക്കു വിജ്ഞാനദീപം വഴി കാണിച്ചു.

"സ്വധർമ്മശാസ്ത്രങ്ങൾ ധരിച്ചു യുദ്ധം
നടത്തുവോൻ ശാന്തിയണഞ്ഞിടുന്നു"

എന്നു സ്വധർമ്മത്തെ സ്വയം പരീക്ഷിച്ചറിഞ്ഞു സ്ഥൈര്യത്തോടും ധൈര്യത്തോടും കൂടി സ്വകൃത്യം നടത്തുന്നതാണ് ജീവിതത്തിൻെറ പരമപ്രയോജനമെന്നും,

"സുഖാസുഖത്തിൽ കവിയുന്ന ശാന്തി
ലഭിപ്പതേ വാസ്തവമായ സൗഖ്യം"

എന്നും കർമ്മകാണ്ഡത്തിലൂടെയേ പരമാനന്ദലബ്ധിയുണ്ടാകയുള്ളുവെന്നും, അല്ലാതെ,

"കളിച്ചു പാരത്രികപാശബന്ധം
മുറിക്കുവാൻ മർത്ത്യനു സാധ്യമല്ല"

എന്നും, അതിനു ശ്രമിക്കുന്നുവെങ്കിൽ.

"ഭീരുത്വമാർന്നായതു; ജീവിതപ്പോർ-
ക്കളത്തെ വിട്ടോടിയൊളിച്ചിരുന്നാൽ
ലഭിച്ചിടും ശാന്തി മൃതിക്കു ചേർന്ന
മൗനത്തിനോടൊക്കുമതത്രമാത്രം"

എന്നും പ്രമാണപ്രസിദ്ധമായ പരമതത്ത്വത്തെ ശരണം പ്രാപിച്ചു ചിന്തകൻെറ മനസ്സു ശാന്തി അടയുകയും വിചാരഗതിക്കു വിരാമമിടുകയും ചെയ്തു. എന്നാൽ കവി അവിടെ നിന്നില്ല. സങ്കല്പശക്തികൊണ്ടു് ഒരു സഖാവിനെ സൃഷ്ടിച്ചു സ്വാനുഭവസഹജമായ തന്മയത്വത്തെ വിനയത്താൽ അന്യാധീനപ്പെടുത്തി.

"ആടിത്തീർന്നോരു ജീവിതാങ്കവുമുടാ-
രാദർശദീപാങ്കുരം
പാടേ കത്തിയെരിഞ്ഞതും, ബത, നിന-
ച്ചാടൽപ്പെട്ടോ,യെന്റെസഖേ!"

എന്നു ശിഷ്യോപദേശം ചെയ്തു് ആശയത്തിനു ഗുരുത്വവും നേടിയതിനു ശേഷമേ നിഷ്ക്രമിച്ചുള്ളു.

ആദ്ധ്യാത്മികമായ ഈ ഖണ്ഡകാവ്യപ്രസ്ഥാനത്തിനു വിദേശസാഹിത്യകോടിയിൽ എതിർതേടേണ്ട ആവശ്യമില്ല. ഇതു ഭാരതീയരുടെ പൂർവ്വാർജ്ജിതമാണു്; അവരുടെ പാരമ്പര്യസംസ്കാരത്തിനു പ്രത്യേകം ശ്രുതി ചേരുന്ന വിശിഷ്ടവിഷയവുമാണു്.

ഒരു വാക്കുകൂടി: കൈരളിക്കു് ഈ കവിയിലുള്ള കടാക്ഷത്തിനു് അനുയുക്തമായ ആനുകൂല്യം കാര്യാന്തരവ്യഗ്രനായ കവിക്കു കൈരളിയുടെ പേരിലും ഉണ്ടായിരുന്നുവെങ്കിൽ—എത്ര നന്നായിരുന്നു.

(അവതാരിക 1122 ഇടവം)

# നായാട്ടുവിധി

ഏറിയപങ്കും ഉന്നതങ്ങളായ പൎവ്വതങ്ങളാലും വിസ്തൃതകളായ നദികളാലും പരിപൂൎണ്ണമായി ഹിമവൽസേതുപൎയ്യന്തം വ്യാപിച്ചുകിടക്കുന്ന ഭൂഖണ്ഡത്തിലെ പുരാതനനിവാസികൾക്കും ഇദാനീന്തനന്മാരായ അവരുടെ സന്താനങ്ങൾക്കും സാമാന്യമായൊരു സ്വഭാവവിശേഷം പാശ്ചാത്യശാസ്ത്രജ്ഞന്മാർ അല്പകാലമായിട്ടു കണ്ടുപിടിച്ചു സമൎത്ഥിച്ചിട്ടുണ്ടു്. ഈയൊരു സ്വഭാവവിശേഷം ആധുനികന്മാരിൽ അവസ്ഥാന്തരങ്ങളെക്കൊണ്ടു വളരെ വളരെ വ്യത്യാസപ്പെട്ടുപോയിട്ടുണ്ടെങ്കിലും, നിൎമ്മലമായ നഭോമണ്ഡലത്തിൽ പ്രകാശിച്ചുകൊണ്ടിരുന്ന ചന്ദ്രബിംബം മേഘപടലത്തിൽ മറഞ്ഞാൽ എങ്ങനെയോ, അപ്രകാരംതന്നെ പൂൎവ്വികന്മാരുടെ നിഷ്കളങ്കമായ ഹൃദയമണ്ഡലത്തിൽ പ്രത്യക്ഷമായി വിളങ്ങിക്കൊണ്ടിരുന്ന വാസനാവിശേഷം—അതായത്തു്, ഐഹികസുഖാനുഭവവൃത്തികളിൽ പ്രകൃതിസിദ്ധമായ അനാസ്ഥ, പരമാത്മധ്യാനത്തിങ്കൽ അന്തരാത്മാവിനുള്ള അഭിനിവേശം—അന്യജാതിക്കാരുടെ സംസൎഗ്ഗംകൊണ്ടു ജനിച്ചിട്ടുള്ള മോഹപരമ്പരയിൽ മറഞ്ഞു് ഭാരതീയന്മാ

രുടെ മനോമണ്ഡലത്തിൽ ഇന്നും ലയിച്ചുകിടക്കുന്നുണ്ടു്. സ്വഭാവവശാൽ ഹിന്ദുക്കൾക്കു പ്രവൃത്തിമാൎഗ്ഗം വെടിഞ്ഞു നിവൃത്തിമാൎഗ്ഗമണവാനാണു് മോഹമെന്നതു സാധിക്കുവാൻ പ്രത്യേകിച്ചു ലക്ഷ്യങ്ങൾ വേണമെന്നു തോന്നുന്നില്ല. ആവശ്യമുള്ളപക്ഷം ആയവസ്ഥ ക്ഷാമവുമില്ല.

ഇതിനുള്ള കാരണം ഹിമവാന്റെ ഗാംഭീര്യമെന്നും വിന്ധ്യന്റെ സാന്നിധ്യമെന്നും മററും ആംഗ്ലേയപണ്ഡിതന്മാർ പറയുന്നതു് ഗിരിശിഖരങ്ങൾ പിതൃക്കൾക്കു വെച്ചുപോരുന്ന പിണ്ഡങ്ങളെന്നും നദീജലം പിണ്ഡോദകമെന്നും ഹിന്ദുക്കൾ വിചാരിച്ചിട്ടാണെന്നു പറയുന്നതിനോടു തുല്യമാണെന്നു ചിലർ സിദ്ധാന്തിച്ചേയ്ക്കാമെങ്കിലും, കാൎയ്യത്തെക്കുറിച്ചു വിതൎക്കമുണ്ടാകുമെന്നു തോന്നുന്നില്ല. ഇന്ത്യാസാമ്രാജ്യത്തിന്റെ നാലതിരിനുള്ളിൽ ബ്രാഹ്മണൻമുതൽ പറയൻവരെ സാമാന്യേന ഏതൊരു ജാതിയാണു് സകലതും ഈശ്വരാധീനമെന്നു വിശ്വസിച്ചുപോരാത്തതു്? ഏതൊരു ഹിന്ദുവാണു് ഐഹികവിഷയങ്ങളിൽ പ്രവേശിക്കുമ്പോൾ, ഭാഗ്യം, ഈശ്വരേച്ഛ, ദൈവഗതി എന്നെല്ലാം പറയുന്ന 'ബ്രഹ്മവിധി'ക്കു 'താൻ പാതികൂടി' അടിയറവെച്ചു കീഴടങ്ങാത്തതു്? ഹിന്ദുക്കളുടെ ഒരാചാരമെങ്കിലും മതത്തോടുകൂടി ബന്ധിപ്പിക്കാത്തതുണ്ടോ? ഒരു പ്രവൃത്തിയെങ്കിലും ഒരു ദേവനോടുകൂടി ബന്ധിപ്പിക്കാത്തതുണ്ടോ? വെളുപ്പിനെഴുന്നേററു ദേശഭേദംപോലെ കാലും മുഖവും കഴുകിയോ കുളിച്ചോ വന്നു രാമായണം പുസ്തകമെടുത്തു കിഴക്കോട്ടു തിരിഞ്ഞിരുന്നു സൎവ്വേശ്വരനെ ധ്യാനിച്ചുകൊണ്ടു മലത്തി

നോക്കുമ്പോൾ വലത്തു പുറത്തു് ആദ്യത്തെ ശ്ലോകം ശുഭസൂചകമാണെങ്കിൽ ആ ദിനം സുദിനമെന്നതിനു വാദമില്ല. വിഷുദിവസം നാളികേരമുരുട്ടി സംവത്സരഫലം അറിയുന്നതിനുള്ള ക്രമവും അതിൻെറ ഫലങ്ങളും സുപ്രസിദ്ധങ്ങളാണല്ലോ. മലയാളത്തിലും പരദേശത്തും വ്യത്യാസം കൂടാതെ 'വീണാവേണുമൃദംഗശംഖപടഹധ്വാനാ'ദികളും 'മദ്യം പച്ചയിറച്ചി മണ്ണു ശവം' മുതലായവയും യാത്രാമുഖത്തിങ്കൽ ശോഭനങ്ങളും 'വെണ്ണീറും വിറകെണ്ണയും ചൂലും മുറവും' മററും നിന്ദിതങ്ങളുമാകുന്നുവെന്നുമാത്രമല്ല, മൊട്ടച്ചികളുടെ ദർശനം കൂടി മലയാളത്തിലെപ്പോലെത്തന്നെ പരദേശത്തും അശുഭമെന്നു വിചാരിക്കപ്പെട്ടുവരുന്നു. ഇങ്ങനെ ഭാഗ്യപരീക്ഷകളെ പരിശോധിക്കുന്നതായാൽ ആദിയുമവസാനവുമില്ലാതെ പരന്നുകിടക്കുന്നുവെന്നേ പറഞ്ഞുകൂട്ടൂ. ആചാരങ്ങളുടെയും മതത്തിൻെറയും ബന്ധത്തെക്കുറിച്ചു പര്യാലോചിക്കുന്നതും അപാരമായ സംഗതിതന്നെ.

ഇനി സാധാരണമായുള്ള ഓരോരോ പ്രവൃത്തികളെക്കുറിച്ചു് ആലോചിച്ചു നോക്കുക അവിടെയും ഈശ്വരാധീനത്വം പ്രത്യക്ഷപ്പെടുന്നതാണു്. കട്ടുമുക്കാലും കാര്യങ്ങൾക്കു് ഓരോരോ അധിഷ്ഠാനദേവതകളുണ്ടു്. ആചാരനിഷ്ഠയുള്ളവർ അതാതു കാര്യത്തിൽ പ്രവേശിക്കുമ്പോൾ അതാതു പരദേവതകളെ ധ്യാനിക്കുകയോ സ്തുതിക്കുകയോ ചെയ്യാതിരിക്കയില്ലെന്നു നമ്മൾക്കു കണ്ടും കേട്ടും അനുഭവിച്ചും പരിചയമില്ലേ? കിടക്കുന്ന സമയം 'ശ്രീമാധവായ നമഃ,' എഴുന്നേല്ക്കുമ്പോൾ 'ഹരേ കേ

ശപായ നമഃ;' തേച്ചുകുളിക്കുന്ന സമയം രണ്ടു തുള്ളി എണ്ണയെങ്കിലും ഭൂമീദേവിക്കു കൊടുക്കാതിരിക്കയില്ല. പതിവായിട്ടു് ഉണ്ണുന്ന സമയം ഗണപതിക്കു വെയ്ക്കേണ്ടതാണു്. അതില്ലാത്തപക്ഷം വിശേഷദിവസം കൂടാതെ കഴിയുകയില്ല. വായിക്കുവാൻ തുടങ്ങുന്നതു വാണിയെയും ഗണനായകനെയും ധ്യാനിച്ചു ഗ്രന്ഥമോ പുസ്തകമോ തൊട്ടു തലയിൽ വെച്ചിട്ടുവേണം. ഈ ജാതി വിശ്വാസങ്ങളും നിഷ്ഠകളും ഹിന്ദുക്കളുടെ എന്നപോലെ മറ്റൊരു ജാതികളുടെയും ഇടയിൽ അത്ര സ്ഥിരമായി നിന്നിട്ടുമില്ല, നില്ക്കുന്നതുമില്ല. പ്രത്യേകിച്ചു്, കേരളീയ ജനസാമാന്യത്തിന്റെയിടയിൽ അതിനു വിശേഷമുണ്ടു്. സകലതും ദൈവപരമായി സങ്കല്പിച്ചിട്ടുള്ളതുകൊണ്ടു് വേദംതൊട്ടു വടക്കൻപാട്ടുവരെ മുഖത്തിൽനിന്നു മുഖത്തേയ്ക്കു പകരുന്നതല്ലാതെ ഓലയിലോ കടലാസ്സിലോ പകർത്തിപ്പോയാൽ ആയതിനു് അശുദ്ധി ബാധിക്കുമെന്നത്രേ സത്തന്മാരുടെ സദുപദേശം. അഥവാ ഗ്രന്ഥത്തിൽപ്പെട്ടുത്തേണ്ടതായി വന്നുപോയാൽ പിന്നത്തെ ഉപദേശം 'ബുധജനമിതു ബഹുജനത്തിനു കാട്ടിപ്പോകയുമരുതു്' എന്നായിരിക്കം. ഈ കട്ടവിലുള്ള വാചകം ഏകദേശം ഒരിരുനൂറുകൊല്ലത്തില്പരം പഴക്കമുള്ള ഒരു ഗ്രന്ഥത്തിന്റെ അവസാനത്തിൽ ഞാൻ കണ്ടതാണു്. ഗ്രന്ഥത്തിന്റെ ആദ്യം എടുത്തുനോക്കിയപ്പോഴ 'ഒന്നു കാട്ടിൽ ചാടി, ഒന്നു നീററിൽ ചാടി' എന്നും മററും ചില പൊട്ടും പൊടികളും കണ്ടു് ഒന്നും മനസ്സിലാവാതെ ഗ്രന്ഥത്തിന്റെ പേരു് കട്ടവിൽ പറഞ്ഞിട്ടുണ്ടോ

യിരിക്കാമെന്നു കരുതി അവിടം മറിച്ചു നോക്കിയ സമയമാണു് മേല്പറഞ്ഞ ഉപദേശവാചകം കണ്ടെത്തിയതു്. അതുതന്നെ ആ ഗ്രന്ഥം മുഴുവനും എന്നെക്കൊണ്ടു വായിപ്പിക്കുവാൻ ഒരുദ്ദീപകമായിട്ടു കലാശിച്ചു. വായനയുടെ ഫലമായിട്ടു പണ്ടത്തെ നായാട്ടുനടവടിയെക്കുറിച്ചു ചിലതൊക്കെ അറിയുവാൻ എനിക്കു സംഗതിയായെങ്കിലും ഗ്രന്ഥമെഴുത്തുകാരൻെറ ഉപദേശം തെററി നടക്കുവാൻ ഒരു വാസന ഈ ലേഖകനുള്ളതുകൊണ്ടു് ഒരധികപ്രസംഗം പ്രയോഗിക്കുവാനാണു് ഇപ്പോൾ ആരംഭിക്കുന്നതു്. പഴയ നായാട്ടുവിധി ബഹുജനത്തിനു കാട്ടിപ്പോയതുകൊണ്ടു് ഉപദേഷ്ടാവു കോപിക്കുവാൻ ഭാവമുണ്ടെങ്കിൽ ഒരു സമാധാനം ഞാൻ കരുതീട്ടുണ്ടു്. ബുധജനത്തിനല്ലേ ഉപദേശം ബാധകമാവുകയുള്ളൂ!

തോക്കെടുത്തു കാടുകേറീട്ടുള്ളവരൊക്കെ നായാട്ടെന്നു കേട്ടാൽ ചെവി വട്ടംപിടിക്കാതിരിക്കയില്ല. അപകടത്തിനു വഴിയുണ്ടെങ്കിലേ ഉത്സാഹത്തിനും രസത്തിനും തള്ളിച്ച മതിയാവുള്ളൂ. പോത്തിനെ വെടിവെച്ചതും ആനയായിട്ടു മുട്ടിയെത്തിയതും പുലിയായിട്ടു നേരിട്ടതും രാത്രിമുഴുവനും ഒരു മരത്തിൻെറ മുകളിൽ കഴിച്ചുകൂട്ടിയതും മററും നായാട്ടുഭ്രാന്തന്മാർ വർണ്ണിച്ചുപറയുമ്പോൾ കേൾക്കുന്നവർക്കുകൂടി ഉത്സാഹം തോന്നിപ്പോകും. ഒരുതവണ നായാടിയിട്ടുള്ളവൎക്ക് പിന്നെ നായാട്ടിലുണ്ടാവുന്ന ആവേശം ഇന്നപ്രകാരമെന്നു പറഞ്ഞുകൂടാ. നായാട്ടിങ്കൽ ഭ്രമം കുറഞ്ഞിട്ടുള്ള കാലം ഉണ്ടായിട്ടുണ്ടോ എന്നും സംശയമാ

ണ°. എന്നാൽ മലയാളത്തിൽ നായന്മാർ പോക്കള ത്തിൽനിന്നു പിരിഞ്ഞു° ആയുധങ്ങൾ ഈടുവെപ്പിൽ കെട്ടിവെച്ചതോടുകൂടി നായാട്ടിനുള്ള മോഹവും മുക്കാലേ മുണ്ടാണിയും കെട്ടിവെച്ചുവെന്നാണു° വിചാരിക്കേണ്ട തു°. 'ചാത്തുപ്പണിക്കരും നാലു ശിഷ്യരുമായി വാളും പ രിചയുമെടുത്തു° പുലിയുടെ മടയിൽ ചെന്നു° അങ്കംവെ ട്ടി'യ കാലമെവിടെക്കിടക്കുന്നു? ഇരട്ടക്കുഴൽ തോക്കുകൊ ണ്ടു പന്നിയുടെ മുമ്പിൽ മലന്നുവീണ കാലമെവിടെക്കി ടക്കുന്നു? 'പാണ്ടൻനായുടെ പല്ലിനു ശൗര്യം പണ്ടേപ്പോ ലെ ഫലിക്കുന്നില്ല' എന്നു നമ്പ്യാർ നിലവിളിക്കുന്നതി ലെന്താണു° അത്ഭുതം? കാട്ടുപോത്തും കാഞ്ഞിപ്പോത്തും തമ്മിലുള്ള വ്യത്യാസം അറിയുന്ന വീരന്മാർ ഇപ്പോൾ എത്രപേരുണ്ടാവും, ആവോ! ഇനി നമ്മുടെ നല്ലകാല ത്തെ നായാട്ടൊന്നു പരിശോധിക്കുകതന്നെ. നായാട്ടു നാലു പ്രകാരമെന്നും ആറു പ്രകാരമെന്നും രണ്ടുപക്ഷം. ൧ 'അയ്യൻപടികുറിച്ചനായാട്ടു°', ൨ 'അജ്ജുനൻപ ടിവിളിച്ചനായാട്ടു°', ൩ 'വേടൻവഴികൂറൻനോക്കു ക', ൪ 'കാട്ടാളൻവഴികുട്ടിൽ (?) പന്നി കൊല്ലുക'—ഇ ങ്ങനെ നാലെന്നും ൧ 'കുറിനായാട്ടു°', ൨ 'വിളിനായാ ട്ടു°', ൩ 'പള്ളിവേട്ടനായാട്ടു°', ൪ 'കൂടിയതുംവെറുമ്പു റം', ൫ 'കണ്ടതും കാമ്മിക്ക', ൬ 'ഇളകിയതും'—ഇങ്ങ നെ ആറെന്നും രണ്ടുവിധം പറയുന്നു. ഇതിൽ ആദ്യത്തെ നാലുവിധം നായാട്ടുകൾ ഉണ്ടാകുവാനുള്ള കാരണത്തെ പ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

൧. അയ്യൻപടികുറിച്ചനായാട്ടു°—നാഗസ്ത്രീകൾ നാഗലോകത്തുനിന്നു°, 'അമൃതുവാങ്ങി വെള്ളിക്കിണ്ണ

ത്തിൽവെച്ച പൊന്നുംകിണ്ണംകൊണ്ടു മൂടി, വിഷ്ണുഭഗവാനു തിരുമല്ലാഴ്ചവെപ്പാനായി' ദേവലോകത്തേയ്ക്കു പോകുംവഴി 'മഹാമേരു' പർവ്വതത്തിൻെറ താഴ്വരയിങ്കൽ നാലു ബിംബംകണ്ടു. അവർ അവയെ എടുത്തുകൊണ്ടു വീണ്ടും പുറപ്പെട്ടപ്പോൾ 'ഒന്നു കാട്ടിൽ ചാടി, ഒന്നു നീറ്റിൽ ചാടി, ഒന്നു് ഊരിൽ ചാടിപ്പോയി, ഒന്നു താഴെ വീണുപോയി'. നാഗസ്ത്രീകൾ അമൃതും കിണ്ണവും വിഷ്ണുഭഗവാൻെറ തൃക്കഴലിൽ വെച്ച വർത്തമാനങ്ങളും ഉണത്തിച്ചാറെ വിഷ്ണുഭഗവാൻ അവ നാലിനും നാലു പേരുമിട്ടു: കാട്ടിൽ ചാടിയതു ചെന്നായ, നീററിൽ ചാടിയതു് നീർനായ, ഊരിൽ ചാടിയതു് 'ഊർപ്പട്ടി', താഴെ വീണതു കുറുക്കൻ. പേരിട്ടശേഷം ശ്രീനാരായണൻ അവയെ അയ്യപ്പനു് ദാനവുംചെയ്തു. "ആയതുകൊണ്ടത്രെ അയ്യപ്പൻ നായാട്ടുപരദേവതയായതു് എന്നറിക." 'അയ്യപ്പൻ മലയാളത്തിൽ ചമ്രവട്ടത്തും പല കാവുകളിലും അധിവസിച്ചു.' അതിനു ശേഷം നാലു നായ്ക്കളെയും തൻെറ 'ചേകവ'ർക്കു (സേവകർക്കു) സമ്മാനം കൊടുത്തു. 'അതുകൊണ്ടത്രേ നായാട്ടു നടത്തുന്നതു്.' അയ്യപ്പങ്കൽ നിന്നു നായ്ക്കളെ സ്വീകരിക്കകൊണ്ടത്രേ 'നായന്മാരെ'ന്നു വിളിച്ചുവരുന്നതും.

൨. 'അർജ്ജുനൻപടിവിളിച്ചനായാട്ടു'— അർജ്ജുനൻ' 'ഇളിനായയെ നായാട്ടിനു കൊണ്ടുനടന്നു മുതലത്രേ' ഇങ്ങനെയൊരു നായാട്ടുണ്ടായതു്. വില്ലാളിവീരനായ അർജ്ജുനനു് ഇങ്ങനെയൊരു നായയെ കിട്ടിയതു് എന്നാണെന്നും എങ്ങനെയാണെന്നും എനിക്കറിഞ്ഞുകൂടാ.

ചെണ്ടു് അയ്യൻപടികുറിച്ച നായാട്ടാണു് അധികം നടപ്പുണ്ടായിരുന്നതെന്നു തോന്നുന്നു. 'അർജ്ജുനൻ പടി വിളിച്ച നായാട്ടു്' അപൂർവ്വമായിരുന്നു.

൩. 'വേടൻ വഴി കൂരൻ നോക്കുക'—"അർജ്ജുനൻ പാശുപതാസ്ത്രം വാങ്ങുവാൻ ശ്രീപരമേശ്വരനെ തപസ്സു ചെയ്ത കാലം പരമേശ്വരൻ തന്തിരുവടി അർജ്ജുനന്റെ മദത്തെപ്പോക്കി അസ്ത്രംകൊടുക്കേണമെന്നു കല്പിച്ച നിശ്ചയിച്ച വേടരൂപം ധരിച്ചു് യുദ്ധം ചെയ്തു. അർജ്ജുനന്റെ മദത്തെ പോക്കി അസ്ത്രവും കൊടുത്തു. അന്നു വേടനു 'കുടി പതിനൊന്നാക്കിക്കൊൾക' എന്ന വരം കൊടുത്തതുമൂലം പതിനൊന്നു ജാതി വേടരുണ്ടായി. അന്നു മുതല്ക്കത്രേ വേടനായാട്ടു തുടങ്ങിയതു്."

൪. 'കാട്ടാളൻവഴികുട്ടിൽപന്നികൊല്ലുക'—"രാവണൻവന്നു ശ്രീകൈലാസം പിടിച്ചു് ഇളക്കിയ നേരം പാർവ്വതിക്കു് ഏററവും ഭയമുണ്ടായി. ശ്രീപരമേശ്വരൻ അതാരാണെന്നറിവാൻ 'തന്റെ തേജസ്സിനെ പിടിച്ച കാട്ടിൽ എറിഞ്ഞു. അതു ചെന്നു വീണനേരത്തു് ഒരു വാനരനായി, ഇങ്ങുവന്നതുമില്ല. അപ്പോൾ രണ്ടാമതുമെറിഞ്ഞു. അതു കാട്ടിലെ ആളായി. ഇങ്ങു വന്നതു 'രാവണരാക്ഷസൻ' എന്നു് ഉണർത്തക്കേട്ടു ഭഗവാൻ അരുളിച്ചെയ്തു. "നീ കാട്ടിലെ ആളായിരുന്നു ദുഷ്ടമൃഗങ്ങളെ നിഗ്രഹിച്ച ഭക്ഷിച്ചുകൊൾക' എന്നു്." അന്നു തുടങ്ങി കാട്ടാളനായാട്ടുണ്ടായി.

പതിനെട്ടു നായാട്ടാചാരങ്ങളുള്ളതിൽ പ്രധാനങ്ങളായ 'കുന്നാചാരം', 'വല്യാചാരം' (അതായതു ഗുരുക്ക

ന്മാരുടെ ആചാരം) ഇങ്ങനെ രണ്ടാചാരങ്ങളുടെ പേരുകൾമാത്രമേ പറഞ്ഞുകാണുന്നുള്ളൂ. നായാട്ടുകുന്നിന്നു് 18 വാതിലെന്നും 18 ചോലയെന്നും നിയമിച്ചിരിക്കുന്നു. കിഴക്കു വാതിൽ ഒന്നു്, തെക്കു വാതിൽ ആറു്, പടിഞ്ഞാറെ വാതിൽ അഞ്ചു്, വടക്കുവാതിൽ ആറു്—ഇങ്ങനെ പതിനെട്ടു വാതിലുകൾ ഉള്ളതിൽ ഒരോന്നിന്നും ഓരോ ചോലയും ഉണ്ടു്. നായാട്ടുനായകൻ പതിനെട്ടാചാരങ്ങളും പത്തവസ്ഥകളും അറിഞ്ഞിരിക്കണം. പത്തവസ്ഥകൾ ഏതെല്ലാമെന്നാൽ ൧. 'ആണെയും പുരയും നായകാരനു ചങ്ങാതി' എന്നും; ൨. 'നാലു് അമ്പെടിക്കാരൻ, ഒരു വില്ലൊടിക്കാരൻ, രണ്ടു പരിഷയിൽ നായാടികൾ' ഇവർ നായകന്റെ 'കയ്യരികെ' നില്ക്കും ചങ്ങാതികൾ എന്നും അറിക; ൩. 'നായയെ കുന്നിന്റെ കിഴക്കുവാതുക്കലൂടെ കയററണമെന്നറിക'; ൪. നായയെ കയററുന്ന സമയം അയ്യപ്പനെയും പരദേവതമാരെയും ധ്യാനിക്കുക; ൫. 'തനിക്കും തന്റെ നായക്കും ചങ്ങാതികൾക്കും ദോഷമരുതെന്നറിക'; ൬. 'നായ ഓക്കുന്നേരം (മനസ്സിരുത്തിത്തുടങ്ങുമ്പോൾ) കയററി, വാതുക്കൽ ആക്കിക്കൊൾക'; ൭. 'അറിഞ്ഞു് അറിയിക്ക'; ൮. 'ചെന്നു ചെല്ലിക്ക'; ൯. 'കൊന്നു കൊല്ലിക്ക'; ൧൦. 'കൊടുത്തു കൊടുപ്പിക്ക'.

കുന്നാചാരപ്രകാരം 'വിളി, തെളി, തെട്ടം, തെക' ഇങ്ങനെ നാലു സമ്പ്രദായങ്ങളുണ്ടു്. ഈ വാക്കുകൾ തെളിക്കുന്നതിന്റെയും വിളിക്കുന്നതിന്റെയും ഏററു വിളിക്കുന്നതിന്റെയും മൃഗങ്ങളെ ഹിംസിക്കുന്നതിന്റെയും

സങ്കേതശബ്ദങ്ങളാണു്. സാധാരണ എൺപത്തിരണ്ടു വിളിക്കു മുപ്പത്താറു തെകയെന്നാണു് ശട്ടം. അതിന്നടുത്ത തെളിയും തെട്ടവും എന്നു പറയേണ്ടതില്ലല്ലോ.

'അയ്യറിയോ, അറിയോ, എത്തോ, എത്തോ, എത്തോ, തിരോ, തിരോ, തിരോ, അറിയത്തെത്തോ, പായോ, എത്തോ, അയ്യെത്തയെത്തോ, ഗതോ, എത്തോ!' ഇത്രയും ആരംഭത്തിലെ ഗണപതിക്കയ്യയാണു്. ഇതിന്റെ അർത്ഥം ശാസ്ത്രാങ്കക്കാരുടെ 'മാച്ചാരനേ, മാച്ചാരനേ, മറ്റൊരു വേഷം മാച്ചാനേ' എന്നതിന്റേതിൽ പതിന്മടങ്ങു ദുരൂഹമാണു്. 'മാച്ചാനേ' എന്നതു 'മാജാനേ' എന്നതിന്റെ പ്രാകൃതമെന്നും ആ വാക്യം 'സർവ്വം വിഷ്ണുമയം ജഗൽ' എന്നതിന്റെ ഛായയെന്നുമാണു് പറയുന്നതു്. പ്രകൃതത്തിലെ പൊടിവാചകങ്ങളെ ഗ്രന്ഥത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നതു താഴെ പറയുംപ്രകാരമാകുന്നു.

'അയ്യറിയോ' എന്നു് അയ്യപ്പനെയും 'അറിയോ' എന്നു വനദേവതമാരെയും അറിയിക്കുന്നു. 'എത്തോ (എത്തുക) എന്നു മുമ്പു് അയ്യപ്പനോടു്, പിന്നെ നായയോടു്, പിന്നെ നായരോടു്. 'തിരോ' (തിരിയുക) എന്നു മൃഗത്തോടും (തിരയുക) എന്നു നായയോടും നായരോടും പറയുന്നു. 'അറിയത്തെത്തോ' എന്നു നായയോടു്, 'പായോ' എന്നു മൃഗത്തോടു്, പിന്നെയും 'എത്തോ' എന്നു നായരോടു്. 'അയ്യെത്തയെത്തോ' എന്നു മൂവരോടും' (അയ്യപ്പൻ, നായ, നായരു്.) ഗതോ (ഗമിക്കുക) എന്നു ഗുളികനോടു്', എത്തോ' എന്നു പി

ന്നെയും അയ്യപ്പനോടു പ്രാൎത്ഥിച്ചിട്ടു ഗണപതിക്കൊ കലശിക്കുക. ഈ കോലാഹലം 'നായാട്ടിനുമുമ്പു കുന്നറിയിക്കേണ്ടും മൎയ്യാദയാകുന്നു.'

കാടു 'തെളി'ക്കുവാൻ തുടങ്ങുമ്പോൾ ഒരു കൂട്ടക്കാർ 'വിളി'ക്കേണ്ടുന്നതു്, 'എത്തോ, എത്തോ, അററിയത്തെത്തോ, വാ, എത്തോ, എത്തിപ്പോയ്' എന്നാകുന്നു. ഇതിൻെറ 'തെട്ടം', അതായതു് മറേറക്കൂട്ടർ പകരം വിളിക്കേണ്ടതു്, 'ഉള്ളതു്, ഉള്ളതു്, ഉള്ളതു്, എത്തിപ്പോയ്, ഉള്ളതു്' എന്നും, "ഇളകിയാൽ 'അയ്യാ തെക്കു തെക്കു് എത്ത എത്ത, എത്തോ എത്തോ, വടിയടട്ടൊ, അടോ, അടടടോ, അടോ, അയ്യാ കൂക്കുയി കൂക്കുയി.... കളിയൻ വായിത്തോ, വാസ്സിടിയൻ അയ്യൻനാട്ടിൽ കൊണ്ടേ കൊല്ലുയ്യോ' എന്നു് എരട്ടി കൂട്ടിവിളിക്കണം" മെന്നും 'വേട്ടക്രമ'ത്തിൽ വിധിച്ചിരിക്കുന്നു.

പന്നി, പന്നിക്കൂട്ടം, പന്നിച്ചോര—ഇവയുടെ വിവരണത്തിലുള്ള നിഷ്കൎഷ കണ്ടാൽ പന്നിനായാട്ടായിരുന്നു പ്രധാനമെന്നു തോന്നും. പന്നിക്കും പന്നിക്കൂട്ടങ്ങൾക്കുമുള്ളപോലെ തന്നെ മററു മൃഗങ്ങൾക്കും വിശേഷാൽ പേരുകളുണ്ടു്.

ഒററപ്പന്നിക്കു 'വാസ്സിടിയൻ' എന്നും തള്ളസ്സും തന്തസ്സുംകൂടി 'വാസ്സിടിയൻ തോണിപ്പെരിയവൻ' എന്നും പേരുകൾ കൊടുത്തിരിക്കുന്നു. രണ്ടോ മൂന്നോ ഒററകൾ ഒരുമിച്ചു കൂടിയാലും 'വാസ്സിടിയർ' എന്നുമാത്രമേ പറയാവൂള്ളൂ. അതിൽകൂടിയാൽ കൂട്ടപ്പേരുകളായി 1. 'തോ

ണിപ്പെരിയക്കൂട്ടം.’ 2. ‘നെലമ്പെരിയക്കൂട്ടം.’ 3. ‘അനമ്പെരിയക്കൂട്ടം.’ 4. ‘വലമ്പെരിയക്കൂട്ടം.’ 5. ‘വലമ്പെരിയതിൽ ഇളമ്പെരിയക്കൂട്ടം.’ 6. ‘ഇളമ്പെരിയതിൽ വലമ്പെരിയക്കൂട്ടം.’ 7. ‘തേർക്കൂട്ടം.’ പന്നിക്കു് ‘മുറിയച്ചോര, വഴിയച്ചോര, പടിയച്ചോര’ എന്നിങ്ങനെ മൂന്നു തരം ചോരയാണത്രേ. വീര്യത്തിന്നു വിരളച്ചോരയെന്നും പറയുന്നു.

മുയൽ = ഓലച്ചെവിയൻ
കീരി = പെരുവാലൻ
കൂരൻ = ചെറുകുളമ്പൻ
കുറുക്കൻ = ആട്ടിക്കടിയൻ
മാൻ = വല്ലപ്പോത്തു്
മുള്ളൻ = കല്ലെടക്കൊററൻ
ഉടുമ്പു് = മങ്കുഴിമാൻ
മെരു = ഓമനക്കോടിയൻ
പയ്യു് = കൊമ്പുകുളമ്പൻ
പാമ്പു് = ഊത്തിന്നു വായ്പിടിയൻ
ചേര = എഴുത്താണിവാലൻ
ആന = കൊടച്ചെവിയൻ
കല = ചേനക്കൊമ്പൻ
കരടി = വല്ലാനപ്പോത്തു്

പുലി ഇളകിയാൽ പുള്ളിപ്പുലിയെന്നും അല്ലാത്ത പക്ഷം വള്ളിപ്പുലിയെന്നും ഊഹിക്കേണംപോൽ. ‘വൻവരിയൻ’ (വരിയൻപുലി) ഇളകിയാൽ ‘നാലുപുറമുറച്ചോ, തെക്കുറച്ചോ, വടക്കുറച്ചോ, വില്ലും കടവുമുറ

ച്ചോ,' എന്നും മററും വിളിച്ചു നിലവിളിക്കണം. ത മ്മിൽ ചതിപ്പെട്ടു പോയാലും ഇപ്രകാരംതന്നെയാണു് വിളിച്ചു പറയേണ്ടതു്. 'ചതിപ്പെട്ടേപ്പൂവ്വേ! എന്നുകൂടി കൂട്ടിവിട്ടേയ്ക്കണം. ഇനിയും അനേകവിധം വിളികളുണ്ടു്. മൃഗത്തിനു് ഒരു കുത്തുകൊണ്ടാൽ ചോരയ്ക്കു വിളി, രണ്ടു കുത്തുകൊണ്ടാൽ മറെറാരുവിധം വിളി, വില്ലാേടിക്കാര ൻെറ അമ്പുനട്ടാൽ അമ്പുകാരൻ വിളിക്കേണ്ടുന്ന മാതി രി, മറുകുന്നിനു കടന്നാൽ നായ്ക്കാരൻ വിളിക്കേണ്ടുന്ന തു്—ഇവയെല്ലാം എടുത്തു വിലക്കുന്നതായാൽ വായന ക്കാർ ക്ഷമിക്കുമെന്നു തോന്നുന്നില്ല. അവസാനത്തെ 'വി ളിച്ചുകൂട്ടോ, വിളിച്ചുകൂട്ടോ, എന്നറിയക്കേളോ' എന്ന തിനോടുകൂടി വിളിയുടെ ഭാരം കലാശിച്ചു. ഈ വിളി കളൊക്കെ 'അയ്യപ്പൻപടിക്കറിച്ചു'നായാട്ടിനെസ്സംബ ന്ധിച്ചതാണു്. 'അർജ്ജുനൻപടിവിളിച്ചുനായാട്ടി'ൽ കുന്നറിയിക്കുന്നതു്, 'വിളി ഉറച്ചു നില്ലോ, വില്ലു റച്ചു നില്ലോ, കടവുറച്ചു നില്ലോ' എന്നാണു്. അതി ൻെറ 'തെട്ടം' അതു് ഉള്ളതു്, അതു് ഉള്ളതു്, എത്തോ, എത്തോ, പൂവ്വേ' എന്നുമാകുന്നു. ഇളകിക്കൂടിയാൽ എ ല്ലാം പണ്ടത്തെപ്പോലെതന്നെ.

വെട്ടോ കുത്തോ വെടിയോ എയ്ത്തോ എന്നു ചോ ദിക്കുന്നതിനുപകരം 'തേപ്പോ തുളിപ്പോ കാലോ തല യോ' എന്നാണു് ചോദിക്കുക. വെട്ടേററാൽ 'തേപ്പു്', 'ചാട്ടു്' (?) കൊണ്ടാൽ 'തുളിപ്പു്' വെടികൊണ്ടാൽ 'കാലു്', അമ്പുനട്ടാൽ 'തല.' പ്രയോഗിച്ച ആയുധത്തി ൻെറ വിവരം പറഞ്ഞു കഴിഞ്ഞാൽ കൊമ്പിൽനിന്നോ

കൊളമ്പിൽനിന്നോ കണ്ണിൽനിന്നോ തോലിൽനിന്നോ 'ചേകവം' ചെയ്യവെന്നും കൊല കഴിഞ്ഞുവെന്നും പറയണം. 'കൊമ്പെ'ന്നു പറയുന്നതു് 'മറുകന്നു്', 'കൊളമ്പെന്നാൽ ഇളകിയ പിണ്ണ', 'കണ്ണു' കുന്നിൻെറ 'മുഖാന്തരം', 'തോല്യ്' നായാട്ടകുന്നതന്നെ. 'ചേകവം ചെയ്യുക' എന്നാൽ ആയുധം പ്രവിളയാട്ടകുതന്നെ. പ്രാണൻ പോയാൽ 'കൊല കഴിഞ്ഞു.' 'വിളിച്ച നായാട്ടിനു വിളിച്ച നായാടിയാൽ വീരും കുത്തിയാൽ കുന്തം കാട്ടി തികക്കെണം' എന്നൊരു വിധി കാണുന്നുണ്ടു്. * ഇതിൻെറ അത്ഥം മനസ്സിലായില്ല. അതു വായനക്കാരുടെ മനൊധമ്മത്തിന്നു് ഉഴിഞ്ഞിട്ടിരിക്കുന്നു.

നായാട്ടു കഴിഞ്ഞാൽ 'അരികെയിരിക്കും ചെങ്ങാതി, വില്ലൊടിക്കാരൻ, അയലൊ(അമ്പൊ?)ടിക്കാരൻ പിന്നെ വെറുമ്പുറം നില്ക്കുന്നവർ, നായ്ക്കാരൻ, ചാകും തലയ്ക്കൽ എത്തിയവർ, സ്ഥലത്തെടുത്തു മണ്ടുന്നവർ (ചുമട്ടുകാർ), വിൽപ്പിൽ കാരർ, ഇവർക്കൂടിയ സഭയിൽ വെവ്വേറെ അറിയിച്ചാൽ ഉരപ്പും ഉരയും വഴിപോലെ കിട്ടും.' കൂട്ടരിൽ ചിലർ 'അലഞ്ഞുപോയാൽ തികഞ്ഞടുത്തേ കൊടുത്തു കൂട്ടു.' അല്ലെങ്കിൽ ഭാഗിക്കുവാൻ പരിഷയിൽ ചങ്ങാതികൾ വേണം.

വേട്ടയാടുന്നതു കാട്ടാളരുടെ തൊഴിലാകുന്നു. അതു 'വീട്ടാളരുടെ' തൊഴിലെന്നു പറഞ്ഞുകൂടാ. ചില ദിക്കിൽ കാടർ വലകെട്ടി നായാടും. 'കരിമ്പാലന്മാരും'

---

* Mackenzie Ms. Restored.

‘മൃത്തോറന്മാരും’ നായാടുന്നതുകൊണ്ടു് അവരെ നായാടികൾ എന്നു പറയുന്നു. ശൂദ്രരുടെ നായാട്ടുമര്യാദ ‘കൂലിച്ചേവകമര്യാദ’യാകുന്നു, അന്യന്നു വേണ്ടി കൂലി വാങ്ങി നായാടുന്നുവെന്നു താത്പര്യം. ‘കൂലിച്ചേവകത്തിനുള്ള പടയും നായാട്ടും ഒക്കുമെന്നു പറയുന്നു. വെട്ടിക്കൊണ്ട വാളും വെട്ടിക്കൊണ്ട വാലും കോയിമ്മയിൽ പിടിപ്പിക്കുന്നു. കുത്തിക്കൊണ്ട കൈയും ചോററുകൎത്താവിനുതന്നെ.’

★

# ശുദ്ധിപത്രം

| പുറം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 4 | 8 | ഇടപടി | ഇട്ടപടി |
| 5 | 10 | പൊന്നാനിമാത്സല്യം | പൊന്നാനിവാത്സല്യം |
| 12 | 11 | സുഖഭാനത്തിന്റെ | സുഖാഭാസത്തിന്റെ |
| 40 | 13 | ആസ്വാനങ്ങളെ | ആസ്വാദനങ്ങളെ |

44-ാം പുറത്തു 4-ാമത്തെ വരിയിൽ 'വലുപ്പമളക്കാം;' എന്നു കഴിഞ്ഞു "ലഘിമാവെന്തെന്നനുഭവിച്ചാൽ ആകാശവിമാനത്തിന്റെ വിലമതിക്കാം. ഗരിമാവെന്തെന്നു മനസ്സിലായാൽ ഗുരുക്കന്മാരുടെ ഗുരുത്വം കാണാം." എന്നു വായിക്കണം.

| | | | |
|---|---|---|---|
| 44 | 5 | സ്വരാജ്യം | സ്വാരാജ്യം. |
| 100 | 7 | കൂട്ടിൻ | കൂട്ടിൽ |
| 106 | 1 | 'ദ്വരദവരഗതേ!' | 'ദ്വിരദവരഗതേ!' |
| 119 | 5 | കടുംകാട്ടിൽ | കൊടുംകാട്ടിൽ |
| 124 | 16 | ചേതം! | ചൈതം! |
| 126 | 5 | നമസ്കർമ്മഹേ. | നമസ്കുർമ്മഹേ. |
| 130 | 10 | പതിപ്പു | പതിച്ചു |
| 139 | 15 | ഒരോ | ഓരോ |
| 141 | 1 | സ്വധർമ്മശാസ്ത്രങ്ങളാം | സ്വധർമ്മശസ്ത്രങ്ങളാം |
| | 2 | പ്രവർത്തിമാർഗ്ഗം | പ്രവൃത്തിമാർഗ്ഗം. |

5737